# പ്രാചീനകൈരളി

Peer Reviewed Journal

# പ്രാചീനകൈരളി

**peer reviewed journal**

**വാല്യം 46, ജനുവരി–ഡിസംബർ 2023**

മുഖ്യ പത്രാധിപർ

**പ്രൊഫ. ആർ.ബി. ശ്രീകല**

ലക്കം പത്രാധിപർ

**ഡോ. സൈനബ എം.**

**ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് &**
**മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി**
**കേരളസർവകലാശാല**
**കാര്യവട്ടം**

**Pracheenakairali**
peer reviewed journal
(Yearly Journal in Malayalam)
Vol. 46, January - December 2023

Oriental Research Institute & Manuscripts Library
University of Kerala

General Editor
**Prof. & Head**,
ORI & MSS Library

Issue Editor
**Dr. Sainaba M.**
ORI & MSS Library

Editorial Board

**Dr. R.B. Sreekala** (Prof. & Head)
ORI & MSS Library

**Dr. Naushad S.**
ORI & MSS Library

**Dr. J.P. Prajith**
ORI & MSS Library

**Dr. Rejani R.S.**
ORI & MSS Library

Edited, Printed and Published by
**Dr. R.B. Sreekala**
Professor & Head,
Oriental Research Institute & Manuscripts Library
on behalf of the University of Kerala

Cover Design
**Ancyl Computers**,
Vazhuthacaud, Thiruvananthapuram

Printed at
**Kerala University Press**
Palayam
Thiruvananthapuram

Price : **Rs. 200/-**

## ഭാഷാത്രൈമാസികം ഒന്നാം ലക്കത്തിലെ
## പ്രസ്താവന

ഏതു ജനതയുടെയുംസാംസ്കാരികവും ശാസ്ത്രീയവുമായ പുരോഗതിക്ക് അവരുടെ പ്രാചീനസമ്പത്ത് ഗണനീയമായ സാഹായം അനുഷ്ഠിക്കാതരിക്കയില്ല. ഈ പരമാർത്ഥം തികച്ചും മനസ്സിലാക്കി ലോകത്തിലെ പരിഷ്കൃത ജനതകൾ അവരവരുടെ പുരാതനകൃതികളെ സംരക്ഷിക്കുന്നതിലും അവയെ യഥാവിധി പ്രസാധനം ചെയ്യുന്നതിലും ഉന്നിദ്രമായി പ്രവർത്തിച്ചുവരുന്നുണ്ട്. എന്നുതന്നെയല്ല, പ്രബുദ്ധരും പുരോഗമനേച്ഛുക്കളുമായ രാജ്യക്കാർ പരകീയങ്ങളായ പ്രാചീനകൃതികളെ സ്വഭാഷകളിലേക്കു വിവർത്തനം ചെയ്യുന്നതിലും കൂലങ്കഷമായി പഠിക്കുന്നതിലും ശ്രദ്ധ പതിപ്പിക്കുകയും ചെയ്തുവരുന്നു. പാശ്ചാത്യ പണ്ഡിതന്മാരുടെ കഴിഞ്ഞ 150 കൊല്ലത്തെ സോത്സാഹവും സുസ്ഥിരവുമായ പരിശ്രമം ഭാരതീയവിദ്യയെ (Indology) ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ഉറപ്പിക്കുവാൻ വളരെ ഉപകരിച്ചിട്ടുണ്ട്. ഇന്നത്തെ വിപ്ളവത്തിന്റെ കലവറയെന്നു പറയപ്പെടുന്ന റഷ്യയിൽ ജീവിതമരണ നിർണ്ണായകമായ മഹാസമരം നടന്നിരുന്ന കാലത്തുപോലും രാമായണം, ഭാരതം തുടങ്ങിയ വിശ്വമോഹനങ്ങളായ പ്രാചീനകൃതികളുടെ പഠനത്തിലും പരിഭാഷണത്തിലും പണ്ഡിതന്മാർ വ്യാപരിച്ചിരുന്നു. വിശ്വ വ്യാപകമായ വിജ്ഞാനസമ്പത്തിനെ ഉപാസിക്കുന്നതിൽ ഒരു പരിഷ്കൃത ജനസമൂഹവും കാലദേശ ശൃംഖലയിൽ ബദ്ധമാകുന്നതല്ലെന്നാണല്ലോ ഇത് വിശദമാക്കുന്നത്.

ആധുനികമനുഷ്യനെ പ്രാചീനഗ്രന്ഥം പരിചയം ചെയ്യുവാൻ പ്രേരിപ്പിക്കുന്ന പരമമായ ലക്ഷ്യങ്ങൾ മൂന്നാണ്.

1. മാനവസമുദായത്തിന്റെ പുരോഗമനാത്മകമായ ചരിത്രത്തിൽ അവഗാഹം നേടുക, അതിനെ വിശ്വാസയോഗ്യവും പ്രയോജനകരവും ആയ രീതിയിൽ വ്യവസ്ഥപ്പെടുത്തുക.
2. പ്രാചീനവിജ്ഞാനത്തിൽ നൈപുണ്യം സമ്പാദിക്കുക; പ്രാചീനകലകളുടെ മാധുര്യം ആസ്വദിക്കുക.
3. ധിഷണാസമ്പന്നരും ലോകാനുഗ്രഹകാംക്ഷികളുമായിരുന്ന നമ്മുടെ പൂർവികന്മാർ ചിന്തിച്ചതിൽ നിന്നും, അനുഭവിച്ചതിൽ നിന്നും, പരീക്ഷണം ചെയ്തതിൽ നിന്നും, നമ്മുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിയെ പരിചരിക്കുന്ന വിശിഷ്ടാംഗങ്ങളെ തേടിപ്പിടിച്ചു പ്രയോജനപ്പെടുത്തുക.

ഈ ലക്ഷ്യത്രയത്തെ മുൻനിർത്തി പ്രാചീനമലയാള ഗ്രന്ഥസഞ്ചയത്തിലേക്കു കടക്കുന്ന ആധുനികനായ ഒരുവന്റെ ഉദ്യമം സഫലമാകത്തക്കവണ്ണം അതിൽ വല്ലതുമുണ്ടോ എന്ന പ്രശ്നം സ്വാഭാവിക

മായി ഉദിക്കുന്നു. ഇതിന് ഉറച്ചുനിന്നുകൊണ്ട് 'ഉണ്ട്'. എന്ന് ഉത്തരം പറയുവാൻ നമ്മുടെ പഴയ സാഹിത്യവുമായി പരിചയിച്ചിട്ടുള്ളവർ മടിക്കയില്ല. സാഹിത്യകർഷണത്തിലോ ഭാഷാപോഷണത്തിലോ നമ്മുടെ പൂർവ്വികന്മാരെ രണ്ടാംകിടയിലേക്കു മാറ്റിനിർത്തേണ്ടതില്ല; അവരുടെ മാനസികസന്താനങ്ങളെ നിഷ്പ്രഭങ്ങളെന്നോ നിഷ്പ്രയോജനങ്ങളെന്നോ തള്ളേണ്ടതുമില്ല. സംസ്കൃതത്തിന്റെ അതിപ്രസരമില്ലാത്ത കാവ്യലേശമോ ശാസ്ത്രരേഖയോ, അറിവിൽപ്പെട്ടിടത്തോളം, നമ്മുടെ പ്രാചീന ഗ്രന്ഥസമുച്ചയത്തിൽ വിരളമാണെന്നുള്ളത് വിസ്മരിക്കാവുന്നതല്ല. എന്നാൽ സംസ്കൃതത്തെ ഉപജീവിക്കുമ്പോഴും അതിനെ അനുകരിക്കുമ്പോഴും നമ്മുടെ പൂർവ്വികകലാകാരന്മാരും ശാസ്ത്രകാരന്മാരും അവരുടെ കേരളീയത്വം പരിപാലിച്ചുവന്നിരുന്നു; അവരുടെ പ്രതിഭാശാലിതയും കലാമർമ്മജ്ഞതയും തെളിയിച്ചിരുന്നു. വിശ്വതോമുഖമായ വികസനം സിദ്ധിച്ച സംസ്കൃത ഭണ്ഡാഗാരത്തെ ഈ രീതിയിൽ ഉപജീവിച്ചും സ്വകീയമഹത്ത്വം പ്രകടിപ്പിച്ചും പൂർവ്വസൂരികൾ രചിച്ച് നമ്മുടെ ഉപയോഗത്തിനായി ദാനം ചെയ്തിട്ടുള്ള ആ ഗ്രന്ഥ മണ്ഡലം ബഹുമുഖവും സാരസാന്ദ്രവുമാണ്. സാഹിത്യം, ജ്യോതിഷം, വൈദ്യം, നീതി, വ്യാകരണം, വേദാന്തം, മന്ത്രം, തന്ത്രം, നാട്യം, സ്തോത്രം എന്നിങ്ങനെ പോകുന്നു ആ ഗ്രന്ഥ പ്രണാളികൾ. ആരോ പറഞ്ഞുകേട്ടു, പ്രാചീനമലയാളത്തിൽ കുറെ സാഹിത്യകൃതികൾ മാത്രമേ ഉള്ളൂഎന്ന്! കഷ്ടം! സർവ്വകലാശാലമാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ മലയാള ഗ്രന്ഥവിഭാഗത്തിന്റെ സൂചിപത്രമെങ്കിലും ഒന്നു നോക്കണം എന്നേ ഇക്കൂട്ടരോട് പ്രാർത്ഥിക്കുവാനുള്ളൂ.

കാലത്തിന്റെ പാച്ചിലിൽ വിസ്മൃതങ്ങളും ദുരവമഗമങ്ങളുമായിത്തീർന്ന എത്രയോ സംസ്കൃതകൃതികൾ കേരളം ആദരപൂർവ്വം രക്ഷിക്കുകയും വിശദമായി വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്! ഒരു നിദർശനം എടുത്തുകാണിച്ചുകൊള്ളട്ടെ, ഇന്ത്യാചരിത്രത്തിലെ ഒരു നാഴികക്കല്ലായ കൌടില്യന്റെ അർത്ഥശാസ്ത്രത്തിന് സംസ്കൃതത്തിൽ പ്രാചീനമായ യാതൊരു വ്യാഖ്യനവും ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. നീതിശാസ്ത്രപരവും സങ്കേതജടിലവുമായ ഈ കൃതിയ്ക്ക് പ്രാചീന മലയാളത്തിൽ എഴുതിയ ഒരു വിശിഷ്ടവ്യാഖ്യാനമുണ്ട്; തിരുവനന്തപുരം മലയാളഗ്രന്ഥാവലിയിൽ ഇത് പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. ഇതിനെ പ്രായേണ ഉപജീവിച്ചാണ് പരേതനായ ഡാക്ടർ ഗണപതിശാസ്ത്രികൾ ഗവേഷകന്മാരും സംസ്കൃതപണ്ഡിതന്മാരും പ്രാമാണികമായി അംഗീകരിച്ചിരിക്കുന്ന സംസ്കൃതവ്യാഖ്യാനം രചിച്ചത്. എന്നുമാത്രമല്ല, സുപ്രസിദ്ധചരിത്രകാരനായ, ഡോക്ടർ രാധാകുമുദമുക്കർജിയ്ക്ക് "Chandraguptha Maurya and his Times" എന്ന ഗ്രന്ഥനിർമ്മിതിക്ക് ഈ

മലയാളവ്യാഖ്യാനം വളരെ ഉപകരിച്ചിട്ടുള്ളതായും അറിയുന്നു.

സർവകലാശാലാ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ മലയാള ഗ്രന്ഥസമുച്ചയം സമഗ്രതയുടെ സമീപത്തു പോലും എത്തിയിട്ടുണ്ടെന്ന് അഭിമാനിക്കാവുന്നതല്ല. വിവിധ ഭാഷകളിലായി ഏതാണ്ട് 30000-ത്തോളം വരുന്ന ഈ ഗ്രന്ഥജാതം, മലയാളകൃതിയുടെ പകർപ്പുകൾ അയ്യായിരത്തോളം മാത്രമേ ഉൾക്കൊള്ളുന്നുള്ളു. പ്രാചീനമലയാളത്തിലെ സാഹിത്യ സമ്പത്തും കൃതികൾക്കു സിദ്ധിച്ചിരുന്ന പ്രചാര വൈപുല്യവും പരിഗണിക്കുമ്പോൾ ഈ ഗ്രന്ഥശേഖരം എത്രയോ തുച്ഛമാണ്. പ്രാദേശിക ചരിത്രം, സാഹിത്യചരിത്രം, ഭാഷാചരിത്രം തുടങ്ങിയവ ശാസ്ത്രീയമായ രീതിയിൽ രചിക്കുന്നതിന് ഏകാവലംബം നമ്മുടെ പ്രാചീനഗ്രന്ഥങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. പുരാതനരേഖകളെപ്പറ്റി ചെയ്ത ഒരു പ്രസംഗത്തിൽ ഡൽഹി സർവകലാശാലാ വൈസ് ചാൻസലർ സർ. മോറിസ് ഗൊയർ ഇങ്ങനെ പറയുകയുണ്ടായി:- "അമൂല്യങ്ങളായ ഈ ഭാരതീയനിധികൾ നമ്മുടെ അലസതകൊണ്ടോ; അനാസക്തികൊണ്ടോ നശിച്ചു പോകുവാനിടയാകുന്ന പക്ഷം, വരുന്ന തലമുറകൾ നമ്മുടെ അപരാധം ക്ഷമിക്കുന്നതല്ല". പ്രാചീനകൃതികൾ ശേഖരിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും മാത്രമല്ല. പ്രകാശനം അർഹിക്കുന്നവയെ പ്രകാശിപ്പിക്കുന്നതിലും നമ്മുടെ ഗവൺമെന്റും സർവകലാശാലയും നമുക്ക് അഭിമാനിക്കത്തവിധത്തിൽ പലതും പ്രവർത്തിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണാധികൃതരും പണ്ഡിതന്മാരും കലാപ്രണയികളും കൂടുതൽ ശ്രദ്ധപതിപ്പിക്കുമെന്നും പ്രതീക്ഷിക്കാം.

മലയാളത്തിലെ പഴയകൃതികളുടെ പ്രസിദ്ധീകരണത്തിനായി 25 കൊല്ലം മുമ്പ് (1924) ഗവൺമന്റ് ഒരു പ്രത്യേകവകുപ്പു സൃഷ്ടിക്കയുണ്ടായി. ഉള്ളൂർ, കൊളത്തേരി, തുടങ്ങിയ മഹാപണ്ഡിതന്മാരുടെ നേതൃത്വത്തിലും കൃതഹസ്തരായ സാഹിതീഭക്തന്മാരുടെ സഹകരണത്തിലും ആ വകുപ്പ് ആറുകൊല്ലത്തോളം പ്രവർത്തനം നടത്തി. എന്നാൽ 1930-ൽ മലയാള ഗ്രന്ഥപ്രസാധനത്തിനുള്ള ആ പ്രത്യേക വകുപ്പിനെ സംസ്കൃത ഗ്രന്ഥപ്രസാധനത്തിനുള്ള വിഭാഗവുമായി സംയോജിപ്പിച്ചു. ഈ സംയോജനം പലതുകൊണ്ടും മലയാളത്തിനു പ്രോത്സാഹകരണമായി പരിണമിച്ചില്ല. പോരെങ്കിൽ, നമ്മുടെ സ്വാതന്ത്ര്യലബ്ധിയോടുകൂടി സംഭവിച്ചു കൊണ്ടിരിക്കുന്ന സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പരിവർത്തനത്തിൽ മലയാളഭാഷയ്ക്കും സാഹിത്യത്തിനും കൂടുതൽ പ്രാധാന്യം നൽകേണ്ടതായും വന്നിരിക്കുന്നു. ഈ വസ്തുതകളെ പരിഗണിച്ച് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ മലയാളശാഖ പുനഃസംഘടിപ്പിക്കുവാനും പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കുവാനും സർവകലാശാല തീരുമാനിച്ചു.

അങ്ങനെ പുനർവിഹിതമായ മലയാള ശാഖയുടെ ഒരു നൂതന സമുദ്യമമാണ് ഈ ഭാഷാത്രൈമാസികത്തിന്റെ പ്രസിദ്ധീകരണം.

സംസ്കൃതവിഭാഗത്തിൽ നിന്നും കഴിഞ്ഞ അഞ്ചുകൊല്ലമായി ''Journal of the Travancore University Oriental Manuscripts Library'' എന്ന പേരിൽ ഒരു സംസ്കൃതത്രൈമാസികം പ്രസിദ്ധപ്പെടുത്തിവരികയാണ്. അനീതിദീർഘങ്ങളായ സംസ്കൃത കൃതികളും - വിശേഷിച്ചും കേരളീയകൃതികൾ - ഗവേഷണമൂല്യമുള്ള പ്രബന്ധങ്ങളും പ്രസിദ്ധപ്പെടുത്തുന്ന ഈ ത്രൈമാസികം പണ്ഡിതന്മാരുടെയും ഗവേഷകന്മാരുടെയും മുക്തകണ്ഠമായ പ്രശംസ സമാർജ്ജിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിലെ പ്രസാധനപരിപാടിയെ ഏറെക്കുറെ ഭാഷാത്രൈമാസികത്തിലും അനുകരിക്കുന്നതാണ്. മലയാളത്തിലെ പ്രാചീനകൃതികളെ ഖണ്ഡശ: പ്രകാശിപ്പിക്കുക, ഗവേഷണപ്രധാനവും സംസ്ക്കാരികവിഷയവും കലാപരവുമായ പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തുക, മലയാളപുസ്തകങ്ങളെ വിമർശിക്കുക, എന്നിവയാണ് ഈ ത്രൈമാസികം കൊണ്ട് സാധിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. സാഹിത്യകൃതികളെപ്പോലെതന്നെ സാംസ്കാരികങ്ങളും ശാസ്ത്രീയങ്ങളുമായ കൃതികളും ഇതിൽകൂടി സഹൃദയസമക്ഷം അവതരിപ്പിക്കപ്പെടുന്നതാണ്. തെക്കൻപാട്ടുകൾ എന്നറിയപ്പെടുന്ന വില്ലടിപ്പാട്ടുകൾ, ബാധപ്പാട്ടുകളും കേഴ്വിപ്പാട്ടുകളും - അനുസൃതമായി പ്രസിദ്ധപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നതായിരിക്കും. ഇങ്ങനെ പ്രസാധനം ചെയ്യുന്ന കൃതികളെ അവ ഓരോന്നും പൂർത്തിയാകുമ്പോൾ അവതാരികയോടു കൂടിയ പുസ്തകരൂപത്തിലും സഹൃദയപ്രാപ്യങ്ങളാക്കണമെന്നാണ് അഭിലഷിക്കുന്നത്. ത്രൈമാസികത്തിൽ പ്രസിദ്ധീകരിക്കുന്ന കൃതികൾ പ്രായേണ അപ്രസാധിതപൂർവ്വങ്ങളായിരിക്കും.എന്നാൽ അനാശാസ്യവും അബദ്ധജടിലവുമായ രീതിയിൽ മാത്രം പ്രകാശിതങ്ങളായിട്ടുള്ള ചില വിലയേറിയ കൃതികളെ ശുദ്ധവും വിപുലവുമായ ഗ്രന്ഥോപകരണം സുലഭമാണെങ്കിൽ സംസ്കരിച്ച് പ്രകാശിപ്പിക്കുവാനും ഈ ത്രൈമാസികം ഉപയോഗിക്കുന്നതാണ്. ഇതാണ് ഈ പ്രസിദ്ധീകരണത്തിലെ പ്രഥമ വിഭാഗത്തിന്റെ സ്വരൂപം. ദ്വിതീയ വിഭാഗമാകട്ടെ, അപ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങളുടെ ലഘുവിവരണം, സാഹിത്യചരിത്രപരവും ഭാഷാശാസ്ത്രപരവുമായ ലേഖനങ്ങൾ, നമ്മുടെ സംസ്കാരാംശങ്ങളുടെ പ്രപഞ്ചനം, കലകളെക്കുറിച്ചുള്ള നിരൂപണം, ഗ്രന്ഥവിമർശനം തുടങ്ങി ഗവേഷണപ്രാധാന്യമുള്ള പ്രബന്ധങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും. ചുരുക്കിപ്പറയുന്നപക്ഷം മലയാളത്തിലെ ഗവേഷണപുരോഗതിക്കും സാഹിത്യവ്യവസ്ഥിതിക്കും സഹായകരമായിരിക്കും ഈ ഭാഷാത്രൈമാസികം. റോയൽ സൈസിൽ 100 പേജുവീതം നല്ല കടലാസിൽ പ്രസിദ്ധപ്പെടു

ത്തുന്ന ഈ ത്രൈമാസികത്തിന്റെ വരിസംഖ്യ നാലു രൂപയാക്കി പരിമിതപ്പെടുത്തിയിരിക്കുന്നത് ഇതിന്റെ പ്രചാരംകൊണ്ട് സഹൃദയന്മാർക്ക് ഉണ്ടാകാവുന്ന പ്രയോജനത്തെക്കരുതിയാണെന്ന് പ്രത്യേകം പ്രസ്താവിച്ചുകൊള്ളട്ടെ. ഈ പ്രസിദ്ധീകരണത്തെ വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ തുടങ്ങിയ സ്ഥാപനങ്ങളും പണ്ഡിതന്മാരും മറ്റു മഹാജനങ്ങളും സ്വാഗതം ചെയ്ത് അനുഗ്രഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗപൂർവ്വം പ്രയത്നിച്ച മഹാന്മാരെ– വിശേഷിച്ചും രാഷ്ട്രപിതാവായ ആ മഹാത്മാവിനെ– സ്നേഹാശ്രുപുരസ്സരം അനുസ്മരിച്ചുകൊണ്ടും, മലയാള ഭാഷയ്ക്കും സാഹിത്യത്തിനും സ്വാതന്ത്ര്യഭാസുരമായ നവചൈതന്യം നേർന്നുകൊണ്ടും ഭാരതം ഒരു സ്വതന്ത്രറിപ്പബ്ലിക്കായി ഉടലെടുക്കുന്ന ഈ ശുഭദിനത്തിൽ ഭാഷാത്രൈമാസികത്തെ സാഹിത്യലോകത്തിലേക്ക് ഇതാ പ്രവേശിപ്പിച്ചുകൊള്ളുന്നു.

ജനുവരി 1950 പി. കെ. നാരായണപിള്ള.

# പത്രാധിപക്കുറിപ്പ്

കേരളസർവ്വകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽനിന്ന് വാർഷികമായി പ്രസിദ്ധീകരിക്കുന്ന മലയാളം ജേണലാണ് 'പ്രാചീനകൈരളി'. 1950 ജനുവരി മുതൽ 'ഭാഷാ ത്രൈമാസികം' എന്ന പേരിൽ പ്രസിദ്ധീകരണമാരംഭിച്ച ഈ ജേണൽ തുടർച്ചയായ എഴുപത്തിമൂന്ന് വർഷത്തെ പ്രസിദ്ധീകരണചരിത്രമുള്ള ഇന്ത്യയിലെ ചുരുക്കം ചില ജേണലുകളിൽ ഒന്നാണ്. ആദ്യലക്കത്തിന്റെ മാനേജിംഗ് എഡിറ്ററും പബ്ലിഷറും അന്ന് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ ക്യൂറേറ്ററായിരുന്ന ഡോ. പി.കെ. നാരായണപിള്ളയായിരുന്നു. സംസ്കൃതത്തിലും ഭാഷയിലും ഹസ്തലിഖിതവിജ്ഞാനീയത്തിലും അഗാധപണ്ഡിതനായിരുന്നു അദ്ദേഹം. മലയാളത്തിലെ പ്രാചീന ഹസ്തലിഖിതഗ്രന്ഥങ്ങൾ ഖണ്ഡശ്ശ: പ്രസിദ്ധീകരിക്കുക എന്നതായിരുന്നു ഈ ജേണലിന്റെ പ്രാഥമിക ഉദ്ദേശ്യം. അതോടൊപ്പം ഭാഷ, സാഹിത്യം, സംസ്കാരം, ഹസ്തലിഖിതവിജ്ഞാനീയം തുടങ്ങിയ മേഖലകളിലെ ഗവേഷണസ്വഭാവമുള്ള പ്രബന്ധങ്ങളും ആദ്യലക്കം മുതൽ തന്നെ പ്രസിദ്ധീകരിച്ചുതുടങ്ങിയിരുന്നു. ഡോ. കെ. രാഘവൻപിള്ള മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ ഡയറക്ടറായിരുന്ന കാലത്താണ് 'പ്രാചീനകൈരളി' എന്ന പേര് 'ഭാഷാത്രൈമാസിക'ത്തിന് സ്വീകരിച്ചത്. വർഷത്തിൽ നാലു ലക്കങ്ങളായി പ്രസിദ്ധീകരിച്ചിരുന്ന ജേണൽ ഇപ്പോൾ വാർഷികമായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. ഡോ. കെ.എസ്. മഹാദേവശാസ്ത്രി, ഡോ. ശൂരനാട് കുഞ്ഞൻപിള്ള, ഡോ. കെ. രാഘവൻപിള്ള, ഡോ. ടി. ഭാസ്കരൻ, ഡോ. കെ. വിജയൻ തുടങ്ങി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ പ്രതിഭാധനരായ സാരഥികൾ ഈ ജേണലിന്റെ മേൽനോട്ടം വഹിച്ചിട്ടുണ്ട്. കേരളസർവ്വകലാശാലയുടെ പീർ റിവ്യൂവ്ഡ് ജേണലായി (peer reviewed journal) അംഗീകാരം നേടിയിട്ടുള്ള 'പ്രാചീനകൈരളി' ഇപ്പോൾ കൂടുതൽ സമഗ്രമായ ഉള്ളടക്കനയം സ്വീകരിച്ച് മുന്നോട്ടു പോവുകയാണ്. പ്രാചീനഭാഷാകൃതികൾ എഡിറ്റുചെയ്ത് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം തന്നെ ഹ്യുമാനിറ്റീസ്, ഇൻഡോളജി, ക്ലാസിക്കൽ സ്റ്റഡീസ് തുടങ്ങിയ മേഖലകളിലെ മികച്ച ലേഖനങ്ങൾ ഇതിൽ പ്രസിദ്ധീകരിക്കുന്നു. മലയാളഭാഷയ്ക്കും സാഹിത്യത്തിനും നാളിതുവരെ അഭിമാനാർഹമായ പിന്തുണ നൽകിക്കൊണ്ട് നിലകൊള്ളുന്ന പ്രാചീനകൈരളിയിലേക്ക് ഗവേഷണാധിഷ്ഠിതലേഖനങ്ങൾ അക്കാദമിക-ഗവേഷണലോകത്തുനിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ലേഖനങ്ങൾ orimss.library1908@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കാവുന്നതാണ്.

പ്രൊഫ. ആർ.ബി. ശ്രീകല
ജനറൽ എഡിറ്റർ

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1. | പദങ്ങളും പര്യായപദങ്ങളും<br>**പ്രൊഫ.(ഡോ.) സി.ആർ.പ്രസാദ്** | 1-7 |
| 2. | സ്വരതാളാദിനിരൂപണം സപ്തസ്വരവർഗ്ഗീകരണത്തിന്റെ ഭാഷാശാസ്ത്ര വിശകലനം (പാഠവും വിശകലനവും)<br>**പ്രൊഫ. ആർ. ബി. ശ്രീകല** | 8-20 |
| 3. | നാടകത്തിന് വിളക്കുവച്ച നവോത്ഥാനകേരളം<br>**ഡോ.എസ്.നസീബ്** | 21-30 |
| 4. | മലയാള ഭാഷാധിനിവേശം ഗോത്രഭാഷകളിൽ: ഒരു ഭാഷാശാസ്ത്രപഠനം<br>**ഡോ.ഡാർവിൻ** | 31-47 |
| 5. | സി.പി. സി.പി. അച്യുതമേനോന്റെ വിമർശനമാനദണ്ഡങ്ങൾ<br>**ഡോ. പ്രിയ വി.** | 48-55 |
| 6. | ചലിക്കുന്ന അഗ്നിനാളങ്ങൾ ഉറൂബിന്റെ സ്ത്രീകഥാപാത്രങ്ങൾ<br>**ഡോ. മിനി ആലീസ്** | 56-61 |
| 7. | പയ്യന്നൂർ പാട്ട്-കപ്പൽക്കച്ചവടത്തിന്റെ സാഹിതീയവ്യാഖ്യാനം<br>**ഡോ. ബീനാകൃഷ്ണൻ എസ്.കെ.** | 62-72 |
| 8. | പ്രാദേശിക ക്ഷേത്രസംസ്കൃതിയിലെ അധിനിവേശമുദ്രകൾ (പനന്തടിക്കൽ ദേവീക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളെ മുൻനിർത്തിയുള്ള പഠനം)<br>**ഡോ.ശ്രീജ ജെ.എസ്.** | 73-78 |
| 9. | നവോത്ഥാനമൂല്യദർശനം ശ്രീനാരായണഗുരുവിന്റെ ലഘുകവിതകളിൽ<br>**ഡോ. മഞ്ജു കെ.** | 79-94 |
| 10. | കേരളത്തിലെ ഡച്ച് അധിനിവേശവും പ്രതിരോധങ്ങളും<br>**ഡോ. ആർ. അശ്വതി** | 95-107 |
| 11. | പ്രകൃതിപുരാവൃത്തപഠനവും പാരിസ്ഥിതികസ്ത്രീവാദവും സാറാജോസഫിന്റെ 'അശോക'യിൽ<br>**ഡോ. നിത്യ പി വിശ്വം** | 108-116 |

| | | |
|---|---|---|
| 12. | ബഷീർക്കൃതികളിലെ ജനകീയ ഘടകങ്ങൾ<br>**ഡോ. ദീപ. എസ്.എസ്.** | 117-121 |
| 13. | വ്യാഖ്യാനങ്ങളും പാഠനിർമ്മിതിയും<br>**ഡോ. കൃഷ്ണാഅരവിന്ദ്** | 122-134 |
| 14. | പ്രാചീന ഹസ്തലിഖിതഗ്രന്ഥങ്ങളുടെ കാലനിർണ്ണയ രീതി<br>**രമ്യ.എസ്സ്.** | 135-141 |
| 15. | ശക്തൻ തമ്പുരാന്റെ കാലഘട്ടത്തിൽ നിലനിന്നിരുന്ന രാജ കീയ ആചാരങ്ങൾ<br>**രജനി റ്റി.** | 142-153 |
| 16. | നഗരസങ്കല്പനം അനന്തപുരവർണ്ണനത്തിൽ ഹസ്തലി ഖിതപാഠം മുൻനിർത്തിയുള്ള പഠനവിശകലനം<br>**ഷീല എസ്.** | 154-160 |
| 15. | ഉളിപിടിച്ച കയ്യ്: ഷെർലക് ഹോംസ് അനുകൽപനമായി വിലയിരുത്തുമ്പോൾ<br>**മുഹമ്മദ് നിഹാൽ കെ. എ.** | 161-168 |
| 16. | വിഷചികിത്സയും ദൂതലക്ഷണവും<br>**രജനി എസ്** | 169-177 |
| 17. | സീതാസ്വയംവര ആഖ്യാനങ്ങളിലെ ദേശിമുദ്രകൾ: ഹസ്തലി ഖിതപാഠങ്ങൾ മുൻ നിർത്തിയുള്ള അന്വേഷണം<br>**ജിബി പി.** | 178-183 |
| 18. | **ലേഖകപരിചയം** | 184-186 |

# പദങ്ങളും പര്യായപദങ്ങളും

പ്രൊഫ.(ഡോ.) സി.ആർ.പ്രസാദ്

**പ്രബന്ധസംഗ്രഹം**

*പര്യായപദങ്ങളുണ്ടാകുന്നത് എങ്ങനെയാണ്? അത്തരം പദങ്ങളുടെ സാഹചര്യങ്ങൾ മുന്നോട്ടുവയ്ക്കുന്ന അവബോധം എന്താണ്? ഒന്നിനെത്തന്നെ കുറിക്കാനായുണ്ടാകുന്ന ചിലപദങ്ങളെ പര്യായപദങ്ങളായി കണക്കാക്കാത്തതിനു കാരണം എന്താണ്? തുടങ്ങിയ കാര്യങ്ങളാണ് പ്രബന്ധം ചർച്ചചെയ്യുന്നത്.*

**താക്കോൽ വാക്കുകൾ**

*പര്യായപദം, ദേശവ്യത്യാസം, അമിതപദസൃഷ്ടി, ആർത്ഥിക പരിസരം, പ്രാഥമികാർത്ഥം, ദ്വിതീയാർത്ഥം, ന്യൂക് സ്പീക്ക്.*

ഒരു വസ്തുവിനെയോ ഒരാശയത്തെയോ സൂചിപ്പിക്കാൻ ഒരു ഭാഷയിൽത്തന്നെ വ്യത്യസ്തപദങ്ങളുണ്ടാകുന്നതെന്തുകൊണ്ട് എന്ന അന്വേഷണം വളരെ പ്രസക്തമാണ്. ഒരു ഭാഷയിൽത്തന്നെയുണ്ടാകുന്ന ഇത്തരം പദങ്ങളുടെ സമൃദ്ധി പ്രസ്തുതഭാഷയുടെ ജൈവികതയെയും പ്രചരണത്തിന്റെ വിശാലതയെയും സൂചിപ്പിക്കുന്നതാണെന്നു പറയാം. ഭാഷ പ്രചരിക്കുന്ന ഭൂപ്രദേശത്തിന്റെ വിസ്തൃതി ഭാഷാഭേദങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുമെന്ന് ഭാഷാഭേദവിജ്ഞാനീയം പറയുന്നു. ഒരു ഭാഷയിലെ തന്നെ വർണ്ണങ്ങളുപയോഗിച്ചുകൊണ്ട് നടത്തുന്ന ഇത്തരം പദസൃഷ്ടികൾ അതുണ്ടാക്കിയ ഭാഷണവിഭാഗത്തിന്റെ പ്രത്യേക ലക്ഷ്യത്തെ വ്യക്തമാക്കുന്നുണ്ട്. വർണ്ണ– ഉച്ചാരണസാമ്യങ്ങളാണ് പദത്തെ ഒരു പ്രത്യേകഭാഷയുടെ പദസമ്പത്തിലേക്ക് മുതൽക്കൂട്ടാക്കിമാറ്റുന്നത്. ചൂലി, മാച്ചി, തുറപ്പ എന്നിവ മലയാളപദങ്ങളായി മാറുന്നത് അതിനു പയോഗിച്ചിരിക്കുന്ന അക്ഷരങ്ങളും അതിന്റെ ഉച്ചാരണവുമാണ്. ഒരു സത്തയെത്തന്നെ സൂചിപ്പിക്കുന്ന ഈ പദങ്ങൾ വ്യത്യസ്തമാകുന്നതിനു

കാരണം ദേശവ്യത്യാസമാണ്. മുഖത്തിനു തന്നെ മുഞ്ഞിയും മോന്തയുമുണ്ടാകുന്നതിനു കാരണവും ഇതുതന്നെ.

ഇങ്ങനെയുണ്ടാകുന്ന പദസമ്പത്തിന്റെ പിന്നിലുള്ള ചിലകാരണങ്ങളെക്കുറിച്ച് ഭക്തിപ്രസാദ് മല്ലിക്ക് പഠിച്ചിട്ടുണ്ട്. അധോലോക വ്യവഹാരത്തിന്റെ മാതൃകയാണ് അദ്ദേഹം പഠനത്തിനുള്ള അടിത്തറയായി സ്വീകരിച്ചത്. രഹസ്യാത്മക വ്യവഹാരത്തിനായാണ് അധോലോകം നിലവിലുള്ള ഭാഷയ്ക്ക് സമാന്തരമായി സ്വതന്ത്രമായ ഒരു വ്യവഹാരം രൂപപ്പെടുത്തുന്നത്. പദങ്ങളുടെ രഹസ്യാത്മകത നഷ്ടപ്പെടുന്ന ഘട്ടത്തിലാണ് അവർ പുതിയപദങ്ങളുണ്ടാക്കുന്നത്. അങ്ങനെ ഒരു വസ്തുവിനു തന്നെ അനവധിപദങ്ങളുണ്ടാകാം. ഇത്തരം പ്രതിഭാസത്തെ മല്ലിക്ക് അമിത പദസൃഷ്ടി' എന്നാണു പറയുന്നത്. ബോംബ്, പോലീസ് എന്നിവയ്ക്ക് കൽക്കട്ട അധോലോകത്തുണ്ടായ അമിതപദസൃഷ്ടി ഇതിനുതെളിവായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്. ഭാഷയിലെ വ്യത്യസ്തപദസൃഷ്ടിയുടെ പിന്നിൽ സാമാന്യമായി കാണുന്ന പ്രചോദനങ്ങളിലൊന്ന് ഒരുപക്ഷേ ഇതുതന്നെയാവാം. ഒരുഭാഷയിലെ വ്യത്യസ്ത ഭാഷണസമൂഹങ്ങൾ അവരുടെ താല്പര്യത്തിനനുസരിച്ച് ഒരുസത്തയെ സൂചിപ്പിക്കാൻ വ്യത്യസ്ത പദസൃഷ്ടി നടത്തുന്നത് ഇങ്ങനെയാവാം.

ഇങ്ങനെ സൃഷ്ടിക്കപ്പെടുന്നപദങ്ങൾ അതുപയോഗിക്കുന്ന സന്ദർഭം, വിഭാഗം തുടങ്ങിയ ഘടകങ്ങളുമായി ബന്ധപ്പെട്ട് അവയുടെ പ്രാഥമിക അർത്ഥത്തെക്കൂടാതെ മറ്റുചില അർത്ഥങ്ങൾ കൂടി ഉല്പാദിപ്പിക്കുന്നവയായിത്തീരുന്നു. അധികാരം, സംസ്കാരം എന്നിവയെ സൂചിപ്പിക്കാനുള്ള ചിലഘടകങ്ങൾ ഭാഷയിലുണ്ടെന്ന തോന്നലുണ്ടാകുന്നത് പദത്തിന്റെ പ്രാഥമികാർത്ഥത്തെ മറികടന്നിട്ട് ഇത്തരംചില സാഹചര്യങ്ങളെ പദവുമായി ബന്ധിപ്പിക്കുന്നതു കൊണ്ടാണ്. അയ്യപ്പപ്പണിക്കരുടെ 'ശ്വാനചിന്തകൾ' എന്ന കവിതയിൽ പട്ടിയുടെ പര്യായപദങ്ങളെന്നു വിളിക്കാവുന്നതും എന്നാൽ വ്യത്യസ്ത സാഹചര്യങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്നതുമായ നായ, ശ്വാവ്, സാരമേയം, ശുനകൻ, പട്ടി തുടങ്ങിയ പദങ്ങൾ ഹാസ്യാത്മകമായി നൽകിയിട്ടുണ്ട്. സാരമേയം പ്രയോഗിക്കുന്നിടത്തുനിന്നും ശുനകനെയും നായയെയും പട്ടിയെയും ഓടിച്ചുകളയുന്നതിനുള്ള കാരണം പദത്തിന്റെ പ്രാഥമിക അർത്ഥത്തിനു പകരമായി അരോപിക്കപ്പെടുന്ന ദ്വിതീയ അർത്ഥങ്ങളുടെ സാന്നിധ്യമാണ്.

ഇക്കാര്യം വ്യക്തമാകുന്നതിനായി അയ്യപ്പപ്പണിക്കരുടെ ശ്വാനചിന്തകൾ എന്ന കവിതയിലെ വരികൾ ശ്രദ്ധിക്കുക.

ശ്വാനന്മാർ എത്രവിധം?

എന്റെ സാറേ, രണ്ടുവിധം, അല്ലെങ്കിൽ നാല്.

എതൊക്കെ?

സാരമേയം, ശുനകൻ, ശ്വാവ്, നായ, പട്ടി.

പൊതുവിൽ ഗൗരവക്കാരനാണ് സാരമേയം.

വല്ലപ്പോഴും ഒന്നു ചുമയ്ക്കും. ഉപനിഷത്തുകൾ മാത്രം, അതും മൂലംമാത്രം,

വായിക്കുകയോ വായിച്ചു കേൾക്കുകയോ ചെയ്യും.

ഈച്ചകടിയനാണ് ശുനകൻ,ആഢ്യത്തം കഷ്ടി.

തന്നെക്കടിക്കുന്ന ഈച്ചയെ കടിക്കാൻ വട്ടംകറങ്ങി രസിക്കുന്നു.

വാവുതോറും കുരച്ചു നടക്കുന്നവനാണ് സഖാവ് ശ്വാവ്.

നടവരവ് അധികമില്ല.

ക്ഷത്രിയനായ നായ വേട്ടയ്ക്കു കൊള്ളാം

പിന്നെയുള്ളവരെല്ലാം പട്ടി എന്നറിക.

പട്ടിയുടെ പര്യായപദങ്ങൾ വരുന്നസന്ദർഭങ്ങളാണ് ഭംഗിയായി പണിക്കർ ഇവിടെ ആവിഷ്ക്കരിച്ചിരിക്കുന്നത്. പദത്തിനുണ്ടാകുന്ന ആർത്ഥികപരിസരങ്ങളാണ് അവയുടെ മൂല്യത്തെ നിർണ്ണയിക്കുന്നതെന്ന വസ്തുത ഭംഗിയായി കവിതയിലൂടെ പറഞ്ഞിരിക്കുന്നു. നടവരവ് എന്ന സമസ്ത പദത്തിന്റെ നിലവിലുള്ള അർത്ഥത്തെ തിരുത്തിക്കുറിക്കുന്ന സന്ദർഭവും ഇതിലുള്ളത് ശ്രദ്ധിക്കണം. പട്ടി ചന്തയ്ക്കു പോയതുപോലെ എന്ന ചൊല്ല് മനസ്സിൽ വച്ചുകൊണ്ട് നടവരവിന്റെ അർത്ഥം ആലോചിക്കണം. അപ്പോഴാണ് ക്ഷേത്രത്തിലെ നടവരവ് എന്ന അർത്ഥത്തിൽ നിന്ന് ഇതു മാറുകയും പുതിയ അർത്ഥത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നത്.

ഭാഷയ്ക്കുണ്ടാകുന്ന ദ്വിതീയ അർത്ഥതലമാണ് പ്രാഥമിക തല ത്തിനെക്കാൾ കൂടുതൽ പലപ്പോഴും ശ്രദ്ധപിടിച്ചു പറ്റുന്നത്. അധികാര

ത്തിന്റെയും സാമൂഹ്യശ്രേണീകരണത്തിന്റെയും ആയുധമായി ഭാഷമാറു ന്നത് ദ്വീതീയതലം പ്രാഥമികതലത്തിനെ കടന്നുനിൽക്കുന്നതു കൊണ്ടാ ണെന്നുപറയാം. ദളിത് ഭാഷ, സ്ത്രീഭാഷ, പുരുഷഭാഷ തുടങ്ങിയ വ്യത്യസ്തതകൾ ഭാഷയിലുണ്ടാകുന്നതിനു കാരണം പദങ്ങൾ സൃഷ്ടിക്കു ന്നുവെന്നു കരുതുന്ന ദ്വിതീയ അർത്ഥതലങ്ങൾ തന്നെയാണ്. തോട്ടിയുടെ മകന് മോഹനൻ എന്നപേരുകൊടുത്തതുകൊണ്ടുണ്ടായ പുകിലുകൾ തകഴി പറയുമ്പോൾ മോഹനൻ എന്ന പദത്തിന് സമൂഹം അക്കാലത്തു നൽകിയ ദ്വീതീയ അർത്ഥതലത്തിന്റെ തീവ്രതയാണ് തെളിയുന്നത്. മോഹനൻ എന്ന നാമം സമൂഹത്തിലെ ഉയർന്ന വിഭാഗക്കാർക്കുമാത്രമേ ഉപയോഗിക്കാൻ കഴിയുമായിരുന്നുള്ളു. അക്കാലത്ത് തോട്ടിയുടെ മകന് അത്തരമൊരുപേര് സ്വപ്നത്തിൽപ്പോലും ഓർമ്മിക്കാൻ അനുവാദമില്ലാ യിരുന്നു എന്നിടത്താണ് തകഴിയുടെ കൃതിയിലെ മോഹനൻ എന്ന പേരിന്റെ പ്രസക്തിശക്തമാവുന്നത്.

നാമത്തിന്റെ സ്വാഭാവികാർത്ഥത്തെ മറികടന്നുകൊണ്ട് സമൂഹം പലപ്പോഴും പുതിയ ഒരു പ്രയോഗമൂല്യം നൽകുന്നുണ്ട് എന്നാണ് ഇതു തെളിയിക്കുന്നത്. ഇത്തരം പ്രയോഗമൂല്യങ്ങൾ പലതലങ്ങളിലും കാണാൻ കഴിയും. ഭാഷയുടെ പ്രാഥമികാർത്ഥത്തെ റദ്ദാക്കിക്കൊണ്ട് പ്രബലമാവുന്ന ഇത്തരം അർത്ഥതലങ്ങളാണ് ഭാഷയുടെ പ്രാഥമികധർമ്മമായ ആശയ നിവേദനം എന്ന ലക്ഷ്യത്തെ മറികടന്നു കൊണ്ട് വ്യവഹാരതലത്തിൽ ശക്തമായിത്തീരുന്നത്. അർത്ഥതലത്തിനുണ്ടാകുന്ന ഇത്തരം പരിണാമ ങ്ങളെക്കുറിച്ച് അൽപം കൂടി വിശദീകരിക്കേണ്ടതായുണ്ട്.

ജീവിതസാഹചര്യങ്ങൾ, ദേശം, സംസ്കാരികപശ്ചാത്തലം, മതം, തൊഴിൽ തുടങ്ങിയ പലവിധകാരണങ്ങളാൽ ഓരോഭാഷയ്ക്കും പദതലത്തിൽ ഭേദങ്ങളുണ്ടാകാം. ഇത്തരം ഭേദങ്ങൾക്ക് ആ വിഭാഗത്തിന്റെ ഇടയിൽ മാത്രമാവും വിനിമയ അംഗീകാരമുണ്ടാവുക. ഇതിൽത്തന്നെ ഏതെങ്കിലും പ്രത്യേക രൂപത്തിനാണ് പൊതുസമ്മതി ലഭിക്കുക. പൊതുസമ്മതി ലഭിക്കുന്നതിനെ ഭാഷയുടെ നിലവാരപ്പെട്ടരൂപമെന്നു പറയുന്നു.ഇതിനുപിന്നിൽ പലകാരണങ്ങളുമുണ്ടാകാം. ഭാഷാഭേദമുണ്ടാ കുന്നതിനും അതിലൊന്ന് നിലവാരപ്പെട്ട രൂപമാകുന്നതിനുമുള്ള കാരണങ്ങൾ ഭാഷാഭേദവിജ്ഞാനീയം വിശദീകരിക്കുന്നുണ്ട്.

ഇത്തരം മാറ്റങ്ങൾക്കുള്ള ശക്തമായകാരണങ്ങളിലൊന്ന് അധികാ രമാണ്. അധികാരവിഭാഗത്തിന്റെ തീരുമാനത്തിനനുസരിച്ച് ഭാഷാഭേദങ്ങ

ളിലൊന്ന് നിലവാരപ്പെടുകയും ബാക്കിയെല്ലാ രൂപങ്ങളും പ്രാന്തവൽക്കരിക്കപ്പെടുകയും ചെയ്യുന്നു. ഭാഷാചരിത്രത്തിലെ ആശാസ്യമല്ലാത്ത പ്രവണതയാണിതെന്നു പറയാം. കാരണം ഒരാളുടെ ഭാഷാപ്രയോഗം തിരിച്ചറിഞ്ഞ് അയാളെ സമൂഹശ്രേണിയുടെ ഒരു തലത്തിൽ രേഖപ്പെടുത്തുകയെന്നത് തന്നെ അധികാരത്തിന്റെ തീരുമാനമാണെന്നു പറയേണ്ടതായിവരും.

ദളിത്, സ്ത്രീ മുന്നേറ്റങ്ങളുണ്ടായപ്പോൾ പ്രയോഗഭാഷയുടെ സ്വത്വത്തെക്കുറിച്ച് വിപുലമായ അന്വേഷണവും ശക്തമായ നിലപാടുമുണ്ടായത് ഈ സന്ദർഭത്തിൽ ഓർമ്മിക്കേണ്ടതാണ്. സ്ത്രീ എഴുത്തിനെക്കുറിച്ചുണ്ടായ അലീഷിയ സസ്കിൻ ഓസ്ട്രിക്കറുടെ സ്റ്റീലിംഗ് ദ ലാംഗ്വേജ്: ദ എമേർജൻസ് ഓഫ് വുമൺസ് പോയട്രി ഇൻ അമേരിക്ക എന്ന കൃതി ഭാഷാപരമായ ഇത്തരം ചിട്ടപ്പെടുത്തലിനെ ക്കുറിച്ചുള്ള പഠനംകൂടി നടത്തുന്നുണ്ട്. അമേരിക്കയിലെ എഴുത്തു കാരികളുടെ കവിതകളെക്കുറിച്ചുള്ള പഠനത്തിൽ എന്തുകൊണ്ട് സ്ത്രീകൾക്ക് സ്വന്തമായ സ്വത്വം സ്വതന്ത്രമായി കവിതയിൽ ആവിഷ്ക്കിരിക്കാൻ കഴിയാതെപോയി എന്ന അന്വേഷണമുണ്ട്. അതിനുള്ള കാരണങ്ങളിൽ മുഖ്യമായിട്ടുള്ളത് സ്ത്രീകൾ പുരുഷഭാഷതന്നെ കവിതയെഴുതാനായി ഉപയോഗിച്ചിരുന്നു എന്നതാണ്. മർദ്ദിതരുടെ ഭാഷയിൽ സ്ത്രീകൾക്ക് ആധികാരികമായി സംസാരിക്കാനോ അവരെ ആവിഷ്ക്കരിക്കാനോ കഴിയുന്നില്ല എന്നാണ് ഓസ്ട്രിക്കർ പറയുന്നത്. അതുകൊണ്ടുതന്നെ നിലവിലുള്ള ഭാഷാപദങ്ങളുടെ ആർത്ഥിക സൂചനകളെ പുതിയരീതിയിൽ ചിട്ടപ്പെടുത്താൻ എഴുത്തുകാരികൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള പ്രതീകങ്ങളെ അവരുടേതായ വ്യാഖ്യാനത്തിനും പ്രയോഗത്തിനുമായി മാറ്റിയെടുക്കേണ്ടതായുണ്ട്. അത്തരം സാഹചര്യങ്ങളിൽ മാത്രമേ വ്യവഹാരത്തെ അത്മപ്രകാശന ത്തിനുള്ള ഉത്തമ ഉപാധിയാക്കാൻ കഴിയുകയുള്ളു. ഭാഷ എങ്ങനെയാണ് പ്രാഥമികമായുണ്ടാവുന്ന അർത്ഥതലങ്ങളിൽ നിന്നും മറ്റ് ആരോപിതാർത്ഥങ്ങളിലേക്ക് കടക്കുന്നതെന്ന് ഇത്തരം പരിശോധനകൾ വ്യക്തമാക്കുന്നുണ്ട്. ഭാഷ പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും കരുത്തുള്ളതായിത്തീരുന്നതെങ്ങനെയെന്ന് ദളിത് പഠനങ്ങളും തെളിയിക്കുന്നു.

വംശീയസൂചന നൽകുന്ന വാക്കുകൾ ഭാഷയിലുണ്ടാകും. അത് യഥാർത്ഥത്തിൽ ഒരു വിഭാഗത്തെ മുൻവിധിയോടെ സമീപിക്കുന്നതുമായിരിക്കും. മദ്രാസി, തെക്കർ, തിരുവനന്തപുരത്തെ മഴയെയും സ്ത്രീയെയും വിശ്വസിക്കരുത് എന്നിങ്ങനെയുള്ള വാക്കുകളും ചൊല്ലുകളും ഇതിനദാഹരണങ്ങളായി പറയാം.

അധികാരസ്ഥാപനത്തിനും നിലനില്പിനും വിനിമയത്തിനും വേണ്ടി ഭാഷയെ എങ്ങനെയെല്ലാമുപയോഗിക്കാമെന്ന് സാംസ്കാരിക തലത്തിലെ ആഗോളമാക്കൽ വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. ആശയത്തെമൂടി വെയ്കാനോ, വിരുദ്ധാർത്ഥങ്ങളെ നിർവീര്യമാക്കാനോ അപകടസാധ്യത കളെ മറച്ചുവെയ്ക്കാനോ ഭാഷാപ്രയോഗത്തിലൂടെ കഴിയുമെന്ന് പുതിയ അധികാരിവർഗം തെളിയിക്കുന്നുണ്ട്. ന്യൂക്ലിയർ ആയുധങ്ങളുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പദപ്രയോഗങ്ങൾ ഇവിടെ പരിശോധിക്കാവുന്ന താണ്. ന്യൂക്ലിയർ സംസ്കാരത്തെ പ്രത്യയശാസ്ത്ര പരമായി സഹായിക്കാനും എന്നാൽ പ്രത്യക്ഷത്തിൽ, അത്തരം ലക്ഷ്യങ്ങളൊന്നു മില്ലെന്നും അത് നിർഗുണമായുള്ളതാണെന്നും കപടബോധനം നടത്താനും ഉപയോഗിക്കുന്ന ഇത്തരം പ്രയോഗങ്ങളെ എ.എം.കാർഫ് ന്യൂക് സ്പീക്(nuke speak) എന്നാണ് വിളിക്കുന്നത്. ഇത്തരം പദങ്ങൾ പ്രയോഗിക്കുന്നത് പ്രത്യേകലക്ഷ്യത്തോടെയാണ്. ഇവ മുന്നോട്ടു വെയ്ക്കുന്ന പ്രത്യയശാസ്ത്രം അപകടകാരിയല്ല എന്നും നിരുപദ്രവ കാരിയും ഭയക്കാനില്ലാത്തതുമാണെന്നുമുള്ള ബോധം ജനതയിൽ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള ശ്രമമാണ് ഇത്തരം പ്രയോഗങ്ങളുടെ പിന്നിലുള്ളത്. മറ്റു ചില ശബ്ദങ്ങൾ നിരുപദ്രവത്തിന്റെയും നിഷ് ക്കളങ്കതയുടെയും സൂചന നൽകും. ഹിരോഷിമബോംബിനെ little boy എന്നും ന്യൂട്രോൺ ബോംബിനെ cookies cutterഎന്നും വിളിക്കുന്നത് അതിനായാണ്. ചുരുക്കത്തിൽ പദങ്ങളുടെ നിലവിലുള്ള അർത്ഥത്തെ ത്തന്നെ ഉപയോഗിച്ചും പുതിയപദപ്രയോഗങ്ങൾ സൃഷ്ടിച്ചും ഭാഷയുടെ കേവലമായ വിനിമയയുക്തിയെ മറികടക്കാനുള്ള ബോധപൂർവശ്രമങ്ങൾ ആഗോള തലത്തിൽ നടക്കുന്നുണ്ടെന്നു പറയാം. ഇക്കാര്യത്തെക്കുറിച്ചു കൃത്യമായ ധാരണയുള്ളതു കൊണ്ടാണ് ഇന്ന് ഭാഷാപഠനം ഇത്തരം സാധ്യതകൾ കൂടുതൽ ശ്രദ്ധയോടെ പരിശോധിക്കുന്നത്.

ഇങ്ങനെ ഒന്നിനെത്തന്നെ സൂചിപ്പിക്കാനുണ്ടാകുന്ന പുതിയ പദങ്ങളെയെല്ലാം പര്യായപദങ്ങളെന്നു വിളിക്കാവുന്നതാണ്. എല്ലാപര്യായ പദങ്ങളും രൂപപ്പെടുന്നതിന്റെ സാഹചര്യം ഇതുതന്നെയാണ്. എന്നാൽ ഇങ്ങനെയുണ്ടാകുന്ന എല്ലാ പദങ്ങളെയും പര്യായപദങ്ങളുടെ പട്ടികയി ലേക്ക് ഒരു ഭാഷയും കൊണ്ടുപോകുന്നില്ല എന്നിടത്താണ് അതിനു പിന്നിലുള്ള മാനസികനില വ്യക്തമാകുന്നത്. ഭക്തിപ്രസാദ് മല്ലിക്ക്

പറയുന്ന അധോലോകസൃഷ്ടിയായ പദങ്ങളെ പര്യായപദങ്ങളായി കരുതാത്തതിനു കാരണം അതാണ്.

**സഹായകഗ്രന്ഥങ്ങൾ**

1. M. A. K. Halliday, Language as social semiotic: The social interpretation of language and meaning. London: Edward Arnold.
2. Alicia Suskin Ostriker ,Stealing the Language: The Emergence of Women's Poetry in America

# സ്വരതാളാദിനിരൂപണം

## സപ്തസ്വരവർഗ്ഗീകരണത്തിന്റെ ഭാഷാശാസ്ത്ര വിശകലനം

## പാഠവും വിശകലനവും

**പ്രൊഫ. ആർ. ബി. ശ്രീകല**

**പ്രബന്ധസംഗ്രഹം**

*കേരളസർവ്വകലാശാല മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ 21471 എന്ന ACC. Reg No. സൂക്ഷിച്ചിട്ടുള്ള താളിയോലഗ്രന്ഥമാണ് 'സ്വരതാളാദിനിരൂപണം.' സപ്തസ്വരങ്ങളുടെ വർഗ്ഗീകരണവും ഉൽപത്തിയും വിശദീകരിക്കുന്ന സംഗീത ശാസ്ത്രവിഷയകമായ ചെറിയൊരു കൃതിയാണിത്. സപ്ത സ്വരങ്ങൾ വർഗ്ഗാഷ്ട കങ്ങളിൽ നിന്ന് ഉണ്ടാകുന്നു എന്നു സ്ഥാപിക്കാൻ ശ്രമിക്കുന്ന ഗ്രന്ഥകർത്താവ് തുടർന്നുവരുന്ന വിശകലനങ്ങളിൽ പുലർത്തുന്ന ഭാഷാശാസ്ത്രാവബോധം ശ്രദ്ധേയമാണ്. ഗ്രന്ഥകർത്താവിന്റെ സൂചന കൃതിയിലില്ല. 'എവിടെയാണോ നാദത്തിന്റെ ഉദ്ഭവം അവിടെ താളത്തിന്റെയുമുദ്ഭവം' എന്ന നിരീക്ഷണം പ്രധാ നമാണ്.*

**താക്കോൽവാക്കുകൾ**

*നാദം, താളം, ശ്രുതി, സപ്തസ്വരങ്ങൾ, വർഗ്ഗാഷ്ടകങ്ങൾ, സപ്തധാതു ക്കൾ, രൂപകതാളങ്ങൾ, ലയങ്ങൾ, ദേശി.*

**പാഠം**

യസ്മാദേതേ വിസ്ഫുടം പ്രസ്ഫുടന്തോ

വർണ്ണാഃ സംഭൂയാനുയാതാർത്ഥജാതാഃ

വിശ്വാത്മത്വേനാ സ്ഥിതാസ്തത്പരത്വാദ്

ജ്യോതിർമ്മാത്രം വൈഭവം നാദരൂപം.

51 അക്ഷരങ്ങളും പാഞ്ചഭൗതികമായിരിക്കിന്ന ഇപ്രപഞ്ചവും ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാരും പരാശക്തിയും നാദരൂപികളാകയാൽ നാദസ്വരൂപത്തിന്നു നമസ്കാരം. ഇതു വസ്തുനിർദ്ദേശനം.

നാദമുണ്ടായ പ്രകാരത്തെച്ചൊല്ലിന്നിതു. അതിന്നു ശരീരം മൂലമാകിന്നിതു. ശരീരത്തിങ്കൽ നാഡികൾ ആനന്ത്യമായിരിപ്പിതു. എന്നാൽ പ്രധാന നാഡികളെച്ചൊല്ലിന്നിതു. ഇഡയും പിംഗലയും സുഷുമ്നയും ഹസ്തിയും ജിഹ്വകയും അലംബുസയും പൂഷാവും ഗാന്ധാരിയും ശംഖിനിയും ജഹുവും-ഇവ ദേഹമദ്ധ്യഗതങ്ങളാകിന്ന നാഡികൾ. ഇഡയും പിംഗലയും സുഷുമ്നയും ഇതിൽ പ്രധാനനാഡികൾ. പ്രാണാദികളായിട്ടു ക്രമത്താലെ ദശ വായുക്കൾ. ഇവ ഒക്കവേ നാഡികളിൽ പ്രാപിച്ചു നാഡികളിൽ സ്ഥിതമായിരിക്കുന്ന അഗ്നികളെ ജ്വലിപ്പിച്ചു സഞ്ചരിക്കിന്റെടുത്തു നാദമുണ്ടാകിന്നിതു. അതിൽ മദ്ധ്യഗതയാകിന്ന സുഷുമ്നാനാഡി യിൽ പ്രാണവായു പുക്കു ജ്വലിപ്പിച്ച് അഗ്നിയാൽ നാദമുണ്ടാം. അന്നാദത്തെ പരയെന്നും കുണ്ഡലിനിയെന്നും ചൊല്ലിന്നൂ. അതു തന്നാലെ അറിയപ്പെടിന്നിതു, മറ്റൊന്നിനാലറിയരുതു. നാകാരം വായു, ദകാരമഗ്നി. അഗ്നിമാരുത സംയോഗത്തിങ്കൽ നാദമുണ്ടാകിന്നിതു.

നാദമഞ്ചു ജാതി അതിസൂക്ഷ്മം, സൂക്ഷ്മം, പുഷ്ടം, അതിപുഷ്ടം, കൃത്രിമം എന്നിങ്ങനെ അഞ്ചു ജാതി. അതിസൂക്ഷ്മം നാഭിയിങ്കലിരിപ്പൂ. സൂക്ഷ്മം ഹൃദയത്തിങ്കൽ, പുഷ്ടം കണ്ഠത്തിങ്കൽ, അതിപുഷ്ടം ശിരസ്സിങ്കൽ, കൃത്രിമം മുഖത്ത്, ഇങ്ങനെ നാദസ്ഥിതിയുമുൽപത്തിയും.

ശ്രവണേന്ദ്രിയഗ്രാഹ്യമാകിന്ന നാദം ശ്രുതിയാകിന്നത്. അങ്ങിനെ ഇരിക്കിന്ന ശ്രുതികൾ 41 എന്നും 61 എന്നും ആനന്ത്യമെന്നും മഹത്തുക്ക ളായിരിക്കിന്ന മഹർഷികളുടെ പക്ഷം. നരന്മാരുടെ മുഖം യാതൊരു ജാതി കണ്ണാടിയിൽ പ്രതിബിംബിച്ചു കാണപ്പെടുന്നു, അപ്രകാരം സ്വരങ്ങളും ശ്രുതികളിൽ നിന്നു കാണപ്പെടുന്നൂ. യാതൊരു ജാതി പാൽ തൈരായിപ്പരിണമിക്കിന്നൂ, അപ്രകാരം സ്വരങ്ങളും ശ്രുതികളിൽനിന്നു പരിണമിക്കിന്നൂ. ഇങ്ങിനെ ശ്രുത്യുൽപത്തി.

അനന്തരം സ്വരങ്ങളുണ്ടായ പ്രകരം. സ്വരങ്ങൾ വർഗ്ഗാഷ്ടകങ്ങളിൽ നിന്നുണ്ടാകിന്നൂ. വർഗ്ഗാഷ്ടകങ്ങൾ അ, ക, ച, ട, ത, പ, യ, ശ - എന്നിവ. അകാരാദിവിസർഗ്ഗാന്തം. കവർഗ്ഗം, ചവർഗ്ഗം, ടവർഗ്ഗം, തവർഗ്ഗം, പവർഗ്ഗം, യവർഗ്ഗം - യരലവ, ശവർഗ്ഗം - ശ ഷ സ ഹ - എന്നിവെട്ടു വർഗ്ഗങ്ങളെക്കൊണ്ടു സപ്തസ്വരങ്ങളെ ഉദ്ധരിക്ക. എട്ടാം വർഗ്ഗത്തിന്റെ മൂന്നാം അക്ഷരം അകാരമാകുന്ന ഹരിബീജത്തൊടു കൂടുമ്പോ ആദിസ്വരമുണ്ടാകിന്നൂ. ഏഴാം വർഗ്ഗത്തിൻെറ രണ്ടാമക്ഷരം ഇകാരമായ

കാമബീജത്തൊടു കൂടുമ്പോൾ രണ്ടാം സ്വരമുണ്ടാം. രണ്ടാം വർഗ്ഗത്തിന്റെ മൂന്നാമക്ഷരം വിഷ്ണുബീജത്തൊടു കൂടുമ്പോൾ മൂന്നാം സ്വരം. ആറാം വർഗ്ഗത്തിന്റെ അന്ത്യാക്ഷരവും ആദിവർഗ്ഗത്തിന്റെ ആദ്യക്ഷരവും കൂടുമ്പോൾ നാലാം സ്വരം. ആറാം വർഗ്ഗത്തിലാദ്യക്ഷരവും അകാരവും കൂടുമ്പോൾ പഞ്ചമസ്വരം. അഞ്ചാം വർഗ്ഗത്തിൽ നാലാമക്ഷരം ആദ്യക്ഷരത്തൊടു കൂടുമ്പോൾ ആറാം സ്വരം, അതു രണ്ടു വില്ലുപൂട്ടി അകവുമകവും തിരിച്ചുവച്ചപോലെ ഇരിപ്പൂ, അഞ്ചാം വർഗ്ഗത്തിലൊടുക്കത്തെ അക്ഷരം കാമബീജത്തൊടു കൂടുമ്പോൾ ഏഴാം സ്വരോത്ഭവം, സരിഗമപധനി ഇവ സപ്തസ്വരങ്ങൾ. ഷഡ്ജം, ഋഷഭം, ഗാന്ധാരം, മധ്യമം, പഞ്ചമം, ധൈവതം, നിഷാദം എന്നു ക്രമത്താലെ പേര്, ഷഡ്ജ ഗാന്ധാരമദ്ധ്യമങ്ങൾ ദേവകുലം. പഞ്ചമം, പിതൃവംശം. ഋഷഭധൈവതങ്ങൾ, ഋഷിവംശം. നിഷാദമസുരകുലജാതം. പഞ്ചമഷഡ്ജമദ്ധ്യമങ്ങൾ ബ്രാഹ്മണ വംശം. ഋഷഭധൈവതങ്ങൾ ക്ഷത്രിയവംശം. ഗാന്ധാരനിഷാദങ്ങൾ വൈശ്യ വംശം. കാളിശൂദ്രൻ(?) ഇതിവംശം. ഷഡ്ജം, താമരപ്പൂനിറം, ഗാന്ധാരം പൊന്നിറം, ഋഷഭം കിളിനിറം, മദ്ധ്യമം കന്നിപ്പൂനിറം, പഞ്ചമം കൃഷ്ണനിറം, ധൈവതം പീതം, നിഷാദം എല്ലാം കൂടിയ നിറം. ഷഡ്ജത്തിന്നു ബ്രഹ്മൻ ദേവത, ഋഷഭത്തിന്നു അഗ്നി, ഗാന്ധാരത്തിന്നു സരസ്വതി, മധ്യമത്തിന്നു ശ്രീഭഗവതി, പഞ്ചമത്തിന്നിന്ദ്രൻ, ധൈവതത്തിന്നു ഗണപതി. നിഷാദത്തിന്നാദിത്യൻ ദേവത, ഷഡ്ജത്തെ അഗ്നി ഗാനഞ്ചെയ്തിരിപ്പൂ. ഋഷഭത്തെ കാമദവൻ. ഗാന്ധാരത്തെ ചന്ദ്രൻ, മദ്ധ്യമത്തെ വിഷ്ണു. പഞ്ചമത്തെ നാരദൻ, ധൈവതനിഷാദങ്ങൾ തുംബുരുഗാനം ചെയ്വൂ.

ഇനി സ്വരനിയമത്തെച്ചൊല്ലിൻറിതു സപ്തധാതുക്കളെ ആശ്രയിച്ചിരിക്കയാൽ ഏഴേ ആവൂ എന്നുള്ള നിയമം. ധാതുക്കളായവ ത്വക്, രുധിരം, മേദസ്സ് അസ്ഥി, മജ്ജ, ശുക്ലം, മാംസം, ഇവ സപ്തധാതുക്കൾ. ശുക്ളത്തിങ്കൽ ഷഡ്ജം,. മജ്ജയിലൃഷഭം, അസ്ഥിയിൽ ഗാന്ധാരം, മേദസ്സിൽ മദ്ധ്യമം, മാംസത്തിൽ പഞ്ചമം. രുധിരത്തിൽ ധൈവതം. ത്വക്കിൽ നിഷാദം. ഇങ്ങനെ ഇവറ്റിന്റെ സ്ഥിതി. ശുക്ലമാധാരത്തിങ്കലിരിപ്പൂ. മജ്ജ നാഭിയിൽ. അസ്ഥി ഹൃദയത്തിങ്കൽ. മേദസ്സ് കണ്ഠത്തിങ്കൽ, മാംസം താലാദിയിൽ, രക്തം മൂർദ്ധാവിങ്കൽ, ത്വക്കു ദേഹമദ്ധ്യത്തിങ്കൽ. ഇങ്ങിനെ ധാതുക്കളുടെ സ്ഥാനം. ധാതുക്കളിൽനിന്ന് ഉണ്ടാകയാലും ഏഴെന്നുള്ള നിയമം സപ്തദ്വീപാശ്രയങ്ങളായി ചൊല്ലപ്പെടുന്നൂ. ജംബുദ്വീപാശ്രയം ഷഡ്ജം. ശാകദ്വീപാശ്രയം ഋഷഭം. ഗാന്ധാരം കുശദ്വീപാശ്രയം. പ്ലക്ഷദ്വീ

പിങ്കൽ മദ്ധ്യമം. ശാലമലിയിങ്കൽ പഞ്ചമം, ശ്വേതദ്വീപിങ്കൽ ധൈവതം. പുഷ്കരദ്വീപിങ്കൽ നിഷാദം. ഇങ്ങിനെയുമുണ്ട്. സകളമായിരിക്കിന്ന മഹേശ്വരപക്ഷമെന്നതു കൊണ്ടും ഏഴെന്നുള്ള നിയമം, നിഷ്കളമായിട്ടും സകളമായിട്ടും സപ്തസ്വരങ്ങളുടെ വ്യാപ്തിയെ ചൊല്ലിയതു, ഇങ്ങിനെ സ്വരോൽപത്തിയും സ്വരനിയമവും.

"യത്ര നാദസ്യപോൽപത്തിസ്തത്ര താളോ വിജൃംഭതേ'. യാതൊരെടത്തു നാദത്തിന്റെ ഉൽഭവം അവൂടെ തളത്തിന്റെയുമുൽഭവം അങ്ങിനെയിരിക്കിന്ന താളത്തിന്നു മൂലമാകിന്നതു അഞ്ചുണ്ട്. ചതുരശ്രം, ത്ര്യശ്രം, മിശ്രം, ഖണ്ഡം, സംകരം എന്നിവ അഞ്ചും മുതലായിട്ടേ താളങ്ങളുള്ളൂ. ഗീതങ്ങൾക്കും പ്രബന്ധങ്ങൾക്കും വാദ്യങ്ങൾക്കും നൃത്തങ്ങൾക്കും മറ്റും പല വിററിന്നും താളസഹിതമായി വേണ്ടിന്നവറ്റിനെല്ലാം ഇവ അഞ്ചും മൂലമാകിന്നതെന്നറിക. ഇവ അഞ്ചുങ്കൽനിന്ന് ഉണ്ടായ താളങ്ങളെ ചൊല്ലിന്നിതു. പച്ചപുടം, ചാപപുടം, ഷഡ്പിതാപുത്രകം, സംപക്വേഷ്ടം, ഉൽഘട്ടം, ആദിതാളം, ദർപ്പണം, ചച്ചരി, സിംഹലീല, കന്ദർപ്പതാളം - 10. സിംഹവിക്രമം, ശ്രീരംഗം, രതിലീല, രാഗതാളം, പരിക്രമം, പ്രത്യംഗം, ഗജലീല, ത്രിഭിന്നം, വീരവിക്രമം, ഹംസലീല 40. വർണ്ണഭിന്നം, രാജചൂഡാമണി, രംഗോദ്യോതം, വർണ്ണതാളം, രാജതാളം, സിംഹവിക്രീഡിതം, വനമാലി, രംഗപ്രദീപം, ഹംസനാദം, സിംഹനാദം, മല്ലികാമോദം, ശരഭലീല, ഭരണം, തുരംഗലീല, സിംഹനന്ദനം, ജയശ്രീ, വിജയാന്ദം, പ്രതിതാളം, ദ്വിതീയകം, മകരന്ദകീർത്തിതാളം 40. വിജയം, ജയമംഗലം, രാജവിദ്യാധരം, മതം, ജയതാളം, കുഡുകം, നിസ്സാരുകം, ക്രീഡാതാളം, ത്രിഭംഗി, കോകിലപ്രിയം, ശ്രീകീർത്തി, വിന്ദുമായി, സമതാലം 52. നന്ദനതാളം, ഉദീക്ഷണം, മട്ടിക, ഢോകിക, വർണ്ണമടിക, അഭിമന്ദനം, അന്തരക്രീഡ, മല്ലതാളം, ദീപകം, അനാഗം, വിഷമം, ക്രന്ദിതാളം, കുമുദം, കന്ദുകം, ഏകതാളം, കംകാളം, ചതുസ്താളം, ഡോബികി 70. അഭംഗം, രാജവംകാളം, ലഘുശേഖരം, പ്രതാപശേഖരം, ജഗഡംഭം, ചതുർമ്മുഖം, ഝംപാകം, പ്രതിമതം, തൃതീയകം, വസന്തം, ലളിതം 81. രതിതാളം, കരണതാളം യതിതാളം, ഷഡ്ത്താളം., വർദ്ധനം, വർണ്ണയതി, രാജനാരായണം, മദനം, പാർവതീലോചനം, ഗാരുതി, ശ്രീനന്ദനം, ജയം 93. ലീലാതാളം, വിലോകിതം, ലളിത പ്രിയം, ജനകം, ലക്ഷ്മീശം, രാഗവർദ്ധനം, ബന്ധാപണം ഇവ താളങ്ങൾ.

ഇനി രൂപകതാളങ്ങൾ, ധ്രുവമട്ടം, പ്രതിമട്ടം, അടത്താളം, രാസകം, ലംഭകം ഏകതാളം ഇവ ഏഴും ചൂഡാദി എന്നു ചൊല്ലപ്പെട്ടവ. തകാരം

എന്നു പരമേശ്വരന്റെ നൃത്തത്തിനു പേര്, ളകാരം പരമേശ്വരിയെടെ നൃത്തത്തിന്നു പേര്. അതു ഹേതുവായിട്ടു ശിവശക്ത്യാത്മകമായിരിപ്പിതു താളം, ശക്തിതാളം ഇടക്കൈയിൽ ശിവതാളം വലക്കൈയിൽ പിടിച്ചു വേണ്ടുവിതു.

ഇനി ഗ്രഹങ്ങൾ ചൊല്ലപ്പെടുന്നിതു. സമം, അതീതം, അനാഗതം ഇവ മുന്നും ഗ്രഹങ്ങളായതു. ഗീതനൃത്തവാദ്യങ്ങൾ ഒക്കെ എടുക്ക സമം. മൂന്നിലും ഒന്നു സ്വല്പൻ പ്രയോഗിച്ചു മററെവ എടുക്കിന്നത് അതീതം. ഗീതവാദ്യനൃത്തത്തിങ്കൽ തത്തകാമത്തോടുകൂടെ എടുക്കിന്നത് അനാഗതം. ഇവ ഗ്രഹങ്ങൾ.

ഇനി ലയങ്ങളെച്ചൊല്ലിന്നൂ. ദ്രൂതം, മദ്ധ്യമം, വിളംബിതം ഇവ ലയങ്ങൾ. ഉഴറി പ്രയോഗിക്കിന്നതു ദ്രുതം, നടുത്തരമായിരിക്കിന്നതു മദ്ധ്യമം. ഉഴറാതെ പതിയകൂടി പ്രയോഗിക്കിന്നതു വിളംബിതം. ഒരു വട്ടം കൊട്ടി മറ്റേവട്ടത്തിനകത്തേ കാലം ലയമെന്നു ചൊല്ലിന്നിത്.

ഇനി രാഗങ്ങളുടെ ലക്ഷണത്തെച്ചചൊല്ലിന്നിതു. രാഗങ്ങൾ മൂന്നു പ്രകാരമേ ഉള്ളൂ. ഷാഡവം, ഔഡവം, സംപൂർണ്ണം. ആറു ശ്രുതികൊണ്ടു പ്രയോഗിക്കിന്നതു ഷാഡവം. അഞ്ചുശ്രുതികൊണ്ടു പ്രയോഗിക്കുന്നവ ഔഡവം. ഏഴു ശ്രുതികൊണ്ടു പ്രയോഗിക്കിന്നതു സംപുർണ്ണം.

ഇനി രാഗങ്ങളുടെ പേര്. മദ്ധ്യമാദി, ശംകരാഭരണം, തോണ്ട് ഭൈരവം, മാർഗ്ഗഹിന്ദോളം, ദേശി, ഇന്ദളം, ശുദ്ധവംകാളം. കൊണ്ട, ശ്രീരാഗം, ഗൗഡം, ആമ്രപഞ്ചമം, ദ്വീപരാഗം, കന്ധരം, കർണ്ണരാഗം, ഗുജ്ജലി, സോമരാഗം, അശി, ദേശി, ദേശാഗ്രി, മാളവശ്രി, വരാടി, കൈശികി, വേളാധൂളി, ശുദ്ധവരാടി, ആദികാമോദി, നാട്ടവംകാളം, സാവേരി, ആഢുംബരി, ലളിതം, അന്താളി, ഗൗഡി, ശ്രാവണി, സൈന്ധവി, നാഗധ്വനി, ആഹരി, ശുദ്ധആഹരി, പൂർണ്ണാഭീരി, കാംബോജി, ബൃഹദാക്ഷണി, ലഘ്വി, ഡോംബക്രി, സൗരാഷ്ട്രി. അന്യസൈന്ധവി, പൗരാളി, ഭിന്നപൗരാളി, ഭമ്മാളി, മധുകരി, കാളിന്ദി, പുളിന്ദി, മേഘരഞ്ജി, സാലവാഹിനി, പ്രഥമമജ്ഞരി, നാട്ട, നാരായണി, നീലോല്പലി, കച്ഛോല്ലി, ചൊഹാരി, ചൊല്ലലി, ഖസികച്ഛായ, ഗാരഞ്ജി, തരംഗിണി, ഗാന്ധാരഗതി, ഗാലിദ്ധ്വനി, നാദങ്കരി, സൈന്ധവവരാടി, കുന്തളവരാടി, അവസ്ഥാനവരാടി, ദ്രാമിഡവരാടി, പ്രതാപവരാടി, അപസ്വരവരാടി, ഛായാതോഡ്ഡി, തുരുഷ്കതോഡ്ഡി, മഹാരാഷ്ട്രഗുർജ്ജരി, സൗരാഷ്ട്ര ഗുർജ്ജരി, ദ്രാമിഡ ഗുർജ്ജരി, കന്നഡഗൗഡം, ദശപാല ഗൗഡം, ദ്രാമിഡഗൗഡം, തുരുഷ്ക

ഗൗഡം, ഛായാവേളാധൂളി, പ്രതാപവേളാധൂളി, ഖംപാതിപുഞ്ജി, ഭൈരവി, സിംഹളകാമോദി, ദേവാദളമല്ഹാരി, മലഹരി, പൂർണ്ണനാട്ട, ഛായാനാട്ട, ഭുല്ലാതി, കുറിഞ്ഞി, രാമക്രി, സ്വഭാവക്രി, ദേവഗ്രി, ത്രിനേത്രഗ്രി, ഇന്ദ്രക്രി, ഒജക്രി, വിവായക്രി, കുരക്കുറിഞ്ഞി, താനക്കുറിഞ്ഞി, മുഡ്ഡൻ, ചേടീപഞ്ചമം, ഭിന്നപഞ്ചമം, ഭാണം, ഇന്ദളം, മുരളിന്ദളം ഇതി ഏകോത്തരശതം (?)

നെറിസുത്രം, നോരകം, ദുഷ്ടിമൃഷ്ടിഭാവം, പാദനൃത്തം, നേത്രാംഗ നൃത്തം, ഹസ്തനൃത്തം, അംഗീകരണനൃത്തം, ഭാവനൃത്തം, പലാംഗരസ പ്രമാണം ബഹുരൂപം. അതിൽ അകവൻ, പുറവൻ, അകശാരി, പുറശാലി, അംകചാരി, ആരിച്ചി, പാരിച്ചി, കന്നടിച്ചി, തുലിംകിച്ചി, പാണ്ടിച്ചി, ചോഴിച്ചി, ഇത്തരാദി വർഗ്ഗങ്ങളെക്കൊണ്ടു 360 വരിക്കോലവും 64 നാടകവും നാലുവാദ്യവും മൂന്നുരാഗവും കൂടി; പൂവട, കരിവട, മരവട, ശാലാംഗംകപോര്, ഉറ്റമടവ, ഇന്ദ്രാലയം, ദേവാലയം, രാജാലയം, ഇവ എല്ലാംകൂടി; മൊളിമുഖിന്ദി, ശിഖിരിച്ചൊച്ചി, അരിപ്പാണിച്ചി, കർവശി, ഒഡ്ഡിയം, തുലിംകം, മഹാരാഷ്ട്രം, ലാടം, കുഞ്ജരം, തരുവേശി, പപ്പരം, വില്ലാൾ, കവശി, പെണ്മ, ദേശപ്പരി,, പൊയിത്തി, തടപ്പെണ്മ, യോഗിച്ചി, താതംകി, കന്റുവീച്ചി, പർത്തിലിച്ചി, വള്ളിരീട്ടി, ആനക്കുറകാവൾ, കുറകാവൾ, വലവാരിച്ചി, കാട്ടുമല യാളിച്ചി, കാനൽവെടുവിച്ചി, ചെഞ്ചിച്ചി, മലയരശി, തോകപ്പെണ്മ, കാംപുകലപ്പിഴുക്ക, ജനാണ്ടി, ചില്ലാണ്ടി, വിലയിരിൽ, ഏനാതി, കന്നടിയക്കൊന്തി, പെരിയവാൾ, കോന്തിവെട്ടുംപറ, കേട്ടാപറ, ഞാനപ്പറ, ചവളപ്പറ, പല്ലിടുപ്പറ, കന്നടിവേടു, വിൽവേടു, ഇനവേടു, എലിവേടു, മുരചുവേടു, തടിവേടു, കളിയാണ്ടി, കഞ്ചാവാണ്ടി, മരുളാണ്ടി, കുരുട്ടാണ്ടി, മൊട്ട, പൊൻകൊടുത്ത, പിച്ചുശിവമരുൾ, ശിവഭ്രാന്തു, കാകോളപ്പിച്ച, ആണ്ടി, കോരക്കൻ, ഉള്ളാടുചോതി, മതികെട്ടാൻ, അറിവില്ലാൾ, ആലംകൊണ്ടാൻ, ഭൈരവൻ, രണരംഗ ഭൈരവൻ, കംകാളഭൈരവൻ, അർദ്ധനാരിശ്വരൻ, വിണ്ണപ്പൻ, പറയൻ, മാർഗ്ഗം, കള്ളൻ, കള്ളിച്ചി, ചക്കിച്ചി, ബ്രാഹ്മണൻ, മലയൻ, ...... കതളി, മരിൽ, അന്നമരിൽ, ഇടയൻ, പള്ളൻ, പള്ളിച്ചി, മുറിവൻ, വേഴമലക്കാടൻ, ...... ചെല്ലപ്പിള്ള, ചിത്തൻ, കളിയൻ, മൊട്ടച്ചാത്തൻ, ചോനകൻ, മറം കുറിപ്പ, ചാണ്ടിച്ചീ, ചോഴിച്ചി, ഇലവാണിച്ചി, പൂവാണിച്ചി, വസന്തം, കൈവെട്ടാലദ്ധ്വനി, കൊച്ചൻ, കണ്ണക്കാ രിയാൻ, ഹരിയും ഹരനും, നാച്ചി യാർ, കാളിയമർദ്ദനം, കണ്ണപ്പനാടകം, ശിവരാത്രിനാടകം, ചെറുത്തൊണ്ട നാടകം, ചുന്തിരനൈനാൻ, രണ്ണിയവെററിയൻ, തംപിയത്തുറനാടകം, തടുത്താൻ കൊണ്ട നാടകം, പേരണ്ടൻ, തവനാടകം, പഴനൂൽനാടകം,

രാവണൻ, ജടായു, ഇവകൊല വക, 121. നെറിസൂത്രം, നേരംകം, മദോൽകലം, മാനക്രിയം, നാലടി, മുതലാക മണ്ഡം, പഞ്ചകൈ, നെറിക്കുനേർ, ഇടക്കൈ, നിനവിനുനേർ, അകശാരി, പുറചാരി, അംകചാരി, ഹസ്തം, ഭാഷാംഗം, ഉറുപ്പു, നവണാ നോക്കസ്വഭാവം, വംശതാളം, ശ്രുതിവാദ്യം, മിത്രവാക്ക്, അകമാർഗ്ഗം, പുറമാർഗ്ഗം, മുഖചാരി, പുഷ്പാഞ്ജലി ഇവ ആക കൂടിയതു ബഹുരൂപമെന്നറിക. ദേശത്തിന്നു നരേശ്വരന്മാരാൽ പ്രവൃത്തിക്കപ്പെട്ടിരിക്കിന്ന നിയമത്തിന്നും വാദ്യനൃത്തത്തിനും ദേശിയെന്നു പേര്.

## പാഠവിശകലനം

കേരളസർവ്വകലാശാലയുടെ ഹസ്തലിഖിതഗ്രന്ഥാലയത്തിലെ ഗ്രന്ഥശേഖരത്തിൽ പലതരത്തിലുള്ള സവിശേഷതകളുള്ള അപൂർവ്വഗ്രന്ഥ ങ്ങളുണ്ട്. 65000 ഓളം വരുന്ന ഗ്രന്ഥശേഖരത്തിൽ നല്ലൊരുശതമാനവും താളിയോലയിലെഴുതപ്പെട്ടവയാണ്. ലിപികൾ, ഭാഷകൾ, വിഷയങ്ങൾ, എഴുത്തുസാമഗ്രികൾ തുടങ്ങി പലകാര്യങ്ങളിലും വ്യത്യസ്തവും അപൂർവ്വവു മാണ് ഇവിടെ സൂക്ഷിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ. അവയിൽ വലിയൊരു ശതമാ നവും പ്രസിദ്ധീകരണം കാത്തുനിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

വിഷയവൈവിധ്യത്താൽ വിസ്മയിപ്പിക്കുന്നവയാണ് ഇവിടുത്തെ ഗ്രന്ഥശേഖരം. സാഹിത്യശാസ്ത്രവിഭാഗത്തിൽപ്പെടുന്ന ഗ്രന്ഥങ്ങളാണ് എണ്ണത്തിൽ കൂടുതലെങ്കിലും ഒട്ടും കുറവല്ലാത്ത തരത്തിൽ ഇതര വിഷയ ങ്ങളുമുണ്ട്. ഗണിതം, ജ്യോതിശാസ്ത്രം, വൈദ്യം, ജ്യോതിഷം, തന്ത്രം, ചരിത്രം, കൃഷി, പാചകം, ആയുധനിർമ്മാണം, കിണർ നിർമ്മാണം, വാസ്തു, സംഗീതശാസ്ത്രം തുടങ്ങി വ്യത്യസ്തവിഷയങ്ങളുടെ നിര നീ ണ്ടതാണ്. പ്രായേണസംസ്കൃതഗ്രന്ഥങ്ങളും അവയുടെ ചുവടുപിടിച്ചുള്ള മലയാള ഗ്രന്ഥങ്ങളുമാണ് ഇവയിലധികവും. വൈജ്ഞാനികസ്വഭാവമുള്ള ഗ്രന്ഥങ്ങൾ മിക്കവയും ഇത്തരത്തിൽ എഴുതപ്പെട്ടവയാണ്. ഇവയിൽ മല യാളഗ്രന്ഥങ്ങളുടെ വിഷയാധിഷ്ഠിതഗ്രന്ഥസൂചിയിൽ 21471 എന്ന നമ്പ റിൽ സൂക്ഷിച്ചിട്ടുള്ള 'സ്വരതാളാദിനിരൂപണം' എന്ന സംഗീതഗ്രന്ഥമാണ് ആദർശഗ്രന്ഥമായി ഇവിടെ എഡിറ്റുചെയ്ത് അവതരിപ്പിക്കുന്നത്. താളി യോലയിലുള്ള ഈ ഗ്രന്ഥം അപൂർണ്ണമാണ്. ഗ്രന്ഥസംഖ്യ 148 ആണ്. ഈ പേരിൽ ഒരു ഗ്രന്ഥം മാത്രമേയുള്ളൂ എന്നതിനാൽ ആധാരഗ്രന്ഥമായി ഇതുതന്നെ സ്വീകരിക്കാനേ നിവൃത്തിയുള്ളൂ. കാലമോ ഗ്രന്ഥകർത്തൃസൂച നയോ ലഭ്യമല്ല.

ഹസ്തലിഖിത ഗ്രന്ഥാലയത്തിലെ വിഷയാധിഷ്ഠിത മലയാളം ഗ്രന്ഥസൂചിയിൽ 'സംഗീതം' എന്ന വിഭാഗത്തിൽ 19 ഗ്രന്ഥങ്ങളും സംഗീതശാസ്ത്രത്തിൽ 6 ഗ്രന്ഥങ്ങളുമാണ് ഉൾപ്പെടുത്തിക്കാണുന്നത്. മിക്കവയും അപൂർണ്ണങ്ങളാണ്. മാത്രമല്ല കൂടുതലും ഗദ്യരൂപത്തിലാണുള്ളത്. താളവിധി, സംഗീതചൂഡാമണി, സംഗീതമഞ്ജരി, സംഗീതവിധികൾ, സംഗീതശാസ്ത്രം, സപ്തസ്വരലക്ഷണം, സപ്തസ്വരസഞ്ചാരങ്ങൾ, സ്വരതാളാഭിലക്ഷണം സ്വരതാളാദിനിരൂപണം തുടങ്ങിയവ അവയിൽ ചില അമൂല്യഗ്രന്ഥങ്ങളാണ്.

വസ്തുനിർദ്ദേശത്തോടെയാണ് ഗ്രന്ഥാരംഭം. അമ്പത്തൊന്നക്ഷരങ്ങളും ഭൗതികമായ പ്രപഞ്ചവും ദേവതകളും നാദരൂപികളാകയാൽ നാദസ്വരൂപത്തെ നമസ്കരിയ്ക്കുന്നതായി വസ്തുനിർദ്ദേശം നടത്തുന്നു. തുടർന്ന് നാദമുണ്ടായതെപ്രകാരമാണെന്നു വിവരിക്കുന്നു. അതിന് ആധാനം ശരീരമാണെന്ന നിരീക്ഷണമാണ് കൃതിയിലുടനീളം പുലർത്തുന്നത്. ദേഹമധ്യഗതങ്ങളായ നാഡികളിൽ പ്രധാനമായിരിക്കുന്ന ജഡ, പിംഗല, സുഷ്മ്ന എന്നിവയിൽ ദശവായുക്കൾ പ്രവേശിച്ച് നാഡികളിൽ സ്ഥിതമായ അഗ്നികളെ ജ്വലിപ്പിച്ചു സഞ്ചരിക്കുന്നിടത്താണ് നാദമുണ്ടാകുന്നത് എന്നാണ് ഗ്രന്ഥകർത്താവിന്റെ നിരീക്ഷണം. 'നാദ' ശബ്ദത്തിലെ 'നാ'കാരം വായുവും 'ദ'കാരം അഗ്നിയുമാണെന്നും അഗ്നിമാരുത (വായു) സംയോഗത്താലാണ് നാദമുണ്ടാകുന്നതെന്നുമുള്ള വീക്ഷണമാണ് ഗ്രന്ഥത്തിനാധാരം.

അതിസൂക്ഷ്മം, സൂക്ഷ്മം, പുഷ്ടം, അതിപുഷ്ടം, കൃത്രിമം എന്നിങ്ങനെ നാദത്തെ അഞ്ചായി തിരിച്ച് ഓരോന്നിനും ശരീരസ്ഥാനം കല്പിക്കുന്നു. അതിസൂക്ഷ്മം - നാഭി, സൂക്ഷ്മം - ഹൃദയം, പുഷ്ടം - കണ്ഠം, അതിപുഷ്ടം - ശിരസ്സ്, കൃത്രിമം - മുഖം എന്നിങ്ങനെ മനുഷ്യശരീരത്തിലെ പ്രധാന അവയവങ്ങളോടുചേർത്ത് നാദസ്ഥിതിയും ഉൽപത്തിയും സ്ഥാപിക്കുന്നതിലൂടെ നാദം ശരീരനിരപേക്ഷമായ ഒന്നല്ല എന്ന വസ്തുതയാണ് അടിവരയിടുന്നത്.

കാതിലൂടെ കേൾക്കുന്ന മൂർത്തരൂപിയായ നാദമാണ് 'ശ്രുതി' എന്നും അവ 41 - 61 - അനന്തരം എന്നിങ്ങനെയുണ്ടെനന വ്യത്യസ്താഭിപ്രായം ഋഷികൾ പറയുന്നു. ഇവിടെ ആലങ്കാരികമായി അവതരിപ്പിക്കുന്നതു ശ്രദ്ധേയമാണ്. ''നരന്മാരുടെ മുഖം കണ്ണാടിയിൽ പ്രതിബിംബിച്ചു കാണപ്പെടുന്നതുപോലെ, സ്വരങ്ങളും ശ്രുതികളിൽ നിന്നു കാണപ്പെടുന്നു.

പാൽ തൈരായി പരിണമിക്കുന്നതുപോലെ സ്വരങ്ങൾ ശ്രുതികളിൽനിന്നു പരിണമിക്കുന്നു.''

**സപ്തസ്വരോൽപ്പത്തി**

തുടർന്ന് സ്വരങ്ങളുണ്ടായവിധം പറയുന്നിടത്ത് ഗ്രന്ഥകാരന്റെ ഭാഷാശാസ്ത്രാവബോധം വ്യക്തമാണ്. സപ്തസ്വരങ്ങൾ വർഗ്ഗാഷ്ടകങ്ങളിൽ നിന്നാണുണ്ടാകുന്നത് എന്ന നിരീക്ഷണം ശ്രദ്ധേയമാണ്.

അ - ക - ച - ട - ത - പ - യ - ശ എന്നിവയാണ് വർഗ്ഗാഷ്ടകങ്ങൾ. ഇവയിൽ അ- അകാരാദിവിസർഗ്ഗാന്തം.

തുടർന്ന് ക വർഗ്ഗം - ച വർഗ്ഗം - ട വർഗ്ഗം - ത വർഗ്ഗം - പ വർഗ്ഗം എന്നീ 5 വർഗ്ഗാക്ഷരങ്ങൾ.

യ വർഗ്ഗം - യ, ര, ല, വ,

ശ വർഗ്ഗം – ശ, ഷ, സ, ഹ

എന്നിങ്ങനെ എട്ടു വർഗ്ഗങ്ങളെക്കൊണ്ടു സപ്തസ്വരങ്ങളെ വിവരിക്കുന്ന രീതിയാണ് ഗ്രന്ഥത്തിൽ കാണുന്നത്.

സ - രി - ഗ - മ - പ - ധ - നി എന്നീ സപ്തസ്വരങ്ങളിലെ ആദിസ്വരമായ 'സ' മുതൽ ഓരോന്നും എപ്രകാരമാണുണ്ടാകുന്നതെന്ന് തുടർന്നു വിവരിക്കുന്നു.

അ കാരം - ഹരിബീജം, ഇ കാരം - കാമബീജം, എ കാരം - വിഷ്ണുബീജം എന്നിങ്ങനെ അ, ഇ, എ എന്നീ മൂലസ്വരങ്ങളെ സങ്കല്പിച്ചിരിക്കുന്നു. എട്ടാം വർഗ്ഗമായ 'ശ' വർഗ്ഗത്തിലെ മൂന്നാം അക്ഷരമായ 'സ' കാരം 'അ' കാരമാകുന്ന ഹരിബീജത്തോടുചേർന്ന സപ്തസ്വരങ്ങളിലെ ആദിസ്വരമായ 'സ' ഉണ്ടാകുന്നു എന്നാണ് പറയുന്നത്. സ് + അ → സ. ബാക്കിയുള്ള സ്വരങ്ങളെല്ലാം ഇപ്രകാരം ഓരോ ഉല്പത്തി പറയുന്നു.

ര് + ഇ → രി, ഗ് + അ → ഗ, മ് + അ → മ, പ് + അ → പ, ധ് +അ → ധ, ന് + ഇ → നി. ഇപ്രകാരം 'സരിഗമപധനി' എന്ന് സപ്തസ്വരങ്ങൾ. ഇവയ്ക്ക് ഷഡ്ജം, ഋഷഭം, ഗാന്ധാരം, മധ്യമം, പഞ്ചമം, ധൈവതം, നിഷാദം എന്നിങ്ങനെ യഥാക്രമം പേര്. ഈ വിശകലനത്തിലെ ഭാഷാശാസ്ത്രാവബോധം തുടർന്നുള്ള ഭാഗത്ത് സാമൂഹികമായ ജാതിശ്രേണിയിലേക്കെത്തുന്നത് കൗതുകരമാണ്. അതായത് ഷഡ്ജ - ഋഷഭ - ഗാന്ധാര

- മധ്യമ - പഞ്ചമ - ധൈവ - നിഷാദങ്ങളെ പ്രത്യേക കൂട്ടങ്ങളായിതിരിച്ച് ഋഷിവംശം, അസുരകുലം, ബ്രാഹ്മണവംശം, ക്ഷത്രിയവംശം, വൈശ്യ വംശം, ഇതിവാശം എന്നിങ്ങനെ ജാതി - കുല ശ്രേണീകരണം നടത്തു ന്നത് കാലഘട്ടത്തിന്റെ സാമൂഹികപ്രതിഫലനമാകാം. ഓരോ സ്വരത്തിനും ഓരോനിറവും അധിദേവതയും സങ്കല്പിക്കുന്നു,

**സ്വരനിയമം**

മനുഷ്യശരീരത്തിലെ സപ്തധാതുക്കളെ ആസ്പദമാക്കിയാണ് സ്വരനി യമം പറയുന്നത്. ത്വക്ക്, രക്തം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്രം, മാംസം എന്നീ സപ്തധാതുക്കളിലോരോന്നിലും ഷഡ്ജ - ഋഷഭ - ഗാന്ധാര - മധ്യമ - പഞ്ചമ- ധൈവത - നിഷാദങ്ങളായ സപ്തസ്വരങ്ങൾ ആശ്രയിച്ചി രിക്കും. മാത്രമല്ല ഇവ സപ്തദ്വീപാശ്രയങ്ങളുമായിരിക്കുന്നു. ജംബു, ശാകം, കുശം, പ്ലക്ഷം, ശാല്മലി, ശ്വേതം, പുഷ്കരം എന്നിങ്ങനെയുള്ള ദ്വീപങ്ങളിൽ യഥാക്രമം സപ്തസ്വരങ്ങൾ ആശ്രയമായിരിക്കും. ഇപ്രകാരം പലരീതിയിൽ ഏഴെന്നുള്ള നിയമം സപ്തസ്വരങ്ങൾക്കു കല്പിച്ചുകൊ ണ്ടാണ് സ്വരോൽപ്പത്തിയും സ്വരനിയമവും പറയുന്നത്.

തുടർന്ന് നാദവും താളവും തമ്മിലുള്ള ബന്ധമാണ് പറയുന്നത്. ''എവിടെയാണോ നാദത്തിന്റെ ഉത്ഭവം, അവിടെ താളത്തിന്റെയുമുദ്ഭവം'' എന്ന പ്രമാണമാണ് ആധാരം. താളങ്ങൾക്ക് ആധാരമായി ചതുരശ്രം, ത്ര്യശ്രം, മിശ്രം, ഖണ്ഡം, സംകരം എന്നിങ്ങനെ അഞ്ചെണ്ണമാണ് പറയുന്ന ത്. ഗീതം, പ്രബന്ധം, വാദ്യം, നൃത്തം തുടങ്ങി താളം വേണ്ടിടത്തെല്ലാം ഈ അഞ്ചിൽനിന്നുള്ള രൂപഭേദങ്ങളാണ് ഉണ്ടാകുന്നത്.

സമം, അതീതം, അനാഗതം എന്നീ ഗ്രന്ഥങ്ങളെയും ദ്രുതം, മധ്യമം, വിളംബിതം എന്നീ ലയങ്ങളെയും പറഞ്ഞശേഷം ഷാഡവം, ഓഡവം, സമ്പൂർണ്ണം എന്നീ രാഗങ്ങളും പറയുന്നുണ്ട്. തുടർന്ന് രാഗങ്ങളുടെ പേരു കൾ മധ്യമാദി, ശംകരാഭരണം, തോണ്ട് തുടങ്ങി ഭാണം, ഇന്ദളം, മുരളി ന്ദരം എന്നിങ്ങനെ 'ഏകോത്തരശതം' രാഗങ്ങളുണ്ടെന്നു പറയുന്നു. ഇവ യുടെ ഉപവിഭാഗങ്ങളുടെ പേരുകളും വിശദമായി സൂചിപ്പിക്കുന്നുണ്ട്. 'ദേശി' എന്നാൽ എന്തെന്നു വിവരിച്ചുകൊണ്ട് അപൂർണ്ണമായാണ് ഗ്രന്ഥം അവസാനിക്കുന്നത്.

**ഭാഷാപരമായ സവിശേഷതകൾ**

21471 എന്ന നമ്പരിലുള്ള താളിയോലഗ്രന്ഥമാണ് ഇവിടെ ആദർശ ഗ്രന്ഥമായി സ്വീകരിച്ചത്. പ്രസ്തുത മാതൃകയുടെ ഭാഷാരീതിക്ക് ഏതാണ്ട് അഞ്ഞൂറുവർഷത്തെ പഴക്കം പ്രതീക്ഷിക്കാം. ലിപിപരമായ സവിശേഷത കളും അത് ഊന്നിപ്പറയുന്നു.

ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം.

ആനന്ത്യമായിരിപ്പിതു, ചൊല്ലിന്നിതു, ഉണ്ടാകുന്നിതു, അറിയപ്പെടു ന്നിതു, പിടിച്ചുവേണ്ടുവിതു, ചൊല്ലപ്പെടുന്നിതു, മൂലമാകിന്നതു എന്നിങ്ങ നെയുള്ള പ്രയോഗങ്ങൾ പാഠത്തിലുടനീളമുണ്ട്. ഇരിക്കുന്നു, ചൊല്ലുന്നു, ഉണ്ടാകുന്നു, അറിയപ്പെടുന്നു തുടങ്ങി 'ഉന്നു' ചേർന്ന വർത്തമാനകാലക്രി യാരൂപങ്ങൾ ഇരിക്കിന്നിതു, ചൊല്ലിന്നിതു, ഉണ്ടാകുന്നിതു എന്നിങ്ങനെ 'ഇതു' ചേർന്ന രൂപങ്ങളായാണ് കാണപ്പെടുന്നത്.


അതുപോലെ

| | | |
|---|---|---|
| സ്ഥിതമായിരിക്കുന്ന | - | സ്ഥിതമായിരിക്കിന |
| ഗ്രാഹ്യമാകുന്ന | - | ഗ്രാഹ്യമാകിന |
| മഹത്തുക്കളായിരിക്കുന്ന | - | മഹത്തുക്കളായിരിക്കിന്ന |
| അങ്ങനെയിരിക്കുന്ന | - | അങ്ങനെയിരിക്കിന്ന |
| പ്രയോഗിക്കുന്ന | - | പ്രയോഗിക്കിന്ന |

എന്നിങ്ങനെ 'ഉന്ന' ചേർത്ത് ഇന്നു പ്രയോഗിക്കുന്ന ക്രിയാരൂപങ്ങൾ 'ഇന്ന' ചേർത്ത രൂപങ്ങളായാണ് പാഠത്തിൽ കാണുന്നത്.

സഞ്ചരിക്കിന്റ, ചൊല്ലിന്റിതു എന്നിങ്ങനെ 'ന്റ' ചേർന്നരൂപങ്ങളും അങ്ങിങ്ങായി പ്രയോഗത്തിലുണ്ട്. 'ന്റ' രൂപങ്ങൾ ഭാഷയുടെ പഴക്കത്തെ യാണ് വെളിവാക്കുന്നത്. കാണപ്പെടുന്നൂ, പരിണമിക്കിന്നൂ, ചെയ്വൂ, ചൊല്ലിന്നൂ എന്നിങ്ങനെ 'ഊ' കാരത്തിലവസാനക്കുന്ന ക്രിയാരൂപങ്ങൾ ഉണ്ട്. സംയോഗത്തിങ്കൽ, ഹൃദയത്തിങ്കൽ, ശിരസ്സിങ്കൽ, മൂർദ്ധാവിങ്കൽ, അഞ്ചുങ്കൽ എന്നിപ്രകാരം ആധാരികാവിഭക്തിപ്രത്യയമായ 'കൽ' നിയോ ജകമധ്യമപ്രത്യയമായ 'ഇൻ' ചേർന്ന രൂപമായാണ് പ്രയോഗിച്ചിട്ടുള്ളത്. ആധാരികയ്ക്ക് 'ഇൽ' പ്രത്യയം ഇന്ന് വ്യാപകമായി ഉപയോഗിക്കുമ്പോൾ 'ഇൻ + കൽ' രൂപമാണ് പ്രസ്തുത ഗ്രന്ഥത്തിൽ കാണുന്നത്.

ലിപിവിന്യാസത്തിലും ലിപികളുടെ രൂപപരമായ സവിശേഷതകളിലും എടുത്തു പറയേണ്ട പ്രത്യേകതകൾ ഗ്രന്ഥത്തിലുണ്ട്. ഇവ വ്യക്തമാക്കാൻ സ്വരവ്യഞ്ജനങ്ങളുടെ ചില ലിപിരൂപങ്ങളും പാഠമാതൃകയും തുടർന്ന് ചേർക്കുന്നു.





# നാടകത്തിന് വിളക്കുവച്ച

# നവോത്ഥാനകേരളം

**ഡോ.എസ്.നസീബ്**

**പ്രബന്ധസംഗ്രഹം**

*നാടകം ഒരു അരങ്ങുപാഠമാണ്. ഇതിവൃത്തത്തിന്റെ ആശയദൃഢതയെ പ്രേക്ഷകമനസ്സിലേക്ക് സംക്രമിപ്പിക്കുന്ന അവതരണത്തിലാണ് നാടകത്തിന്റെ പൂർണ്ണത. പാഠത്തിന്റെ വായനയല്ല അരങ്ങുകാഴ്ചയാണ് നാടകത്തിന്റെ സൗന്ദര്യം. സദസ്സിനെ ഇക്കിളിപ്പെടുത്തിയും കാല്പ്നിക കാഴ്ചകൾ നൽകി സുഖിപ്പിച്ചും സാമൂഹിക യാഥാർത്ഥ്യത്തെ മറച്ചുവയ്ക്കുന്ന നാടകധാരകളുണ്ട് .*

*എന്നാൽ അമേചർ നാടകവേദികളിൽ നിന്നുണ്ടാകുന്ന നാടകങ്ങൾ ഇതിന് നേർവിപരീതമായി നിലകൊള്ളുന്നു. ഉള്ളുപൊള്ളിക്കുന്ന ജീവിതാനുഭവ ങ്ങളെയും വിമർശിക്കപ്പെടേണ്ട സാമൂഹിക ജീവിതത്തെയും അത് വിഷയമാ ക്കുന്നു. നാടകത്തിന് സമൂഹമനസ്സിനെ ചികിത്സിക്കാൻ കഴിയുമെന്ന് മലയാള നാടകചരിത്രം തെളിയിക്കുന്നുണ്ട്.*

*പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് മലയാള നാടകങ്ങൾ രൂപംകൊണ്ടത്. ആ നൂറ്റാണ്ടിലെ മലയാള നാടകചരിത്രത്തിൽ വ്യത്യസ്ത ധാരകളുണ്ടായിരുന്നു. ഷേക്സ്പിയർ നാടകങ്ങളുടെ പരിഭാഷകൾ (ഉദാ: കല്ലൂർ ഉമ്മൻ പീലിപ്പോസിന്റെ 'ആൾമാറാട്ടം', 1866), സംസ്കൃത നാടകങ്ങളുടെ വിവർത്തനങ്ങൾ (ഉദാ: കേരളവർമ്മയുടെ' കേരളീയ ഭാഷാശാകുന്തളം', 1882), തമിഴ് സംഗീതനാടകങ്ങളുടെ അനുകരണമായ സംഗീതനാടകങ്ങൾ (ഉദാ: ടി.സി.അച്ചുതമേനോന്റെ 'സംഗീതനൈഷധം', 1892), പുരാണ കഥകളെ ആസ്പദമാക്കിയുണ്ടായ സ്വതന്ത്ര നാടകങ്ങൾ (ഉദാ: തോട്ടയ്ക്കാട് ഇക്കാവമ്മയുടെ 'സുഭദ്രാർജുനം', 1891), പുരാണേതരസ്വതന്ത്ര നാടകങ്ങൾ (ഉദാ: കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ രചിച്ച കല്യാണീ നാടകം, 1889). കൊച്ചീപ്പൻ തരകന്റെ മറിയാമ്മാ നാടകവും മുൻഷി രാമക്കുറുപ്പിന്റെ ചക്കീചങ്കരവും പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ വേറിട്ട കാഴ്ചകളാണെങ്കിലും ആസ്വാദനപരതയെ അവലംബമാക്കിയുണ്ടായ ഇത്തരം നാടകധാരകളെ മലയാള നാടകലോകം മറികടക്കുന്നത് ഇരുപതാം നൂറ്റാണ്ടി ലാണ്. സാമൂഹിക നാടകങ്ങൾ, രാഷ്ട്രീയ നാടകങ്ങൾ, പ്രശ്നനാടകങ്ങൾ,*

*എപിക് നാടകങ്ങൾ, അസംബന്ധ നാടകങ്ങൾ, തനതുനാടകങ്ങൾ, സ്ത്രീ നാടകങ്ങൾ, റേഡിയോ നാടകങ്ങൾ, തെരുവു നാടകങ്ങൾ തുടങ്ങിയ വ്യത്യസ്ത നാടകവിഭാഗങ്ങൾ മലയാളനാടകത്തിന്റെ ഭാഗമായത് ഇരുപതാം നൂറ്റാണ്ടിലാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ കോവിഡ് പകർച്ചവ്യാധിയുടെ ഫലമായി സാമൂഹിക ജീവിതം നിശ്ചലമായപ്പോൾ രൂപംകൊണ്ട ക്ലബ്ഹൗസ് നാടകം വരെ മലയാള നാടകവേദി ഇന്ന് എത്തിനിൽക്കുന്നു. പലവിധ അവതരണരൂപങ്ങളുടെ പരീക്ഷണത്തിലൂടെ കടന്നുപോകുമ്പോഴും മലയാളനാടകത്തിന്റെ വലിയ പ്രസക്തി സമൂഹമനസ്സിനെ ചികിത്സിക്കാനുള്ള അതിന്റെ ശ്രമംതന്നെയാണ്. ഏറ്റവും പുതിയ രൂപമായ ക്ലബ്ഹൗസ് നാടകം മുന്നോട്ടുവച്ച വിഷയം സ്റ്റാൻ സ്വാമിയുടെ പ്രതിഷേധജീവിതമായിരുന്നു എന്നോർക്കണം. മലയാളനാടകത്തിന്റെ നോട്ടത്തെ കേരളസമൂഹത്തിലേക്ക് എത്തിച്ച പ്രതിഭാധനരായ നാടകാചാര്യൻമാരുണ്ട്. അവരിൽ പ്രധാനിയാണ് എൻ.കൃഷ്ണപിള്ള. പ്രത്യക്ഷത്തിൽ കുടുംബകഥയെന്ന് തോന്നുമെങ്കിലും സൂക്ഷ്മതയിൽ കുടുംബങ്ങൾ ചേരുന്ന സമൂഹത്തിലേക്കും സാമൂഹികജീവിതം നയിക്കുന്ന വ്യക്തികളിലേക്കുമാണ് കൃഷ്ണപിള്ളയുടെ നാടകങ്ങൾ വിരൽചൂണ്ടിയത്.*

**താക്കോൽവാക്കുകൾ**

*അരങ്ങുപാഠം, ക്ലബ്ഹൗസ് നാടകം, നാടകചരിത്രം, നവോത്ഥാനം, പ്രശ്നനാടകം, നാടക സങ്കൽപ്പം, സാമൂഹിക നാടകങ്ങൾ, സുഘടിത നാടകങ്ങൾ.*

എന്തുകൊണ്ടാണ് സാമൂഹികത നാടകത്തിന്റെ പ്രധാനഘടകമായി നിലകൊള്ളുന്നത് എന്ന ചോദ്യത്തിന്റെ ഒരുത്തരം അത് സമൂഹത്തിന്റെ പരിഛേദമായ പ്രേക്ഷകരെ അഭിസംബോധന ചെയ്യുന്ന കലയാണ് എന്നതാണ്. മറ്റൊന്ന് വൈയക്തികതയുടെ നിരാസമാണ്. കഥാപാത്രങ്ങളുടെ സംഭാഷണമാണ് നാടകത്തിന്റെ കാതൽ. നാടകകൃത്തിന്റെ അഭിപ്രായ പ്രകടനങ്ങളല്ല വികാരം ജനിപ്പിക്കുന്നത്. കഥാപാത്രങ്ങളുടെ വികാരങ്ങളുമായുള്ള സാധാരണീകരണത്തിന്റെ ഫലമായുണ്ടാകുന്ന കഥാർസിസാണ് നാടകകലയെ ഉദാത്തമാക്കുന്നത്. പ്രൊഫ.എം.കെ സാനുവിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്.'നാടകസാഹിത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത അതിലെ നിർവ്യക്തിത്വ (impersonality) മാണെന്ന് പ്രമുഖരായ സാഹിത്യ മീമാംസകരൊക്കെയും പറഞ്ഞിട്ടുണ്ട്. ഇതര സാഹിത്യ വിഭാഗങ്ങളിൽ കർത്താക്കൾക്ക് തങ്ങളുടേതായ അഭിപ്രായങ്ങളും വികാരങ്ങളും നേരിൽവന്നു പ്രകടിപ്പിക്കാമെന്നിരിക്കെ, നാടകകർത്താവിനു മാത്രം ഈവക കാര്യങ്ങളൊന്നും നേരിട്ടു നടത്താൻ

നിർവ്വാഹമില്ല. എങ്കിലും മറ്റുള്ളവരേക്കാൾ കൂടുതലായി അയാൾക്ക് വികാരതീവ്രത സൃഷ്ടിക്കുകയും വേണം! അതുകൊണ്ടാണ് നാടക സാഹിത്യം താരതമ്യേന കൂടുതൽ കർക്കശമായ നിയമങ്ങൾക്കു വിധേയമായിരിക്കുന്നത്' (അവധാരണം). അസാധാരണ ജീവിതവും ജീവിതസന്ദർഭങ്ങളുമാണ് നാടകത്തിന്റെ ജീവൻ. അസാധാരണ ജീവിതങ്ങളുടെ കഥയാണ് മലയാളത്തിലെ നവോത്ഥാനകാല നാടകങ്ങൾ ആവിഷ്കരിച്ചത്.

എണ്ണംപറഞ്ഞ നാടകങ്ങൾ കേരളത്തിന്റെ സാമൂഹിക ജീവിതത്തിലെ ഓരോ പ്രതിഭാസങ്ങളായാണ് തലയെടുപ്പോടെ നിന്നത്. കേരളത്തിന്റെ നാടകവേദിയെ പിടിച്ചുകുലുക്കിയ ഒരു നാടകം ജനമനസ്സുകളിൽ നവോത്ഥാനത്തിന്റെ തീജ്വാലപടർത്തിയത് 1929–ലെ ഒരു ക്രിസ്തുമസ് രാത്രിയിലാണ്. തണുപ്പിൽ വിറങ്ങലിച്ചു നാടകം കണ്ട തൃശ്ശൂരിലെ നാടകസദസ്സാകെ ഉള്ളിൽ തീപിടിപ്പിച്ചുകൊണ്ടാണ് വേദിവിട്ടുപോയത്. മറക്കുടയുടെ നിഴലിൽ മരവിച്ചുനിന്ന നമ്പൂതിരി സമുദായത്തെ നവോത്ഥാന വെളിച്ചത്തിലേക്ക് നയിച്ച ആ വിശുദ്ധ നക്ഷത്രം വി.ടി.ഭട്ടതിരിപ്പാടും നാടകം 'അടുക്കളയിൽനിന്ന് അരങ്ങത്തേക്കു'മാണ്. മാനവസമൂഹത്തിലേക്ക് പങ്കുവച്ച ഉയർത്തെഴുന്നേൽപ്പിന്റെ, നവോത്ഥാനത്തിന്റെ ഉശിരൻ.

വിളക്കുകാലാണ് ആ നാടകം കേരളത്തിൽ നാട്ടിയത്. സാമൂഹികമായി അലക്കിതേച്ചുവച്ചിരുന്ന മേല്ത്തട്ടു ബ്രാഹ്മണ ജീവിതം എത്രമേൽ നരകതുല്ല്യമാണെന്ന യാഥാർത്ഥ്യമാണ്; നവോത്ഥാനത്തിന്റെ വെളിച്ചം ഉൾക്കൊണ്ടുണരുന്ന കേരളീയസമൂഹത്തിനുമുന്നിൽ നാടകം തുറന്നു കാട്ടിയ വാസ്തവം. അനാചാരങ്ങളുടെ ഇരുട്ടിലേക്ക് തിരികെ നടക്കാൻ ശ്രമിക്കുന്നവർക്ക് നാടകം എന്നും താക്കീതാണ്. വീടിന് പുറത്തിറങ്ങിയ സ്ത്രീ അശ്ലീലമെന്ന് പറയുന്നവർക്കുനേരെ തിരിച്ചുപിടിക്കാനുള്ള കണ്ണാടിയാണ് ഇത്തരം കലാസൃഷ്ടികൾ. ഈ നാടകം മലയാള നാടകവേദിയിൽ പുതിയൊരു സാമൂഹ്യദർശനമായി തീരുന്നു. മറ്റാർക്കും പ്രവേശനമില്ലാതിരുന്ന ഇല്ലങ്ങൾക്കുള്ളിൽ ബ്രാഹ്മണസ്ത്രീകളെ മർദ്ദിക്കാനും കൊലപ്പെടുത്താനും വരെയുള്ള അധികാരം ഭർത്താവിനു നൽകിയിരുന്ന വ്യവസ്ഥ പുറംലോകമറിയാൻ കാരണമായ എം.ആർ.ബി.യുടെ 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' (1930) എന്ന നാടകവും, സ്വാതന്ത്ര്യത്തെകുറിച്ച് സ്ത്രീകളോടുസംസാരിക്കാനും സ്ത്രീകളെക്കൊണ്ടു

സംസാരിപ്പിക്കാനും ലക്ഷ്യമിട്ട പ്രേംജിയുടെ ഋതുമതി (1938)യും പരിവർത്തനത്തിന്റെ കരുത്തുള്ള നാടക ശബ്ദമായി തീരുകയാണ്. കേരളത്തിന്റെ നാടകവേദിയിൽ 1930-കൾ ഉണ്ടാക്കിയ വിപ്ലവകരമായ മുന്നേറ്റവും ഇടപെടലും ശ്രദ്ധേയവും ചരിത്രപരവുമാണ്.

1930-ൽ തന്നെയാണ് തമിഴ് സംഗീതനാടകങ്ങളുടെ ശൈലീ കൃത ചട്ടക്കൂടിനെ കാലോചിതമായി പരിവർത്തിപ്പിച്ച ബ്രഹ്മവ്രതൻ ഓച്ചിറ പരബ്രഹ്മോദയം നടനസഭയുടെ നേതൃത്വത്തിൽ കുമാരനാശാന്റെ കരുണ നാടകമാക്കി അവതരിപ്പിക്കുന്നത്.ഒരു വേശ്യയെ നായികയാക്കിയ നാടകവിപ്ലവമാണ് അതിൽ സംഭവിക്കുന്നത്. 1934ലാണ് അധ:സ്ഥിതനെ കേശവദേവ് നായകനാക്കുന്നത് എന്നറിയുമ്പോൾ വേരുകൾ കരുണയി ലേക്ക് നീളുന്നത് സ്വാഭാവികമാണ്. നാടകം വാക്കും വാദവും സംവാദവും കൂടിയാണ്.ശരിയായ ജനാധിപത്യ കലാരൂപമാണത്. ഓസ്കാർ വൈൽഡ് പറയുന്നത് കലാരൂപങ്ങളിൽ നാടകമാണ് ശ്രേഷ്ഠം കാരണം മാനവികത പങ്കുവയ്ക്കാനാകുന്ന മഹത്തായ ഇടമാണവിടം' എന്നാണ്.

മാനവികതയുടെ ആവേശാനുഭവങ്ങൾ മലയാളിയിൽ പ്രവർത്തി ക്കുന്നതിൽ സംവാദസുന്ദരമായ ഇത്തരം സൗന്ദര്യ സംഭാവനകൾ രാസത്വരകമാകുന്നുണ്ട്.

കേരളത്തിൽ 1930-കളിൽ എല്ലാവിഭാഗം കലാപ്രേമികൾക്കും ക്ഷേത്ര കലകളുൾപ്പെടെയുള്ള നടനകലകൾ അഭ്യസിക്കുന്നതിനുള്ള പൊതു ഇടമായി കേരളകലാമണ്ഡലം സ്ഥാപിതമായതും ഇത്തരം താല്പര്യങ്ങളാ ലാണ്.

ലോകനാടകവേദിയെ പിടിച്ചുകുലുക്കിയ 'എ ഡോൾസ് ഹൗസ്' 1879ലെ ഒരു തണുത്ത ഡിസംബറിലാണ് ഡെൻമാർക്കിലെ കോപ്പൻ ഹേഗനിലെ റോയൽ തിയേറ്ററിൽ പ്രദർശിപ്പിച്ചത്. ജീവിച്ച് തീർക്കുന്ന ഭാരമേറിയ ജീവിതം സ്വന്തം സന്തോഷത്തിനുപോലും പ്രാപ്തമല്ലെ ന്നറിഞ്ഞ്; നെറികെട്ട മാമൂൽവ്യവസ്ഥകളിൽ സഹികെട്ട് വാതിൽ വലിച്ചടച്ചുകൊണ്ട് സ്വാതന്ത്ര്യവും സന്തോഷവുമുള്ള ലോകത്തേക്ക് ഒറ്റയ്ക്കുനടന്നുപോയ നായികയായ നോറ ഹെൽമർ വലിച്ചടച്ച വാതിലിന്റെ ശബ്ദം യൂറോപ്പിനെയാകെ വിറപ്പിക്കുന്നുണ്ട്. മനുഷ്യജീവി യെന്ന കേവലപരിഗണനപോലുമില്ലാതെ മകൾ, അമ്മ, ഭാര്യ എന്നൊക്കെ യുള്ള തടവറകളിൽ ജീവിതം തുടരുന്നതിൽ എന്തർത്ഥമാണുള്ളതെന്ന് നോറചോദിക്കുമ്പോൾ വിക്ടോറിയൻ കാലത്തിന്റെ തലകുനിയുകയാണ്.

'ലോകത്തിലെ ഏറ്റവും ശക്തനായ മനുഷ്യൻ ഏകനായി നിൽക്കുന്നവ നാണെന്ന്' ഹെൻറിക് ഇബ്സെൻ 'An Enemy of the People 'എന്ന നാടകത്തിൽ പറയുന്നുണ്ട്. നോർവീജിയക്കാരനായ ഈ വിഖ്യാത നാടകകൃത്ത് മലയാളിയുടെ നാടകഭാവനയെ ത്രസിപ്പിക്കുന്നത് 1934-ലാണ്. എ.ബാലകൃഷ്ണപിള്ളയും എ. കെ. ഗോപാലപിള്ളയും ചേർന്ന് ഇബ്സന്റെ 'ഗോസ്റ്റ്സ്' എന്ന നാടകം പ്രേതങ്ങൾ എന്ന പേരിൽ വിവർത്തനം ചെയ്തതോടെയാണ് അത് സംഭവിച്ചത്. തന്റെ കാലഘട്ട ത്തിന്റെ അപചയങ്ങളെ പച്ചയായി തുറന്നുകാട്ടി ധാർമ്മികതയ്ക്കും സാമൂഹികതയ്ക്കും പുതിയ കാഴ്ചപ്പാടുകൾ നല്കിയ നാടകമാണ് 'ഗാസ്റ്റ്സ്'. മാമൂലുകളെ ഇളക്കിമറിച്ചും വെല്ലുവിളിച്ചും അതിജീവിക്കുക യായിരുന്നു ഇബ്സൺ. വിലക്കപ്പെട്ട വിഷയങ്ങളെ അഭിസംബോധന ചെയ്ത് വിക്ടോറിയൻ സമൂഹത്തിന്റെ കാപട്യത്തെ കുമ്പസാരക്കൂട്ടിൽ നിർത്തുമ്പോൾ നാടകം സാമൂഹ്യവിപ്ലവത്തിന്റെ സന്ദേശവാഹകരാകുന്നു. ഇബ്സന്റെ ഗോസ്റ്റ്സും മലയാളിയുടെ പ്രേതങ്ങളും പ്രേക്ഷകരിൽ ഒരേ മുന്നേറ്റമാണ് സാധ്യമാക്കിയത്. ലക്ഷ്യത്തിന് പര്യാപ്തമായ പ്രമേയ ത്തിലും അതിന്റെ കൃത്യതയിലും മികച്ച ശൈലിയിലും ഭാഷയുടെ കരുത്തിലും മാത്രമല്ല ധ്വന്യാത്മകത, മിതത്വം, സുഘടിതമായ ബാഹ്യാന്തരരൂപത്തിലും ഇബ്സന്റെ നാടകങ്ങൾ തുല്യതയില്ലാത്ത നിലവാരമാണ് സൂക്ഷിച്ചത്. സുഘടിത നാടകമെന്നനിലയിൽ (well made play) ഫ്രഞ്ചുകാരനായ അഗസ്റ്റിൻ യൂജിൻ സ്ക്രൈബ് മുന്നോട്ട് വയ്ക്കുന്ന സുഘടിത ബാഹ്യാന്തരരൂപ ഭാവങ്ങൾക്ക് ഇബ്സനാണ് പ്രചുരപ്രചാരം നല്കിയത്. റിച്ചാർഡ് ബി.ഷെറിഡനും ഒലിവർ ഗോൾഡ് സ്മിത്തിനും ശേഷം യൂറോപ്പ് നാടകംജീവിതമാക്കിയത് ഇബ്സന്റെ നാടകങ്ങളിലാണ്. സാമ്പ്രദായിക വ്യവസ്ഥിതികളെ ഇളക്കിമറിച്ചും സന്ധിയില്ലാതെ കലഹിച്ചിറങ്ങിയും നാടകത്തിന് പുതിയമണ്ണും പുതിയ ആകാശവും തേടിയിറങ്ങിയ ഇബ്സൺ നോർവീജിയയിൽ നിന്ന് ജർമ്മനിയിലെത്തുന്നതോടെ മഹത്തായൊരു നാടകലോകത്തിന്റെ കാവലാളാവുകയാണ്. കേന്ദ്രസ്ഥാനത്ത് ഒരു പ്രശ്നത്തെ നിർത്തുകയും ചുറ്റും വ്യത്യസ്തരീതിയിൽ പ്രതികരിക്കുന്ന കഥാപാത്രവിന്യാസം കൃത്യമായി നിർവ്വഹിച്ചും ഇബ്സണൊരുക്കിയ നാടകമാതൃക യഥാർത്ഥത്തിൽ 'പ്രശ്നനാടക'ത്തിന് തുടക്കംകുറിച്ച അലക്സാണ്ടർ ഡ്യൂമാസിന്റെ പ്രശ്നങ്ങളുടെ പ്രചരണം ലക്ഷ്യമാക്കിയ രീതിയായി

രുന്നില്ല. കഥാപാത്രങ്ങളല്ല സമൂഹമാണ് ആത്യന്തികമായി പ്രശ്നപരിഹാര മുണ്ടാക്കേണ്ടത് എന്ന ഇബ്സന്റെ കാഴ്ചപ്പാടിൽ ഒരു ജനപക്ഷമുണ്ടാ യിരുന്നു. യുറോപ്യൻ നാടക പ്രസ്ഥാനത്തെയാകെ ആരോഗ്യാനുഭവ ത്തിലാക്കിയത് ഇബ്സണാണ്. ഇബ്സനോട് തനിക്കുള്ള കടപ്പാടിനെ ബർണാഡ്ഷാ അഭിമാനപൂർവ്വം എടുത്തു പറയുന്നുണ്ട്. നാടകങ്ങളുടെ ഭാവത്തിലും രൂപത്തിലും മൗലികമായ വ്യതിയാനങ്ങളൊരുക്കുന്നതിലും, രൂപപരമായുള്ള പരമ്പരാഗത ശൈലികൾ നിരാകരിച്ച് ഒരു പുതിയ സരണി വെട്ടിത്തുറക്കുന്നതിലും ഇബ്സൺ കാട്ടിയ താല്പര്യം ലോക നാടകവേദിക്ക് നവ്യാനുഭവമായിരുന്നു. മനുഷ്യ ജീവിതത്തിലെ സർവ്വതും അദ്ദേഹം നാടകവിഷയമാക്കി. ചിന്തിപ്പിക്കുവാൻ കൂടിയാണ് ഇബ്സൺ നാടകങ്ങൾ എഴുതിയത്. മനുഷ്യപ്രശ്നങ്ങളും ആശയങ്ങളും അഭിപ്രായ ങ്ങളുമായി അത് നാടകത്തിൽ മാറി. ഈ മാറ്റങ്ങൾക്കെല്ലാം ഒരുനിയമമേ ഉണ്ടായിരുന്നുള്ളൂ കഥാവസ്തുവിനെ കുറിക്കുകൊള്ളുന്ന തരത്തിൽ പ്രകടിപ്പിക്കുക എന്നതാണത്. സോദ്ദേശ്യമായ സാഹിത്യത്തിന്റെ ഒരു വിശിഷ്ടവിജയമായിരുന്നു അതിലൂടെ സംഭവിച്ചത്. അതുകൊണ്ടുകൂടിയാണ് കലയുടെ പതാകാവാഹകരായിരുന്ന ഫ്രാൻസടക്കം ലോകമാ കെയുള്ള നാടകലോകം ഇബ്സന്റെ എല്ലാ നാടകങ്ങളേയും നെഞ്ചേറ്റിയത്. കലയോടും സമുദായത്തോടും ഇബ്സൻ ചെയ്തതു തന്നെയാണ് മലയാള നാടകത്തിൽ എൻ.കൃഷ്ണ പിള്ളയും ചെയ്തു തീർത്തത്.

1942-ൽ കൃഷ്ണപിള്ളയുടെ 'ഭഗ്നഭവനം' വരുന്നതോടെ മലയാള നാടകത്തിലും ഇബ്സണിസത്തിന് തുടക്കംകുറിക്കുകയാണ്. പരമ്പരാഗത വിവാഹസങ്കല്പങ്ങളെ പൊളിച്ചടുക്കുകയാണ് ഭഗ്നഭവനം. ഭഗ്നഭവനം ഒരു കുടുംബകഥയാണ്.കുടുംബത്തിന്റെ കഥയിലൂടെ ചിരന്തനമായ മാനുഷികമൂല്യങ്ങളെക്കുറിച്ച് നാടകം സംസാരിക്കുന്നു. കുടുംബത്തിൽ എങ്ങനെ അന്യോന്യ പൊരുത്തമുണ്ടാകണം, വിട്ടുവീഴ്ചാ മനോഭാവ മുണ്ടാകണം, അല്ലെങ്കിൽ സംഭവിക്കുന്ന ദുരന്തമെന്ത് ഇവയൊക്കെ നാടകം അന്വേഷിക്കുന്നു. കുടുംബനാഥനായ മാധവൻനായർക്ക് ഭാര്യയും മൂന്നു മക്കളുമാണുള്ളത്. മൂത്തമകൾ രാധയിലൂടെയാണ് നാടകം വികസി ക്കുന്നത്. ഒരേസമയം കാമുകിയും ഭാര്യയുമായി ജീവിക്കേണ്ടി വരുന്നതിന്റെ മാനസികസംഘർഷങ്ങളിലാണ് രാധ. ഒടുവിലത് ചിത്തഭ്രമ ത്തോളമെത്തുന്നു. കാമുകനാണ് രാധയെ ജീവിതത്തിൽ പിടിച്ചുനിർത്തു ന്നത്. സൂക്ഷ്മമായ മാനസികാപഗ്രഥനരീതിയിലൂടെ ഉള്ളുപൊള്ളുന്ന അനുഭവങ്ങൾ നാടകമൊരുക്കുന്നു. രാധയുടെ മനോരോഗം, ക്ഷയ

രോഗിയായ ജനാർദനൻനായരുടെ മരണം, രണ്ടാമത്തെ മകൾ സുമതിയുടെ ആത്മഹത്യ ഇങ്ങനെ ദുരന്തവേട്ടയാടലിൽ തരിപ്പണമാകുന്ന മാധവൻ നായരുടെ' എടാ കണ്ണില്ലാത്ത ദൈവമേ... നീയെന്റെ മൺകുടിൽ തകർത്തു കളഞ്ഞല്ലോ' എന്നവിലാപം മനുഷ്യരോദനമായി നാടകത്തിൽ മാറുകയാണ്. ആരെയും ഒഴിവാക്കാതെ വിധി ആ ഭവനത്തിൽ അതിന്റെ അഴിഞ്ഞാട്ടം നടത്തുന്നു. ഈ ദുരന്തത്തിൽ ഓരോ വ്യക്തിക്കും പങ്കുണ്ടെന്നതാണ് നാടകനിലപാട്. പൊട്ടിത്തെറി ക്കുവാൻ പോകുന്ന ഒരഗ്നിപർവതംപോലെ ഭഗ്നഭവനങ്ങളൊരുങ്ങുന്നതെങ്ങനെയെന്ന് പ്രേക്ഷകര റിയുന്നു. മലയാളനാടകത്തിൽ യുഗസംക്രമണം കുറിച്ച ഭഗ്ന ഭവനം കണ്ടശേഷം സി. ടു. തോമസ് പ്രതികരിച്ചത് മോളിയറിൽനിന്ന് ഇബ്സണിലേക്കുള്ള ദൂരം ചുരുങ്ങിയ കാലംകൊണ്ട് കൃഷ്ണപിള്ള നടന്നുതീർത്തുവെന്നാണ്. കന്യക, ബലാബലം, മുടക്കുമുതൽ, ദർശനം, അനുരഞ്ജനം, കുടത്തിലെ വിളക്ക്, ചെങ്കോലും മരവുരിയും, മരുപ്പച്ച, അഴിമുഖത്തേക്ക് തുടങ്ങിയ ഒട്ടേറെ നാടകങ്ങൾ കൃഷ്ണപിള്ള എഴുതിയിട്ടുണ്ടെങ്കിലും മലയാളത്തിലെ യഥാതഥനാടകത്തിന്റെ ഉപജ്ഞാ താവായും പിൽക്കാല മലയാള നാടകങ്ങളെയെല്ലാം സ്വാധീനിച്ച നാടകാചാര്യനായും എൻ. കൃഷ്ണപിള്ളയെ മാറ്റിയ പ്രധാനനാടകം ഭഗ്നഭവനംതന്നെ. പ്രശ്നങ്ങളെ നാടകത്തിന്റെ കേന്ദ്രമാക്കി നിർത്തി വിശകലനം ചെയ്യുകയാണ് കൃഷ്ണപിള്ളയും ചെയ്തത്. കൃഷ്ണ പിള്ളക്ക് ശേഷം മലയാളത്തിൽ സുഘടിതനാടക സങ്കൽപത്തിലൂടെ നീണ്ടുനില്ക്കുന്ന ഒരു നാടകചരിത്രം നമുക്കുണ്ട്. പി ജെ ആൻറണി, പൊൻകുന്നംവർക്കി, കൈനിക്കര കുമാരപിള്ള, കൈനിക്കര പദ്മനാഭ പിള്ള, തിക്കുറിശ്ശി സുകുമാരനായർ, നാഗവള്ളി ആർ. എസ്. കുറുപ്പ് തുടങ്ങി നിരവധിപേർ ആ പാത പിന്നിടുന്നുണ്ട്.

'സ്വീകൃതപ്രശ്നത്തിന്റെ സമഗ്രപ്രകാശനത്തിൽ ഏകാഗ്രമായി നാടകം രചിക്കണം എന്നായിരുന്നു എന്റെ ലക്ഷ്യ'മെന്ന് കൈരളിയുടെ കഥയിൽ എൻ.കൃഷ്ണപിള്ള പറയുന്നുണ്ട്. ഈ ഏകാഗ്രതയിൽ പ്രശ്നത്തെ വികസിപ്പിക്കുന്ന തന്ത്രത്തോടൊപ്പം സുഘടിത നാടക ആശയത്തെയും കൃഷ്ണപിള്ള സ്വാംശീകരിക്കുന്നതായി കാണാനാകും. കൃഷ്ണപിള്ള ഇബ്സണു പിറകിൽ കണ്ണടച്ചുനടന്നില്ല. മറിച്ച് കേരളീയ പരിസരത്തിലെ പൊള്ളുന്ന ജീവിതക്കാഴ്ചകൾ നാടകത്തിന്റെ ആത്മാവാ ക്കാൻ മികച്ച വഴിയായി ഇബ്സണെ മുന്നിൽ നിർത്തുകയായിരുന്നു. 1942-ൽ ഭഗ്നഭവനം എഴുതുമ്പോൾ കേവലതമാശകൾകൊണ്ട്

ചിരിയുണർത്തുന്ന പരിമിതികളെ നാടകം അതിജീവിച്ചിട്ടില്ലെന്നും കാണണം. 'ഞാനും എന്റെ സമൂഹവും-നാടകകൃത്തിന്റെ കാഴ്ചപ്പാടിൽ' എന്ന ലേഖനത്തിൽ എൻ. കൃഷ്ണപിള്ള പറയുന്നത് നോക്കുക. 'എന്റെ ആവിഷ്കരണ മാധ്യമത്തിന് സമൂഹത്തിൽ എന്ത് ചെയ്യാൻ കഴിയും? ഉത്തരം പറയാൻ എനിക്ക് തെല്ലും താമസിക്കേണ്ടതില്ല. നിഗൂഢവും സുപ്രധാനവുമായ ജീവിത രഹസ്യങ്ങൾ ചിലതിനെ ഉന്മൂലനം ചെയ്ത് പ്രേക്ഷകമനസ്സിനെ ഉന്നമിപ്പിക്കുകയും ധന്യമാക്കുകയും ചെയ്യുന്ന ഒരു അവബോധം ജനിപ്പിക്കാനാണ് എന്റെ മാധ്യമം കൊണ്ട് ഞാൻ ആഗ്രഹിക്കുന്നത്. അത് ആശയങ്ങളുടെ പരസ്യപ്പലകയോ വികാരങ്ങളുടെ മുങ്ങൽകുളമോ ആകരുത് എന്നെനിക്ക് നിർബന്ധമുണ്ട്. സമൂഹത്തിന്റെ പുറംതൊലി പകർത്തി വെയ്ക്കുക ഒരിക്കലും എന്റെ കൃത്യമല്ല. ജീവിതം പ്രതിഫലിപ്പിക്കാൻ എടുത്തു പിടിച്ചിരിക്കുന്ന കണ്ണാടിയാണ് നാടകം എന്ന് ഞാൻ വിശ്വസിക്കുന്നില്ല. സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിശ്ചയിക്കാൻ ഞാൻ അധികാരിയോ വിദഗ്ധനോ ബാധ്യസ്ഥനോ അല്ല. സമൂഹത്തിന്റെ ഘടകമായ വ്യക്തിയുടെ അന്തരംഗത്തെ പ്രബോധന ത്തിന്റെയും വിശുദ്ധിയുടെയും പ്രകാശത്തിലേക്ക് ഉയർത്തിപ്പിടിക്കാൻ എത്രകണ്ട് എന്റെ മാധ്യമത്തിന് കരുത്തുണ്ടാക്കാമെന്ന് പരീക്ഷിക്കുക യാണ് ഞാൻ ഓരോ തവണയും.'കൃഷ്ണപിള്ളയെ സ്വാധീനിച്ച ഇബ്സൻ തന്റെ നാടകാനുഭവത്തെപ്പറ്റി ഇങ്ങനെ പറയുന്നു, 'എന്റെ ജീവിതാ നുഭവങ്ങളോട് വളരെക്കൂടുതൽ ബന്ധപ്പെട്ടതാണ് ഞാൻ എഴുതിയിട്ടുള്ള സമസ്തവും. വൈയക്തികവും പ്രത്യക്ഷവുമായ അനുഭവമല്ലെങ്കിൽ പ്പോലും ഞാനെഴുതിയ ഓരോ പുതിയ കവിതയും നാടകവും ഉന്നമാക്കി യിട്ടുള്ളത് എന്റെ സ്വന്തം ആത്മീയ വിമോചനത്തിനും വിമലീകരണ ത്തിനുമാണ്' (ഇബ്സന്റെ നാടക സങ്കൽപ്പം). തന്റെ ജീവിതാനുഭവ മെന്നത് സാമൂഹികമായ അസ്തിത്വമുള്ളതുകൂടിയാണെന്ന തിരിച്ചറി വാണ് നാടകത്തിന്റെ ഇതിവൃത്തത്തിലേക്ക് അവയെ വികസിപ്പിക്കാൻ രണ്ടുപേരെയും പ്രേരിപ്പിച്ചതെന്ന് അനുമാനിക്കാം. കാരണം നാടകം ഒരു വ്യക്തിയെ, ഒരു മനസ്സിനെ ലക്ഷ്യമാക്കി രചിക്കുന്ന പാഠമല്ല. നാടകപാഠം അഭിസംബോധന ചെയ്യുന്നത് സദസ്സെന്ന സമൂഹത്തിന്റെ മനസ്സിനെയാണ്. കൃഷ്ണപിള്ളയുടെ 'അനുരഞ്ജനം' എന്ന നാടകത്തിലെ ജ്യേഷ്ഠാനുജ സംവാദം സമൂഹത്തിലേക്ക് വികസിക്കുന്ന പ്രശ്നത്തിന്റെ അടയാളമാണ്. 'കന്യക'യെന്ന നാടകം സ്ത്രീയെ രണ്ടാംതരമായി കാണുന്ന പുരുഷമേധാവിത്വ സമൂഹത്തോടുള്ള ചോദ്യമാണ്. കപടസദാചാര

ബോധത്തെ തകർത്ത് അഭിമാനബോധത്തോടെ ജീവിക്കുന്ന ദേവകിക്കുട്ടിയെന്ന ബിംബം പ്രേക്ഷക മനസ്സിൽ ആഴത്തിൽ പതിയുന്ന ഒന്നാണ്. ജീവിതപ്രശ്നങ്ങളെ നാടകമാക്കിമാറ്റുന്ന ഏതൊരു നാടക കൃത്തും സമൂഹത്തിന്റെ മനസ്സിനെത്തന്നെയാണ് പ്രശ്നവത്കരിക്കുന്നത്. മലയാളനാടക വേദിയെ സംബന്ധിച്ച് അത്തരം മനോഭാവത്തിന്റെ അടിത്തറയെന്നത് നവോത്ഥാനമാണ്. കേരളനവോത്ഥാനകാലം പ്രസരിപ്പിച്ച ഊർജ്ജമാണ് ഇന്നും തുടരുന്ന സാമൂഹികനാടകധാരയുടെ ശക്തി.

'ഗ്ലാസ് ഓഫ് വാട്ടർ' എന്ന നാടകത്തിന്റെ കർത്താവായ യൂജിൻ സ്ക്രൈബിന്റെ നിലപാടാണ് സുഘടിതനാടക സങ്കല്പം. ഏറെക്കാലം നാടകകൃത്തുക്കൾ പ്രാധാന്യം കല്പിച്ചിരുന്ന സ്ഥല കാലങ്ങളുടെ ഐക്യമെന്ന അരിസ്റ്റോട്ടിലിയൻ സങ്കല്പത്തിന് കാലക്രമേണ വന്ന മാറ്റമാണ് സുഘടിത നാടകസങ്കല്പത്തിന് കാരണം. സ്ഥലകാലങ്ങൾക്കു പകരമായി സങ്കീർണ്ണമായ ഒരു ജീവിതപ്രശ്നവും അതിന്റെ പരിഹാരവഴികളും ഘട്ടംഘട്ടമായി വികസിക്കുന്ന ഇതിവൃത്തവുമാണ് നാടകത്തിൽ പ്രധാനമെന്നാണ് യൂജിൻ പറയുന്നത്. ദുരന്ത നാടകങ്ങളുടെ മാതൃകയായി അരിസ്റ്റോട്ടിൽ വരച്ച ക്രമത്തെ തന്നെയാണ് സുഘടിത നാടകവും തത്വത്തിൽ പിന്തുടരുന്നത്. ക്രമമായി വികസിച്ച് ഒടുവിൽ രഹസ്യം വെളിപ്പെടുന്ന പ്ലോട്ടിനു പകരം നാടക കഥയുടെ മർമ്മം ഏതെങ്കിലുമൊരു കഥാപാത്രമോ കഥാപാത്രങ്ങളോ സൂക്ഷിക്കുന്ന രഹസ്യത്തിൽ ആയിരിക്കും. ഒരുപാട് സംഭവങ്ങൾ കഴിഞ്ഞ് ഏറ്റവും പറ്റുന്ന സന്ദർഭത്തിൽവച്ചാകും നാടകം ആരംഭിക്കുന്നത്. സംഭാഷണ ങ്ങളിൽ നിന്ന് കഴിഞ്ഞുപോയ സംഭവങ്ങളുടെ രൂപരേഖ പ്രേക്ഷകന് ലഭ്യമാകും. പ്രേക്ഷകരുടെ അനുഭാവം നായകന്/നായികയ്ക്ക് നേടിക്കൊടുക്കുന്ന തരത്തിലാകും കഥ വികസിക്കുന്നത്. ഇടയ്ക്ക് സസ്പെൻസ് നിലനിർത്താനായി ചില ഭാഗ്യദോഷങ്ങൾ അയാൾക്ക് വന്നു പിണയുന്നു.എങ്കിലും അയാൾ ആത്യന്തികമായി വിജയിയാകുന്നു. പല തെറ്റുകളേയും അതു ശരിയാക്കുന്നു.പലതും ശരിയാകേ ണ്ടതാണെന്ന് നാടകാസ്വാദകരെകൊണ്ട് പറയിപ്പിക്കാനവസരവും അതൊരുക്കുന്നു. ഇത്തരത്തിൽ ലോകത്തെവിടെയുമുള്ള നാടക വേദിയുടെ പ്രതിജ്ഞാ ബദ്ധതയാർന്ന സംഭാവനകൾ ആവേശാനുഭവമാക്കിയാണ് മലയാള നാടകലോകം അതിരുകൾ മുറിച്ച് കേരളത്തെ നവോത്ഥാനത്തിലേക്ക് നടന്നെത്തിയത്. സാമൂഹിക അനാചാരങ്ങളും അസമത്വങ്ങളും കൊടിഉയർത്തിനിന്ന ഒരു കാലഘട്ടത്തിലാണ് പുതിയ നാടകസങ്കല്പ ങ്ങൾ മാനവികബോധത്തിന്റെ ശ്രേഷ്ഠകാഴ്ചകൾ മലയാളിക്ക്

കാണിച്ചുകൊടുത്തത്. മലയാളിക്കത് നവ്യാനുഭവവും കേരളത്തിന് നവോത്ഥാനത്തിന്റെ വെളിച്ചവുമായിരുന്നു.

**സഹായഗ്രന്ഥങ്ങൾ :**

1. https://brainly.in/question/38357910
2. An Enemy of the People ; Henrik Ibsen ,Charles Scribner's sons publisher,1907,Oxford University.
3. അയ്യപ്പപ്പണിക്കർ കെ.,(ഡോ.),'നാടകം',ജോർജ്ജ് കെ.എം., (ഡോ.), (എഡി:), ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി സി ബുക്സ്,2018
4. രാജരാജവർമ്മ എഴുമറ്റൂർ, (ഡോ.), (എഡി:), എൻ. കൃഷ്ണ പിള്ളയുടെ നാടകലോകം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014
5. ശങ്കരപ്പിള്ള ജി., ഇബ്സന്റെ നാടകസങ്കൽപ്പം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2004
6. സാനു എം.കെ., (പ്രൊഫ.), അവധാരണം, സാഹിത്യ പ്രവർത്തക സഹകരണസംഘം, എൻ ബി എസ്, 2011
7. സാവിത്രി ലക്ഷ്മണൻ, (പ്രൊഫ.), നാടകത്തിന്റെ ആദ്യത്തെ ഇരുപത്തിയെട്ട്, കേരള സാഹിത്യ അക്കാദമി, 2014

# മലയാള ഭാഷാധിനിവേശം ഗോത്രഭാഷകളിൽ
## ഒരു ഭാഷാശാസ്ത്രപഠനം

**ഡോ.ഡാർവിൻ എൽ.**

**പ്രബന്ധസംഗ്രഹം**

*ആരാണ് ഗോത്രവർഗ വിഭാഗം?, ഗോത്രവർഗക്കാർക്ക് പ്രത്യേക ഭാഷയുണ്ടോ?, എല്ലാ ഗോത്രവിഭാഗങ്ങൾക്കും ഒരു ഭാഷയാണോ? അതോ വ്യത്യസ്ത ഭാഷകളാണോ?, എന്നാൽ ആ ഭാഷയുടെയോ ഭാഷകളുടേയോ പ്രത്യേകതകൾ എന്താണ്?, ഇത്തരം ഭാഷകൾ ഏതെങ്കിലും തരത്തിലുള്ള ഭീഷണികൾ നേരിടുന്നുണ്ടോ?, ഇത്തരം ഭാഷകൾ നാശത്തിന്റെ വക്കിലാണോ?, അതിനെന്താണ് കാരണം?, മുഖ്യധാരാഭാഷകൾ ഇത്തരം ഭാഷകളിലേക്ക് അധിനിവേശം നടത്തുന്നുണ്ടോ? തുടങ്ങിയ പ്രശ്നങ്ങളാണ് ഈ പ്രബന്ധം വിശ കലനം ചെയ്യുന്നത് ഈ പ്രബന്ധം പ്രധാനമായും ചർച്ചചെയ്യുന്ന വിഷയം മലയാളഭാഷയുടെയും മറ്റ് ഭൂരിപക്ഷ ഭാഷകളുടേയും അധിനിവേശം അഥവാ കടന്നുകയറ്റം ഗോത്രഭാഷകളുടെ അസ്തിത്വത്തെയും നിലനിൽപ്പിനെയും എങ്ങനെ ബാധിക്കുന്നു എന്നതിന്റെ ഭാഷാശാസ്ത്ര വിശകലനമാണ്. കൂടാതെ ഗോത്രവർഗ ഭാഷകൾ എല്ലാം തന്നെ പ്രത്യേക ഭാഷകളാണോ അതോ മറ്റേതെങ്കിലും ഭാഷയുടെ ഭാഷാഭേദങ്ങ ളാണോ എന്ന പരിശോധനയും ഈ പ്രബന്ധം മുന്നോട്ടുവയ്ക്കുന്നു. അതോടൊപ്പം കേരളത്തിലെ ഗോത്രവർഗഭാഷകളുടെ ഇന്നത്തെ അവസ്ഥയും, ഗോത്രവർഗഭാഷകളുടെ നാശത്തിനുള്ള കാരണങ്ങളും പ്രതിപാദിക്കാൻ ശ്രമിക്കുന്നുണ്ട്. നാശോന്മുഖമാകുന്ന ഗോത്രഭാഷകളുടെ പുനരുജ്ജീവനവും സംരക്ഷണവും ഏതുതരത്തിലാകണമെന്നും ഇവിടെ വിശകലനം ചെയ്യുന്നുണ്ട്. ഈ പഠനം ദത്തശേഖരണത്തിനായി എത്നോഗ്രഫിക് ഗവേഷണരീതി ശാസ്ത്രവും, ദത്തവിശകലനത്തിനായി വിവരണാത്മക ഭാഷാ ശാസ്ത്ര രീതിശാസ്ത്രവും പ്രയോഗിക്കുന്നു. കേരളത്തിലെ ഗോത്രവർഗ വിഭാഗങ്ങൾ നിർബന്ധിതമായി മലയാള ഭാഷ ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഗോത്രഭാഷകളുടെ നിലനിൽപ്പിനും*

*ഉപയോഗത്തിനുമായി യുനസ്കോ മുന്നോട്ടുവയ്ക്കുന്ന മൈൽസ് പദ്ധതിയുടെ മാതൃകയിൽ ഒരു പദ്ധതിയും ഈ പ്രബന്ധം മുന്നോട്ടു വയ്ക്കുന്നു.*

**താക്കോൽവാക്കുകൾ**

*ന്യൂനപക്ഷഭാഷ, മുഖ്യധാരാഭാഷ, ഭാഷാ അസ്തിത്വം, സമ്പർക്കഭാഷ, സമ്പർക്ക ദൈർഘ്യം, ഭാഷാ അധിനിവേശം, ഭാഷാധിനിവേശം, ഗോത്രവർഗം, ഗോത്രഭാഷ.*

**ആമുഖം**

ഒരോ സമൂഹത്തിലും ആ സമൂഹത്തിന്റേതായ തനതായ ആശവിനിമയ സംവിധാനമോ ഭാഷയോ ഭാഷാഭേദമോ ഉണ്ടാകാം, ഇത്തരത്തിൽ നിലനിൽക്കുന്ന ഭാഷാസമൂഹം തൊട്ടടുത്ത ഭാഷാ സമൂഹങ്ങളുമായോ, മുഖ്യധാരാസമൂഹമെന്ന് നാം കരുതുന്ന ഭാഷാ സമൂഹവുമായോ സമ്പർക്കത്തിലേർപ്പെടുക സ്വാഭാവികമാണ്. ഇത്തര ത്തിൽ പരിശോധിക്കുമ്പോൾ ഗോത്രസമൂഹങ്ങളും പ്രത്യേക ഭാഷാ സമൂഹങ്ങളാണ്. കേരളത്തിൽ 35 ഗോത്രവിഭാഗങ്ങളാണ് നിലവിലുള്ളത് ഇവ ഓരോന്നും വ്യത്യസ്ത ഗോത്രഭാഷാ സമൂഹങ്ങളാണ്. ഭാഷണ സമൂഹങ്ങൾ തൊട്ടടുത്ത ഭാഷണസമൂഹവുമായി സമ്പർക്കത്തി ലേർപ്പെടുക സ്വാഭാവികവും അതിന്റെ സാധ്യത കൂടുതലുമാണ്. ഭൂരിപക്ഷഭാഷകൾ പലപ്പോഴും മറ്റ് ചെറുഭാഷകളിൽ കൂടുതൽ സ്വാധീനം ചെലുത്താറുണ്ട്. ഇത്തരത്തിൽ ന്യൂനപക്ഷ ഭാഷണസമൂഹത്തിൽ ഭൂരിപക്ഷഭാഷകളുടെ സ്വാധീനവും ഉപയോഗവും വർദ്ധിച്ചുവരുന്നതായും അത്തരം സമൂഹങ്ങൾക്കിടയിൽ അത് വേരുറയ്ക്കുന്നതായും കാണാനാ വുന്നുണ്ട്. യുനെസ്ക്കോയുടെ റെഡ് ബുക്കിൽ ന്യൂനപക്ഷ ഭാഷകളുടെ ഇപ്പോഴുള്ള അവസ്ഥ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നും നമുക്ക് ഓരോ ന്യൂനപക്ഷ ഭാഷകളും അവയുടെ തോതും വ്യക്തമായി മനസ്സിലാകുന്നതാണ്, അതിന്റെ അടിസ്ഥാനത്തിൽ, കേരളത്തിലെ ന്യൂനപക്ഷ ഭാഷകളെ കുറിച്ച് പഠനം നടത്തുമ്പോൾ മനസിലാകുന്നത്, ഭൂരിപക്ഷ ഭാഷകൾ ന്യൂനപക്ഷഭാഷകളുമായി സമ്പർക്കത്തിലാവുകയും ആ സമ്പർക്കം ദീർഘനാൾ നീണ്ടുനിൽ ക്കുകയും അതിലൂടെ ഭൂരിപക്ഷ ഭാഷകൾ ന്യൂനപക്ഷ ഭാഷകൾക്കുമീതെ അധീശത്വം പുലർത്തുകയും, അതിനെ കീഴടക്കാനുള്ള നിലയിലേക്ക് അത് വളർന്നുവരുകയും ചെയ്യുന്നു എന്നാണ്. ന്യൂനപക്ഷഭാഷകൾ ഭൂരിപക്ഷ ഭാഷകൾക്ക് കീഴടങ്ങുന്നതിന് പലവിധ കാരണങ്ങൾ ഉണ്ട്, സ്വന്തം ഭാഷ

പ്രയോഗിക്കാനുള്ള ഇടം നഷ്ടപ്പെടുക, അതിനുള്ള സാമൂഹിക സാഹചര്യം ഇല്ലാതാവുക, തൊഴിലിനായും മറ്റ് നിർബന്ധത്താലും മറ്റിടങ്ങളിലേക്ക് പലായനം ചെയ്യേണ്ടി വരിക. തുടങ്ങിയുള്ള പല പ്രവണതകളും ന്യൂനപക്ഷ ഭാഷകളുടെ നിലനിൽപ്പിന് ഭീഷണിയാണ്. ഇത്തരം സാഹചര്യം കാരണം ന്യൂനപക്ഷഭാഷകൾക്ക് മറ്റ് ഭാഷകളുമായി സമ്പർക്കത്തിലാകേണ്ടിവരുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുന്നു, അത്തരം സമ്പർക്കം നീണ്ടുനിൽക്കുകയും, ആ സമ്പർക്കദൈർഘ്യം സ്വാധീന തലത്തിലേക്ക് വളരുകയും സ്വാധീനഭാഷയെന്ന നിലയിലേക്ക് മാറുകയും പിന്നീട് സ്വാധീനം അധിനിവേശത്തിന്റെ തലത്തിലേക്ക് മാറുകയും ചെയ്യുന്നതാണ് കേരളത്തിൽ നമുക്കിപ്പോൾ കാണാനാവുന്നത്, കേരളത്തിലെ ന്യൂനപക്ഷ ഭാഷകളായ ഗോത്രവർഗ ഭാഷകളിലും സംഭവിക്കുന്നത് ഇതാണെന്ന് കാണാൻ സാധിക്കും.

ഭാഷാ അധിനിവേശം എന്നത് ഭാഷാസമ്പർക്കത്തിലൂടെ രൂപപ്പെട്ടുവരുന്ന ഒരു പ്രക്രിയയാണ്, ബോധപൂർവ്വമായ അധിനിവേശവും ബോധപൂർവ്വമല്ലാത്ത അധിനിവേശവും രൂപപ്പെട്ടു വരാറുണ്ട്. ഭാഷാ സമ്പർക്കദൈർഘ്യം വർദ്ധിച്ച്, ഭാഷാ സ്വാധീനമായും പിന്നീട് അത് ഭാഷാ അധിനിവേശമായും മാറുകയാണ് ചെയ്യുന്നത്. ഭാഷാ സമ്പർക്കമെന്നത് വെറുമൊരു ഭാഷാ സമ്പർക്കം മാത്രമല്ല, അതൊരു സാമൂഹിക സാംസ്കാരിക സമ്പർക്കവുമായി ഇഴുകിച്ചേർന്ന ഒന്നാണ്. ഇത്തരം സമ്പർക്കത്തിലൂടെ സാമൂഹികവും സാംസ്കാരികവും ഭാഷാപരവുമായു മുള്ള മാറ്റങ്ങൾ ഉണ്ടാകാറുണ്ട്, ഭാഷയിലുള്ള ഇത്തരം മാറ്റങ്ങൾ മിക്കപ്പോഴും കണ്ടുവരുന്നത്; ഉച്ചാരണത്തിലോ, കോശിമതലത്തിലോ, രൂപിമതലത്തിലോ, വാക്യഘടനാതലത്തിലോ, അർത്ഥതലത്തിലോ ആയിരിക്കും. ഇത്തരത്തിൽ ഭാഷകളുടെ സമ്പർക്കം, സമ്പർക്ക ത്തിലായിരിക്കുന്ന ഭാഷകളുടെ വളർച്ചയ്ക്കും, കൊടുക്കൽ വാങ്ങലുകൾക്കും വഴിവയ്ക്കുന്നു. ഭാഷാസമ്പർക്കം പലപ്പോഴും സമ്പർക്ക ഭാഷകളുടെ വളർച്ചയ്ക്കെന്നതുപോലെ തളർച്ചയ്ക്കും കാരണമാകാറുണ്ട്, എന്നാൽ ഭാഷാ അധിനിവേശം അധിനിവേശത്തിന് കീഴടങ്ങുന്ന ഭാഷകളുടെ ഭാഷാനാശത്തിന് മാത്രമേ കാരണമാകാറുള്ളു. ഭാഷാ സമ്പർക്കം ചിലപ്പോഴെങ്കിലും സമ്പർക്കാധിഷ്ഠിത അധിനിവേശമായി മാറാറുമുണ്ട്, അത്തരത്തിൽ അധിനിവേശത്തിന് കീഴടങ്ങുന്ന ഭാഷകൾ പലപ്പോഴും നാശത്തിലേക്ക് എത്താറുമുണ്ട്. സമ്പർക്കത്തിലുള്ള ഭാഷകൾ പരസ്പരം കൊടുക്കൽ വാങ്ങലുകളിലൂടെ പുഷ്ടിപ്രാപിക്കുക കൂടുതൽ

പദസമ്പത്തുള്ള ഭാഷയായി പരിണമിക്കുക, തുടങ്ങിയ പ്രക്രിയയിലൂടെ കടന്നുപോകുന്ന സമ്പർക്ക ഭാഷകളേയും ധാരാളമായി കാണാനാവുന്നുണ്ട്. എന്നാൽ ന്യൂനപക്ഷങ്ങളുടെ സംസാരഭാഷകളിൽ ഭൂരിപക്ഷങ്ങളുടെ എഴുത്തുഭാഷ സമ്പർക്കത്തിലാകുന്നതും സമ്പർക്ക ദൈർഘ്യം കൂടുന്നതും ന്യൂനപക്ഷ ഭാഷകളുടെ വളർച്ചയെക്കാൾ നാശത്തിനു കാരണമാകുന്നതായി കാണാം.

**ഭാഷാ സമ്പർക്കത്തിന്റെ മാനദണ്ഡങ്ങൾ**

വ്യത്യസ്ത ഭാഷക്കാർ തമ്മിലുള്ള സമ്പർക്കം ഭാഷയിലൂടെയാണ് പ്രകടമാകുന്നത്, ഇത്തരത്തിൽ പ്രകടമാകുന്ന ഭാഷയിൽ ഒരു ഭാഷയുടെ പ്രത്യേകതകൾ മാത്രമല്ല കാണുന്നത് സമ്പർക്കഭാഷകൾ രണ്ടിന്റെയും ചില അംശങ്ങൾ കൂടിക്കലർന്ന ഒരു സങ്കരയിനം ഭാഷാപ്രയോഗമാണ് ഇത്തരം സമ്പർക്കഭാഷകർക്കിടയിൽ സംഭവിക്കുന്നത്. സമ്പർക്കഭാഷയിൽ സംഭവിക്കാവുന്ന ചില പ്രത്യേകതകൾ താഴെ വിവരിക്കുന്നു.

**ഉച്ചാരണതലം**

സമ്പർക്കഭാഷയിൽ പ്രധാനമായും കണ്ടുവരുന്ന പ്രത്യേകതകളിൽ ഒന്നാണ് ഉച്ചാരണത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ. ഇത്തരം പ്രവണതകൾ സ്വാഭാവികമാണ്, അതായത് ഒരു ഭാഷയിൽ നിലവിലുള്ള ഉച്ചാരണത്തിനതീതമായി പ്രയോഗിക്കുന്ന ഉച്ചാരണ സംവിധാനങ്ങൾ മറ്റ് ഭാഷയിൽ കാണണമെന്നില്ല. ഇത്തരത്തിൽ ഇല്ലാത്തതോ പ്രയോഗിച്ചിട്ടില്ലാത്തതോ ആയ ശബ്ദത്തിന്റെ ഉച്ചാരണം, ഉപയോഗിക്കുമ്പോൾ സാധാരണ അവർക്ക് ഉച്ചാരണത്തിന് വഴങ്ങുന്ന തരത്തിലുള്ള ശബ്ദങ്ങൾ ഉപയോഗിച്ചുകൊണ്ട് ചിലതരം വഴങ്ങിക്കൊടുക്കലുകളും ഇടകലർത്തിയുള്ള പ്രയോഗങ്ങളും നടത്താറുണ്ട്.

ഉദാഹരണമായി കേരളത്തിലെ ആദിവാസി ഊരുകളിലെ സംസാരഭാഷയിൽ അവർ ഉപയോഗിക്കുന്ന സമ്പർക്കഭാഷയിലെ പല പദങ്ങളുടേയും പ്രയോഗത്തിൽ ഉച്ചാരണപ്പിശകുകൾ കാണാൻ സാധിക്കും, പ്രത്യേകിച്ചും ആസ്പിരേറ്റ് ശബ്ദങ്ങളുടെ ഉച്ചാരണത്തിലും, ള, ഴ തുടങ്ങിയ ശബ്ദങ്ങളുടെ കാര്യത്തിലും ഉച്ചാരണത്തിലുള്ള മാറ്റം വ്യക്തമായി കാണാൻ സാധിക്കുന്നതാണ്.

**വർണതലം**

ഭാഷകളുടെ സമ്പർക്കം ഭാഷയുടെ വർണതലത്തിൽ അഥവാ കോശിമ തലത്തിലം മാറ്റങ്ങൾക്ക് കാരണമാകാറുണ്ട്. ഇത്തരത്തിൽ കോശിമതലത്തിൽ പ്രകടമാകുന്ന മാറ്റങ്ങൾ മൂലം അക്ഷരങ്ങളിൽ അഥവാ

വർണതലത്തിൽ പ്രകടമായ വ്യത്യാസങ്ങൾ വരുന്നത് കാണാം. പ്രത്യേകിച്ചും കേരളത്തിലെ ഗോത്ര ഭാഷകൾക്ക് കോശിമങ്ങളുടെ എണ്ണം ഭൂരിപക്ഷ ഭാഷകളെ അപേക്ഷിച്ച് കുറവാണ്, സമ്പർക്കത്തിന്റെ ആദ്യനാളുകളിൽ ഇല്ലാത്ത കോശിമങ്ങളുടെ പ്രയോഗം ആ ഭാഷയിലുള്ള കോശിമങ്ങൾ കൊണ്ട് ക്രമപ്പെടുത്തകയാണ് ചെയ്യുന്നത്. ഉദാഹരണമായി കേരളത്തിലെ ചില ഗോത്ര ഭാഷകൾക്ക് നേസൽ ശബ്ദങ്ങൾ മുഖ്യധാരാ ഭാഷകൾക്ക് ഉണ്ടാകുന്നതുപോലെ ഉണ്ടാകണമെന്നില്ല. ഉദാഹരണമായി പറഞ്ഞാൽ, ഞ ശബ്ദം പല ഗോത്ര ഭാഷകളിലും പ്രയോഗിക്കുന്നത് ന ആയിട്ടാണ്, ഞാൻ, എന്നതിന് പകരമാണ് നാൻ എന്ന് പ്രയോഗിക്കുന്നത്.. ഇത്തരത്തിൽ പല കോശിമതലത്തിലുള്ള മാറ്റങ്ങളും കാണാൻ കഴിയും.

**രൂപിമതലത്തിൽ**

ഉച്ചാരണതലത്തിൽ കാണുന്നതുപോലെയോ അതിൽ കൂടുതലായോ മാറ്റങ്ങൾ വളരെയധികമായി കാണാൻ സാധിക്കുന്ന ഒരു തലമാണ് രൂപിമതലം. ഇതിൽ പലപ്പോഴും സമ്പർക്കഭാഷയുടെ പ്രത്യയങ്ങളെ കൂടുതലായി ഉപയോഗുക്കുന്നതായി കാണാൻ സാധി ക്കുന്നു, അതിനോടൊപ്പം തനതു ഭാഷയുടെ ചില പ്രത്യയങ്ങൾ കൂടി ഉൾപ്പെടുത്തി പ്രയോഗിക്കുന്ന രീതിയും ഇവിടെ കാണാൻ സാധിക്കും എന്നതാണ്. കോരളത്തിലെ ഗോത്ര ഭാഷകൾ പരിശോധിക്കുമ്പോൾ പലപ്പോഴും വ്യാകരണ പ്രത്യയങ്ങൾ പലതും തനതു ഭാഷയുടേ തുൾപ്പെടെ മുഖ്യധാരാഭാഷയുടേതും ഉപയോഗിക്കാനുള്ള ഒരു വ്യഗ്രത കാണാൻ സാധിക്കുന്നുണ്ട്.

**വാക്യതലത്തിൽ**

വാക്യതലത്തിൽ പരിശോധിക്കുമ്പോൾ മനസിലാകുന്ന ഒരു കാര്യം, പ്രകടമായ വലിയ മാറ്റങ്ങൾ കാണാൻ സാധിക്കുന്നില്ല എങ്കിലും ചില വ്യതിയാനങ്ങൾ കാണാൻ സാധിക്കും എന്നതാണ്. കേരളത്തിലോ ഗോത്ര ഭാഷകളിൽ ഭൂരിപക്ഷ ഭാഷയുടെ സ്വാധീനത്തിൽ പദങ്ങൾ മുഖ്യധാരാ ഭാഷയിലും, അതിന്റെ പ്രത്യയങ്ങൾ തനതു ഭാഷയിലും ആകാം, കൂടാതെ കഠിനമായ വാക്യഘടന ഇത്തരം ഭാഷകൾക്കിടയിൽ കാണുന്നില്ല എന്നതും ഒരു പ്രത്യേകതയാണ്, ഇത്തരത്തിൽ തന്നെയാണ് ഇവരുടെ ഭൂരിപക്ഷ ഭാഷയുടെ പ്രയോഗത്തിലും കാണാൻ കഴുയുന്നത്.

**അർത്ഥതലത്തിൽ**

അർത്ഥതലത്തിൽ മിക്കപ്പോഴും പലതരത്തിലുള്ള വ്യതിയാനങ്ങൾ കാണാൻ സാധിക്കുന്നു. സമ്പർക്കഭാഷയുടെ സ്വാധീന ഫലമായി പല പദങ്ങൾക്കും അർത്ഥവ്യാപ്തി സംഭവിക്കുന്നതായി കാണാനാവും. കേരളത്തിലെ ഗോത്രവർഗ ഭാഷകൾക്കിടയിൽ ഇത് വളരെ പ്രകടമായി കാണാനാവുന്നു.

**ഭാഷാസമ്പർക്കവും സമ്പർക്ക ദൈർഘ്യവും ഭാഷാധിനിവേശവും**

ന്യൂനപക്ഷ സംസാരഭാഷകരുടെ നിലനിൽപ്പിനെ സ്വാധീനിക്കുന്ന തലത്തിലേക്ക് ഭൂരിപക്ഷ എഴുത്തുഭാഷകൾ വളർന്നാൽ ന്യൂനപക്ഷ ഭാഷകൾ മറ്റ് മാർഗമില്ലാതെ ഭൂരിപക്ഷത്തിന്റെ എഴുത്ത് ഭാഷയെ ആദ്യം ന്യൂനപക്ഷത്തിന്റെ സമ്പർക്കഭാഷയായും പിൽക്കാലത്ത് അത് സ്വാധീന ഭാഷയായും അതുകഴിഞ്ഞ് അത് അധിനിവേശഭാഷയായും മാറുന്നത് കാണാം, ഇത് വളരെ പടിപടിയായ പ്രക്രിയയുടെ ഫലമായി സംഭവിക്കുന്നതാണ്. ഇത് രണ്ട് തരത്തിലാണ് സംഭവിക്കുന്നത്, ബോധ പൂർവമായ അധിനിവേശവും ബോധപൂർവമല്ലാത്ത അധിനിവേശവും. ഇത്തരത്തിൽ ഭൂരിപക്ഷ ഭാഷകൾ ന്യൂനപക്ഷ ഭാഷാപ്രയോഗത്തിന്റെ എല്ലാതലങ്ങളിലും നിരന്തരമായി സമ്പർക്കത്തിലേർപ്പെട്ട് സ്വാധീനി ക്കുകയും ഭാഷാപ്രയോഗത്തിന്റെ എല്ലാതലങ്ങളെയും കീഴടക്കുകയും ന്യൂനപക്ഷ ഭാഷകൾക്ക് ഒട്ടും തന്നെ പ്രയോഗതലം ഇല്ലാത്തവിധത്തിൽ ആ തലങ്ങളെയും കയ്യടക്കി അവിടം ഭൂരിപക്ഷ ഭാഷാ തലങ്ങളാക്കി മാറ്റുന്നതായി കാണാനാവും. ഇത്തരത്തിലുള്ള ന്യൂനപക്ഷ ഭാഷകരുടെ ഭാഷാശോഷണത്തിന് പലതരത്തിലും തലത്തിലുമുള്ള ഘടകങ്ങൾ കാരണമാകാറുണ്ട്. അത്തരത്തിലുള്ള ചിലകാരണങ്ങൾ ചുവടെ വിശദമാ ക്കുന്നു.

**പരമ്പരാഗത തൊഴിൽ നഷ്ടപ്പെടുക**

പരമ്പരാഗതമായ തൊഴിലും തൊഴിലിടവും യാതൊരു സമൂഹ ത്തിന്റെയും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിന് വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. കാരണം പരമ്പരാ ഗതമായ തൊഴിൽ ഒരു സമൂഹത്തെ ഒരുമിച്ച് ചേർത്തു നിറുത്തുവാൻ സാഹായിക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണ്. ഇത്തരം തൊഴിലിടങ്ങളിലും തൊഴിൽ ചെയ്യുന്നതിനും, തൊഴിലിന്റെ ആഘാതം കുറയ്ക്കുന്നതിനും, തൊഴിലുമായി നിൽക്കുന്നവരെ ഒന്നിച്ചു നിറുത്തു

ന്നതിനും, അവരവരുടെ തനതു ഭാഷ കൂടിയേ തീരൂ. മാത്രമല്ല, തൊഴിലുമായി പ്രത്യേകിച്ചും പരമ്പരാഗത തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങൾ, സഹപ്രവർത്തകരോട് പോലും സംവദിക്കാൻ ഇവർക്ക് തനതു ഭാഷ കൂടിയേ തീരൂ, തനതു ഭാഷയിലൂടെയല്ലാതെ തൊഴിൽ പരമായ പലതും കൈകാര്യം ചെയ്യാൻ കഴിയാത്ത സാഹചര്യം ഇവർക്കിടയിലുണ്ട്. എന്നാൽ ഈ പരമ്പരാഗത തൊഴിൽ ഇല്ലാതാകുന്നതോടെ അത്തരം തനതു ഭാഷാ പ്രയോഗങ്ങളുടെ തലം തന്നെ ഇല്ലാതാവുകയാണ്. അതിനു പകരം തൊഴിൽ തേടി ചെല്ലുന്നിടത്തെ ഭാഷ പ്രയോഗിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. ഇത് കേരളത്തിലെ ഗോത്രവർഗ ക്കാർക്കിടയിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ്.

**ദാരിദ്ര്യം**

തനതായ തൊഴിൽ നഷ്ടപ്പെടുന്നതോടെ, ആ സമൂഹത്തിലെ സാമ്പത്തിക സ്ഥിതി വല്ലാതെ പ്രയാസത്തിലാവുകയും ആ സമൂഹം ദാരിദ്ര്യത്തിൽ കൂപ്പുകുത്തുകയും ചെയ്യുന്നു. ഇത് ഇന്നത്തെ കേരളത്തിലെ ഗോത്രസമൂഹങ്ങൾക്കിടയിലെ നിത്യ സംഭവമാണ്. അല്പം പോലും ആഹാരത്തിന് വകയില്ലാതെ ദാരിദ്ര്യത്തിൽ കഴിയുന്ന ഗോത്രവാസികൾ വിശപ്പടക്കാൻ തൊഴിലിനായി മറ്റിടങ്ങളിലേക്ക് ചേക്കേറേണ്ടി വരികയും, അവിടത്തെ ജനങ്ങളുമായി ഇടപഴകേണ്ടി വരികയും ചെയ്യുന്നു. ഇത്തരം സാഹചര്യങ്ങളിൽ തനതു ഭാഷ പ്രയോഗിക്കാൻ കഴിയാതെ, മറ്റുള്ളവരുടെ ഭാഷ പ്രയോഗിക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു, ഇത്തരത്തിൽ സ്വന്തം ഭാഷാപ്രയോഗതലം നഷ്ടപ്പെട്ട് മറ്റ് ഭാഷയിലേക്ക് മാറുന്നതായി കാണാൻ കഴിയുന്നു.

**തനതു ഭാഷാ പ്രയോഗ ഇടം കുറയുക**

ഗോത്രഭാഷകളുടെ തനതു ഭാഷാപ്രയോഗ ഇടം പലപ്പോഴും അവരവരുടെ സമൂഹം നിലനിൽക്കുന്ന ആവാസവ്യവസ്ഥയാണ്. അതായത് ഈ സമൂഹത്തിന്റെ പരമ്പരാഗതമായ തൊഴിലിടങ്ങൾ, സാംസ്കാരിക ഒത്തുചേരലുകൾ, ആഘോഷങ്ങൾ, അടിയന്തരങ്ങൾ തുടങ്ങിയവയാണ്. എന്നാൽ ഇത്തരം ഗോത്രസമൂഹങ്ങളുടെ തൊഴിൽ നഷ്ടപ്പെടുക, ദാരിദ്ര്യം വർദ്ധിച്ചുവരിക, സംസ്കാരം നഷ്ടപ്പെടുക, തുടങ്ങിയ കാരണങ്ങളാൽ മറ്റിടങ്ങളിലേക്ക് പലായനം ചെയ്യേണ്ടിവരുന്നു. അത്തരത്തിൽ ഒരു ദൃഢമായ സമൂഹം ശോഷിച്ച് ഇല്ലാതാകുകയും, തനതു ഭാഷാ പ്രയോഗ, സമ്പർക്ക ഇടം നഷ്ടപ്പെടുകയും ചെയ്യുന്നു.

**തനതു ഭാഷാ പ്രയോഗ സാധ്യത കുറയുക**

ഭാഷ പ്രയോഗിക്കാൻ സമൂഹം ഒത്തൊരുമിച്ച് കൂടിവരുന്ന സാമൂഹിക സാംസ്കാരിക സാഹചര്യങ്ങൾ വളരെയധികം കുറഞ്ഞു വരിക, അതായത് ആചാരാനുഷ്ഠാനങ്ങൾക്കായുള്ള ഒത്തുചേരൽ, സാമൂഹിക സാംസ്കാരിക ആഘോഷങ്ങൾക്കായുള്ള ഒത്തുചേരൽ തുടങ്ങിയവയെല്ലാം കുറഞ്ഞുവരുന്നു, കാരണം, സാമൂഹിക ഉന്നമന ത്തിനും, തൊഴിലിനും, വിദ്യാഭ്യാസത്തിനും, ദൈനംദിന ജീവിതച്ചെ ലവിനും, ദിവസേനയുള്ള ആഹാരച്ചെലവിനുമായി പലരും മറ്റിടങ്ങ ളിലേക്ക് ചേക്കേറുന്നതിനാൽ, അവിടെ സാമൂഹികമായ ഒത്തുചേരലി നുള്ള സാധ്യത ഇല്ലാതാവുകയും തനതു ഭാഷാ പ്രയോഗ സാധ്യത നഷ്ടപ്പെടുകയും, അതോടൊപ്പം ഭൂരിപക്ഷ ഭാഷാ പ്രയോഗത്തിലേക്ക് കടക്കുകയും ചെയ്യുന്നതായി കാണാം, ഇത് മനപ്പൂർവമായി ചെയ്യുന്നതല്ല, അങ്ങനെയൊരു അവസ്ഥയിലേക്ക് ഇത്തരം ഗോത്രസമൂഹങ്ങൾ എത്തപ്പെ ടുന്നതായാണ് ഗോത്രവാസികളെക്കുറിച്ചുള്ള പഠനത്തിൽ നിന്നും വ്യക്തമാ കുന്നത്.

**തൊഴിലിനായുള്ള പലായനം**

പരമ്പരാഗതമായ തൊഴിലും തൊഴിലിടവും നഷ്ടമാവുക, അതായത് പരമ്പരാഗത കൃഷി, കൃഷിഭൂമി നഷ്ടമാവുക, കാട്ടുവിഭവ ശേഖരണം തടസപ്പെടുക, തുടങ്ങിയ കാരണങ്ങളാൽ ഗോത്രസമൂഹങ്ങളുടെ തൊഴിൽ മേഖലയും സാധ്യതയും ഇല്ലാതാവുകയും ചെയ്യുന്നു. ഇത്തരം സാഹചര്യ ങ്ങളിൽ തൊഴിലിനായി കൂട്ടത്തോടെയോ അല്ലാതെയോ പലയിട ങ്ങളിലേക്ക് പലായനം ചെയ്യുക, മറ്റ് തൊഴിലിടങ്ങളിലേക്ക് പലായനം ചെയ്യേണ്ടി വരിക, മറ്റ് തൊഴിലുടമകളുടെ തൊഴിലാളികളായി മറ്റ് സംസ്ഥാന ങ്ങളിലേക്ക് പലായനം ചെയ്യേണ്ടിവരിക, അത്തരം സാഹചര്യ ങ്ങളിൽ അവിടവിടങ്ങളിൽ പ്രയോഗത്തിലിരിക്കുന്ന ഭാഷ, അതായത് മറ്റ് തൊഴിലാളികളുടെയും, തൊഴിലുടമയുടെയും ഭാഷ പ്രയോഗിക്കേണ്ടുന്ന നിർബന്ധം ഉണ്ടാവുകയും ചെയ്യുന്നു, ഇങ്ങനെ സ്വന്തം തൊഴിൽ നഷ്ടപ്പെടുന്നതിനോടൊപ്പം ഭാഷാസ്വത്വവും നഷ്ടമാകുന്ന സാഹചര്യം ഉടലെടുക്കുന്നു.

**നിർബന്ധിതമായ പലായനം**

സർക്കാരിന്റെ പല വികസന പ്രവർത്തനങ്ങളുടേയും ഭാഗമായോ മറ്റ് പല കാരണങ്ങളാലുമോ പലപ്പോഴും ന്യൂനപക്ഷ വിഭാഗങ്ങളായ

ഗോത്രവാസികൾക്ക് അവരുടെ സാമൂഹിക ചുറ്റുപാടിൽ നിന്നും നിർബന്ധപൂർവ്വം മാറേണ്ടിവരുന്ന ഒരവസ്ഥ നിലനിൽക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ ഈ സമൂഹത്തിന് മറ്റൊരു സാമൂഹിക ചുറ്റുപാടിലേക്ക് പലായനം ചെയ്യേണ്ടിവരുന്ന സ്ഥിതി ഉണ്ടാവുന്നു. അത്തരം സാഹചര്യങ്ങളിൽ മറ്റ് പല സമൂഹങ്ങളുമായി ഇടപഴകേണ്ടി വരുകയും ഭൂരിപക്ഷഭാഷ പ്രയോഗിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. ഇതൊരു താത്കാലികമായ മാറ്റമല്ല, മറിച്ച് അവരുടെ ജീവിതത്തിലെ സാമൂഹിക സാംസ്കാരിക, ഭാഷാ തലങ്ങൾ വരെ മഴുവനായി മാറ്റം വരുത്തുന്നയൊന്നാണ്.

**ഇൻസ്റ്റിറ്റ്യൂഷണൽ സപ്പോർട്ട് ഇല്ലാതിരിക്കുക**

നൃൂനപക്ഷ ഭാഷകളുടെ ഉന്നമനത്തിന് അനിവാര്യമായ ഒരു ഘടകമാണ്, ഏതെങ്കിലും തരത്തിലുള്ള ഇൻസ്റ്റിറ്റ്യൂഷണൽ സപ്പോർട്ട്, ഏതെങ്കിലും ഏജൻസികളോ, സർക്കാർ സംവിധാനങ്ങളോ, മിഷണറി കളോ സപ്പോർട്ടുചെയ്ത് അവരുടെ ഭാഷയേയും സംസ്കാരത്തേയും പരിപോഷിപ്പിച്ച് കൊണ്ടുവരിക എന്നത്, എങ്കിൽ മാത്രമേ ഇത്തരം ഭാഷകളുടെ നിലനിൽപ്പ് സാധ്യമാവുകയുള്ളു. അത്തരം സപ്പോർട്ടുകൾ തീരെയും ഇല്ല എന്നതാണ് കേരളത്തിലെ ഗോത്ര ഭാഷകളുടെ കാര്യത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നത്. ആയതിനാലാണ് ഇത്തരം സമൂഹങ്ങൾക്ക് സ്വാഭാവികമായും ഭൂരിപക്ഷഭാഷകളെ ആശ്രയിക്കേണ്ടി വരുന്നത്.

**വിദ്യാഭ്യാസം**

മാതൃഭാഷാവിദ്യാഭ്യാസം വിദ്യാർത്ഥികളുടെ അവകാശമെന്നിരിക്കെ ഗോത്രവർഗവിഭാഗങ്ങൾക്ക് ഏത് ഭാഷയിലുള്ള വിദ്യാഭ്യാസമാണ് കേരളത്തിൽപ്പോലും കൊടുക്കുന്നത്. ഗോത്രവർഗക്കാരുടെ ഭാഷ ഓരോ ഗോത്രവിഭാഗത്തിനും വ്യത്യസ്തമാണെങ്കിലും എങ്ങനെ ഇവർക്ക് വിദ്യാഭ്യാസം അവരുടെ മാതൃഭാഷയിൽ നൽകാൻ കഴിയും എന്ന തരത്തിലുള്ള ഒരു ചിന്തയോ ചർച്ചയോ പോലും ഉണ്ടായിട്ടില്ല എന്നതും വളരെ പരിതാപകരമായ അവസ്ഥയാണ്. ഗോത്രവിഭാഗങ്ങൾക്കായി യുനസ്കോ ഒരു മാതൃക രൂപീകരിച്ചിട്ടുണ്ടായിരുന്നു. മാതൃഭാഷയിലൂടെ പൊതുഭാഷ പഠിപ്പിക്കുന്ന തരത്തിലാണ് അത് രൂപീകരച്ചിരിക്കുന്നത്. എന്നാൽ കേരളത്തിലെ ഗോത്രവിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നത് സംസ്ഥാനത്തെ പൊതുഭാഷയിലാണ്, അങ്ങനെയാവുന്നതുകൊണ്ട് തന്നെ

ഗോത്രവിഭാഗങ്ങളിലെ പുതുതല മുറയ്ക്ക് തനതായ ഗോത്ര മാതൃഭാഷ അറിയാതെ വരുന്നു. ഇതും ഗോത്രഭാഷാ ശോഷണത്തിന് കാരണമാകുന്നു.

**സമ്പർക്കാധിഷ്ഠിത അധിനിവേശം ഭാഷകളിൽ**

ഭാഷാ സമ്പർക്കം ഒരു സ്വാഭാവിക പ്രവണതയാണ്, അതായത് ഭാഷാസമ്പർക്കം അടുത്ത സമൂഹങ്ങൾ തമ്മിൽ സാമൂഹികതലത്തിലും സാംസ്കാരിക തലത്തിലും കൂടുതൽ ഇടപഴകുന്നതിനാൽ സംഭവിക്കുന്ന ഒരു സ്വാഭാവിക പ്രക്രിയയാണ്. ഭാഷാസമ്പർക്കം മിക്കപ്പോഴും ഇരു ഭാഷകളുടേയും വളർച്ചയ്ക്ക് കാരണമാകാറുണ്ട്. ഇത്തരത്തിൽ ഭാഷാ വളർച്ചയ്ക്ക് കാരണമാകുന്ന സമ്പർക്കത്തിലുള്ള ഭാഷകളുടെ ഭാഷാ സമ്പർക്ക തോത് അനിയന്ത്രിതമായി ഏതെങ്കിലും ഒരു ഭാഷയിൽ കൂടിവരുന്നത് അത്തരം ഭാഷകളുടെ നിലനിൽപ്പിന് ഭീഷണിയുമാണ്. പ്രത്യേകിച്ചും എഴുത്ത് ഭാഷയില്ലാത്ത ഭാഷകൾക്ക് ഇതൊരു ഭീഷണിതന്നെയാണ്. ഇന്ന് ഓരോ ഭാഷകളുടേയും സമ്പർക്ക സാധ്യതയും സമ്പർക്കതോതും കൃത്യമായി അളക്കുവാൻ സാധിക്കും. അത് ഏതൊക്കെ തലത്തിലൊക്കെയാണ് സമ്പർക്കത്തിലായിരിക്കുന്നുത് എന്നും, എത്രമാത്രം സമ്പർക്കത്തിലായിരിക്കുന്നു എന്നും സമ്പർക്ക സ്വാധീനം എത്രമാത്രം ഉണ്ട് എന്നും മനസ്സിലാക്കാൻ കഴിയുന്നതാണ്. ഇത് അത്ര എളുപ്പത്തിൽ സാധ്യമാകുന്ന ഒന്നല്ല എങ്കിലും ഒരു പരിധിവരെ ആ ഭാഷയിലെ സമ്പർക്ക സ്വാധീനം അളന്നു തിട്ടപ്പെടുത്താൻ സാധിക്കും. അതനുസരിച്ചുള്ള ഭാഷാപോളിസി ക്രമീകരണങ്ങൾ ചെയ്യാനും സാധിക്കുന്നതാണ്.

**ഭാഷാ സമ്പർക്കവും ഭാഷാ അധിനിവേഷവും**

ഒരു ഭാഷയിൽ മറ്റൊരു ഭാഷയുടെ സ്വാധീനം സമ്പർക്കത്തിലൂടെ ദീർഘനാൾ തുടരുകയാണെങ്കിൽ, സ്വാധീനഭാഷയിലേക്ക് മറ്റേ ഭാഷ പതിയെപ്പതിയെ മാറുന്നതായി കാണാം. കൂടാതെ പിൽക്കാലത്ത് അത് പൂർണമായും മാറുന്നതായും കാണാൻ സാധിക്കും. ഭാഷാ സമ്പർക്കത്തിന്റെ ദൈർഘ്യം കൂടുന്തോറും ഭാഷാ സ്വാധീനത്തിനും ഭാഷാമാറ്റത്തിനും ഭാഷാ അധിനിവേശത്തിനും കാരണമാകാറുണ്ട്. ആദ്യം ഭാഷാ സമ്പർക്കം ചുരുങ്ങിയ. അളവിലും അതുകഴിഞ്ഞ് അതിന്റെ ദൈർഘ്യം വർദ്ധിച്ച് സ്വാധീനം ചെലുത്തുന്ന ഭാഷയായും പിന്നീട് ആ ഭാഷയെ പാടെ ഇല്ലാതാക്കി അധിനിവേശത്തിന്റെ തലംവരെ എത്തിക്കുകയും

ചെയ്യുന്നു. ഇത്തരത്തിൽ അധിനിവേശത്തിലേക്ക് ഭാഷകൾ കടക്കുമ്പോൾ നാശത്തിലേക്ക് വഴുതിവീഴുന്ന ഭാഷകൾ നശിച്ച് തികച്ചും ഇല്ലാതായി മാറുന്നതായും കാണാം.

**ഭാഷാധിനിവേശകാരണങ്ങൾ ന്യൂനപക്ഷഭാഷകളിൽ**

ന്യൂനപക്ഷഭാഷകൾ പ്രത്യേകിച്ചും കേരളത്തിൽ, സ്വന്തമായി ലിപി ഇല്ലാത്ത ഭാഷകളാണ്, ഇവ സംസാരഭാഷകൾ മാത്രമാണ്. എന്നാൽ ഭാഷാശാസ്ത്രപരമായി പരിശോധിച്ചാൽ ഇവയ്ക്കെല്ലാം ഭാഷാ പദവി നൽകാവുന്നവയുമാണ്, പ്രത്യേകിച്ചും ഗോത്ര ഭാഷകൾ. എന്നാൽ ഇത്തരം ഭാഷകളിലേക്ക് ഭൂരിപക്ഷ പൊതുഭാഷ എഴുത്തുള്ള ഭാഷ സമ്പർക്ക ഭാഷയായി കടന്നുവരുകയും, തുടർന്ന് സമ്പർക്ക ദൈർഘ്യം കൂടുകയും, പിന്നീട് സമ്പർക്കം സ്വാധീനമായും, സ്വാധീനം അധിനിവേ ശമായി മാറുകയും ചെയ്യുന്നു. ന്യൂനപക്ഷഭാഷകൾക്കിടയിലെ പലവിധ ജീവിത, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, വിദ്യാഭ്യാസപരമായ കാരണങ്ങളാൽ സ്വന്തം ഭാഷയോടൊപ്പം ആദ്യനാളുകളിൽ സമ്പർക്ക ഭാഷയായി ഭൂരിപക്ഷ ഭാഷ കടന്നുവരുകയും പിന്നീട് അത് സ്വാധീന ഭാഷയായി മാറുകയും പതിയെ മുഖ്യഭാഷയായി പരിണമിക്കുകയും ചെയ്യുന്നു.

**മുഖ്യധാരാഭാഷയുടെ അധിനിവേശം കേരളത്തിലെ ഗോത്രഭാഷകളിൽ**

കേരളത്തിലെ ഭാഷാസമ്പർക്കവും ഭാഷാ അധിനിവേശവും പരിശോധിക്കുമ്പോൾ സമ്പർക്കദൈർഘ്യം നീണ്ടുനിൽക്കുകയും, അതിൽ നിന്നും മാറാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. സാമൂഹികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, തൊഴിൽ പരമായും, മറ്റ് ആനുകൂല്യ ലഭ്യതയ്ക്കായും ജീവിതത്തിലെ എല്ലാ മേഖലയിലും ഭൂരിപക്ഷ പൊതുഭാഷ കൂടിയേ തീരൂ എന്ന അവസ്ഥയിലേക്ക് സാമൂഹിക സാഹചര്യം മാറിയിരിക്കുന്നു. ഇതിൽ നിന്നും വളരെ വ്യക്തമാണ് ന്യൂനപക്ഷ ഭാഷകളിൽ പ്രത്യേകിച്ചും കേരളത്തിലെ ഗോത്രഭാഷകളിൽ ഭൂരിപക്ഷ പൊതുഭാഷാ സമ്പർക്കും കൊണ്ട് ഉണ്ടായ മാറ്റങ്ങൾ. ഇത്രമാത്രം പാർശ്വവൽക്കരിക്കപ്പെട്ട ഈ സമൂഹത്തിനിടയിലേക്ക് എങ്ങനെയാണ് ഭൂരിപക്ഷ പൊതുഭാഷ ഇത്രമാത്രം വേരൂന്നിയത് എന്നത് പരിശോധിക്കുമ്പോൾ, ഈ പഠനം വെളിപ്പെടുത്തുന്ന ചില പ്രധന കാരണങ്ങൾ ഉണ്ട്. അതായത് സ്വന്തം ഭാഷ പ്രയോഗിക്കാൻ കഴിയാത്ത സാമൂഹിക സാഹചര്യം സൃഷ്ടിക്ക

പ്പെടുന്നു എന്നതണ് പ്രധാന കാരണം. എങ്ങനെയാണ് ഇത്തരത്തിലുള്ള സാമൂഹിക സാഹചര്യം സൃഷ്ടിക്കപ്പെടുന്നത് എന്ന് പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത്, അവരുടെ പരമ്പരാഗതമായിരുന്ന തൊഴിൽ നഷ്ടപ്പെടുക, അവരുടെ കൃഷിഭൂമി ഇല്ലാതാവുക, അതിലൂടെ ദാരിദ്ര്യം വർദ്ധിക്കുക, പലകാരണങ്ങളാൽ താമസസ്ഥലത്തുനിന്നും മറ്റിടങ്ങളിലേക്ക് നിർബന്ധ പൂർവ്വം മാറ്റിപ്പാർപ്പിക്കുക, തൊഴിലിനായി മറ്റിടങ്ങളിലേക്ക് പലായനം ചെയ്യേണ്ടിവരിക, തുടങ്ങിയ നിരവധി കാരണങ്ങളാൽ ഇക്കൂട്ടർക്ക് സ്വഭാഷയിൽ നിന്നും ഭൂരിപക്ഷ പൊതുഭാഷയെ ആശ്രയിക്കേണ്ട സാമൂഹിക സാഹചര്യം സൃഷ്ടിക്കപ്പെടുകാണ് ചെയ്യുന്നത്. ഇത്തരത്തിൽ ആശ്രയിക്കേണ്ടി വരുന്ന ഭാഷയ്ക്ക് സ്വന്തം ഭാഷ വിധേയപ്പെടേണ്ടിവരുന്ന അവസ്ഥയാണ് കേരളത്തിലെ ഗോത്രവാസി ഭാഷകൾക്കിടയിൽ നിലനിൽക്കുന്നത്. സ്വന്തം ഭാഷ ഭൂരിപക്ഷഭാഷയുമായി സമ്പർക്കമുണ്ടാവുകയും ആ സമ്പർക്ക ദൈർഘ്യം വർദ്ധിക്കുകയും, അത് പിന്നീട് സ്വാധീന ഭാഷയായി പരിണമിക്കുകയും, പിൽക്കാലത്ത് അത് അധിനിവേശത്തിന്റെ രൂപത്തിൽ, ആ ന്യൂനപക്ഷ ഭാഷയിൽ കടന്നു പൂർണമായും ആ ഭാഷയെ കൂഴടക്കി, ഭൂരിപക്ഷ ഭാഷ മേൽകൈ നേടുന്നതും കാണാനാകും.. ഇതിലൂടെ ഭൂരിപക്ഷ ഭാഷയായ മലയാളം തമിഴ് കന്നട തുടങ്ങിയ ഭാഷകൾ കേരളത്തിലെ ന്യൂനപക്ഷ ഭാഷകളായ ഗോത്രവാസി ഭാഷകളെ അധിനിവേശത്തിന്റെ പല മാർഗങ്ങളിലൂടെയും കീഴ്പ്പെടുത്തി, പല ന്യൂനപക്ഷ ഭാഷകളുടേയും നാശത്തിന് കാരണമായി ഭവിക്കുന്നു.

**കേരളത്തിലെ ഗോത്രവിഭാഗങ്ങളും ഭാഷകളും**

കേരളത്തിലെ ഓരോ ഗോത്രവർഗവിഭാഗത്തിന്റെയും മാതൃഭാഷയും അത് ഏത് മുഖ്യഭാഷയുമായാണ് ബന്ധം നിലനിറുത്തുന്നുവെന്നതും, ഇതരജനവിഭാഗങ്ങളുമായി അവർ സമ്പർക്ക ത്തിലേർപ്പടുന്ന സമ്പർക്ക ഭാഷ ഏതെന്നുമൊക്കെ താഴെ വിവരിക്കുന്നു. ഗോത്രവർഗമൊഴികളെ ക്കുറിച്ച് നടന്നിട്ടുള്ള പഠനങ്ങളുടെ വെളിച്ചത്തിലാണ് തയ്യാറാക്കിയി ട്ടുള്ളത്.

| ഗോത്രവിഭാഗം | ഗോത്രഭാഷ | സമ്പർക്കഭാഷ |
|---|---|---|
| അടിയൻ | അടിയഭാഷ | മലയാളം, കന്നട |
| അരനാടൻ | മലയാളം | മലയാളം |

| | | |
|---|---|---|
| എരവാലൻ | തമിഴ് | തമിഴ്, മലയാളം |
| ഹിൽപുലയ | പുലയഭാഷ | തമിഴ്, മലയാളം |
| ഇരുളർ | ഇരുളഭാഷ | തമിഴ്, മലയാളം |
| കാടർ | കാടഭാഷ | മലയാളം |
| കാണിക്കാർ | കാണിഭാഷ | മലയാളം, തമിഴ് |
| കരിമ്പാനൻ | മലയാളം | മലയാളം |
| കാട്ടുനായ്കൻ | നായ്ക ഭാഷ | കന്നട, മലയാളം |
| കൊറഗ | കൊറഗ ഭാഷ | തുളു, കന്നട |
| കുടിയ | കുടിയഭാഷ | മലയാളം,കന്നട,തുളു |
| കുറിച്ചിയ | കുറിച്ചിയ ഭാഷ | മലയാളം |
| കുറുമർ | മലയാളം | കന്നട, മലയാളം |
| കുറുമ്പർ | കുറുമ്പഭാഷ | തമിഴ്, മലയാളം |
| മഹാമലസർ | തമിഴ് | തമിഴ്, മലയാളം |
| മലയാരയൻ | മലയാളം | മലയാളം |
| മലപണ്ഠാരം | പണ്ഠാരഭാഷ | മലയാളം |
| മലവേടൻ | മലയാളം | മലയാളം |
| മലസർ | തമിഴ് | മലയാളം, തമിഴ് |
| മലയൻ | മലയാളം | മലയാളം |
| മന്നാൻ | മന്നാൻ ഭാഷ | തമിഴ്, മലയാളം |
| മുതുവാൻ | മുതുവ ഭാഷ | തമിഴ്, മലയാളം |
| പള്ളിയൻ | തമിഴ് | മലയാളം |
| പണിയർ | പണിയഭാഷ | മലയാളം |
| ഉള്ളാടൻ | ഉള്ളാടഭാഷ | മലയാളം |
| ഊരാളി | ഊരാളിഭാഷ | മലയാളം |
| മലവേട്ടുവൻ | മലയാളം | മലയാളം |

| | | |
|---|---|---|
| തച്ചിനാടൻമൂപ്പൻ | മലയാളം | മലയാളം |
| ചോലനായ്കൻ | ചോലനായകഭാഷ | മലയാളം |
| മാവിലൻ | മാവിലഭാഷ | കന്നട, മലയാളം |
| മുഡുഗർ | മുഡുഗഭാഷ | തമിഴ്, മലയാളം |
| വെട്ടക്കുറുമർ | വെട്ടക്കുറുമഭാഷ | മലയാളം, കന്നട |
| മലപ്പണിക്കർ | മലയാളം | മലയാളം |
| വയനാട് കാടർ | മലയാളം | മലയാളം |

മേൽസൂചിപ്പിച്ച ഗോത്രവർഗങ്ങളെയാണ് സർക്കാർ പട്ടികപ്പെടുത്തിയ പട്ടികവർഗ വിഭാഗങ്ങളായി കണക്കാക്കുന്നത്, എന്നാൽ മറ്റ് പല പണ്ഡിതരുടേയും അഭിപ്രായത്തിൽ കേരളത്തിൽ മറ്റ് ചില ഗോത്ര വിഭഗങ്ങൾ കൂടി കാണപ്പെടുന്നുണ്ട്, എന്നാൽ ആ വിഭാഗങ്ങളെ സർക്കാർ പട്ടികപ്പെടുത്താത്തതിനാലും അവർ പട്ടിക വർഗ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും ഇവിടെ പഠനവിധേയമാക്കിയിട്ടില്ല. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഓരോ വിഭാഗത്തിനും തനതായ ഭാഷ ഉണ്ടെന്നും അത് അവരുടെ ഗോത്രനാമത്തിൽ തന്നെയാണ് അറിയപ്പെടുന്നതെന്നും ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്, എന്നാൽ ചില ഗോത്ര വിഭഗങ്ങൾക്ക് തനതായ ഭാഷ ഇല്ലാതായെന്നും അവർ ഭൂരിപക്ഷ ഭാഷതന്നെയാണ് വ്യവഹാരഭാഷയായി ഉപയോഗിക്കുന്നത് എന്നും ഇതിൽ നിന്നും വ്യക്തമാണ്. ഇതുവരെ നടന്നിട്ടുള്ള ഓരോ പഠനങ്ങളുടേയും വെളിച്ചത്തിലാണ് മുകളിൽ സൂചിപ്പിച്ച പട്ടിക തയ്യാറാക്കിയിരിക്കുന്നത്. 2015-17 കാലഘട്ടങ്ങളിൽ വരെ നടന്ന പഠനങ്ങളുടെ വെളിച്ചത്തിലാണ് മുകളിൽ കൊടുത്തിരിക്കുന്ന ഗോത്രവിഭാഗങ്ങളുടെ നാമവും അവരുടെ പ്രയോഗത്തിലിരിക്കുന്ന ഭാഷയും അതുപോലെ അവർ കൂടുതലായി ഇടപഴകുന്ന ഭാഷയും അവിടെ വ്യക്തമാക്കുന്നുണ്ട്. ഡോ.ശ്രീനാഥന്റെ കോരളത്തിലെ ഭാഷകൾ (വർഷം) ചൂണ്ടിക്കാണിക്കുന്ന പട്ടികയിൽ നിന്നും ഈ പട്ടികയിൽ ചില മാറ്റങ്ങൾ കാണുവാൻ സാധിക്കുന്നത്, ഏറ്റവും പുതുതായി നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.

**സംഗ്രഹം**

കേരളത്തിലെ ഗോത്രവിഭാഗങ്ങൾക്കിടയിലെ മാതൃഭാഷാ ശോഷണത്തിനുള്ള കാരണങ്ങൾ പലതാണെങ്കിലും പ്രധാനമായും അവരുടെ

പരമ്പരാഗത തൊഴിൽ ഇല്ലാതാവുന്നു എന്നതും, തൊഴിലിടങ്ങൾ ഇല്ലാതാവുന്നു എന്നതുമാണ്. കൂടാതെ മറ്റ് പല കാരണങ്ങൾ കൂടി കണക്കാക്കിയിട്ടുണ്ട്. എങ്കിൽപ്പോലും ഇവയാണ് പ്രധന കാരണമായി കാണാനാവുക. ഗോത്രവിഭാഗങ്ങൾ ഒരു സമൂഹമെന്നനിലയിൽ ഒരുമിച്ച് കൂടിവരുന്നതിനുള്ള സാഹചര്യം കുറയുന്നു, മുഖ്യധാരയിലെ മറ്റ് പല സംസ്കാരങ്ങളുടേയും ഭാഗമായി മാറാൻ സാഹചര്യം നിർബന്ധിക്കുന്നു. ഇത്തരത്തിൽ പുറമേനിന്നുള്ള സംസ്കാരവും ഭാഷയും പ്രയോഗിക്കേണ്ടതും പാലിക്കേണ്ടിയും വരുന്ന അവസ്ഥ കേരളത്തിലെ ഗോത്രവിഭാഗങ്ങളുടെ ഭാഷാശോഷണത്തിന് കാരണമാകുന്നു. പ്രത്യേകിച്ചും മലയാളഭാഷയുടെയും തമിഴ് കന്നട തുടങ്ങിയ തൊട്ടടുത്ത സംസ്ഥാനങ്ങളിലെ പൊതുഭാഷകളുടെ സ്വാധീനവും അധിനിവേശവും കേരളത്തിലെ ഗോത്രവിഭാഗങ്ങളുടെ തനതു ഭാഷയ്ക്കും അത്തരം ഭാഷകളുടെ അസ്തിത്വ ശോഷണത്തിനും നിലനിൽപിനും ഭീഷണിയുമാകുന്നു. കേരളത്തിലോ ഗോത്രവിഭാഗ ങ്ങൾക്ക് അവരുടെ ഏതെങ്കിലും തരത്തിലുള്ള ഔദ്യോഗിക ആവശ്യങ്ങൾക്ക് മലയാള ഭാഷ ഉപയോഗിക്കേണ്ടിവരുന്നു, അത് അറിയില്ലായെങ്കിൽ ആ കാര്യം നടക്കാതെ പോകുന്നു. ഇത്തര ത്തിൽ ഔദ്യോഗിക ഭാഷ പറയാനും എഴുതാനും അറിയാത്തതുകൊണ്ട് മാത്രം ഗോത്ര ഊരുകളിൽ നിന്നും പല ആവശ്യങ്ങൾ ഉണ്ടായിട്ടും അതിനുവേണ്ടി പുറത്തുവരാത്ത ധാരാളം പേർ ഊരുകളിൽ ഇന്നും ഉണ്ട് എന്നത് അദ്ഭുതപ്പെടുത്തുന്ന ഒന്നാണ്. ഇത്തരം അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഗോത്രവിഭാഗങ്ങളിലെ മിക്ക പേരും മക്കളെ മലയാളം പഠിപ്പിക്കാൻ താത്പര്യപ്പെടുകയും അതിനായി അയക്കുകയും ചെയ്യുന്നു. ഇങ്ങനെയാണ് കേരളത്തിലെ ഗോത്രവിഭാഗങ്ങളിലേക്ക് മലയാളം അധിനിവേശം ചെയ്ത് അവരുടെ തനതു ഭാഷയെ ഇല്ലായ്മ ചെയ്ത്. ഇതിന് ഒരു പരിഹാരമെന്നനിലയിൽ യുനസ്കോ മൈൽസ് എന്ന ഒരു പദ്ധതി ആവിഷ്കരക്കുകയും അത് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വജയകരമായി പ്രവൃത്തിച്ചു വരുന്നു.

യുനസ്കോയുടെ വിജയകരമായി പ്രവർത്തിച്ചുവരുന്ന മൈൽസ് പദ്ധതി, കേരളത്തിലും അതിന്റെ പ്രായോഗിക വശങ്ങൾ മനസ്സിലാക്കി നടപ്പിലാക്കിയാൽ ഗോത്രവിഭാഗങ്ങളുടെ ഭാഷാ ശോഷണം തടയുവാനും, എല്ലാ തലമുറയിലേയും ആൾക്കാർക്ക് അവരുടെ ഭാഷ പ്രയോഗിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു. അതായത് മൈൽസ് പദ്ധതി നടപ്പിലാക്കിവരുന്നത് ഒന്നാം ക്ലാസിൽ 80 ശതമാനം കാര്യങ്ങളും ഗോത്രഭാഷയിലും 20 ശതാനം കാര്യങ്ങൾ ഭൂരിപക്ഷഭാഷയിലും ആയിരിക്കും

പഠിപ്പിക്കുന്നത്, അതുപോലെ തന്നെ രണ്ടാം ക്ലാസിലാകുമ്പോൾ 60 ശതമാനം ഗോത്രഭാഷയും 40 ശതമാനം ഭൂരിപക്ഷഭാഷയും മായിരിക്കും പഠിപ്പിക്കുക, പിന്നെ മൂന്നാം ക്ലാസിലാകുമ്പോൾ 40 ശതമാനം ഗോത്രഭാഷയും 60 ശതമാനം ഭൂരിപക്ഷ ഭാഷയുമായിരിക്കും പഠിപ്പിക്കുക, പിന്നെ നാലാം ക്ലാസ്സിലാകുമ്പോൾ 20 ശതമാനം ഗോത്രഭാഷയും 80 ശതമാനം ഭൂരിപക്ഷഭാഷയുമായിരിക്കും പഠിപ്പിക്കുക, അതുകഴിഞ്ഞ് അഞ്ചാം ക്ലാസിലാകുമ്പോൾ 100 ശതമാനവും ഭൂരിപക്ഷ ഭാഷയിലാ യിരിക്കും പഠിപ്പിക്കുക. ഇത്തരത്തിൽ ഒരു പദ്ധതി കേരളത്തിലെ ഗോത്രവിഭഗങ്ങൾ ക്കിടയിലെ ഭാഷകളിലും ചെയ്യുവാൻ സാധിച്ചാൽ ഗോത്രഭാഷ കളുടെ ശോഷണം കുറച്ച് അവയെ നിലനിർത്തുന്നതിനും എല്ലാതലമുറയിലെയും ആൾക്കാർക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ സെരക്ഷിക്കാനും സാധിക്കും.

**ഗ്രന്ഥസൂചി**

1. Ashmore, Louise. 2008. The role of digital video in language documentation. Language documentation and description.
2. Darwin L (2020), Language of Irula: A Descriptive Study, LAP Lambert Academic Publishing, International Book Market services, Mauritius.
3. Evans, Nicholas. 2010. Dying words: endangered languages and what they have to tell us. Malden MA: Wiley-Blackwell.
4. Himmelmann, N. P. (2008). Reproduction and Preservation of Linguistic Knowledge: Linguistics' Response to Language Endangerment
5. Himmelmann, N. P. (2012). Linguistic Data Types and the Interface between Language ocumentation and Description. Language Documentation & Conservation.
6. Lyle Campbell and Anna Belew, (Ed.), 2018, Cataloguing the World's endangered languages, Routledge 711 Third Avenue, New York, NY 10017.
7. Margetts, Anna and Andrew Margetts. 2012. Audio and video recording techniques for linguistic research. In Nicholas

Thieberger (ed.) The Oxford Handbook of Linguistic Fieldwork. Oxford: Oxford University Press.
8. Mayer, Mercer. 1969. Frog, where are you? New York: Dial Press.
9. McConvell, Patrick. 2007. Video-A linguist's view. Language Archives Newsletter
10. Mostefa Abdelhadi, 2017, Language maintenance factors: Reflections on the Arabic language.
11. Nair, P. S (1976), Paniyar, National Book Stall, Kottayam
12. Nair, R. S (2013), Tribal Languages of Kerala, Language in India, Vol 13
13. Rajendran, N (1978), Description of the language of mudugas, PhD Thesis, University of Kerala
14. Sankunni, Nair.1995. Point of contact between Prakrit and Malayalam, Thiruvananthapuram: International School of Dravidian Linguistics.
15. Scheduled Tribe Development Department (2019), Kaipustakam, Government of Kerala Press, Trivandrum
16. Scheduled Tribe Development Department, 2013, Report on the Socio Economic Status
17. Scheduled Tribe Development Department, Kerala, Scheduled Tribe of Kerala, Report on Socio- Economic Status, 2013.
18. Sreenathan.M, 2006, tIcf¯nse `mjIÄ, ICKS, University of Kerala
19. Weinreich Uriel, 1964, Languages in Contact, Mouton & Co., London, The Hague Paris.
20. Winford, Donald. 2003. An Introduction to Contact Linguistics. Oxford: Blackwell.
21. Zvelebil, K (1973), The Irula language, Harrassowitz Verlag, Wiesbaden

# സി.പി. അച്യുതമേനോന്റെ വിമർശനമാനദണ്ഡങ്ങൾ

**ഡോ. പ്രിയ വി.**

**പ്രബന്ധസംഗ്രഹം**

*സാഹിത്യസൃഷ്ടിയോളം സർഗ്ഗാത്മകമാണ് സാഹിത്യവിമർശനവും എന്ന വീക്ഷണം ആധുനികതയുടെ കാലത്താണ് ശക്തമായത്. ഇപ്പോൾ മലയാളവിമർശനരംഗം മുൻപത്തെക്കാളധികം കർക്കശവും കലുഷിതവുമായിക്കൊണ്ടിരിക്കുന്നു. ആശയസമരങ്ങൾ സജീവമാകുകയും അനുദിനം പുതിയ തലങ്ങൾ രൂപപ്പെടുകയും ചെയ്യുന്നു. പാണ്ഡിത്യത്തിന്റെ പ്രൗഢസാന്നിധ്യവും നവവീക്ഷണവും ഉൽപതിഷ്ണുത്വവും വ്യുൽപന്നതയും യുക്തിബോധവുമെല്ലാമുണ്ടെങ്കിലും 'എസ്റ്റാബ്ലിഷ്മെന്റ് എന്ന പൊൻവലയിൽ' സമകാലികവിമർശനരംഗം കുടുങ്ങിക്കിടക്കുകയാണ്. ഇവിടെയാണ് സി.പി.അച്യുതമേനോന്റെ പ്രസക്തി. മലയാളവിമർശനത്തിൽ സ്വന്തമായൊരു പാത വെട്ടിത്തെളിച്ച് നിരൂപണത്തിന്റെ പ്രാധാന്യം എത്രത്തോളമുണ്ടെന്ന് ബോധ്യപ്പെടുത്തിയ വ്യക്തിയാണ് സി.പി.അച്യുതമേനോൻ. മലയാളവിമർശനരംഗം ഇന്ന് ശക്തമായി നിലനിൽക്കുന്നതിൽ സി.പി.അച്യുതമേനോന്റെ പങ്ക് എത്ര പ്രധാനമാണെന്ന് കണ്ടെത്തുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.*

**താക്കോൽവാക്കുകൾ**

*വിമർശനം, ഘടകം, ധർമ്മം, മലയാളത്തിലെ ആദ്യകാല വിമർശനം, സി.പി.അച്യുതമേനോൻ, വിദ്യാവിനോദിനി, പ്രായോഗിക നിരൂപണം, മണ്ഡനവിമർശനം, ഖണ്ഡനവിമർശനം, പ്രാസവാദം, ദ്രുതകവനം, കല്യാണീനാടകം.*

ബാഹ്യ-ആഭ്യന്തര വിശകലനത്തിലൂടെ ഒരു സാഹിത്യകൃതിയുടെ സവിശേഷതകളെ മൂല്യനിർണ്ണയം ചെയ്യുന്ന ബൗദ്ധികവും ക്രിയാത്മകവുമായ പ്രവർത്തനമാണ് വിമർശനം. ഒരു കൃതിയുടെ കലാമൂല്യം കണ്ടെത്തുക, അത് സാംസ്കാരികജീവിതത്തിൽ ചെലുത്തിയ സ്വാധീനം നിർണ്ണയിക്കുക എന്നിവ വിമർശനത്തിന്റെ പ്രധാന ഘടകങ്ങളാണ്. അതിനായി കൃതിയുടെയും അതിന്റെ സ്രഷ്ടാവിന്റെയും മാനസിക-വൈകാരിക-സാംസ്കാരിക അന്തർമണ്ഡലങ്ങളിലുള്ള സൂക്ഷ്മനിരീക്ഷണം അനിവാര്യ

മാണ്. ചുരുക്കത്തിൽ കലയെ വ്യാഖ്യാനിക്കുന്ന കലയാണ് വിമർശനം. വ്യാഖ്യാനവും വിധികല്പിക്കലുമാണ് വിമർശനത്തിന്റെ രണ്ട് ധർമ്മങ്ങളെന്ന് ഹെന്റി ഹഡ്സൺ (William Henry Hudson - An Introduction to the study of literature) അഭിപ്രായപ്പെടുന്നു. വിമർശനമെന്നതിന് ആംഗലേയത്തിൽ ക്രിട്ടിസിസം (Criticism) എന്നാണ് വിവക്ഷ. Kritikos എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് criticism എന്ന പദം നിഷ്പന്നമായിരിക്കുന്നത്.

മലയാളസാഹിത്യവിമർശനം സമാരംഭിക്കുമ്പോൾ സംസ്കൃതസാഹിത്യവിമർശന പദ്ധതിയെയാണ് അവലംബമാക്കിയിരുന്നത്. കൃതിയുടെ ആന്തരികമൂല്യത്തെ നിർദ്ധാരണം ചെയ്യാതെ അലങ്കാരഭംഗി, വാക്യദോഷം, പദദോഷം, രസം മുതലായവയെ സ്പർശിച്ചുകൊണ്ടുള്ള വിമർശനമാണ് ആദ്യകാലത്ത് നിലനിന്നിരുന്നത്. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ വിദ്യാവിനോദിനിയിൽ പ്രസിദ്ധീകൃതമായ പുസ്താകാഭിപ്രായങ്ങളെയും അവതാരികകൾ, പത്രമാസികകളിലെ ലേഖനങ്ങൾ സാഹിത്യപ്രഭാഷണങ്ങൾ എന്നിവയെയും മലയാളവിമർശനസാഹിത്യത്തിന്റെ തുടക്കത്തിലെ പ്രധാന ഈടുവയ്പുകളായി കണക്കാക്കാറുണ്ട്. അവ കാവ്യത്തിന്റെ ബാഹ്യമോടിയിൽ മാത്രം ശ്രദ്ധ ചെലുത്തുന്നവയായിരുന്നു; ശബ്ദാലങ്കാരാദിക്രമത്തെ മുൻനിർത്തുന്നവ. മാത്രമല്ല, കവികളെ കഴിയുന്നത്ര നല്ല വാക്കുകൾ കൊണ്ട് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് അവ ഊന്നൽ കൊടുത്തത്. ഇതിൽ നിന്നു വ്യത്യസ്തവും സ്വതന്ത്രമായ ആശയധാരകളാൽ സമ്പന്നവുമായിരുന്നു സി.പി.അച്യുതമേനോന്റെ വിമർശനങ്ങൾ. തന്റെ ആ വാദം വായനക്കാരോട് അദ്ദേഹം വിശദമാക്കുകയും ചെയ്തു. മലയാളത്തിൽ സാഹിത്യവിമർശനം ആരംഭിച്ചപ്പോൾ ത്തന്നെ സി.പി. അതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് പുലർത്തിയിരുന്നു. മറ്റു ഭാഷകളിലെ ഗ്രന്ഥങ്ങളുടെ രീതിയിൽ മലയാളത്തിലും സാഹിത്യശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടാകണമെന്ന് അദ്ദേഹം വാദിച്ചു. അതുകൊണ്ട്, എക്കാലത്തും മലയാളത്തിൽ സജീവമായ സാഹിത്യവിമർശനത്തിന്റെ ഉപജ്ഞാതാവായി ആദരിക്കപ്പെടുന്നത് ചങ്കരം പൊന്നത്ത് അച്യുതമേനോനെന്ന സി.പി. അച്യുതമേനോനാണ്.

പ്രസിദ്ധ നിരൂപകൻ, ഗദ്യകാരൻ, കഥാകൃത്ത്, ഗവേഷകൻ, ഭരണതന്ത്രജ്ഞൻ, കൊച്ചിൻ സ്റ്റേറ്റ് മാന്വലിന്റെ കർത്താവ് എന്നിങ്ങനെ ഒട്ടനവധി നിലകളിൽ പ്രസിദ്ധനായിരുന്ന അദ്ദേഹം വിദ്യാവിനോദിനി എന്ന

മാസികയുടെയും പത്രാധിപരായിരുന്നു. വിഷയവൈവിധ്യം പുലർത്തുന്ന ഒരു മാസികയോ അല്ലെങ്കിൽ വാരികയോ ഒന്നും തന്നെ മലയാളത്തിൽ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് വിദ്യാവിനോദിനി എന്ന മാസിക പുറത്തിറങ്ങുന്നത്. അതിന്റെ നേതൃസ്ഥാനം വഹിച്ചുകൊണ്ട് ആ മാസികയെ വിദ്യയുടെ മാധ്യമമായി വിഭാവനം ചെയ്യുകയാണ് സി.പി. ചെയ്തത്. അതിലൂടെ അറിവും പരിഷ്കാരവും വർദ്ധിപ്പിക്കുകയും എളുപ്പത്തിൽ മനസിലാവുന്ന ഭാഷയിൽ എഴുതപ്പെട്ട പ്രാചീനവും നവീനവുമായ കൃതികളുടെ പ്രസിദ്ധീകരണത്തിലൂടെ സാഹിത്യപുരോഗതി ഉണ്ടാക്കുകയുമായിരുന്നു സി.പി.യുടെ ലക്ഷ്യം. സാഹിത്യകൃതികളുടെ പോഷണത്തിനായി തുടങ്ങിയ വിദ്യാവിനോദിനിയിൽ സാഹിത്യനിരൂപണങ്ങളെഴുതി സാഹിത്യനവോത്ഥാനം സൃഷ്ടിക്കാൻ സി.പി.യ്ക്ക് കഴിഞ്ഞു. അവയാകട്ടെ നവീനമായ ഒരു ഭാവുകത്വത്തിനു തുടക്കം കുറിച്ചു. അതുവഴി വിമർശനത്തിന്റെ പാതയിൽ ഒരു പുതുവഴി തുറക്കാൻ അദ്ദേഹത്തിനായി. സാഹിത്യമാസിക എന്നാൽ എന്താണെന്ന് മലയാളിക്ക് മനസ്സിലാക്കിക്കൊടുക്കാനും ചരിത്രം, ധനശാസ്ത്രം, മറ്റു ശാസ്ത്രവിഷയങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തി മാസികയ്ക്ക് വിഷയവൈവിധ്യം കൈവരുത്തുവാനും ഗ്രന്ഥവിമർശനത്തിന് പ്രാധാന്യം നൽകാനും അതുവഴി മലയാള സാഹിത്യവിമർശനത്തിന് തനതായ മാർഗ്ഗരേഖ പകർന്നുകൊടുക്കാനും സി.പി.അച്യുതമേനോന് കഴിഞ്ഞു.

വ്യവസായവത്കരണത്തോട് ആഭിമുഖ്യം കാണിച്ചുകൊണ്ട് കേരളത്തിന്റെ സാമ്പത്തികാടിത്തറ ദൃഢപ്പെടുത്തേണ്ടതിന് കർഷകരീതി നവീകരണം, വിളവു വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത, പത്രമുണ്ടാക്കുന്നതിനായി യന്ത്രങ്ങൾ സ്ഥാപിക്കൽ, നാണയവിനിമയത്തിന്റെ പൊരുളും പണത്തിന്റെ പ്രാധാന്യവും വിശദീകരിക്കൽ തുടങ്ങി മാറുന്ന സമൂഹ ചിന്താഗതിക്കൊപ്പം നിന്ന് ദീർഘദർശിത്വത്തോടെ ലേഖനങ്ങൾ രചിക്കാനും പ്രസിദ്ധീകരിക്കാനും സി.പി. അക്ഷീണം പരിശ്രമിച്ചു. പത്രധർമ്മമെന്നാൽ സാഹിത്യത്തെ ഗുണദോഷവിചിന്തനം വഴി ശുദ്ധീകരിച്ച് സൂക്ഷിക്കലാണെന്ന് സി.പി.വിശ്വസിച്ചു. ചുറ്റുപാടുമുണ്ടായ ചിന്താ വിപ്ലവത്തെയും അതിന്റെ ഗതിവിഗതികളെയും നേരായ വഴിയിലൂടെ നയിക്കുക പത്രാധിപർ എന്ന നിലയിൽ തന്റെ ധർമ്മമാണ് എന്ന് അദ്ദേഹം കരുതി. അതിനായി ജാതി പ്രാമാണ്യത്തെ തൃണവൽഗണിച്ചുകൊണ്ട് തനിക്ക് ശരിയെന്നു തോന്നുന്നത് മുഖം നോക്കാതെ തുറന്നെഴുതി. അതിനു തെളിവാണ് അദ്ദേഹത്തിന്റെ അർത്ഥശാസ്ത്രസംബന്ധിയായ ലേഖനങ്ങൾ.

അർത്ഥശാസ്ത്രസംബന്ധമായ ജ്ഞാനം, ഉയർന്ന മൗലികബോധം, വിശിഷ്ടമായ (ഗുണദോഷവിചിന്തനത്തിലൂടെ സാഹിത്യത്തെ ശുദ്ധീകരിച്ച് സൂക്ഷിക്കുക), പത്രധർമ്മാചരണം എന്നിവയ്ക്ക് ഉത്തമദൃഷ്ടാന്തങ്ങളാണ് അദ്ദേഹത്തിന്റെ 'പ്രയത്നം', 'മൂലധനം' മുതലായ ലേഖനങ്ങൾ.

കാലത്തെ കവിഞ്ഞ കാഴ്ചപ്പാട്, പോഷകവിമർശനത്തിനെതിരായ നിരൂപണസങ്കല്പം, പ്രാസവാദത്തെക്കുറിച്ചുള്ള നിലപാട്, സ്വഭാഷാപ്രതിപത്തി, വായനക്കാരെക്കുറിച്ചുള്ള തികഞ്ഞ ധാരണ, സാഹിത്യരൂപജ്ഞാനം, മർമ്മഭേദിയായ വിമർശനരീതി, അപൂർവ്വത കൈവരുത്തുവാനുള്ള ശ്രമം എന്നിവ സി.പി.യെ ഈ വഴിയിൽ അനന്യസാധാരണനാക്കി മാറ്റുന്നു.

എടുത്തുപറയേണ്ട മറ്റൊരു പ്രത്യേകതയാണ് സി.പി. നിരൂപണത്തിൽ പുലർത്തിയിരുന്ന സത്യസന്ധത. തന്റെ സുഹൃത്തും വിദ്യാവിനോദിനിയുടെ സഹപത്രാധിപരിൽ ഒരാളുമായ സി.അന്തപ്പായിയുടെ 'നാലുപേരിലൊരുത്തൻ' പുറത്തിറങ്ങിയപ്പോൾ ആ കൃതിയെക്കുറിച്ച് പുകഴ്ത്തുകയല്ല മറിച്ച് അതിലെ തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാണിക്കുകയാണ് അദ്ദേഹം ചെയ്തത്. ''ഈ നാടകത്തിലെ കഥയ്ക്ക് വിശേഷിച്ചൊരു ചമൽക്കാരവുമില്ല. അതു ഗ്രന്ഥകാരനുദ്ദേശിച്ചിട്ടുണ്ടെന്നും തോന്നുന്നില്ല. പ്രാസത്തിനും പാദപൂരണത്തിനും വേണ്ടി ചില കവികൾ ചെയ്യുന്ന യത്നങ്ങളെയും അവർ തമ്മിലുള്ള സ്പർദ്ധകളെയും നാടകാഭിനയത്തേയും മറ്റും ഉപഹാസ്യങ്ങളാക്കുന്നതിനു മാത്രം ചില സംഗതികളെ കൂട്ടിച്ചേർത്ത് ഒരു കഥയാക്കിത്തീർത്തു എന്നു മാത്രമേയുള്ളൂ.'' (സി.പി.യുടെ നിരൂപണങ്ങൾ, ടി.ടി.പ്രഭാകരൻ, പുറം 184). ഈ വിലയിരുത്തൽ മാത്രം മതി സി.പി.യുടെ നിരൂപണത്തിലെ സത്യസന്ധത വിലയിരുത്താനായിട്ട്.

സി.പി.യുടെ നിരൂപണസങ്കല്പത്തിന് അടിവരയിടുന്നതാണ് അദ്ദേഹത്തിന്റെ പ്രായോഗിക നിരൂപണങ്ങൾ. കവികളുടെ നിലനോക്കാതെ കൃതികളെ ഗുണാഗുണ നിരൂപണത്തിലൂടെ വിലയിരുത്തുകയാണ് വേണ്ടത് എന്നതാണ് സി.പി.യുടെ പക്ഷം. അന്ന് നിലനിന്നിരുന്ന പോഷകവിമർശനത്തിൽ നിന്ന് തികച്ചും വ്യതിരിക്തമായിരുന്നു അത്. ഏതാണ് നല്ല പുസ്തകമെന്നും ഏതാണ് ചീത്തയെന്നും തിരിച്ചറിയാൻ കഴിയാതെ കുഴങ്ങിയ വായനക്കാരോട് 'വായിക്കാൻ തിരഞ്ഞെടുക്കുമ്പോൾ വിവേചനബുദ്ധി പ്രകടിപ്പിക്കണമെന്ന്' അദ്ദേഹം ഓർമ്മിപ്പിച്ചു. ക്ഷുദ്ര പുസ്തകങ്ങളും അമ്മായി ശ്ലോകങ്ങളും വർദ്ധിക്കാതിരിക്കണമെങ്കിൽ വിദ്വാന്മാർ

മുഖം നോക്കാതെ നിഷ്പക്ഷമായി വിമർശിക്കണമെന്ന് സി.പി. ധീരമായി പ്രഖ്യാപിച്ചു. മലയാളകവിതയിലെ മുടിചൂടാമന്നന്മാരെയും പണ്ഡിതന്മാരെയും മുഖം നോക്കാതെ വിമർശിക്കാനും അദ്ദേഹം മടിച്ചില്ലയെന്നതിന് തെളിവാണ്, മനോരമ വിജയത്തിന് എഴുതിയ വിമർശനം. ''അഷ്ടവൈദ്യന്മാരിൽ പ്രസിദ്ധനും വിദ്വൽകുല ശിരോമണിയും സകലസജ്ജനസമ്മതനും വളരെ സംസ്കൃതകൃതികൾ ഉണ്ടാക്കീട്ടുള്ളവനും ആയ വയക്കര മൂസത് ഉണ്ടാക്കിയതാണ് ഈ കവിതയെന്നു വിശ്വസിക്കുന്നതിനു തന്നെ ഞങ്ങൾക്കു മനസ്സു വരുന്നില്ല.... ചില ദുഃസ്വപ്നങ്ങൾ കണ്ടു പിറ്റേദിവസം എന്തോ ഒരു ചീത്തയായി സ്വപ്നമുണ്ടായി എന്നു മാത്രമല്ലാതെ അതിന്റെ വിവരമെന്താണെന്ന് ഓർമ്മയില്ലാതെ വരുന്ന അനുഭവം വായനക്കാരിൽ പലർക്കും ഉണ്ടായിട്ടുണ്ടായിരിക്കാം.'' (സി.പി. അച്യുതമേനോന്റെ നിരൂപണങ്ങൾ, സമ്പാദനം - പഠനം ടി.ടി.പ്രഭാകരൻ, പുറം 101-102). പണ്ഡിതശ്രേഷ്ഠനായ മൂസതിന്റെ കൃതിയെ ഇത്തരത്തിലാണ് അദ്ദേഹം വിമർശിച്ചിരിക്കുന്നത്.

ആശ്ചര്യചൂഡാമണി, ശ്രീവിശാഖവിജയം, രതിസുന്ദരി തുടങ്ങിയ കൃതികളും അദ്ദേഹത്തിന്റെ നിർദാക്ഷിണ്യമായ സമീപനത്തിന് ഉദാഹരണങ്ങളാണ്. അച്യുതമേനോന്റെ നിരൂപണസങ്കല്പം വെളിവാക്കുന്ന ലേഖനമാണ് 'ഗ്രന്ഥവിവേചനം'. ഈ ലോകത്തിൽ അറിയാനായി ഒട്ടനവധി കാര്യങ്ങളുണ്ട്. അതിൽ സാരമായവ തിരഞ്ഞെടുത്ത് അവയെ മാത്രം വായിക്കുകയും അറിയുകയും ചെയ്യുക എന്നതായിരുന്നു സി.പി.യുടെ സന്ദേശം.

സാധാരണക്കാരായ ജനങ്ങളെ നല്ല വായനക്കാരാകാൻ പ്രേരിപ്പിക്കുക എന്നുള്ളത് നല്ല നിരൂപകന്റെ ധർമ്മമാണ് എന്നദ്ദേഹം വിശ്വസിച്ചിരുന്നു. നല്ല വായനക്കാരൻ വായനയിൽ നീരക്ഷീരന്യായം പ്രായോഗികമാക്കണമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ധാരച്ചട്ടിയുടേത് മാതിരിയുള്ളവർ, സ്ഫടികപാത്രത്തിൽ വെള്ളമൊഴിച്ചതു മാതിരിയുള്ളവ, അരിപ്പപോലുള്ള സല്ലികാവൃത്തികൾ, സത്തായതിനെ മാത്രം സ്വീകരിക്കുന്നവൻ എന്നിങ്ങനെ അദ്ദേഹത്തിന്റെ സഹൃദയനിരീക്ഷണവും ശ്രദ്ധേയമാണ്. സാഹിത്യതത്ത്വം പരാമർശിക്കുന്ന ഗ്രന്ഥങ്ങൾ മലയാളത്തിൽ തീരെയില്ലെന്നു മനസ്സിലാക്കി കാവ്യസംബന്ധമായ തത്ത്വങ്ങൾ പ്രതിപാദിക്കുന്ന ലേഖനങ്ങൾ വിദ്യാവിനോദിനിയിൽ ഉൾപ്പെടുത്താനും സി.പി.മറന്നില്ല. അദ്ദേഹം വിദ്യാവിനോദിനിയിലെഴുതിയ ലേഖനങ്ങളെല്ലാം തന്നെ ഉത്തമ വിമർശന

ങ്ങൾക്ക് നിദർശനങ്ങളാണ്. സി.പി.യിലെ സാഹിത്യവിമർശകന്റെ സമസ്തസിദ്ധിവൈഭവങ്ങളും നമുക്ക് അവയിൽ ദർശിക്കാം.

സമകാലികസാഹിത്യത്തിന്റെ അടിയൊഴുക്കുകൾ വളരെ ഗൗരവത്തോടെ തിരിച്ചറിഞ്ഞ വിമർശകൻ കൂടിയാണ് അദ്ദേഹം. ഭാഷാധിഷ്ഠിതമായ പ്രവാഹഗതിയിലാണ് മലയാളകവിത എന്ന് മനസ്സിലാക്കുകയും കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ദ്വിതീയാക്ഷരപ്രാസവാദ കോലാഹലത്തിനിടയിലും ക്രാന്തദർശിത്വത്തോടെ 'പ്രാസമില്ലാത്തതായ ഒരു ഉത്കൃഷ്ട കാവ്യം മലയാളത്തിൽ അത്രവേഗത്തിൽ ഉണ്ടാകുമെന്ന് തോന്നുന്നില്ല' എന്ന് പറഞ്ഞുവെയ്ക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ പ്രാസവാദ കോലാഹലത്തിൽ ഇടപെടാതെ അദ്ദേഹം നടത്തിയ തിരസ്കാരം പോലും വളരെ വിലയേറിയ അഭിപ്രായമായിരുന്നു. പ്രാസത്തിനുവേണ്ടി അർത്ഥശൂന്യത വരുത്തരുതെന്നും അർത്ഥപുഷ്ടിയാണ് പ്രധാനമെന്നും അതിനായി കവികൾ വാദിക്കണമെന്നും അദ്ദേഹം തന്റെ അഭിപ്രായം വെളിപ്പെടുത്തി. കവികളുടെ സ്വാതന്ത്ര്യം കുറയ്ക്കുന്ന പ്രാസനിഷ്ക്കർഷ ചെറിയ ശ്ലോകങ്ങളിലേ ശ്രവണസുഖമുളവാക്കൂ എന്ന പക്ഷക്കാരൻ കൂടിയായിരുന്നു സി.പി.

പ്രാസമുണ്ടായിരുന്നിട്ടും 'മയൂരസന്ദേശത്തെ' അകമഴിഞ്ഞു പ്രശംസിച്ചതും എന്നാൽ പ്രാസമുള്ള പല കൃതികളെയും അധിക്ഷേപിച്ചതും പ്രാസം കവിതയെ വിലയിരുത്താനുള്ള ഉപാധിയല്ല എന്നു സ്ഥാപിക്കുന്നതിനുവേണ്ടിയായിരുന്നു. ശബ്ദഭംഗിയിൽ അഭിരമിക്കാനുള്ള ശ്രമം, ശബ്ദലോലുപത, ശബ്ദാടോപം എന്നിവയെ എതിർക്കുകയും അന്തഃസാരമില്ലാത്ത സുന്ദരന്മാരെപ്പോലെയാണ് അലങ്കാരബഹുലമായ ശ്ലോകങ്ങൾ എന്ന് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. കവിതാവേഗപരീക്ഷകൊണ്ട് നടക്കുന്നത് വെറും പരിശോധനയാണെന്നും യഥാർത്ഥത്തിൽ നടക്കേണ്ട കാവ്യപരിശോധനയ്ക്ക് അതുപകരിക്കില്ല എന്നുമുള്ള പക്ഷക്കാരനായിരുന്നു സി.പി. അതുകൊണ്ടുതന്നെ അദ്ദേഹം അക്കാലത്തു നിലനിന്നിരുന്ന ദ്രുതകവനസമ്പ്രദായത്തെ കണക്കറ്റ് വിമർശിച്ചു.

സംസ്കൃതത്തിലും ഇംഗ്ലീഷിലും വ്യുൽപന്നരായ മലയാളികൾ ഭാഷാകവിതയെയും കവികളെയും പരിഹസിക്കുന്നത് സി.പി.യിൽ വേദനയുളവാക്കി. അതുകൊണ്ടുതന്നെ 'ഭാഷാകവിത', 'കേരളഭാഷ' എന്നീ ലേഖനങ്ങളിൽ മാതൃഭാഷയുടെ മഹിമയറിയാത്ത കവിപുംഗവന്മാരെ അദ്ദേഹം കണക്കറ്റ് വിമർശിച്ചു. മണിപ്രവാളമാണ് മലയാളഭാഷയുടെ ശരി

യായ രൂപമെന്ന് ചൂണ്ടിക്കാട്ടി. തന്റെ കൊച്ചിൻ സ്റ്റേറ്റ് മാന്വലിൽ മലയാള ഭാഷയുടെ ഉത്ഭവ വികാസചരിത്രം ശരിയായി അനാവരണം ചെയ്യാൻ ശ്രമിച്ചു. മലയാളത്തിന് പരിമിതികളുണ്ട് എന്ന് അംഗീകരിച്ച സി.പി., മലയാളത്തിന്റെ പരിമിതി തീരാൻ ഏറ്റവും നല്ല ഉപാധി അതു തുടരെത്തുടരെ ഉപയോഗിക്കുക മാത്രമാണെന്ന ഉപദേശവും മലയാളികൾക്ക് നൽകുകയുണ്ടായി.

സിദ്ധാന്തങ്ങളുടെ അടിത്തറ, താരതമ്യബോധം, നിഷ്പക്ഷത, മൂല്യനിർണ്ണയം എന്നീ വിമർശന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി സി.പി. കല്യാണീനാടകനിരൂപണം എന്ന പേരിൽ ഒരു ലേഖനമെഴുതുകയുണ്ടായി. വിദ്യാവിനോദിനിയിൽ രണ്ടും മൂന്നും ലക്കങ്ങളിലായാണ് ഇത് പ്രസിദ്ധീകൃതമായത്. അപൂർവ്വതയാണ് കാവ്യഭംഗിക്ക് മുഖ്യ ഹേതു. കവികൾ നൂതനങ്ങളായ കാര്യങ്ങൾ ചെയ്യുന്നതിന് ധൈര്യം കാണിക്കണം. ഭാവം, കവിതാരീതി, ചമത്ക്കാരം എന്നിവയിൽ നൂതനത്വം പ്രകടിപ്പിക്കണം. ശബ്ദാഢംബരം ഒഴിവാക്കി അർത്ഥപുഷ്ടിക്ക് ശ്രദ്ധ വയ്ക്കണം. രസമാണ് കാവ്യത്തിന്റെ ആത്മാവ്. ഉത്തമകാവ്യം രസപുഷ്ടമായിരിക്കും എന്നിങ്ങനെയുള്ള കാര്യങ്ങൾ വ്യക്തമാക്കിയശേഷം അതിന്റെ പ്രായോഗികതലം എന്ന നിലയിൽ കല്യാണീനാടകത്തെ ഗുണദോഷചിന്തകൾക്ക് വിധേയമാക്കി മൂല്യനിർദ്ധാരണം ചെയ്തെടുത്തതാണ് 'കല്യാണീനാടകനിരൂപണം' സമ്പൂർണ്ണമായ സാഹിത്യവിമർശനത്തിന്റെ ദ്രുതഭാവങ്ങൾ പ്രദർശിപ്പിക്കുന്ന ഒന്നാണ് എന്ന കാരണംകൊണ്ട് പ്രസ്തുത കൃതി മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ സാഹിത്യവിമർശനം എന്ന ഖ്യാതി നേടുകയുണ്ടായി. കൃതിയുടെ ഗുണദോഷങ്ങൾ ചൂണ്ടിക്കാട്ടുന്ന ഒരു വിമർശനപദ്ധതി ആരംഭിക്കുവാനുള്ള ശ്രമമാണ് പ്രസ്തുത കൃതിയെന്ന് സി.പി. തന്നെ വെളിപ്പെടുത്തുകയും ചെയ്തു. പുസ്തകാഭിപ്രായങ്ങളോ അവതാരികകളോ  അല്ല വിമർശനം എന്നും തെളിയിക്കാനും കല്യാണീനാടകനിരൂപണം പര്യാപ്തമായിരുന്നു.

ഒരു കാലഘട്ടത്തിന്റെ സാഹിത്യാഭിരുചിയെ സമഗ്രമായി ഒപ്പിയെടുക്കാൻ പ്രാപ്തിയുള്ളവയായിരുന്നു വിദ്യാവിനോദിനിയിലെ സൈദ്ധാന്തിക ലേഖനങ്ങളും പ്രൗഢമായ വിമർശനങ്ങളും. ആരോഗ്യയുക്തമായ വിമർശനസാഹിത്യത്തിന് അടിത്തറ രൂപപ്പെടുത്താൻ പോന്നവയായിരുന്നു അവ. ചീത്ത കൃതികളെ ഹിംസിക്കാതെ മലയാളസാഹിത്യത്തെ രക്ഷിക്കാൻ കഴിയില്ല എന്ന് സി.പി. മനസ്സിലാക്കി. അതിന് കേരളവർമ്മയുടെയും മറ്റും പ്രസ്ഥാനം കൈക്കൊണ്ട എതു കൃതിയേയും അമിതമായ പ്രശംസ

കൊണ്ടു മൂടുന്ന ഒരു സമ്പ്രദായം നിർത്തലാക്കേണ്ടതുണ്ട് എന്ന് അദ്ദേഹം തീരുമാനിച്ചു. മണ്ഡനവിമർശനമെന്നറിയപ്പെടുന്ന പ്രസ്തുത സമ്പ്രദായത്തെ ഖണ്ഡിച്ചുകൊണ്ട് ഒരു നവവിമർശനസമീപനത്തിന് തുടക്കം കുറിച്ചു. ദുഷ്കാവ്യങ്ങൾ ജനങ്ങളെ ദുഷിപ്പിക്കും എന്നതിനാൽ ജനങ്ങൾക്ക് അവയോട് വെറുപ്പ് ഉണ്ടാകത്തക്കവിധം സ്വാരസ്യത്തോടുകൂടിയും മർമ്മഭേദകമായും അവയെ വിമർശനം ചെയ്യുന്നതിൽ സി.പി. അസാധാരണമായ വിരുതാണ് പ്രകടിപ്പിച്ചിരുന്നത്. ഇത്തരം വിമർശന രീതി പില്ക്കാലത്ത് ഖണ്ഡനവിമർശനം എന്ന പേരിലാണ് അറിയപ്പെട്ടത്. സുന്ദരീസ്വയംവരം, സുഭദ്രാധനഞ്ജയം, ബാലധ്രുവചരിതം, പ്രബോധചന്ദ്രോദയം എന്നിങ്ങനെ നിരവധി കൃതികളുടെ വിമർശനങ്ങൾ സി.പി.യുടെ ഖണ്ഡനസമീപനത്തിന് ഉത്തമ ഉദാഹരണങ്ങളായി നിലകൊള്ളുന്നു.

ഇത്തരത്തിൽ സാഹിത്യരംഗം മുൻപത്തെക്കാൾ സജീവത കൈവരിക്കുകയും നവീനമായ അവബോധത്തിന്റെ നാമ്പുകൾ സാഹിത്യസംബന്ധിയായി വിരിയുകയും നമ്മുടെ ഗദ്യസാഹിത്യം പത്രമാസികകളിലൂടെ വ്യാപകമാവുകയും ചെയ്തുവന്ന ഒരു കാലഘട്ടത്തിൽ മലയാളസാഹിത്യ വിമർശനത്തിന് നാന്ദി കുറിക്കുകയും സുഭദ്രമായ അടിത്തറ ഉണ്ടാക്കുകയും ചെയ്തുകൊണ്ട് മലയാളവിമർശനരംഗത്തെ സമ്പുഷ്ടമാക്കിയ ചങ്ങരം പൊന്നത്ത് അച്യുതമേനോൻ എന്ന സി.പി. വിമർശനവീഥിയിലെ നവസരണിയുടെ പ്രചാരകനും പ്രയോക്താവുമായിരുന്നു എന്നു നിസ്സംശയം പറയാം.

**സഹായകഗ്രന്ഥങ്ങൾ**

1. അംബികാസുതൻ മാങ്ങാട്, സി.പി.അച്യുതമേനോനും മലയാളവിമർശനവും, ഡി.സി.ബുക്സ്, 1995.
2. ഗുപ്തൻനായർ എസ്. പ്രൊഫ., മലയാളനിരൂപണം ഇന്നലെ (സമ്പാദനവും പഠനവും), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994.
3. പ്രഭാകരൻ ടി.ടി., സി.പി.അച്യുതമേനോന്റെ നിരൂപണങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989.
4. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി.സി.ബുക്സ്, 2007.

# ചലിക്കുന്ന അഗ്നിനാളങ്ങൾ
# ഉറൂബിന്റെ സ്ത്രീകഥാപാത്രങ്ങൾ

**ഡോ. മിനി ആലീസ്**

**പ്രബന്ധസംഗ്രഹം**

*ഉസിരുള്ള പെണ്ണ് എന്നാണ് ഉമ്മാച്ചു നോവലിൽ ഉമ്മാച്ചു ചിന്നമ്മുവിനെ വിശേഷിപ്പിക്കുന്നത്. അത് ഉറൂബിന്റെ എല്ലാ പെണ്ണുങ്ങൾക്കും ചേരുന്ന വിശേഷണമാണ്. പെണ്ണത്തത്തിന്റെ സാമ്പ്രദായിക സങ്കല്പങ്ങളെ റദ്ദുചെയ്യുന്ന, തെരഞ്ഞെടുപ്പിന്റെ ഇച്ഛാദാർഢ്യം പ്രകടിപ്പിക്കുന്ന ഉറൂബിന്റെ സ്ത്രീകളെക്കുറിച്ചുള്ള വിശകലനം.*

**താക്കോൽ വാക്കുകൾ**

*Toi Mori - ഉറൂബ് - ഉറൂബിന്റെ നോവലുകൾ - സ്ത്രീകഥാപാത്രങ്ങൾ - "ഉസിരുള്ള പെണ്ണ്"*

ഉറൂബിന്റെ നോവലുകളിൽ ഭൂരിഭാഗവും സ്ത്രീകേന്ദ്രിതങ്ങളാണ്. നോവൽ ശീർഷകങ്ങൾ ഏറിയ പങ്കും കേന്ദ്രകഥാപാത്രങ്ങളായ സ്ത്രീകളുടെ പേരുകളാണ്. ആഖ്യാനത്തിൽ സ്വീകരിക്കുന്ന സ്ത്രീവീക്ഷണവും സ്ത്രീ ആവിഷ്ക്കരണങ്ങളിലെ വ്യത്യസ്തതയും കൊണ്ട് ഉറൂബിന്റെ നോവലുകൾ സ്ത്രീപക്ഷ രചനകളാകുന്നു. ''സ്ത്രീവാദം, സ്ത്രീ എന്നീ വാക്കുകൾ വ്യത്യസ്ത അർത്ഥമുള്ളവയായതിനാൽ പുരുഷന് സ്ത്രീവാദിയായിരിക്കുവാൻ കഴിയും. സ്ത്രീവാദം രാഷ്ട്രീയമായ നിലപാടും സ്ത്രീ ആയിരിക്കുക എന്നത് ജീവശാസ്ത്രപരമായ അവസ്ഥയുമാണ്. സാംസ്കാരിക നിർമ്മിതികളായ സ്വഭാവസവിശേഷതകളുടെ കൂട്ടമാണ് പെണ്ണത്തം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്'' (Moi, 1985:82). സ്ത്രീയെ സംബന്ധിച്ച് മുഖ്യധാരാസമൂഹവും സാഹിത്യവും പുലർത്തുന്ന സങ്കല്പനങ്ങളിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപ്പാടുകൾ സ്വീകരിക്കുന്ന ഉറൂബിന്റെ നോവലുകൾ അവയുടെ നിലപാടുകൊണ്ടുതന്നെ സ്ത്രീപക്ഷ രചനകളാണ്. ഉറൂബിന്റെ ഉമ്മാച്ചു, അമ്മിണി എന്നീ നോവലുകൾ

ഉൾക്കൊള്ളുന്ന സ്ത്രീസങ്കല്പനത്തിന്റെ വ്യതിരിക്തതയാണ് ഈ പഠനത്തിൽ വിശദമാക്കുന്നത്.

സ്വന്തം ഇഷ്ടാനിഷ്ടങ്ങളെക്കുറിച്ച് കൃത്യമായ ബോധ്യമുള്ള വ്യക്തിത്വമാണ് ഉമ്മാച്ചുവിനുള്ളത്. കടുപ്പമുള്ള ചായയും ഉസിറുള്ള ആണുങ്ങളെയും തനിക്കിഷ്ടമാണെന്ന് ഉമ്മാച്ചു തിരിച്ചറിഞ്ഞിരുന്നു. മായനും ബീരാനും തമ്മിലുള്ള കലഹത്തിന്റെ കാഴ്ചക്കാരിയാവുകയും അതിൽ ആവേശം കൊള്ളുകയും ചെയ്ത പെൺകുട്ടിയായിരുന്നു ഉമ്മാച്ചു. തറവാടിത്തവും പണവും സൗന്ദര്യവുമുള്ള ബീരാനേക്കാൾ കരുത്തും തന്റേടവുമുള്ള മായനെയാണ് തനിക്കിഷ്ടമെന്ന് ഉമ്മാച്ചു മനസ്സിലാക്കിയിരുന്നു. ബീരാനുമായുള്ള വിവാഹത്തിന് സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ട് സമ്മതിക്കേണ്ടിവന്നതിനെ തല കടക്കാൻ വിഷമമുള്ള കുപ്പായം കുത്തിത്തിരുകി അണിയുന്നതുമായിട്ടാണ് സാമ്യപ്പെടുത്തിയിരിക്കുന്നത്. മനസ്സിനു യോജിക്കാത്ത വിവാഹത്തിന് വഴങ്ങിക്കൊടുത്ത് സാഹചര്യങ്ങളോട് സമരസപ്പെടുമ്പോഴും മായനോടുള്ള തീവ്രമായ ഇഷ്ടം മനസ്സിൽ സൂക്ഷിക്കുന്നവളാണ് ഉമ്മാച്ചു. ജീവിതത്തിൽ തുടർച്ചയായി സംഘർഷങ്ങൾ വരുമ്പോൾ അവയെ മനഃശക്തിയോടെ നേരിടുവാനും തീരുമാനങ്ങളെടുക്കുവാനുമുള്ള കെല്പ് ഉമ്മാച്ചുവിന്റെ വ്യക്തിത്വത്തിനുണ്ട്.

ബുദ്ധിപൂർവ്വം തീരുമാനങ്ങളെടുക്കാനും മനസ്സിൽ തോന്നുന്നത് സത്യസന്ധമായി വ്യക്തമാക്കുവാനുമുള്ള തന്റേടം അമ്മിണിക്കുണ്ട്. ജീവിതത്തിന്റെ പ്രതിസന്ധികളിൽ അല്പം പോലും പതറാതെ പൊരുതുവാൻ അമ്മിണിക്ക് സാധിക്കുന്നു. ''പുത്തൻപെണ്ണിന്റെ പമ്മലും പതുമ്മലുമൊന്നും ഉണ്ടായിരുന്നില്ല. അമ്മിണിയേടത്തിയുടെ വളകളും നാക്കും ഒരുപോലെ എല്ലായിടത്തും കിലുങ്ങി'' (2006:946). ലജ്ജയും മിതഭാഷണവും മുഖ്യധാരാസമൂഹം പ്രതീക്ഷിക്കുന്ന സന്ദർഭത്തിൽ അതിന് വിപരീതമായി പ്രതികരിക്കുവാനുള്ള ശക്തി അമ്മിണിക്കുണ്ട്. ബീരാന്റെ വീട്ടിൽ നവവധുവായി പ്രവേശിക്കുന്ന കാലത്ത് ഉമ്മാച്ചുവും ഇതേ രീതിയിൽ വ്യത്യസ്തയായി പെരുമാറുന്നുണ്ട്. ബീരാന്റെ ശൃംഗാരം നിറഞ്ഞ പെരുമാറ്റത്തെ അവഗണിച്ച് വീട്ടുഭരണവും കാര്യസ്ഥതയുമായി ഉമ്മാച്ചു ജീവിക്കുന്നു. മായനെ ലഭിക്കാത്തതിലുള്ള ദുഃഖം കരച്ചിലായല്ല ഉമ്മാച്ചു പ്രകടിപ്പിക്കുന്നത്. ശകാരം, വാശി, വീറ് എന്നിങ്ങനെയുള്ള ഭാവഭേദങ്ങളിലൂടെയാണ് ഉമ്മാച്ചുവിന്റെ പ്രതിഷേധം പ്രത്യക്ഷമാകുന്നത്.

സമൂഹത്തിന്റെ പൊതുധാരാക്രമത്തിന് വഴങ്ങാത്ത വ്യത്യസ്തതയും വ്യക്തിത്വവുമുള്ള സ്ത്രീകളാണ് ഈ നോവലുകളി ലുള്ളത്.

ഉമ്മാച്ചുവിൽനിന്ന് ചിന്നമ്മുവിലേയ്ക്കും അമ്മിണിയിൽ നിന്ന് നളിനിയിലേയ്ക്കും ഒരു തുടർച്ച സൃഷ്ടിക്കുവാൻ ഉറൂബിന് സാധിക്കുന്നുണ്ട്. ഉറൂബിന്റെ മിക്ക നോവലുകളും രണ്ടോ അതിലധികമോ സ്ത്രീകളെ ഒരേ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നു. സ്ത്രീയെ ഉദാത്തവത്ക്കരിക്കുകയും വർണ്ണിക്കുകയും കേന്ദ്രമായ നായകനെ ചുറ്റുന്ന ഗ്രഹമായി ചിത്രീകരിക്കുകയും ചെയ്യുന്ന മുഖ്യധാരാസാഹിത്യത്തിന്റെ പ്രവണതയിൽ നിന്ന് വ്യത്യസ്തമായ നിലപാടാണിത്. ഉമ്മാച്ചുവിന്റെ വ്യക്തിത്വത്തിലെ പരിമിതികളെ അതിജീവിക്കുന്ന കഥാപാത്രമാണ് ചിന്നമ്മു. ജാതിക്കും മതത്തിനുമുപരി പ്രണയത്തിന് പ്രാധാന്യം നൽകി അബ്ദുവിനോടൊപ്പം ജീവിക്കുവാൻ തീരുമാനിക്കുന്ന ചിന്നമ്മുവിന് 'ചെറിയ ഉമ്മാച്ചു' എന്ന വിശേഷണമാണ് നോവൽ നൽകുന്നത്. വ്യക്തിത്വ സ്വാംശീകരണത്തിന്റെ കാര്യത്തിൽ ചിന്നമ്മു 'വലിയ ഉമ്മാച്ചു'വാണ്. ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉമ്മാച്ചുവിനില്ലായിരുന്നു. ''ഞാൻ ആരുടെയെങ്കിലും മേൽ പാഞ്ഞുകയറുന്നുണ്ടോ. എന്റെ പഠിപ്പ് കഴിയട്ടെ'' (158) എന്ന് വിവാഹാലോചനകളോട് പ്രതികരിക്കുന്ന ചിന്നമ്മു ശക്തമായ തീരുമാനങ്ങളുള്ള സ്ത്രീയാണ്. ''ഉസിറുള്ള പെണ്ണാ'' എന്ന് ഉമ്മാച്ചുവിന്റെ നാവിൽ നിന്നുതന്നെ ചിന്നമ്മുവിനെക്കുറിച്ച് അഭിപ്രായം ഉതിർന്നുവീഴുന്നു. ആൺകോയ്മാ സമൂഹത്തിന്റെ പെൺസങ്കല്പനത്തിൽ ഒട്ടും അഭിലഷണീയമല്ലാത്ത മനക്കരുത്തും തന്റേടവുമുള്ള പെണ്ണാണ് ചിന്നമ്മു. ''പമ്പരം പോലത്തെ പെണ്ണ്, ചീനിപ്പടക്കത്തിന് തീ കൊളുത്തിയ പോലെ, അമർത്തിച്ചവിട്ടിയ നടത്തവും'' (152) എന്ന ചിന്നമ്മുവിന്റെ വിശേഷണം അവളുടെ ശക്തമായ വ്യക്തിത്വത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. സ്ത്രൈണതയുടെ ആഘോഷം ഈ സ്ത്രീകഥാപാത്രങ്ങളുടെ ഓജസ്സിലും ശക്തിയിലും കാണാൻ സാധിക്കും.

ചിന്നമ്മുവിന്റെ തുറന്ന സംസാരവും ചടുലമായ ചലനവും ആരെയും കൂസാത്ത പെരുമാറ്റവും വ്യത്യസ്തമായ ശക്തിയെന്ന നിലയിലാണ് ഉമ്മാച്ചുവിൽ ആവിഷ്ക്കരിക്കുന്നത്. ''ജോലി ചെയ്ത് തിന്നുന്നതല്ലേ മാനം'' (261) എന്ന് അമ്മയോട് ചോദിക്കുന്ന ചിന്നമ്മു സ്വയംപര്യാപ്തത നേടിയ, സ്വന്തമായ തീരുമാനങ്ങളുള്ള, പുതിയ

കാലത്തിലെ സ്ത്രീയാണ്. സമപ്രായക്കാർ വിവാഹത്തെ ജീവിത ലക്ഷ്യമായി കണ്ടപ്പോൾ വിദ്യാഭ്യാസം നേടി ഉദ്യോഗസ്ഥയായി ജീവിത പങ്കാളിയെ സ്വയം കണ്ടെത്തിയ പെൺകുട്ടിയാണ് ചിന്നമ്മു. നിലപാടു കളുടെ വ്യതിരിക്തത ചിന്നമ്മുവിന്റെ വ്യക്തിത്വത്തിന്റെ സവിശേഷത യാണ്. വിദ്യാഭ്യാസം നേടി വീടിന്റെ നാലു ചുമരുകൾക്കുള്ളിലേയ്ക്ക് ഒതുങ്ങിക്കൂടുന്നവരുടെ നേർപ്പതിപ്പല്ല ചിന്നമ്മു. നാടിന്റെ രാഷ്ട്രീയ-സാമൂഹ്യ സാഹചര്യങ്ങളെക്കുറിച്ചുള്ള വ്യക്തമായ ബോധ്യം ആ കഥാപാത്രത്തിൽ നിലീനമായിട്ടുണ്ട്. ‘എരിവുള്ള പരിമള’മായാണ് ചിന്നമ്മുവിന്റെ ശാസന നിറഞ്ഞ നിർദ്ദേശം അബ്ദുവിന് അനുഭവപ്പെടുന്നത്. തനിക്കെതിരെ പ്രചരിക്കുന്ന അപവാദത്തെ ‘പറയട്ടേന്നേയ് പറയട്ടെ’ എന്ന് പറഞ്ഞ് നേരിടുന്ന ചിന്നമ്മു സമൂഹത്തിന്റെ കുത്തുവാക്കുകൾക്കും നിയമസംഹിത കൾക്കും വഴങ്ങിക്കൊടുക്കുന്നില്ല. സമൂഹത്തിന്റെയും മതത്തിന്റെയും യാഥാസ്ഥിതിക ധാരണകൾക്ക് പുല്ലുവില കല്പിക്കുകയും തന്റെ മനസ്സാക്ഷിക്ക് നിരക്കുന്ന രീതിയിൽ ബുദ്ധിപൂർവ്വം തീരുമാനമെടുക്കു കയും ചെയ്യുന്ന കഥാപാത്രമാണ് ചിന്നമ്മു. അപവാദങ്ങളെ ഒട്ടും ഗൗനിക്കാത്ത നളിനിയുടെ പെരുമാറ്റക്രമങ്ങളും പൊതുവ്യവഹാരത്തിൽ നിന്നു വിഘടിച്ചു നിൽക്കുന്നു. ബുദ്ധിയും ശക്തിയും ഓജസ്സുമുള്ള കഥാപാത്രമാണ് അമ്മിണി. ബുദ്ധിപൂർവ്വം തീരുമാനങ്ങളെടുക്കാനും മനസ്സിൽ തോന്നുന്നത് സത്യസന്ധമായി വ്യക്തമാക്കുവാനുമുള്ള തന്റേടം അമ്മിണിക്കുണ്ട്. അമ്മിണിയുടെ മരണശേഷം ഈ സവിശേഷവ്യക്തിത്വം ഇരട്ടിയായി നളിനിക്ക് ലഭിക്കുന്നു. അമ്മിണിയെപ്പോലെ മൂർച്ചയുള്ള നാവു സമ്പാദിക്കുവാൻ കഴിഞ്ഞതിൽ നളിനി അഭിമാനിക്കുന്നുണ്ട്. മൂർച്ചയുള്ള നാവും തീക്ഷ്ണമായ ബുദ്ധിയുമുള്ള സ്ത്രീകളെ അംഗീകരിക്കാത്ത സമൂഹത്തിലേയ്ക്കാണ് ചിന്നമ്മുവും അമ്മിണിയും നളിനിയും കടന്നുവരുന്നത്. ബുദ്ധിപരമായ മുന്നോക്കാവസ്ഥയും ബാലിശത്വ മില്ലായ്മയും നീതിബോധവും സ്വാതന്ത്ര്യം സ്ഫുരിക്കുന്ന വ്യക്തിത്വവും പുലർത്തുന്ന ഈ സ്ത്രീകൾ മുഖ്യാധാരാസമൂഹത്തിന്റെ സ്ത്രീ സങ്കല്പനത്തെ പെരുമാറ്റക്രമങ്ങളിലൂടെ പ്രതിരോധിക്കുന്നു.

ശക്തിയും പ്രസരിപ്പും സ്ഫുരിക്കുന്ന വ്യക്തിത്വമാണ് നളിനിയെ വ്യത്യസ്തയാക്കുന്നത്. തീവ്രവൈകാരികതയും ലജ്ജാവിവശതയും മിതഭാഷണവുമൊന്നും ഈ കഥാപാത്രത്തിന്റെ പ്രവർത്തനശൈലിയിലില്ല. പ്രണയിക്കുന്ന പുരുഷനു മുമ്പിൽ ലജ്ജാവതിയായി നിൽക്കുന്ന സ്ത്രീയായി നോവലിലൊരിടത്തും നളിനി പ്രത്യക്ഷപ്പെടുന്നില്ല. ‘‘പിന്നീട്

കാണുമ്പോൾ ഉത്സാഹത്തോടെ സംസാരിച്ച വിഷയങ്ങൾ പലതായിരുന്നു. രാഷ്ട്രീയം, സാഹിത്യം, സംഗീതം, നൃത്തം, വൈദ്യശാസ്ത്രം'' (999). രാഘവൻനായരോടുള്ള നളിനിയുടെ സംഭാഷണത്തെക്കുറിച്ചുള്ള നോവൽ പരാമർശമാണിത്. ജീവിതത്തിന്റെ സമസ്ത മേഖലകളെയും കുറിച്ചുള്ള ജ്ഞാനവും ഏതു കാര്യത്തെയും വിശകലനം ചെയ്യുവാനുള്ള ബുദ്ധിയും ആശയപ്രകടനസ്വാതന്ത്ര്യവും നളിനിയുടെ വ്യക്തിത്വത്തെ ശക്തിയുള്ളതാക്കുന്നു. 'പഠിക്കാതെ കുറെ പഠിപ്പുള്ള' സ്ത്രീയെന്ന അമ്മിണിയെക്കുറിച്ചുള്ള വിശേഷണത്തിൽ വ്യക്തിത്വത്തിന്റെ സവിശേഷതകൾ ഉള്ളടങ്ങിയിട്ടുണ്ട്. കൃത്രിമത്വം പുരളാത്ത സ്വാഭാവികമായ കരുത്ത് നളിനി, അമ്മിണി, ചിന്നമ്മു തുടങ്ങിയ സ്ത്രീകളെ ശ്രദ്ധേയരാക്കുന്നു. ഉറൂബിന്റെ നോവൽലോകത്തെ ഭൂരിപക്ഷം സ്ത്രീകളും ബുദ്ധിമതികളാണ്. ബുദ്ധിശക്തി കൊണ്ടും പ്രായോഗികത കൊണ്ടും അബ്ദുവിനെ വെല്ലുന്ന വ്യക്തിത്വമാണ് ചിന്നമ്മു ആർജ്ജിച്ചെടുക്കുന്നത്. ചിന്താശക്തിയുടെ പ്രസരിപ്പ് നളിനിയുടെ പെരുമാറ്റക്രമങ്ങളെ സവിശേഷമാക്കുന്നു.

അപൂർവ്വ സൗഹൃദങ്ങളുടെ ലോകം ഉറൂബിന്റെ നോവലുകളിലുണ്ട്. സ്ത്രീയും സ്ത്രീയും തമ്മിലും സ്ത്രീയും പുരുഷനും തമ്മിലുമുള്ള സൗഹൃദത്തിന്റെ സമഭാവം ഉറൂബിന്റെ നോവലുകളിലെ മനുഷ്യബന്ധങ്ങളെ സമത്വനിർഭരമാക്കുന്നു. ഉമ്മാച്ചുവിന്റെ ജീവിതത്തിലുടനീളം ശക്തിയും ആശ്വാസവും പകരുന്ന ബന്ധമാണ് ചാപ്പുണ്ണിനായരുമായുള്ളത്. ഉമ്മാച്ചുവിന്റെ ആശയും അഭിലാഷവും വെറുപ്പും നഷ്ടവും സ്നേഹവും തിരിച്ചറിയുന്ന സഹചാരിയാണയാൾ. വിശ്വസ്തതയും ആത്മാർത്ഥതയും സൗഹൃദവും നിറയുന്ന ബന്ധമാണത്. ഉമ്മാച്ചുവും ചാപ്പുണ്ണിനായരും തമ്മിലുള്ള ബന്ധം സുതാര്യമാണ്. ''പടച്ചോനാണേ നേര്. ഞമ്മളൊന്നും അറിഞ്ഞിട്ടില്ല. പക്കെങ്കില് ഇസ്റ്റല്ലാത്ത കല്ല്യാണോം ഉപ്പില്ലാത്ത കറീം ഒരു ചേലിക്കല്ലേ....... ഇങ്ങള് ഉസിരും ചൊണീം ഉള്ള ആണായതോണ്ട് ലച്ച്മിയമ്മയ്ക്ക് പുടിക്കാതിരിക്കൂല'' (122) എന്ന ഉമ്മാച്ചുവിന്റെ ചാപ്പുണ്ണിനായരോടുള്ള സംഭാഷണം തുറന്ന സൗഹൃദത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ബീരാന്റെ മരണത്തെക്കുറിച്ചുള്ള ശരിയായ വസ്തുതകൾ ചാപ്പുണ്ണിനായർ മനസ്സിലാക്കുന്നുണ്ട്. ''ഇങ്ങളെ ബേറിട്ടൊരു ആളായിറ്റ് ഞമ്മള് കണക്കാക്കീട്ടില്ല (142) എന്ന തുറന്നുപറച്ചിലിലും ഈ ആത്മബന്ധമാണ് അനാവൃതമാകുന്നത്.

സ്ത്രീ-സ്ത്രീ സൗഹൃദത്തിന്റെ ആരോഗ്യകരവും ഹൃദയഭരിതവുമായ തലമാണ് നളിനിയും അമ്മിണിയും തമ്മിലുള്ളത്. ജീവിതത്തിന്റെ ഗതിവിഗതികളിൽ അന്യോന്യം തുണയാകുന്ന സൗഹൃദമാണത്. നളിനിയുടെ വീക്ഷണകോണിലൂടെ അമ്മിണിയുടെ ജീവിതാഖ്യാനം നിർവഹിക്കുന്ന രീതിയാണ് അമ്മിണിയെന്ന നോവലിൽ സ്വീകരിച്ചിരിക്കുന്നത്. അമ്മിണിയുടെ മരണവാർത്ത അറിഞ്ഞ് പോകാനൊരുങ്ങുന്ന നളിനി, സാരിയുടെ 'മുന്താണി പോ പുല്ലേ', എന്ന മട്ടിൽ തോളിലേയ്ക്കിട്ട് അമ്മിണിയുടെ ചേഷ്ടകളും ചലനമാതൃകകളും ജീവിതത്തിലേയ്ക്ക് സ്വീകരിക്കുന്നു. ''അണച്ച വാൾത്തല പോലെയുള്ള അമ്മിണിയേടത്തിയുടെ ചിരി ചുണ്ടീക്കിടന്ന് ഓളംവെട്ടി'' (878). ലജ്ജയോ തീക്ഷ്ണതയോ തീണ്ടാത്ത മൂർച്ചയുള്ള ചിരിയും തുറന്ന സംസാരവും ചടുലമായ ചലനവും മനഃശക്തിയും വ്യക്തിത്വവുമുള്ള ഈ സുഹൃത്തുക്കൾ പെണ്ണിനെക്കുറിച്ചുള്ള കോയ്മാവ്യവഹാരങ്ങളുമായി സമരസപ്പെട്ട് പോകുന്നില്ല. സൗഹൃദത്തിന്റെ ബലം കൊണ്ട് വ്യതിരിക്തരായി നിലകൊള്ളുവാൻ അമ്മിണിക്കും നളിനിക്കും സാധിക്കുന്നു.

പെണ്ണത്തത്തെക്കുറിച്ചുള്ള വ്യവസ്ഥാപിത സങ്കല്പനങ്ങളെ കാറ്റിൽപ്പറത്തുന്ന സ്ത്രീകഥാപാത്രങ്ങളാണ് ഉറൂബിന്റെ സാഹിത്യലോകത്തു കടന്നുവരുന്നത്. തന്റേടവും ചുറുചുറുക്കും ഊർജ്ജസ്വലതയുമുള്ള സ്ത്രീകഥാപാത്രങ്ങളുടെ ആർജ്ജവത്വം നിറഞ്ഞ ഇടപെടലുകൾ ഈ നോവലിന്റെ ആഖ്യാനത്തിന് വ്യതിരിക്തത നൽകുന്നു. സ്ത്രീസൗഹൃദത്തിന്റെ പുതുമ നിറഞ്ഞ ആവിഷ്ക്കരണം സമത്വനിർഭരമായ മനുഷ്യബന്ധങ്ങളെ പ്രത്യക്ഷമാക്കുന്നു. സ്വയം പര്യാപ്തതയുടെയും കർത്തൃത്വത്തിന്റെയും പ്രശോഭിതമായ തലങ്ങളെയാണ് ഉറൂബിന്റെ സ്ത്രീകൾ പ്രതിനിധാനം ചെയ്യുന്നത്.

# പയ്യന്നൂർപാട്ട്

## കപ്പൽക്കച്ചവടത്തിന്റെ സാഹിതീയവ്യാഖ്യാനം

**ഡോ. ബീനാകൃഷ്ണൻ എസ്.കെ**

**പ്രബന്ധസംഗ്രഹം**

*പഴക്കം കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്ത ഒരു പഴയ നാടൻ പാട്ടാണ് പയ്യന്നൂർപാട്ട്. ഡോ. ഗുണ്ടർട്ട് പയ്യന്നൂർ പ്രദേശങ്ങളിൽ നിന്നും ഓലയിൽ പകർത്തിയെഴുതിച്ച ഈ പാട്ടിന് പയ്യന്നൂർപാട്ട് എന്ന് പേര് നൽകുകയായിരുന്നു. ജർമ്മനിയിലെ ട്യൂബിങ്ങൻ സർവ്വകലാശാലാ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന ഗുണ്ടർട്ടിന്റെ ശേഖരത്തിൽ നിന്നും ഡോ.സ്കറിയാ സക്കറിയയാണ് ഈ കൃതി കണ്ടെടുത്ത് പ്രസിദ്ധീകരിക്കുന്നത്. അതോടെയാണ് ഈ കൃതിയെക്കുറിച്ചുള്ള ധാരണ ഗവേഷകർക്കും സാഹിത്യ വിദ്യാർത്ഥികൾക്കും ലഭിക്കുന്നത്. ഡോ. ഗുണ്ടർട്ട് മദ്രാസ് ജേണൽ ഓഫ് ലിറ്ററേച്ചർ ആന്റ് സയൻസിൽ പയ്യന്നൂർപാട്ടിന്റെ കഥ വിവരിക്കുകയും അതിന്റെ 16 വരികൾ ഉദ്ധരിക്കുകയും ചെയ്തിരുന്നു. ഗുണ്ടർട്ട് ഉദ്ധരിച്ച ഈ വരികൾ ചില തിരുത്തലുകളോടെ കേരള സാഹിത്യ ചരിത്രത്തിൽ ഉള്ളൂർ എടുത്ത്ചേർക്കുകയും പ്രസ്തുത കൃതിയുടെ പ്രാധാന്യം വ്യക്തമാക്കുകയും ചെയ്യുന്നു. യഹൂദ ശാസനത്തെക്കുറിച്ച് യശ:ശരീരനായ F. W. എല്ലീസ് എഴുതിയ പ്രബന്ധത്തിനു അനുബന്ധമായി അഞ്ചുവണ്ണം എന്ന സംജ്ഞ വിശദീകരിക്കാൻ ഗുണ്ടർട്ടെഴുതിയ കുറിപ്പിലാണ് പയ്യന്നൂർപ്പാട്ട് കടന്നു വരുന്നത്. ഒരു പ്രാചീനകൃതിയെന്ന നിലയിൽ ഇതിന്റെ ഭാഷാപരമായ സവിശേഷതകളും ഇതിവൃത്തസൂചനയും കപ്പൽ കച്ചവടത്തിന്റെ ചരിത്രവും വിശദീകരിക്കാനുള്ള ശ്രമമാണ് ഈ പ്രബന്ധം ലക്ഷ്യം വയ്ക്കുന്നത്.*

**താക്കോൽ വാക്കുകൾ**

*രചനാകാലം, കാവ്യഘടന, ഇതിവൃത്തം, ഭാഷാപ്രയോഗങ്ങൾ, കപ്പൽക്കച്ചവടം, സ്ഥലനാമങ്ങൾ, സാമൂഹ്യജീവിതം*

### പയ്യന്നൂർപ്പാട്ട്-ഒരു കപ്പൽക്കച്ചവടത്തിന്റെ നേർചിത്രം

കേരളീയ വാണിജ്യത്തെപ്പറ്റി പല പുതിയ അറിവുകളും നമുക്ക് ലഭ്യമാക്കുന്ന ഏറ്റവും പ്രാചീന കൃതിയാണ് പയ്യന്നൂർപ്പാട്ട്. നമ്മുടെ ഭാഷാ

പണ്ഡിതന്മാരിൽ ഗുണ്ടർട്ട് മാത്രമേ ഈ കൃതി കണ്ടിരുന്നുള്ളൂ. അദ്ദേഹം അത് നിഘണ്ടുവിലും വ്യാകരണത്തിലും ഉദ്ധരിക്കുകയും അതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇംഗ്ലീഷിൽ ഒരു കുറിപ്പ് (1844) എഴുതുകയും ചെയ്തു. പിൽക്കാലത്തുള്ളവർക്ക് നിഘണ്ടുവിലെയും വ്യാകരണത്തിലെയും ഇംഗ്ലീഷ് കുറിപ്പിലെയും ഉദ്ധരണികളിലൂടെ പയ്യന്നൂർപ്പാട്ട് വായിച്ചെടുക്കേണ്ടിവന്നു. ജർമ്മനിയിലെ ട്യൂബിങ്ങൻ സർവ്വകലാശാലാ ലൈബ്രറിയിൽ നിന്നാണ് ഗുണ്ടർട്ട് ഉപയോഗിച്ച കൈയ്യെഴുത്തു ഗ്രന്ഥം ഡോ. സ്കറിയ സക്കറിയായ്ക്ക് ലഭിച്ചത്. മലയാള ഭാഷയുടെ നിധികുംഭം എന്നു വിശേഷിപ്പിക്കാവുന്ന ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥശേഖരത്തിന്റെ ഭാഗമാണ് ഇപ്പോൾ പയ്യന്നൂർ പാട്ട്

ട്യൂബിങ്ങനിൽ കണ്ടെത്തിയ നോട്ട്ബുക്കുകൾ ഗുണ്ടർട്ടിന്റെ വിപുലമായ അന്വേഷണമേഖലകളെക്കുറിച്ച് അറിവ് നൽകുന്നു. സ്ഥലമാഹാത്മ്യം, ക്ഷേത്രമാഹാത്മ്യം തുടങ്ങിയ ഇനങ്ങളിൽ ഉൾപ്പെടുത്താവുന്ന ശ്ലോകങ്ങൾ പല സ്ഥലങ്ങളിൽ നിന്ന് അദ്ദേഹം ശേഖരിച്ചിരുന്നു. രാജ്യചരിത്രത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ധാരാളമുണ്ട്. കേരളത്തിൽ വിശിഷ്യാ മലബാറിൽ കൃഷി ചെയ്തിരുന്ന വിവിധയിനം നെല്ലുകളുടെ വിവരണം, വിളവിറക്കുന്ന കാലം, കൊയ്ത്തുകാലം, ഏറ്റവും പറ്റിയമണ്ണ് എന്നിവയെല്ലാം ഒരു പട്ടികയായി കുറിച്ചിരിക്കുന്നു. വിവിധ ജാതികൾ, ദേശങ്ങൾ, ആചാരങ്ങൾ എന്നിവയെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ പല നോട്ട്ബുക്കുകളിലും കാണാം. ജന ജീവിതത്തിന്റെ ഊടുവഴികളിലൂടെ സഞ്ചരിക്കാനും അവിടെ കണ്ടതും കേട്ടതും വിജ്ഞാനശേഖരത്തിൽ ഇനം തിരിച്ചു വയ്ക്കാനും അദ്ദേഹം കാണിച്ച താല്പര്യം ഇന്നത്തെ പണ്ഡിതന്മാർക്കു പോലും മാർഗ്ഗദർശകമാണ്.

**രചനാകാലം**

ശുദ്ധമലയാളത്തിന്റെ ഏറ്റവും പഴയ മാതൃകയായിട്ടാണ് ഗുണ്ടർട്ട് പയ്യന്നൂർപ്പാട്ടിനെ വിശേഷിപ്പിച്ചത്. ഇതിന്റെ കാലം പതിമൂന്നോ പതിന്നാലോ നൂറ്റാണ്ടായിരിക്കാമെന്ന് ഉള്ളൂർ ഊഹിക്കുന്നു. മറ്റു പണ്ഡിതർ ഉള്ളൂരിനെ പിന്തുടർന്ന് ആ വാദഗതി സ്വീകരിക്കുകയായിരുന്നു. എതുക, മോന തുടങ്ങിയ പ്രാസങ്ങൾ അനുഷ്ഠിച്ചിട്ടുള്ള ഈ കാവ്യം ലീലാതിലകത്തിനും മുമ്പെ രചിക്കപ്പെട്ടതാണെന്നും ഒന്നുരണ്ടക്ഷരങ്ങൾ ദ്രാവിഡസംഘാതാക്ഷരങ്ങളല്ലാതെ കാണുന്നത് അബദ്ധമായിരിക്കാമെന്നും ഉള്ളൂരിന്റെ പാഠം സ്വീകരിച്ചുകൊണ്ട് ഇളംകുളം കുഞ്ഞൻപിള്ള അഭിപ്രായപ്പെട്ടു.

എന്നാൽ പയ്യന്നൂർപ്പാട്ട് പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ വാമൊഴി സാഹിത്യരൂപമായ ഈ കൃതിയുടെ കാലഗണനം ക്ലേശകരമാണെന്ന് ബോധ്യപ്പെട്ടു. വാമൊഴി സാഹിത്യത്തിന്റെ ഭാഷ കാലികമായ മാറ്റത്തിനു വിധേയമാകുന്നതാണ്. കൃതിയിലെ അവ്യക്തമായ ചരിത്രവസ്തുതകളിൽ നിന്ന് പതിനാറാം നൂറ്റാണ്ടിൽ രൂപപ്പെട്ടതായിരിക്കാം ഇതിന്റെ ചട്ടക്കൂടെന്ന് എം.ജി. എസ് നാരായണൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. സംസ്കൃതാതിപ്രസരത്തിന്റെ തോതു വച്ചു നോക്കിയാൽ ഈ കൃതി പ്രാചീനമാണെന്നു ബോധ്യപ്പെടും. പക്ഷേ കണ്ണുമടച്ചു സംസ്കൃതാനുപാതം കാലനിർണ്ണയത്തിൽ മാനദണ്ഡമാകരുത് എന്നു എം.പി ശങ്കുണ്ണി നായർ മുന്നറിയിപ്പ് നൽകുന്നു.

ഏതായാലും ഭാഷയെ മുൻനിർത്തി മലയാളത്തിലെ കാവ്യങ്ങളുടെ കാലം നിർണ്ണയിക്കുന്ന സമ്പ്രദായം അപകടം പിടിച്ചതാണ്. വിഷയസ്വരൂപം കവിയുടെ ജാതി പ്രസ്ഥാനഭേദം മുതലായതെല്ലാം ഇക്കാര്യത്തിൽ വലിയ വൈവിധ്യം വരുത്തിവയ്ക്കും. പയ്യന്നൂർപ്പാട്ടിന്റെ ഉള്ളടക്കം നോക്കിയാൽ അതിൽ സംസ്കൃതപദങ്ങൾക്കു വലിയ സ്ഥാനം വയ്യാ. പോരാത്തതിനു സംസ്കൃത തത്സമങ്ങൾ ആ കാവ്യത്തിലുണ്ടെന്നു ഗുണ്ടർട്ടിന്റെ ഉദാഹരണങ്ങൾകൊണ്ടുതന്നെ തെളിയുന്നുമുണ്ട്- മാതൃഭൂമി ആഴ്ചപതിപ്പ് 1956 ഡിസംബർ 2

ഇപ്പോൾ 103 പാട്ടുകളും ഒന്നിച്ചു കാണുമ്പോൾ ഭാഷാ സ്വരൂപത്തെക്കുറിച്ചു കുറെക്കൂടി വ്യക്തമായ ധാരണകൾ നമുക്കുണ്ടാകും. പോരെങ്കിൽ കൃതിയുടെ കാലം പ്രൊഫ.ഗുപ്തൻ നായരും മറ്റും സൂചിപ്പിക്കുന്നതുപോലെ പതിനഞ്ചാംനൂറ്റാണ്ടിനു മുമ്പായിരിക്കണം. അന്നത്തെ ഭാഷയുടെ ഘടന പിൽക്കാല കലർപ്പുകൾ നീക്കി നോക്കിക്കാണേണ്ട ചുമതല ഭാഷാഗവേഷകർക്കുള്ളതാണ്. ഇതിലെ സ്ഖലിതങ്ങളും പ്രാദേശിക സവിശേഷതകളും നീക്കിക്കഴിഞ്ഞാലും മലയാളത്തനിമ മുന്നിട്ടു നിൽക്കും. സംസ്കൃതക്കലർപ്പുണ്ടെങ്കിലും അതിന്റെ അനുപാതം കുറവാണ്. എന്നാൽ നാടൻ പാട്ടുകളിൽ കാണുന്നതുപോലെയുള്ള ശുദ്ധവ്യവഹാരഭാഷയുമല്ല ഇത്. സാഹിത്യോചിതമായ സംസ്കാരങ്ങൾ നടത്തിയിട്ടുമുണ്ട്. ഇങ്ങനെയെല്ലാം ആലോചിക്കുമ്പോൾ ഭാഷാ ചരിത്രപഠനത്തിനുള്ള മൗലിക ഉപാദാനം എന്നു പയ്യന്നൂർപ്പാട്ടിനെ വിശേഷിപ്പിക്കാം.

**കാവ്യഘടന**

സാമാന്യമായി എട്ടുവരികൾ ഉൾക്കൊള്ളുന്ന 4 ഈരടി 104 പാട്ടുകളാണ് ലഭ്യമായ പയ്യന്നൂർ പാട്ടിലുള്ളത്. ഇതിൽ ഒരു പാട്ട് ആവർത്തന

മാണ്. നാലിലധികം ഈരടികളുള്ള 19 പാട്ടുകൾ ആറു പാട്ടുകളിൽ 9 വരിയും രണ്ടു പാട്ടുകളിൽ 7 വരിയുമാണ്. കാവ്യാരംഭത്തിൽ ആമുഖമായി അഞ്ചടി ചേർത്തിരിക്കുന്നു. തോറ്റംപാട്ടുകളിൽ സാധാരണയായി കാണുന്നതാണ് അഞ്ചടികൾ. പാട്ടിന്റെ ഇതിവൃത്തത്തെ സംബന്ധിച്ച സൂചനകൾ ഈ അഞ്ചടിയിൽ ഉൾച്ചേർന്നിരിക്കുന്നു. വടക്കൻ പാട്ടുകളുടെ താളത്തിലാണ് ഈ കൃതി രചിച്ചിരിക്കുന്നത് എന്നു കരുതിയിരുന്നെങ്കിലും പഞ്ചചാമരം, കൃശമധ്യ, മല്ലിക, സ്വാഗത തുടങ്ങിയ വൃത്തങ്ങളോടൊക്കുന്ന പാട്ടുകളും ഇതിലുണ്ട്. തമിഴിലെ എതുക, മോന, അന്താദിപ്രാസം എന്നിവ പ്രായേണ ദീക്ഷിച്ചിരിക്കുന്നു.

**ഇതിവൃത്തം**

സുന്ദരിമാർക്കു കേൾവിപ്പെട്ട ശിവപേരൂരിൽ (തൃശൂരിൽ) ഒരു മാന്യ കുടുംബത്തിൽ ജനിച്ച നീലകേശി എന്ന സ്ത്രീ അപുത്രയായിരുന്നതിനാൽ ഭിക്ഷുകിയായി തീർത്ഥാടനം ചെയ്യാൻ തീരുമാനിച്ചു. അങ്ങനെ സഞ്ചരിക്കവേ ഒരിക്കൽ ഉത്തരകേരളത്തിൽ ഏഴിമലയ്ക്കുസമീപമുള്ള കച്ചിൽ പട്ടണത്തു ചെന്നു ചേരുകയും അവിടത്തെ പ്രധാന വണിക്കായ നമ്പുച്ചെട്ടി (ചോമ്പു ചെട്ടിയെന്നും പറയും) അവളെ ചില വ്രതങ്ങളും മറ്റും അനുഷ്ഠിപ്പിച്ചു തന്റെ പത്നിയായി സ്വീകരിക്കുകയും ചെയ്തു. അവർക്കു നമ്പുരാശി അരൻ എന്നൊരു പുത്രൻ ജനിച്ചു ആ സംഭവത്തിന്റെ ആഘോഷരൂപമായി നാൽപത്തൊന്നാം ദിവസം പയ്യന്നൂർ മൈതാനത്തു വച്ച് നമ്പുച്ചെട്ടി ഒരു സദ്യ നടത്തി. ആ സമയത്ത് നീലകേശിയുടെ സഹോദരന്മാർ അവിടെ കപ്പൽ വഴിക്ക് എത്തിച്ചേർന്നു. അവർ ഒരു ക്ഷേത്രത്തിന്റെ മതിലിൽ കയറിനിന്നുകൊണ്ട് മൈതാനത്തിൽ നടന്ന ആഘോഷം കണ്ടുകൊണ്ടിരിക്കവേ ചിലർ അവരെ തടസ്സപ്പെടുത്തി. തങ്ങൾ കൂലവാണികന്മാർ(ധാന്യ വിക്രയികൾ) ആണെന്നും നാട്ടുനടപ്പറിഞ്ഞു കൂടാതെയാണ് അങ്ങനെ ചെയ്തതെന്നും അവർ സമാധാനം പറഞ്ഞു.

എന്നാൽ നമ്പുച്ചെട്ടി അവരിൽ ഒരു സഹോദരന്റെ തലയിൽ വടികൊണ്ടടിക്കുകയും തദനന്തരമുണ്ടായ ലഹളയിൽ എല്ലാ സഹോദരന്മാരും കാലഗതിയെ പ്രാപിക്കുകയും ചെയ്തു. ആ ദാരുണമായ വൃത്താന്തം കേട്ട് നീലകേശി ഭർത്താവിനെയും പുത്രനെയും ഉപേക്ഷിച്ച് വീണ്ടും ഭിക്ഷുകിയായി സഞ്ചരിച്ചു. പുത്രനെ പിതാവ് യഥാസമയം കച്ചവടവും കപ്പൽപ്പണിയും പഠിപ്പിച്ചു. നമ്പുശാരി അരൻ സ്വന്തമായി ഒരു കപ്പൽ നിർമ്മിച്ച്

അതു കച്ചിൽ പട്ടണത്തു നിന്നും കച്ചവടത്തിനായി കടലിലിറക്കി. പാണ്ഡ്യർ, ജോനകർ, ചോഴിയാർ മുതലായവരും ഒരു യവനനും (ഗ്രീക്കു കാരൻ) അതിൽ വേലക്കാരായുണ്ടായിരുന്നു. അവർ ഏഴിമല ചുറ്റി പൂമ്പട്ട ണത്തേക്ക് ചെന്ന് അവിടെ നിന്ന് മാലദ്വീപുകൾ, താമ്രവർണ്ണീനദി, പൂവൻകാ പട്ടണം, കാവേരി നദി ഇവ കടന്നു മറ്റൊരു സമുദ്രത്തിൽ സഞ്ച രിച്ചു പൊന്മല എന്ന സ്ഥലത്തെത്തി. തങ്ങളുടെ സാമാനങ്ങൾ വിറ്റഴിച്ചു സ്വർണവുമായി തിരികെ കച്ചിൽ പട്ടണത്തിലെത്തി. സഹയാത്രികന്മാർ യോഗ്യതാനുസാരം സമ്മാനങ്ങൾ വാങ്ങി. ഒരവസരത്തിൽ അച്ഛനും മകനും കൂടി ചതുരംഗം വച്ചുകൊണ്ടിരിക്കവേ ഒരു ഭിക്ഷുകി വന്നു തനിക്കു ഭിക്ഷ കിട്ടിയാൽ പോരെന്നും യുവാവായ വർത്തകനെ കാണണ മെന്നും നിർബന്ധിച്ചു. പിന്നീട് ആ സ്ത്രീയും അരനും തമ്മിൽ ദീർഘവും രഹസ്യവുമായ ഒരു സംഭാഷണം നടന്നു. ഒടുവിൽ അന്നു രാത്രി പയ്യന്നൂ രിൽ സ്ത്രീകൾ ഒരു സദ്യ നടത്തുന്നുണ്ടെന്നും ആ അവസരത്തിൽ അരൻ അവിടെ സന്നിഹിതനാകണമെന്നും അവർ അപേക്ഷിച്ചു പിരിഞ്ഞു. അച്ഛൻ അതിലെന്തോ കൃത്രിമമുണ്ടെന്നു ശങ്കിച്ചു മകനോട് പോകരുതെന്ന് ഉപദേശിച്ചു. എങ്കിലും മകൻ വാഗ്ദാനം ചെയ്തു കഴിഞ്ഞിരുന്നതിനാൽ പോകുമെന്ന് ശഠിച്ചു.

"നില്ലാതെ വീണു നമസ്ക്കരിച്ചാൻ,
നിന്നാണേ തമ്മപ്പാ പോകുന്നേനെ"

അപ്പോൾ അച്ഛൻ പറയുന്നു.

"പോകാൻ വിലക്കിനേനെത്തിരയും
പോക്കൊഴിപ്പാനരുതാഞ്ഞിതിപ്പോൾ
ചാവാളരെപ്പോൽ നീയകലെപ്പോവും
ചങ്ങാതം വേണം പെരികെയിപ്പോൾ"

എന്നു പറഞ്ഞുകൊണ്ട് കപ്പലിൽ വിൽപ്പനയ്ക്ക് കുറെ സാമാനങ്ങൾ കൂടി കൊണ്ടുപോകുവാൻ അച്ഛൻ ആജ്ഞാപിക്കുന്നു. അതു കഴിഞ്ഞുള്ള കഥാ സന്ദർഭങ്ങൾ നമുക്ക് ലഭ്യമായിട്ടില്ല.

**പയ്യന്നൂർപ്പാട്ടിലെ ഭാഷ**

വാമൊഴിക്കൊപ്പിച്ചെഴുതപ്പെട്ട പയ്യന്നൂർ പാട്ടിൽ അക്ഷരങ്ങളുടെ നീട്ടലും കുറുക്കലും സർവ്വ സാധാരണമായി കാണുന്നു. ആനാമുകൻ ഗണപാതി എന്നിവ ഉദാഹരണം. താളത്തിന്റെ അവ്യവസ്ഥയും പദങ്ങ

ളുടെ അന്വയ ക്ലേശവുമടക്കം ഭാഷാപരമായ വൈകല്യങ്ങൾ നിരവധിയുണ്ട്. എ കാര ഒ കാരങ്ങളുടെ ദീർഘരൂപങ്ങൾ എഴുത്തിൽ നിലവിലില്ലാതിരുന്ന തിനാൽ ഹ്രസ്വചിഹ്നം കൊണ്ടുതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. അ കാര ത്തിന്റെ എ കാരഛായയെ എ കാര ചിഹ്നം കൊണ്ടു തന്നെ രേഖപ്പെടുത്തി യിരിക്കുന്നു. ഉദാ. അങ്ങനെ, അമരപതി, കല്പനെ, നഗരം തുടങ്ങിയവ. വാമൊഴി ഭേദങ്ങളിൽ പൊതുവെ കാണുന്ന സ്വര വിനിമയങ്ങളും വർണ്ണാ ഗമങ്ങളും വർണ്ണ ലോപങ്ങളും പയ്യന്നൂർ പാട്ടിലുണ്ട്. ചില ഉദാഹരണ ങ്ങൾ കൂടി നോക്കാം.

| | | |
|---|---|---|
| ദക്ഷണ | – | ദക്ഷിണ (അവിനിമയം) |
| എന്തിരർ | – | ഇന്തിരർ (എ, ഇ വിനിമയം) |
| ചതുരംഗം | – | ചതിരംഗം (ഉ, ഇ വിനിമയം) |
| ചതുരംഗം | – | ചതിരംഗം (ഉ,ഇ വിനിമയം) |
| ബാഴുക | – | വാഴുക (ബ,വ, വിനിമയം) |
| നുപ്പത്തുരണ്ടും | – | മുപ്പത്തിരണ്ടും (ന,മ, വിനിമയം) |
| പഷ്ണം | – | പട്ടണം (ഷ. ട്ട വിനിമയം) |
| വാഴിക | – | (വാഴുക) (സ്വരാഗമം) |
| യിഷ്ടം | – | ഇഷ്ടം (വ്യഞ്ജനാഗമം) |

ദ്രവിഡസംഘാതാക്ഷരമല്ല പയ്യന്നൂർപാട്ട് നിരവധി സംസ്കൃത പദ ങ്ങൾ ഇതിൽ തത്സമ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. എങ്കിലും തമിഴിന്റെ സ്വാധീനം പ്രകടമാണ്. പുരുഷഭേദനിരാസം സ്വരസംവരണം ഇവ സംഭവി ക്കാത്ത രൂപങ്ങളും ധാരാളമുണ്ട്. വേറെ പ്രാകൃത പദങ്ങളും കാണാം. കന്നഡ ഭാഷയുടെ സ്വാധീനം ശബ്ദതലത്തിൽ പ്രകടമാണ്. മലബാർ മല യാളത്തിൽ വിശേഷിച്ച് പയ്യന്നൂർ പ്രദേശങ്ങളിൽ വ്യവഹാരത്തിലുള്ള വാമൊഴിയുടെ വ്യാകരണ സവിശേഷതകൾ ഇതിൽ കാണാം. പ്രതിഗ്രാ ഹികാ പ്രത്യയം ചേർന്നുവരുന്ന രൂപങ്ങൾ ഇടയ്ക്കിടെ കാണാം. വീണതി ന-വീണതിനെ അവര-അവരെ ഇവ ഉദാഹരണം. ഉത്തര കേരളത്തിൽ മാത്രം പ്രചാരത്തിലുള്ളതും പ്രാചീനവുമായ നിരവധി പദങ്ങളും ശൈലി കളും ഇതിലുണ്ട്. ഉദാ:- പൈക്കം - ഭിക്ഷ, ആത്തിയം - നുണ, ഒരം-ഉറപ്പ്, ഇല്ലത്-ഉള്ളത്, പിണി-ബാധ, നിട്ടോട്ടം-ഓടുക, പയ്യന്നൂർപ്പാട്ടിലെ ഭാഷ ഒരു വർഗ്ഗ ഭാഷയാണെന്നും വൈശ്യ ജാതിയുടെ സംഭാഷണത്തിൽ സുല ഭമായ തമിഴ് കലർപ്പും ഞ്ച, ന്ത രൂപങ്ങളുമാണ് ഇവിടെ കാണുന്നതെന്നും

അക്ഷരശൂന്യരായ സാധാരണക്കാർ പാടിപ്പഴകിയതാകയാൽ ഗ്രാമ്യത അതേപടി നിലനിൽക്കുന്നുവെന്നും ഗുപ്തൻ നായർ വിലയിരുത്തുന്നു.

**കേരളതീരത്തെ കപ്പൽക്കച്ചവടം**

സാമൂഹിക സാമ്പത്തിക പരിണാമത്തിന്റെ ഓർമകൾ ഉണർത്താൻ ഈ രചന, ഉപകരിക്കുന്നു. കേരളത്തിന്റെ പടിഞ്ഞാറൻ തീരത്തു വിശിഷ്യ മലബാർ തീരത്തു വാണിജ്യം എങ്ങനെ അഭിവൃദ്ധി പ്രാപിച്ചിരുന്നു എന്നും പയ്യന്നൂർ പാട്ടുകൾ എന്ന ഈ കൃതി കാണിച്ചുതരുന്നു. വിഭവങ്ങളുടെ പട്ടികയാണ് 96-104 പാട്ടുകൾ. വാങ്ങുന്നതും വിൽക്കുന്നതുമായ ഉൽപ്പന്ന ങ്ങൾ കടലോര വാണിജ്യത്തെക്കുറിച്ച് നമുക്കു ചരിത്രരേഖകൾ നൽകുന്ന തെളിവുകളുമായി പൊരുത്തപ്പെടുന്നുണ്ട്. കിഴക്കൻ തീരത്തു നിന്ന് അരി വാങ്ങി പടിഞ്ഞാറൻ തീരത്തുകൊണ്ടുവന്ന് വിൽക്കുന്ന ഒരേർപ്പാട് പണ്ടു ണ്ടായിരുന്നു. 16 ഉം 17 ഉം നൂറ്റാണ്ടുകളിൽ തീരദേശകടൽ വാണിജ്യം എന്നു സഞ്ജയ് സുബ്രഹ്മണ്യം വിശദീകരിച്ചിട്ടുണ്ട്. അതിന്റെ വെളിച്ച ത്തിൽ നോക്കുമ്പോൾ പോർട്ടുഗീസുകാരുടെ വരവിനും വളരെ മുമ്പ് കാവേരി ,പൂമ്പട്ടണം, നാഗപട്ടണം, തഞ്ചാവൂർ, ചിദംബരം പ്രദേശങ്ങളു മായി കടൽവഴി മലബാറിനുണ്ടായിരുന്ന ഉറ്റ ബന്ധങ്ങളിലേക്ക് പയ്യന്നൂർ പാട്ട് വെളിച്ചം പകരുന്നു. അത് സാമ്പത്തിക ചരിത്ര പഠനത്തിൽ പ്രസക്ത മായ കാര്യമാണ്. കപ്പൽ നിർമ്മാണത്തിൽ (ചെറിയ ചരക്കു കപ്പലുകളായി രിക്കണം) മലബാറിനുള്ള പാരമ്പര്യം കച്ചവട സംഘങ്ങളുടെ പ്രവർത്തനം വിഭവ സമാഹരണം, ശേഖരണം വിതരണം എന്നിവയെക്കുറിച്ചെല്ലാം ഇതിൽ പരാമർശമുണ്ട്.

കുഞ്ഞു പിറന്ന സന്തോഷത്തിൽ നമ്പുച്ചെട്ടി നാട്ടാർക്ക് അന്നദാനം നടത്തുകയും നാൽപത്തിയൊന്നാം നാൾ വാലായ്മ തീർന്നപ്പോൾ പഴയ ന്നൂരിൽ ഒരു കൂത്തും സദ്യയും നടത്തുകയും ചെയ്തു. കൂത്തിന്റെ തകിടടി എന്ന മിഴാ വാദ്യം കേട്ട് കപ്പലിൽ പൊയ്ക്കൊണ്ടിരുന്ന നീലകേശിയുടെ ആങ്ങളമാർ ഒരു കമ്പതിലേറി ഒരു ഭാഗത്തിരിപ്പു പിടിച്ചു. കൂത്തിന്റെ പാങ്ങറിയാത്തവർ ഒപ്പമിരിപ്പതു കൂഴയല്ലയോ എന്നു പറഞ്ഞ് അവരെ നാട്ടുകാർ വിലക്കി. ഞങ്ങൾ കടലോടി വരുന്ന കൂലവാണിയന്മാരാണ് (ധാന്യ വ്യാപാരികൾ) ആചാരമറിയാതെ വന്നിരുന്നു പോയി എന്ന് അവർ സാമം പറഞ്ഞെങ്കിലും അതു കേൾക്കാതെ വലിയ ചെട്ടി ഒരുവന്റെ തലയ്ക്കടിച്ചു. ലഹളയിൽ നീലകേശിയുടെ ആങ്ങളമാർ കൊല്ലപ്പെട്ടു. ആ ദു:ഖത്തിൽ അവർ ഭർത്താവിനെയും മകനെയും ഉപേക്ഷിച്ച് ഭിക്ഷുകി

യായി പോയി. പിതാവ് മകനായ നമ്പുശാരി അരനെ കപ്പൽപ്പണിയും കപ്പൽക്കച്ചവടവും പഠിപ്പിച്ചു. താൻ മകനായി പിറന്നിട്ട് എന്തു ഗുണമുണ്ടായി എന്ന് മകൻ അപ്പനോട് ചോദിക്കുന്നു. അതിനു മറുപടിയായി അന്തണർ മക്കളായി പിറന്നാൽ ഓത്തു പഠിക്കണം, രാജാക്കന്മാർ മക്കളായി പിറന്നാൽ കുതിരയെ മെരുക്കണം, ശൂദ്രന്റെ മക്കളായാൽ ചുരിക പയറ്റണം, വ്യാപാരി മക്കളായാലോ-പൊന്നും വെള്ളിയുമെടുത്തുരയ്ക്കാം, എന്നിങ്ങനെ നാലു വർണ്ണത്തിന്റെയും കുല ധർമ്മങ്ങൾ വിവരിച്ചു കേൾപ്പിച്ചു. തുടർന്ന് വ്യാപാരിയുടെ ധർമ്മങ്ങളെപ്പറ്റി വിസ്തരിക്കുന്നു. നാലുവഴിയും നിനച്ചുകണ്ട് നാഴിയും കോലുമെടുത്തളന്ന് നാട്ടാരെ പാട്ടിലാക്കി കച്ചവടം ചെയ്യണം. പിന്നെ കപ്പലുണ്ടാക്കുന്നവിധം വർണ്ണിക്കുന്നു. ചോമ്പ്രാണി കപ്പലാണുണ്ടാക്കുന്നത്. (ഉണ്ണുനീലീ സന്ദേശത്തിൽ ചൊമ്പ് (junk), ചാമ്പ്രാണി, ചോണാടൻ എന്നിങ്ങനെ മൂന്നുതരം കപ്പലുകൾ കൊല്ലം തുറമുഖത്തിലടുത്തിരുന്നു എന്നു പറയുന്നു. അങ്ങനെ നമ്പുശരി പട്ടിനു പേരുകേട്ട കച്ചിൽ പട്ടണത്തിൽ നിന്ന് കപ്പലിറങ്ങി ഏഴിമലയും മാലദ്വീപും ചുറ്റി താമ്രപർണ്ണിയും കടന്ന് കാവേരിപ്പൂമ്പട്ടണത്തിലെത്തി കച്ചവടം ചെയ്ത് പൊന്നും പണവുമായി തിരിച്ചെത്തി.

ഒരിക്കൽ ഒരു ഭിക്ഷുകിയും നമ്പുശരി അരനും തമ്മിൽ ശാസ്ത്രസംബന്ധിയായ ഒരു തർക്കം നടന്നു. തർക്കത്തിൽ അവരെ തോൽപ്പിക്കാൻ നമ്പുശരി അരനായില്ല. അപ്പോൾ ആ സ്ത്രീയും നമ്പു അരനും തമ്മിൽ എന്തോ രഹസ്യ സംഭാഷണം നടന്നു. അതിൻപ്രകാരം പഴയന്നൂരിൽ ഒരു കൂത്തു നടക്കുന്നുണ്ടെന്നും അതു കാണാൻ വരണമെന്നും ഭിക്ഷുകി അരനെ ക്ഷണിച്ചു. ചെല്ലാമെന്ന് അവൻ സമ്മതിച്ചു. എന്നാൽ പിതാവ് മകനെ വിലക്കി. എന്തു വന്നാലും താൻ വാക്ക് മാറ്റില്ലെന്നും കൂത്തിന് പോകുകതന്നെ ചെയ്യുമെന്നും മകൻ അറിയിച്ചു. എങ്കിൽ അങ്ങനെ പോകുന്നെങ്കിൽ കപ്പലെടുത്തു കുറെ സാമാനങ്ങൾ കൂടി കയറ്റിപ്പോകു എന്ന് അച്ഛൻ പറഞ്ഞു.

"കണ്ടവർ പോംവണ്ണമല്ല പോകവൂ
കരുത്തരായ് വാണിയം ചെയ്ക വേണം"

ഇവിടെ വൈശ്യന്റെ തൊഴിലഭിമാനം സ്പഷ്ടം

എന്തു ഞാൻ ബാണിയം കൊണ്ടു പോവൂ

എന്നെയുവപ്പനെ തമ്മപ്പാചൊൽ എന്നു മകൻ ചോദിക്കുമ്പോൾ അടുത്തതായി പറയുന്നത് പഴേന്നൂർ വിൽക്കാവുന്ന വാണിയങ്ങളുടെ നീണ്ട പട്ടികയാണ്. കല്ലും കനകങ്ങളും, കൈക്കിടും മോതിരങ്ങളും, മുത്തു വൈര മാണിക്യങ്ങളും, വെള്ളി വെഞ്ചാമരവും ,പുടവ പരുത്തി പിത്തളയും ,പൊരിവാൾ ചുരിക വിൽവാണവും, വീണ മിഴാവു പട്ടകയും, നാരും നാഴിയുലക്ക, ചൂൽ മുറവും ഏലത്തരിയവൽ, കിണ്ടിതണ്ടികയും - എല്ലാം കപ്പലിൽ കയറ്റണം എന്നാണ് അപ്പൻ പറയുന്നത്. ഇതോടെ പാട്ട് അവസാനിക്കുന്നു. പക്ഷേ യുവാവായ വാണിക്കിന് എന്തു സംഭവിച്ചു എന്നറിയാൻ നിവൃത്തിയില്ല.

**പയ്യന്നൂർപ്പാട്ടിൽ പരാമർശിക്കപ്പെടുന്ന സ്ഥലങ്ങൾ**

പ്രാചീന കേരളത്തെക്കുറിച്ചുള്ള വിവരണങ്ങൾ ലഭ്യമായ പാട്ട് എന്ന നിലയ്ക്ക് ഇതിൽ നിരവധി സ്ഥലങ്ങൾ പരാമർശവിധേയമാകുന്നു ണ്ട്. കേരളത്തിലെ ചില തുറമുഖങ്ങളും അതിൽപ്പെടുന്നു. കച്ചിൽ പട്ടണം, പേരൂർ, പാഴി-പഴയങ്ങാടി, രാമേശ്വരം-രാമതെരു ,പഴന്നൂർ തെരു-പയ്യന്നൂർ തെരു, ഏഴി-ഏഴിമല, നന്തി-വടകര, മാടയേഴി-മാടായി, വളർപട്ടണം-വള പട്ടണം, പൂവെക്കപ്പട്ടണം- വെങ്കര, നായൻനഗരി-പൊന്മല, തുടങ്ങിയ നിര വധി സ്ഥലങ്ങളെ പരാമർശിക്കുന്നു. ഈ പാട്ടിൽ ഒരിടത്തെ പയ്യന്നൂർ എന്ന ശബ്ദം ഉപയോഗിച്ചിട്ടുള്ളൂ പഴയന്നൂർ, പഴന്നൂർ എന്നൊക്കെയാണ് പൊതുവെ കാണുന്നത്. പയ്യന്നൂരിന്റെ പഴയ പേര് പഴയന്നൂർ എന്നായിരു ന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. പഴയൻ എന്ന മൂഷികരാജാവിന്റെ പേരു മായി ബന്ധപ്പെട്ടതാണ് ഈ പരാമർശം. കൃതിയിൽ പരാമർശിക്കുന്ന പേരൂർ തൃശൂർ ആണോയെന്ന് ഗുണ്ടർട്ട് സംശയം പ്രകടിപ്പിക്കുന്നു. പേരൂർ നഗരി പേരൂരയ്യൻ പെരുംകോവിൽ എന്നീ പരാമർശങ്ങളായാണ് പ്രത്യക്ഷപ്പെടുന്നത്. രണ്ടിടത്തും ശിവക്ഷേത്രങ്ങളുണ്ട് എന്നാൽ എരമത്തി നടുത്തുള്ള പേരൂരാണ് ഈ കൃതിയിലുള്ളതെന്ന് ഡോ.പി പവിത്രൻ വാദി യ്ക്കുന്നു. പാട്ടിൽ പരാമർശിക്കുന്ന കൂത്ത് അവിടെ മുമ്പ് നേർച്ചയായി നടന്നിരുന്നതായി അദ്ദേഹം പറയുന്നു. കച്ചിൽ പട്ടണം ഏഴിമലയ്ക്കടു ത്തുള്ള ഒരു പുരാതന തുറമുഖ നഗരമെന്ന് ഗുണ്ടർട്ടിന്റെ നിഘണ്ടുവിൽ രേഖപ്പെടുത്തിയിരിക്കുന്നു. കച്ചിൽപട്ടണം കവ്വായി ആണോയെന്ന് അദ്ദേഹം സംശയിക്കുന്നു. മാടായിക്കു സമീപമുള്ള അടുത്തില എന്ന പ്രദേശത്തെക്കുറിച്ചും പരാമർശിക്കുന്നു. അടുത്തില ചാലിയരുടെ ഒരു കേന്ദ്രമാണെന്നും കരുതപ്പെടുന്നു.

**സാമൂഹികജീവിതം**

വാണിയ സമൂഹത്തിന്റെ ഇതിഹാസമാണ് പയ്യന്നൂർപ്പാട്ട് എന്ന് പൊതുവെ പറയാറുണ്ട്. കുലവാണിയരാണ് ഇതിലെ പ്രധാന വിഭാഗം. കടൽത്തീര വാണിജ്യം നടത്തുന്നവരാണിവർ. തമിഴ്-കർണ്ണാടക വർത്തക പ്രമാണിമാരെയോ അവരുടെ പിൻഗാമികളെയോ ആണ് ചെട്ടി (ശ്രേഷ്ഠി) എന്ന പദം കൊണ്ട് സാധാരണ വിവക്ഷിക്കുന്നത്. വാണിയരിൽപ്പെടുന്ന വിഭാഗമാണ് ചാലിയർ. കപ്പൽകച്ചവടക്കാരായ വളഞ്ചിയർ ഇവരിലൊരു വിഭാഗമാണ്. ഇവർ തന്നെയാകണം കുലവാണിയരും. മറ്റൊരു വിഭാഗമായ ഓടങ്കയ്യർ നെയ്ത്തുകാരാണ്. തഞ്ചാവൂരിൽ നിന്നും കുടിയേറിയവരാണി വർ. അടുത്തില, പഴയങ്ങാടി ഭാഗങ്ങൾ ഇവരുടെ പ്രധാന കച്ചവടകേന്ദ്രമാ ണെന്ന് കരുതുന്നു. വാണിയരുടെ കച്ചവട സാമർത്ഥ്യം 35-ാം പാട്ടിൽ തെളിയുന്നുണ്ട്.

> “ബാണിയംഞ്ചെയ്വാനു ബലതു വെണം
> പലർ കൈയിലാകൊല്ല ശിൽക്കണക്കു
> കാണിയും ബീശവും ശിൽക്കണക്കും
> കാണാമ്പൊഴെകൊണ്ടച്ചാർത്തിവെപ്പു.”

ആശാരിമാരാണ് മറ്റൊരു വിഭാഗം. വാണിയരും ആശാരിമാരും ഉപ യോഗിക്കുന്ന ഉപകരണങ്ങളും പ്രയോഗിക്കുന്ന പദങ്ങളും പാട്ടിൽ അങ്ങി ങ്ങുകാണാം. വപ്പുരവർ, ചോനകർ, ചോഴിയർ, പാണ്ടിയർ, മരയ്ക്കാൻമാർ തുടങ്ങിയവരാണ് പയ്യന്നൂർ പാട്ടിൽ സൂചിതരായ മറ്റുവിഭാഗങ്ങൾ. വപ്പുര വർ കപ്പൽ പണിക്കാരായ മുസ്ലീം മതക്കാരായ വിഭാഗക്കാരാണ്. ചോനകർ മാപ്പിളമാരും. മരയ്ക്കാന്മാർ മുസ്ലീങ്ങളായ കപ്പൽ പടയാളികളും പാണ്ടി യർ കെട്ടുവള്ളം തുഴയുന്നവരും ചോഴിയർ ബൗദ്ധപാരമ്പര്യമുള്ള ചോയി എന്ന ജാതിക്കാരുമാകാം. പട്ടണ സ്വാമികൾ വളഞ്ചിയർ തുടങ്ങിയ വണിക സംഘങ്ങളെയും ഇതിൽ പരാമർശിക്കുന്നുണ്ട്. വളഞ്ചിയരുടെ സംഘത്തിൽപ്പെട്ടവരാണ് നമ്പുചെട്ടിയും മകനും. 14 കിരിയക്കാരായ തോഴർ, നാലു ചാലിയ സംഘങ്ങൾ, നാലു നഗരങ്ങൾ എന്നിവയും പരാ മർശ വിധേയമാകുന്നു. വെള്ളൂർ, നീലേശ്വരം എന്നിവിടങ്ങളിലെ സംഘ ങ്ങൾ മലബാർ തീരത്ത് നടത്തിയിരുന്ന വാണിജ്യത്തെക്കുറിച്ച് പ്രത്യേകം പറയുന്നുണ്ട്. കച്ചിൽ പട്ടണത്തിലെ കപ്പൽ നിർമ്മാണത്തേയും നാടു ചുറ്റി യുള്ള കപ്പൽ കച്ചവടത്തെയും കുറിച്ചുള്ള വിവരണങ്ങൾ ചാലിയരുടെ

സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നു. 96 മുതൽ 104 വരെയുള്ള പാട്ടുകളിൽ വിവരിക്കുന്ന ചരക്കുകളുടെ നീണ്ടനിര പയ്യന്നൂർ പാട്ടിനെ ചരിത്രരേഖയാക്കുന്നു. ഇതിലെ ചരക്കുകൾ പലതും തിരിച്ചറിയാൻ കഴിഞ്ഞാൽ കേരള ചരിത്രത്തിന് വലിയ നേട്ടമായിരിക്കും. ചില ആചാരാനുഷ്ഠാനങ്ങളും പ്രസ്തുത കൃതിയിൽ പരാമർശിക്കുന്നുണ്ട്. കൃതിയിൽ കാര്യമായി പരാമർശിക്കുന്ന ഒരാചാരം കൂത്താണ്. വണ്ണാൻകൂത്ത്, മലൈക്കൂത്ത്, പോലുള്ള തെയ്യം അനുഷ്ഠാനവുമായി ബന്ധപ്പെട്ട കൂത്തുകളെയാണ് ഇത് സൂചിപ്പിക്കുന്നത്. ഉത്തരമലബാറിലെ ചില ക്ഷേത്രങ്ങളിലും കാവുകളിലും ഈ അനുഷ്ഠാനം ഇന്നും നിലനിൽക്കുന്നു. കുട്ടികളുണ്ടാവാനും അനൈശ്വര്യങ്ങൾ നീങ്ങാനുമാണ് വണ്ണാൻ കൂത്ത് നടത്തുന്നത്. പേരൂരയ്യൻ കോവിലിൽ മാതുകൂത്ത് നേർന്നിട്ടാണ് നീലകേശിക്ക് സന്താനമുണ്ടാകുന്നത്. കൂത്ത് എന്ന പദം നിരവധി അർത്ഥതലങ്ങളിൽ പയ്യന്നൂർ പാട്ടിൽ ഉപയോഗിക്കുന്നു. പുളികുടി, പുല, അഞ്ചാനീർ കുളിക്കുക, എന്നീ ആചാരങ്ങളെക്കുറിച്ചും പാട്ടിൽ പരാമർശിക്കുന്നു. വിശ്വാസങ്ങളും ആചാരങ്ങളും കുടുംബബന്ധങ്ങളും കുടിപ്പകയുമൊക്കെ വിഷയമാകുന്നുണ്ടെങ്കിലും പ്രാചീന കേരളത്തിലെ വാണിജ്യചരിത്രമാണ് പയ്യന്നൂർപ്പാട്ടിന്റെ കാതൽ എന്നു കരുതാം.

**സഹായക ഗ്രന്ഥങ്ങൾ**

1. കേരള സാഹിത്യ ചരിത്രം വാല്യം-1, ഉള്ളൂർ, കേരള സർവ്വകലാശാല -1956
2. കേരള ഭാഷാഗാനങ്ങൾ വാല്യം-1, ചിറയ്ക്കൽ ടി ബാലകൃഷ്ണൻ നായർ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
3. വണ്ണാനും കെന്ത്രോൻപാട്ടും, എം. വി വിഷ്ണു നമ്പൂതിരി , എസ്. പി.സി എസ്, കോട്ടയം-1982
4. വടക്കൻ കേരളത്തിലെ തോറ്റംപാട്ടുകൾ, എം. വിഷ്ണു നമ്പൂതിരി കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ-1981
5. പയ്യന്നൂർപ്പാട്ട്- പഠനങ്ങൾ-ജനറൽ എഡി. ഡോ. സ്കറിയാ സക്കറിയ, എഡി.പി.ആന്റണി, ഡി.സി ബുക്സ് -കോട്ടയം

# പ്രാദേശിക ക്ഷേത്രസംസ്കൃതിയും പനന്തടിക്കൽ ദേവീക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളും

**ഡോ.ശ്രീജ ജെ.എസ്.**

**പ്രബന്ധസംഗ്രഹം**

*കേരളത്തിലെ ഒരു പ്രാദേശിക യക്ഷിയമ്മൻ ക്ഷേത്രത്തിന്റെ ഐതിഹ്യത്തെയും തനതും വൈവിധ്യമാർന്നതുമായ ആചാരാനുഷ്ഠാനങ്ങളെയും വിശകലനം ചെയ്തുകൊണ്ട് ആര്യാധിനിവേശത്തിന്റെയും സവർണ്ണാധിപത്യത്തിന്റെയും പ്രത്യക്ഷത്തിൽ പ്രകടമല്ലാത്തതും സൂക്ഷ്മവും തന്ത്രപരവുമായ സമകാലികമുഖം അനാവരണം ചെയ്യുന്നു.*

**താക്കോൽവാക്കുകൾ**

*ഉല്പത്തി, ഐതിഹ്യം, സവിശേഷാചാരങ്ങൾ, പൂപ്പട-വിൽപ്പാട്ട്, തണ്ണീർക്കൊട, ആര്യാധിനിവേശം, ദ്രാവിഡ പ്രതിരോധം.*

**ആമുഖം**

ഏതൊരു കൂട്ടായ്മയുടെയും സാംസ്കാരികസത്ത നിർണ്ണയിക്കുന്നതിൽ സുപ്രധാനമായ പങ്കു വഹിക്കുന്നവയാണ് ആചാരാനുഷ്ഠാനങ്ങൾ. മതങ്ങളും വിശ്വാസങ്ങളുമായി ബന്ധപ്പെട്ട ആചരണങ്ങൾ ആണെങ്കിലും പാരമ്പര്യത്തിന്റെ വർത്തമാനകാല വാഹകങ്ങൾ കൂടിയാണവ. ക്ഷേത്രാചാരങ്ങളും അക്കാര്യത്തിൽ വ്യത്യസ്തമല്ല. അതുകൊണ്ടുതന്നെ, ആദ്ധ്യാത്മിക താല്പര്യങ്ങൾക്കുപരിയായി വംശീയവും ചരിത്രപരവും സാമൂഹികവും കലാപരവും ഒക്കെയായ മാനങ്ങൾ ക്ഷേത്രപഠനങ്ങൾക്കുണ്ട്. നിരന്തരമായ പഠനങ്ങൾക്ക് വിധേയമാകുന്ന മഹാക്ഷേത്രങ്ങൾക്കൊപ്പം തന്നെ; പൊതുവേ മുഖ്യധാര അവഗണിക്കുന്ന, എന്നാൽ തനതും സവിശേഷവുമായ ആചാരാനുഷ്ഠാനങ്ങളാൽ സമ്പന്നമായ പ്രാദേശിക ക്ഷേത്രങ്ങൾക്കും സംസ്കാരപഠനത്തിൽ വലിയ സംഭാവനകൾ നൽകാനാകും. അങ്ങനെയുള്ള ദേശിയായ പഠനങ്ങൾ പലപ്പോഴും നിലവിലെ ചരിത്ര-സം

സ്കാരബോധത്തെ അപനിർമ്മിക്കുകയും ചെയ്യും. അത്തരം സാധ്യതകളേ റെയുള്ള ഒരു പ്രാദേശിക യക്ഷിയമ്മൻ ക്ഷേത്രമാണ് തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ കൊല്ലയിൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 'പനന്തടിക്കൽ ദേവീക്ഷേത്രം'. ഇന്നും തനിമയോടെ നില നിർത്തിപ്പോരുന്ന ഈ ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളെ മുൻനിർത്തി നമ്മുടെ പ്രാദേശിക സംസ്കൃതിയുടെ തനിമയും വൈവി ധ്യവും വർത്തമാന പരിസരത്തിൽ അടയാളപ്പെടുത്താനുള്ള ശ്രമമാണ് ഈ പഠനം.

## 1. ഉല്പത്തി ഐതിഹ്യം

ഏകദേശം മുന്നൂറ് വർഷങ്ങൾക്ക് മുമ്പ് കന്യാകുമാരിയിലെ വൈക്കല്ലൂരിൽ നിന്നു വന്ന് ഇപ്പോൾ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്ത് കുടിയിരുന്ന ദേവിയാണ് പനന്തടിക്കൽ ദേവി എന്നാണ് വിശ്വാസം. അക്കാ ലത്ത് നെയ്യാറ്റിൻകര താലൂക്കിലെ നടവൂർ കൊല്ലദേശത്തെ ഒരു പ്രബല കുടുംബമായിരുന്നു ഈരാറ്റുകുടുംബം. നിരവധി ഉപശാഖകൾ ഉള്ള ഒരു വലിയ കുടുംബമായിരുന്നു അത്. പനന്തടിക്കൽ കുടുംബവും ആലപ്പു റത്ത് കുടുംബവും അക്കൂട്ടത്തിൽപ്പെടും. ഒരിക്കൽ ആലപ്പുറത്ത് കാരണ വർ ഒരു പ്രശ്നനിവാരണത്തിനായി പത്നീസമേതം വൈക്കല്ലൂരിൽ പോയി. പൂജാസാധനങ്ങൾ വാങ്ങിവരാൻ ഒരു വണ്ടിക്കാരനെ ഏല്പിച്ചു. സാധനങ്ങൾ വാങ്ങി വണ്ടിക്കാരൻ മടങ്ങിവരുമ്പോൾ വില്ലുവണ്ടിയിൽ ചുവന്ന പാവാടയും ധരിച്ച് നിറയെ പിച്ചിപ്പൂവും ചൂടി ഒരു പെൺകുട്ടിയി രിക്കുന്നു. താൻ മുപ്പന്തലിൽ നിന്ന് വരികയാണെന്നും തന്റെ വീട് വൈക്ക ല്ലൂരാണെന്നും തന്നെ അവിടെക്കൊണ്ടുപോയി വിടണമെന്നും പറഞ്ഞു. കുട്ടി വൈക്കല്ലൂരിലെത്തിയപ്പോൾ ഇറങ്ങണമെന്ന് ആവശ്യപ്പെട്ടു. അത് വകവയ്ക്കാതെ വണ്ടിക്കാരൻ മണിയൻതോട്ടത്ത് വണ്ടി നിർത്തി. നോക്കു മ്പോൾ കുട്ടിയെ കാണാനില്ല. തുടർന്ന് നല്ല രീതിയിൽ പൂജാകർമ്മങ്ങൾ നടത്തിയശേഷം ആലപ്പുറത്തേക്ക് മടങ്ങിയ കാരണവരുടെ പത്നിയുടെ ഒപ്പം, വൈക്കല്ലൂരിൽ താമസിച്ചിരുന്ന ദേവിയും പരിവാരങ്ങളും 'കൂടി' എന്നും അവർക്ക് ഇരിപ്പിടം നൽകണമെന്ന് പ്രശ്നത്തിൽ തെളിഞ്ഞ പ്രകാരം, കാരണവരുടെ നിർദ്ദേശമനുസരിച്ച്, മൂത്താശാരിക്ക് സ്വപ്നദർശനം ലഭിച്ച സ്ഥലത്ത്, പഴയ രാജവീഥിക്ക് സമീപമുള്ള പ്രകൃതിരമണീയമായ പ്രദേ ശത്ത് ക്ഷേത്രം നിർമ്മിച്ചു എന്നുമാണ് ഐതിഹ്യം. അന്ന് നിർമ്മിച്ച ക്ഷേത്രമാണ് ഇന്നും നിലവിലുള്ളത്.

**2. ഭരണവ്യവസ്ഥ**

ഇത് നിത്യപൂജയുള്ള ക്ഷേത്രമല്ല. മാസത്തിൽ രണ്ട് തവണ മാത്രമേ നട തുറക്കാറുള്ളൂ. പൗർണ്ണമി, ആയില്യം ദിവസങ്ങളിലാണത്. നായർ സമുദായത്തിന്റെ അധീനതയിലുള്ള ഈ ക്ഷേത്രത്തിൽ ട്രസ്റ്റോ കമ്മിറ്റിയോ രൂപീകരിച്ചിട്ടില്ല. കുടുംബത്തിലെ പ്രമാണിമാരും കാരണവന്മാരുമായ വ്യക്തികളിലാണ് അധികാരം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. ക്ഷേത്രത്തിലെ പ്രധാന പൂജാരി എപ്പോഴും കുടുംബാംഗമായ വ്യക്തി തന്നെയായിരിക്കും. യക്ഷിയും ഭഗവതിയുമാണ് മുഖ്യദേവതകൾ. യക്ഷിക്ക് പൂജ നടത്തുന്നതും സവിശേഷസന്ദർഭങ്ങളിൽ ദേവിയുടെ പ്രതീകമായി വെളിപ്പെടുന്നതും കുടുംബാംഗമായ വ്യക്തി തന്നെയായിരിക്കും. ഉപദൈവങ്ങളെ (നാഗയക്ഷി, യോഗീശ്വരൻ, മന്ത്രമൂർത്തി, ആറ്റുവാത, മാടൻ) പൂജിക്കുന്നതും കുടുംബാംഗങ്ങൾ തന്നെ. ഭഗവതിയെ മാത്രം ബ്രാഹ്മണൻ പൂജിക്കും.

**3. ആചാരങ്ങളിലെ ദ്രാവിഡത്തനിമയും വൈവിധ്യവും**

ദേശീപാരമ്പര്യത്തെ അടിസ്ഥാനമാക്കിയുള്ള ആചാരാനുഷ്ഠാനങ്ങളെയും കലകളെയും ഇന്നും പിൻതുടരുകയും തനിമയോടെ നിലനിർത്തിപ്പോരുകയും ചെയ്യുന്ന ക്ഷേത്രമാണിത്.

**3.1 പൂപ്പടയും വിൽപ്പാട്ടും**

യക്ഷിയമ്മൻക്ഷേത്രത്തിലെ പൂജയ്ക്ക് ‘പൂപ്പട വാരൽ’ എന്ന അനുഷ്ഠാനമാണ് ഏറ്റവും പ്രധാനം. ശ്രീകോവിലിന് മുന്നിൽ ഇലകളും പൂക്കളും കൊണ്ട് പൂപ്പട നിർമ്മിക്കുന്നു. ഇലഞ്ഞി, മഞ്ചാടി തുടങ്ങിയവയുടെ ഇലകളും അരളി, ജമന്തി, താമര, റോസ, മുല്ല, പിച്ചി തുടങ്ങിയ പൂക്കളും ഇതിനായി ഉപയോഗിക്കുന്നു. പൂജാസമയത്ത് വെളിപാടുണ്ടാകുന്ന പൂജാരി വിൽപ്പാട്ടിന്റെ അകമ്പടിയോടുകൂടി ഉറഞ്ഞുതുള്ളി താളമേളങ്ങൾക്കനുസരിച്ച് ഇലകളും പൂക്കളും വാരിയെറിഞ്ഞ് ഒടുവിൽ തളർന്നു വീഴുന്നതോടുകൂടി പൂപ്പടവാരൽ എന്ന അനുഷ്ഠാനം പൂർത്തിയാകുന്നു. ഉത്സവത്തോടനുബന്ധിച്ച് കൈപ്പൂപ്പട, പാതിരാപ്പൂപ്പട, ഉച്ചപൂപ്പട എന്നിങ്ങനെ മൂന്ന് പൂപ്പടകൾ ഇവിടെ നടത്താറുണ്ട്. ഈ സമയത്ത് പൂജാരി ചടുലമായി ഉറഞ്ഞുതുള്ളുകയും വാളും ശൂലവും ഉപയോഗിച്ച് സ്വയം മുറിവേല്പിക്കുകയും അവസാനം ഭക്തരെ അനുഗ്രഹിക്കുകയും ചെയ്യും.

യക്ഷിയമ്മൻ ക്ഷേത്രത്തിലെ ഉത്സവത്തിന്റെ ഭാഗമായുള്ള ആചാരാനുഷ്ഠാനങ്ങൾക്ക് വിൽപ്പാട്ട് വേണമെന്നതും നിർബന്ധമാണ്. യക്ഷിക്ക

ഥയാണ് വിൽപ്പാട്ടായി അവതരിപ്പിക്കുന്നത്. കൈപ്പൂപ്പടയ്ക്ക് പുതുവാത പ്പാട്ടും പാതിരാപ്പൂപ്പടയ്ക്ക് കള്ളിയങ്കാട്ട് നീലിയുടെ കഥയും മാടന് കൊടു തിക്ക് തെറ്റിയോട്ടുകാവഴിച്ച കഥയും ഉച്ചപ്പൂപ്പടയ്ക്ക് പൊന്നരത്താൾ കഥയും ആണ് പാടുന്നത്. ഈ പാട്ടിലൂടെയാണ് പൂജാരിയുടെ ശരീര ത്തിൽ ദേവീചൈതന്യം ആവാഹിക്കപ്പെട്ട് ഉറഞ്ഞുതുള്ളുന്നത് എന്നാണ് വിശ്വാസം.

### 3.2 മാടന് കൊടുതിയും കുരുതിയും

പാട്ടുൽസവം എന്ന പേരിൽ അറിയപ്പെടുന്ന പനന്തടിക്കൽ ദേവീ ക്ഷേത്രത്തിലെ ഉത്സവം എല്ലാ വർഷവും കുംഭമാസത്തിൽ വെളുത്തപക്ഷ ത്തിലെ വ്യാഴം, വെള്ളി ദിവസങ്ങളിൽ നടക്കും. ഇതിന്റെ ഭാഗമായി എല്ലാ ദേവതകൾക്കും കൊടുതി നടത്തും. ഇതിൽ 'മാടന് കൊടുതി' സവിശേഷ മായ അനുഷ്ഠാനങ്ങളോടുകൂടിയ പ്രത്യേക പൂജയാണ്. അതിനായി പ്രധാന ക്ഷേത്രത്തിന്റെ വടക്ക് ഭാഗത്തായി ചെറിയ 'പറണ്' നിർമ്മിക്കും. പറണിന് മുന്നിലായി മുറ്റത്ത് ത്രികോണാകൃതിയിൽ ചെറിയ ഹോമകുണ്ഡം നിർമ്മിച്ച് അതിനുള്ളിൽ പ്ലാവിൻവിറക് കത്തിച്ച് കനലാക്കും. സമീപത്തായി രണ്ട് അടുപ്പുകൾ നിർമ്മിച്ച് ഒന്നിൽ പച്ചരി കൊണ്ട് പൊങ്കാ ലയിടും. മറ്റേതിൽ മഞ്ഞൾവെള്ളം തിളപ്പിക്കും. ഇത്രയുമാണ് മാടന് കൊടുതിയുടെ ഒരുക്കങ്ങൾ. കാർമ്മികൻ കോഴിയുടെ കഴുത്തറുത്ത് രക്തം കുടിച്ചുകൊണ്ട് നടത്തുന്ന കുരുതിയാണ് 'മാടന് കൊടുതി'യിലെ പ്രഥ മവും പ്രധാനവുമായ ചടങ്ങ്. തുടർന്ന് നേരത്തേ തയ്യാറാക്കിയിട്ടുള്ള ഹോമകുണ്ഡത്തിലെ കനലിൽ നൃത്തം ചെയ്തുകൊണ്ടുള്ള 'അഗ്നിവിള യാട്ട്'വും അടുപ്പുകളിൽ തിളച്ചുകൊണ്ടിരിക്കുന്ന പൊങ്കാലയും മഞ്ഞൾ വെള്ളവും ശരീരത്തിൽ കോരിയടിച്ച് നൃത്തം ചെയ്യുന്ന 'പൊങ്കാല വിള യാട്ട്'വും നടക്കും. പൊങ്കാലവിളയാട്ടം കഴിഞ്ഞ് ഉറഞ്ഞുതുള്ളി വരുന്ന കാർമ്മികൻ പറണിനരികിലെ പൂപ്പട വാരി തളർന്ന് വീഴുന്നതോടുകൂടി മാടന് കൊടുതി അവസാനിക്കുന്നു.

### 3.3 തണ്ണീർക്കൊട

യക്ഷിയുടെ പേരിലാണ് അറിയപ്പെടുന്നതെങ്കിലും ഭഗവതിയും ഈ ക്ഷേത്രത്തിൽ പ്രധാനമാണ്. ഭഗവതീസാന്നിദ്ധ്യം ഉള്ളതുകൊണ്ട് ബ്രാഹ്മ ണൻ ശുദ്ധികലശവും ഭഗവതിക്ക് പൂജയും നടത്തിയതിന് ശേഷം മാത്രമേ കുടുംബക്കാരായ പൂജാരിമാർക്ക് ക്ഷേത്രത്തിൽ പ്രവേശനമുള്ളൂ. ഇപ്ര കാരം ബ്രാഹ്മണപൂജാരി ആദ്യം ശുദ്ധികലശവും തുടർന്ന് ഭഗവതീപൂ

ജയും നടത്തുന്ന ചടങ്ങാണ് തണ്ണീർക്കൊട. അതിനുശേഷം കുടുംബപൂജാരിമാർ ശ്രീകോവിലിൽ പ്രവേശിച്ച് മറ്റ് പൂജാകർമ്മങ്ങൾ നിർവ്വഹിക്കും.

### 3.4 ആര്യാധികാരവും ദ്രാവിഡപ്രതിരോധവും

ഈ ക്ഷേത്രത്തിന്റെ ശ്രീകോവിലിൽ രണ്ട് ദേവതകളുടെ സങ്കല്പമാണ് ഇപ്പോഴുള്ളത്. യക്ഷിയും ഭഗവതിയും. പ്രതിഷ്ഠ ചിത്രരൂപത്തിലാണ്. 'ഭഗവതിയാണ് മുഖ്യദേവത; കൂടെ യക്ഷിയും ഉണ്ട്' എന്നതാണ് ആവേദകരിൽ നിന്ന് ലഭിക്കുന്ന വിവരം. പക്ഷേ, ക്ഷേത്രം അറിയപ്പെടുന്നത് യക്ഷിയുടെ പേരിലാണ്.

### 4.1 ഐതിഹ്യം

ഐതിഹ്യപ്രകാരം ക്ഷേത്രം സ്ഥാപിച്ചത് യക്ഷിക്ക് വേണ്ടിയാണ്. ഉല്പത്തികഥയുടെ പശ്ചാത്തലം ഇന്നത്തെ തമിഴ്നാട്-കേരള അതിർത്തി പ്രദേശങ്ങളാണ്. 'താൻമുപ്പന്തലിൽ നിന്ന് വരികയാണെന്നും വൈക്കല്ലൂരിലാണ് തന്റെ വീടെന്നും' ഐതിഹ്യത്തിൽ ദേവീസങ്കൽപ്പത്തിൽ വരുന്ന പെൺകുട്ടി പറയുന്നുണ്ട്. 'യക്ഷി' തന്നെയാണ് മുഖ്യദേവത എന്നതിന്റെ കൃത്യമായ തെളിവാണ് ഈ പരാമർശം.

### 4.2 ആചാരാനുഷ്ഠാനങ്ങൾ

വർഷത്തിലൊരിക്കൽ നടക്കുന്ന 'പാട്ടുൽസവ'വുമായി ബന്ധപ്പെട്ടും അല്ലാതെയുള്ള വിശേഷാവസരങ്ങളിലും ഇവിടെ നടത്തുന്ന പ്രധാന അനുഷ്ഠാനങ്ങൾ പൂപ്പടയും വിൽപ്പാട്ടുമാണ്. 'പൂപ്പടവാരൽ' എന്നത് യക്ഷിയമ്മൻ ക്ഷേത്രങ്ങളിൽ നടക്കുന്ന സവിശേഷാചാരമാണ്. ഇവിടെ സുപ്രധാന ചടങ്ങുകൾക്ക് പശ്ചാത്തലമായി അവതരിപ്പിക്കുന്ന വിൽപ്പാട്ടിന്റെ വിഷയവും യക്ഷിക്കഥയാണ്. ഇതിനുപുറമേ കൊടുതി, കുരുതി, പൊങ്കാലവിളയാട്ടം, അഗ്നിവിളയാട്ടം തുടങ്ങിയ ആചാരാനുഷ്ഠാനങ്ങളെല്ലാം പ്രാദേശികമായ ദ്രാവിഡാരാധനാ രീതികളാണ്. അങ്ങനെ നോക്കുമ്പോൾ ആചാരാനുഷ്ഠാനങ്ങൾ നൽകുന്ന സൂചനയും മുഖ്യദേവത യക്ഷിയാണ് എന്നതുതന്നെ.

### 4.3 പൂജാധികാരം

ഈ ക്ഷേത്രത്തിലെ പ്രധാന പൂജാരി എപ്പോഴും കുടുംബാംഗമായ വ്യക്തി തന്നെ ആയിരിക്കും. അദ്ദേഹമാണ് യക്ഷിയുടെ പൂജകൾ നടത്തുക. ഉപദൈവങ്ങൾ ഓരോന്നിനും പ്രത്യേകം പ്രത്യേകം പൂജാരികൾ ഉണ്ട്. അവരും കുടുംബാംഗങ്ങൾ തന്നെ. ഉത്സവത്തിന് ദേവിയുടെ പ്രതീകമായി

വെളിച്ചപ്പെടുന്നതും വ്രതം നോക്കുന്ന കുടുംബാംഗമായ വ്യക്തി തന്നെ ആയിരിക്കും. ഈ ചുമതലകളെല്ലാം പാരമ്പര്യമായി കൈമാറിവരുന്നു. അതേസമയം ഭഗവതിയെ പൂജിക്കുന്നത് പുറത്തുനിന്നുള്ള ബ്രാഹ്മണനാണ്. ഓരോ തവണയും ആ പൂജാരി ശ്രീകോവിലിൽ ശുദ്ധികലശം നടത്തി ഭഗവതിക്ക് പൂജ നിർവ്വഹിച്ച ശേഷം മാത്രമേ സമുദായാംഗമായ പൂജാരിമാർക്ക് ക്ഷേത്രത്തിൽ പ്രവേശനമുള്ളൂ. 'തണ്ണീർക്കൊട' എന്ന ഈ വിചിത്രാചാരം കേരളത്തിലെ പ്രാദേശികാരാധനാലയങ്ങളിലെ ശ്രീകോവിലുകൾക്കുള്ളിൽ നടക്കുന്ന സവർണ്ണ-അവർണ്ണ സംഘർഷത്തിന്റെ ഉത്തമ ഉദാഹരണമാണ്.

### 4.4 അധിനിവേശവും പ്രതിരോധവും

ഉല്പത്തിഐതിഹ്യവും നിലവിലെ ആചാരാനുഷ്ഠാനങ്ങളും വിശകലനം ചെയ്താൽ വ്യക്തമാകുന്നത് ഈ ക്ഷേത്രത്തിലെ മുഖ്യദേവത യക്ഷിയാണെന്നു തന്നെയാണ്. ഒപ്പമുള്ള ഭഗവതി ആര്യാധിനിവേശത്തിന്റെ ഏതോ ഘട്ടത്തിൽ കടന്നുവന്നതും പ്രാദേശിക മാതൃദേവതയായ യക്ഷിക്ക് മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നതും ആകണം. കേരളത്തിലെ ഒരു ഗ്രാമീണ യക്ഷിയമ്മൻ ക്ഷേത്രത്തിൽ കടന്നുകൂടിയ ഈ ഭഗവതിയും ബ്രാഹ്മണപൂജാരിയും ശുദ്ധികലശവും എപ്രകാരമാണ് നമ്മുടെ ആരാധനാലയങ്ങൾ ഇന്നും ആര്യാധിനിവേശത്തിനനുകൂലമായ നീക്കുപോക്കുകൾക്ക് വഴങ്ങുന്നത് എന്നതിന് ഉത്തമ മാതൃകയാണ്. പ്രതിരോധം ദുർബലമാകുമ്പോൾ ഈ നീക്കുപോക്കുകൾ പൂർണ്ണമായ കീഴടങ്ങലാവുകയും സമുദായാംഗമായ പൂജാരി ശ്രീകോവിലിനുള്ളിൽ നിന്ന് പുറത്താവുകയും ദേശിയായ പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും കലകളും അന്യംനിൽക്കുകയും എല്ലാം സവർണ്ണത്വത്തിന്റെ ഏകതാനതയിലേക്ക് ചുരുക്കപ്പെടുകയും ചെയ്യും. ഇപ്രകാരം കീഴടങ്ങിയവയാണ് ഇന്നത്തെ കേരളത്തിലെ ഭൂരിപക്ഷം പ്രാദേശികാരാധനാലയങ്ങളും. ബാക്കിയുള്ളവ നീക്കുപോക്കുകളുടെയും പ്രതിരോധത്തിന്റെയും പലപല ഘട്ടങ്ങളിലും.

**ആവേദകർ**

1. കൃഷ്ണൻനായർ, പാങ്കോട്ടുകോണം, മഞ്ചവിളാകം പി.ഒ., നെയ്യാറ്റിൻകര, തിരുവനന്തപുരം
2. രവീന്ദ്രൻനായർ എം., മേക്കേ കുന്നിലുവിളവീട് പാങ്കോട്ടുകോണം, മഞ്ചവിളാകം പി. ഒ., നെയ്യാറ്റിൻകര, തിരുവനന്തപുരം

# നവോത്ഥാനമൂല്യദർശനം ശ്രീനാരായണഗുരുവിന്റെ ലഘുകവിതകളിൽ

ഡോ. മഞ്ജു കെ.

**പ്രബന്ധസംഗ്രഹം**

*നമ്മളിൽ നിന്നും അകന്നുപോയതോ, നമ്മൾ അകറ്റിയതോ, നമ്മൾ തേടിക്കൊണ്ടിരിക്കുന്നതോ ആയ മനുഷ്യനെ കണ്ടെത്താൻ സഹായിക്കുന്ന സാന്നിദ്ധ്യമായി ഗുരുവിനെ അറിയാൻ ശ്രമിക്കുമ്പോഴാണ് ഒരു മനുഷ്യജീവി എന്ന നിലയിൽ പരിവർത്തനമുണ്ടാകുന്നത്. മനുഷ്യനന്മയേയും തിന്മയേയും ഒരുപോലെ ഉൾക്കൊണ്ട്, നിഷ്പക്ഷമായി നിലകൊണ്ട് മനുഷ്യനെ മനസ്സിലാക്കി എന്നതാണ് ശ്രീനാരായണഗുരുവിന്റെ മാനവികദർശനം. ഗുരു വിഭാവന ചെയ്ത മാനവികദർശനം എന്താണെന്നും അതിലൂടെ സാദ്ധ്യമായ നവോത്ഥാനമൂല്യാധിഷ്ഠിതമായ ലോകവീക്ഷണം എന്താണെന്നും അദ്ദേഹത്തിന്റെ പ്രബോധനാത്മകമായ ചില ലഘുകവിതകളെ മുൻനിർത്തി പഠിക്കാനുള്ള ശ്രമമാണ് പ്രബന്ധലക്ഷ്യം.*

**താക്കോൽവാക്കുകൾ**

*മാനവികദർശനം, നവോത്ഥാനമൂല്യം, മതനിരപേക്ഷത, ജാതിനിർണ്ണയം, ആത്മസാഹോദര്യം, അഹിംസാ മന്ത്രം, സമദക്തശി*

'ഒരാളുടെ സാന്നിദ്ധ്യത്തിൽ മറ്റുള്ളവർക്ക് ആത്മശാന്തിയും ആദ്ധ്യാത്മികമായ ഉയർച്ചയും കിട്ടുമെങ്കിൽ അദ്ദേഹം ഗുരുവാണ്' - 'ചരിത്രത്തെ അഗാധമാക്കിയ ഗുരു' എന്ന ഗ്രന്ഥത്തിൽ കെ.പി.അപ്പൻ ഗുരുവിനെ കുറിച്ച് പറയുന്നതാണിത് (പു. 8).

ഗുരു വിഭാവനം ചെയ്ത ആദർശമാനവദർശനം എന്താണെന്നറിയാൻ പ്രധാനമായും രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഒന്ന്, ഗുരുവിന്റെ ചിന്തോദ്ദീപകങ്ങളായ കൃതികൾ പഠിക്കുകയാണ്. മറ്റൊന്ന്, അദ്ദേഹത്തിന്റെ കർമ്മപഥം അപഗ്രഥിച്ചു മനസ്സിലാക്കുക എന്നതും. ഇവിടെ, ഗുരുവിന്റെ

മനുഷ്യോന്മുഖമായ ചിന്തകളുടെയും ജാതിമതദർശനങ്ങളുടെയും പൊരുളന്വേഷിക്കുന്നതിനായി അദ്ദേഹത്തിന്റെ ചിന്തോദ്ദീപകങ്ങളായ ഏതാനും ലഘുകൃതികളെയാണ് അവലംബമാക്കിയിട്ടുള്ളത്. 1914-നും 1920 നും ഇടയിൽ വിരചിതമായതെന്ന് കരുതപ്പെടുന്ന ജാതിനിർണ്ണയം (1914), ജാതിലക്ഷണം (1920), ജീവകാരുണ്യപഞ്ചകം (1914), അനുകമ്പാദശകം (1914) അറിവ്, ആശ്രമം തുടങ്ങിയ കൃതികളാണ് വിശദപഠനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ശ്രീനാരായണഗുരുദേവകൃതികളുടെ സമ്പൂർണ്ണ വ്യാഖ്യാനം (1,2) തയ്യാറാക്കിയ പ്രൊ.ജി. ബാലകൃഷ്ണൻ നായർ ഈ കൃതികളെ പ്രബോധനാത്മകകൃതികളായിട്ടാണ് വർഗ്ഗീകരിച്ചിരിക്കുന്നത്. ശ്രീനാരായണഗുരുവിന്റെ എല്ലാ പ്രബോധനങ്ങളുടെയും സാരം മനുഷ്യൻ നന്നാവുക എന്നതാണ്. ''ജീവചരിത്രമെഴുതുന്നതുപോലും മനുഷ്യനെ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ നന്നാകാൻ സഹായിക്കണം. അല്ലാത്തപക്ഷം ജീവചരിത്രത്തിന്റെ പ്രയോജനമെന്തെ'ന്ന് ഗുരു നടരാജഗുരുവുമായുള്ള സംഭാഷണത്തിനിടയിൽ പറയുന്നതായി (The word of Guru, p. 24) സുകുമാർ അഴീക്കോട് പറയുന്നുണ്ട്. (ശ്രീനാരായണഗുരു: വിശ്വമാനവികതയുടെ പ്രവാചകൻ - അവതാരിക)

**അമാനവീകരണത്തിനെതിരെയുള്ള ആദർശമാനവികദർശനം**

പ്രകൃതിയിൽ ഒരദ്ഭുതം പോലെ നില്ക്കുന്ന ജീവിയാണ് മനുഷ്യൻ. എന്നാൽ ആ മനുഷ്യൻ അപമാനിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന ചിന്ത ഗുരുവിനെ വല്ലാതെ അലട്ടിയിരുന്നു. വിഭാഗീയതയും സങ്കുചിതമനോഭാവവും തൊട്ടുകൂടായ്മയും കൊണ്ട് നിരാശതയിലാണ്ട മനുഷ്യനെ ചികിത്സിച്ചു ഭേദമാക്കാനായിരുന്നു ഗുരു ലക്ഷ്യമിട്ടത്. ഒരു മതാനുശാസനത്തിന്റെയും വക്താവായിട്ടല്ല, മതത്തിനു ബദലായുള്ള 'നന്നായി തീർന്ന, തീരേണ്ടുന്ന മനുഷ്യൻ എന്ന സങ്കല്പമായിരുന്നു ഗുരുവിന്റെ ആദർശമാനവികതയുടെ സാരാംശം. ഗുരു വിഭാവന ചെയ്യപ്പെട്ട മനുഷ്യൻ ആധുനികലോകത്തിന് ആവശ്യമായിരുന്നു. പക്ഷേ അങ്ങനെ ഒരു മനുഷ്യസമൂഹം നമുക്കുണ്ടായോ എന്നത് ചിന്താർഹമാണ്. ആയതിനാലാണ് ''ചരിത്രത്തിൽനിന്ന് കയ്പുള്ള ഒരു ചിരി നമ്മുടെ വർത്തമാനകാലത്തിൽ വീണുകൊണ്ടിരിക്കുന്നതായി കെ.പി.അപ്പൻ വീക്ഷിക്കുന്നത് (ചരിത്രത്തെ അഗാധമാക്കിയ ഗുരു, പുറം 10).

ഗുരുവിന്റെ മാനുഷികതയുടെ അടിസ്ഥാനസ്വഭാവം നന്മയാണ്. എല്ലാ ജാതിമതങ്ങളെയും മനുഷ്യരെയും ഒന്നായിക്കാണുന്ന, ഉൾക്കൊള്ളുന്ന സമഗ്രദർശനമാണത്. നീതി, സ്നേഹം, കാരുണ്യം, സഹാനുഭൂതി

ഇവയാണ് അതിന്റെ ശക്തികൾ. മനുഷ്യനെ അവന്റെ എല്ലാ സ്വാർത്ഥചിന്തയിൽ നിന്നും വിമുക്തമാക്കുന്ന ദർശനവിശാലത - അനുകമ്പയുടെ ഈ ദർശനം - ദൈവം, മനുഷ്യൻ, ചരിത്രം എന്നീ ത്രികോണബിന്ദുക്കളെ കൂട്ടിയിണക്കുന്ന ലോകവീക്ഷണമാണ്. ഇവ സംരക്ഷിക്കാനാണ് മനുഷ്യൻ 'സോദരത്വേന' വാഴേണ്ടത്.

**സർവ്വസാഹോദര്യം - 'സോദരത്വേന വാഴുക' എന്നതിന്റെ പൊരുൾ**

'ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്.''

ഗുരുവിന്റെ സോദരചിന്ത ഒരു ധാർമ്മികാശയമായി, മൂല്യബോധമായി സമൂഹത്തിൽ പ്രവർത്തിക്കാൻ തുടങ്ങുന്നത് അരുവിപ്പുറം പ്രതിഷ്ഠയോടുകൂടിയാണ്. ഫ്രഞ്ചുവിപ്ലവത്തെ തുടർന്ന് സാഹോദര്യം എന്നത് 'തുല്യത' എന്ന അർത്ഥത്തിൽ, ഒരു സ്വാതന്ത്ര്യബോധമായി മനുഷ്യമനസ്സുകളിലുണ്ടായിരുന്നു. പിന്നീട് മനുഷ്യൻ നന്നാവുക എന്ന മൂല്യത്തിലേക്ക് സാഹോദര്യചിന്ത വളർന്നുതുടങ്ങി. മതം, ക്ഷേത്രം, ദൈവം എന്നിവയെ ഈ മൂല്യചിന്ത വളർത്താനുള്ള പ്രതീകങ്ങളാക്കി ആദ്യമൊക്കെ ഗുരു ഉപയോഗപ്പെടുത്തി. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' - ഏതുവിധേനയും മനുഷ്യൻ നന്നാവണം, സമൂഹം നന്നാവണം എന്ന ചിന്ത ക്രമേണ പ്രബലമായി. 'മതമേതായാലും' എന്നതിലെ ഉദാസീനമനോഭാവം ഗുരുവിലെ മതനിരപേക്ഷതയെയാണ് സൂചിപ്പിക്കുന്നത്. സമകാല മതാവസ്ഥകളോടുള്ള വിയോജിപ്പ്, മതനിരപേക്ഷമായ മനുഷ്യദർശനത്തിലേക്ക് ഗുരുവിനെ നയിച്ചു.

**ഗുരുവിന്റെ മതനിരപേക്ഷമായ മനുഷ്യദർശനം:**

'മതമേതായാലും' എന്നതിൽ മനുഷ്യൻ മതങ്ങളെ ആശ്രയിക്കാതെ നിലനിൽക്കണമെന്ന താല്പര്യമാണുള്ളത്. 'പലമതസാരവുമേകമെന്ന മട്ടി'ൽ മതമാനവികതയെ സാക്ഷാത്ക്കരിക്കാനാവുമെന്ന് കരുതുന്നു. മനുഷ്യവർഗ്ഗം മതങ്ങളേക്കാൾ ശ്രേഷ്ഠമാണെന്ന ചിന്തയും 'മതമേതായാലും' എന്ന വാക്കിലെ ഉദാസീനതയിലുണ്ട്. മതത്തെ ആശ്രയിക്കാതുള്ള ഈ ലോകവീക്ഷണമാണ് ഗുരുവിന്റെ മതനിരപേക്ഷദർശനം. 'സംഘടിതമതത്തിന്റെ സംസ്കാരത്തിൽ നിന്നും മോചിപ്പിച്ചെടുത്ത മതദർശനം - ഒരു

ദൈവദർശനം, ഒരു മനുഷ്യദർശനം, ഒരു അനുകമ്പാദർശനം - ഇതാണ് മതത്തെക്കുറിച്ചുള്ള ഗുരുചിന്ത.

**ജാതിഭേദവിചാരം**

മതത്തോടുകാട്ടിയ ഉദാസീനനയം ഒരിക്കലും ഗുരുവിന്റെ ജാതിഭേദ വിചാരത്തിലില്ല എന്നത് ശ്രദ്ധേയമാണ്. മനുഷ്യരുടെ ഇടയിൽ മനുഷ്യർ സൃഷ്ടിച്ച ജാതിഭേദത്തെ ഗുരു ശക്തിയുക്തം നിരാകരിക്കുന്നു. ഗുരുവിന്റെ ജാതിവിരോധത്തെ 'ജാതിവ്യത്യാസവിരോധ'മെന്നാണ് സുകുമാർ അഴീക്കോട് (ശ്രീനാരായണകൃതികൾ സമ്പൂ: വ്യാഖ്യാ:1 - പ്രൊഫ. ജി. ബാലകൃഷ്ണൻനായർ: അവതാരിക) വിലയിരുത്തുന്നത്. ''ജാതിഭേദവിചാരം അംഗീകരിക്കാത്ത ഒരൊറ്റ ജാതിയും ഇന്ത്യയിലില്ല എന്ന ലളിതമായ സത്യം അംഗീകരിച്ചുകൊണ്ടുമാത്രമേ അയിത്താചാരണം എന്ന അനാചാരത്തെക്കുറിച്ചുള്ള ഏതു ചർച്ചയും ആരംഭിക്കാൻ കഴിയൂ'' എന്ന് ഡോ.കെ. എസ്.രാധാകൃഷ്ണൻ പറയുന്നു. (ഗുരു കാട്ടിയ നേരാംവഴി -പി.ജി.പദ്മനാഭൻ - അവതാരിക). 'എല്ലാവരാലും തൊഴിക്കപ്പെട്ട ചണ്ഡാലനാണ് തനിക്ക് അദ്വൈതവേദത്തിന്റെ പൊരുൾ മനസ്സിലാക്കിത്തന്നതെന്ന് മനീഷാ പഞ്ചകത്തിൽ എഴുതിയപ്പോഴാണ് ശ്രീശങ്കരൻ ഗൗരീശങ്കരം കീഴടക്കിയത് എന്നത്രെ പറയപ്പെടുന്നത്.

മനുഷ്യനെ പരസ്പരം അകറ്റി പുലഭ്യം പറഞ്ഞ് പുലയാട്ടിയിരുന്ന ജനതയെ സുബോധമുള്ള മനുഷ്യരാക്കാൻ ശ്രമിച്ച ശ്രീനാരായണഗുരുവിന് പിന്തുണയേകിക്കൊണ്ട് അയ്യാവൈകുണ്ഠസ്വാമികളുടെ ദർശനചിന്തകൾ തൊട്ട് സഹോദരൻ അയ്യപ്പനും സി.വി.കുഞ്ഞിരാമനും അടക്കമുള്ള ഒരു ജനതതി തന്നെയുണ്ടായിരുന്നു. ബഹുജനപിന്തുണയോടെ ഇരുളാണ്ട സമൂഹത്തെ വെളിച്ചത്തിലേക്ക് നേരാംവഴികാട്ടി, നവോത്ഥാനപരമായ ഉണർവ്വിലേക്കും ജാതിമതഭേദചിന്തകൾക്കുമതീതമായി മനുഷ്യന് പരസ്പരം അറിയാനും അറിയിക്കാനുമുള്ള ഒരു സമൂഹമാക്കി പരിവർത്തിപ്പിക്കുകയായിരുന്നു ശ്രീനാരായണഗുരു.

**ഗുരുവിന്റെ കാവ്യസമ്പത്ത്**

മലയാളം, സംസ്കൃതം, തമിഴ് എന്നീ മൂന്നു ഭാഷകളിലായി പരന്നു കിടക്കുന്ന ദാർശനികകാവ്യപാരമ്പര്യമാണ് ശ്രീനാരായണഗുരുവിന്റേത്. മൂന്നുഘട്ടങ്ങളായി ഈ കാവ്യസപര്യയെ വിഭജിക്കാം. സ്ത്രോത്രപാരമ്പര്യം ഏറിനില്ക്കുന്ന ഒന്നാംഘട്ടത്തിൽ മുഖ്യമായും ശിവ-സുബ്രഹ്മണ്യ സ്തോത്രങ്ങളാണുള്ളത്. ഗുരുവിന്റെ വ്യക്തിജീവിതവും കാവ്യജീവിതവും

പരിപക്വമായ കാലഘട്ടത്തിലാണ് ദാർശനികരചനകൾ (ആത്മോപദേശ ശതകം, അദ്വൈതദീപിക) അധികവും ഉരുവാർന്നത്. മൂന്നാംഘട്ടത്തിലാണ് ജീവിതസ്പർശിയായ പ്രമേയങ്ങൾ ഉൾക്കൊള്ളുന്ന പ്രബോധനാത്മക രചനകൾ നടത്തുന്നത് (ശ്രീനാരായണഗുരുവിന്റെ സ്വാധീനത മലയാളകവിതയിൽ' എന്ന ഗ്രന്ഥത്തിൽ ഡോ.കെ.പ്രശോഭൻ വിഭജനം ചെയ്തിരിക്കുന്ന രീതിയാണിത്). ഗുരുവിന്റെ സമ്പൂർണ്ണകൃതികൾ സമ്പാദനവും വ്യാഖ്യാനവും നടത്തിയ ഡോ.കെ.ഭാസ്ക്കരൻ, പ്രൊഫ.ജി.ബാലകൃഷ്ണൻനായർ എന്നിവർ കാലഗണനയ്ക്കനുസരിച്ചും പ്രമേയാധിഷ്ഠിതമായും ഗുരുകൃതികളെ വർഗ്ഗീകരിച്ചിട്ടുണ്ട്.

കവിതയുടെ സൗന്ദര്യശാസ്ത്രത്തേക്കാൾ അത്രത്തോളമില്ലെങ്കിലും ഗഹനമായ ജീവിതചിന്തകളാൽ സമ്പന്നമാണ് ഗുരുവിന്റെ പ്രബോധനാത്മകരചനകൾ. ഗുരുവിന്റെ ലോകവീക്ഷണവും സാംസ്കാരികപാരമ്പര്യവും മനുഷ്യോന്മുഖമായ സാമൂഹ്യവീക്ഷണവും വെളിപ്പെടുന്ന കൃതികളാണിവ. ''ജാതിമതഭേദനിരാസം, സമത്വം, സാഹോദര്യം, അനുകമ്പ, പരോപകാരം തുടങ്ങിയ മാനുഷികമൂല്യങ്ങൾക്ക് പ്രാധാന്യം നല്കിയിട്ടുള്ള ഈ കൃതികൾ ഭാരതീയമായ ചില പ്രത്യേക ചിന്താധാരകളോട് ഗാഢമായ ബന്ധം പുലർത്തുന്നതോടൊപ്പം വൈദേശികമായ ലിബറലിസ്റ്റ് ചിന്താഗതികൾ ഇവയുടെ ആനുകാലിക പ്രസക്തിയെ ഉയർത്തിക്കാട്ടുന്നതായി (ശ്രീനാരായണഗുരുവിന്റെ സ്വാധീനത മലയാളകവിതയിൽ, പു. 178) ഡോ. കെ.പ്രശോഭൻ വിലയിരുത്തുന്നുണ്ട്.

**1. ജാതിനിർണ്ണയം**

1897 ൽ എഴുതിയെന്ന് കരുതപ്പെടുന്ന ആത്മോപദേശശതകത്തിൽ മതഭേദവും മതദ്വേഷവും നിരർത്ഥകമെന്ന് ഗുരു സ്ഥാപിച്ചിരുന്നു. എന്നാൽ 1914 മുതലുള്ള മൂന്നാംഘട്ട പ്രബോധനാത്മക രചനകളിലാണ് ജാതിവ്യത്യാസം ഒരു ശാപമാണെന്ന നിലയിൽ പറയുന്നത്. ജാതിലക്ഷണം, ജാതിനിർണയം എന്നീ കൃതികളിലാണ് ജാതിസംബന്ധമായ ഗുരുവിന്റെ വീക്ഷണം ഏറെ പ്രകടമാകുന്നത്. 1914 ആലുവ അദ്വൈതാശ്രമത്തിൽ വച്ചാണ് ജാതിനിർണ്ണയം കവിത രചിച്ചത്. 'ഗുരുവിന്റെ ഉറച്ച തത്ത്വബോധത്തിന്റെയും വ്യക്തമായ ശാസ്ത്രചിന്തയുടെയും പരിപക്വഫലമായി ഈ കൃതി അറിയപ്പെടുന്നു (ശ്രീനാരായണഗുരുദേവകൃതികൾ സമ്പൂർണ്ണ വ്യാഖ്യാനം, ബാലകൃഷ്ണൻനായർ, പു. 407) ഏതൊരു വ്യക്തിയെയും ജാതിപ്പിശാചിൽ നിന്ന് മുക്തമാക്കാനും പരമപുരുഷാർത്ഥമായ ആത്മാനു

ഭവത്തിൽ ലയിപ്പിക്കാനും കഴിയുന്നതാണ് ഈ കൃതിയെന്ന് അതിന്റെ വായനാനുഭവം ബോദ്ധ്യപ്പെടുത്തുന്നു.

**ജനനാലുള്ളത് ജാതി: മനുഷ്യന് മനുഷ്യത്വം ജാതി**

മനുഷ്യരുടെ ഇടയിൽ ജാതിയെന്നൊന്നില്ല എന്ന സന്ദേശം ഊട്ടി യുറപ്പിക്കാനും അത് യുക്തിയുക്തം തെളിക്കാനുമാണ് ഗുരു വെറും ആറു പദ്യങ്ങളിലൂടെ ഉദ്യമിക്കുന്നത്.

മനുഷ്യാണാം മനുഷ്യത്വം
ജാതിർഗോത്വം ഗവാം യഥാ
ന ബ്രാഹ്മണാദിരസ്യൈവം
ഹാ! തത്വം വേത്തികോ*f*പിനഃ

എപ്രകാരമാണോ ഗോത്വം ഗോവർഗത്തിന് ജാതിയാകുന്നത് അപ്ര കാരം മനുഷ്യർക്ക് മനുഷ്യത്വം എന്നത് മനുഷ്യജാതി എന്ന ഗുരുവിന്റെ പ്രഖ്യാത നയം ഇവിടെ സ്ഫുരിക്കുന്നു. 'ജനനാലുള്ളത് ജാതി' എന്ന് ഇതരവർഗ്ഗത്തിനെന്നപോലെ, മനുഷ്യന് ജന്മനാ ഉള്ളതും മരണം വരെ വിട്ടുപോകാത്തതുമായ മനുഷ്യത്വമാണ് ജാതി. പ്രപഞ്ചത്തിലുള്ള എല്ലാ നാമരൂപങ്ങളും ഒരേ പരമാത്മാവിന്റെ ഭിന്നരൂപങ്ങളായിരിക്കെ മനുഷ്യ ത്വാദി ജാതികൾ പോലും വെറും മായയാണ്. ഈ തത്ത്വമറിയാതെ അജ്ഞതയിൽ പെട്ടുഴലുന്നവനെ എന്തു പറയാനാണ് (ഹാ! തത്വം വേത്തി കോപിനഃ)

''ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്നത് സങ്കുചിത വിചാരഗതികൾക്കനുസരിച്ച് പല തരത്തിലും പല കാലങ്ങളിലും വ്യാഖ്യാ നിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യന് ഒരു ജാതി– മനുഷ്യജാതി, ഒരു മതം – ആത്മ മതം – ഈശ്വരദർശനോന്മുഖമായ ആത്മമതം. ആത്മസുഖത്തിനായി നാം നേടുന്നതെന്തും ആത്മമതമാണ്. ആത്മോപദേശ ശതകത്തിലെ 21 ഉം 49 ഉം പദ്യങ്ങളിൽ ഗുരു നേരത്തെ തന്നെ ഇത് വിശദമായി പറയുന്നുണ്ട്.

പ്രിയമൊരു ജാതിയിതെൻപ്രിയം ത്വദീയ–
പ്രിയമപരപ്രിയമെന്നനേകമായി
പ്രിയവിഷയം പ്രതി വന്നിടും ഭ്രമം; തൻ
പ്രിയമപരപ്രിയമെന്നറിഞ്ഞീടേണം

(ആത്മോപദേശശതകം 21–ാം പദ്യം)

അപരത്വത്തെ അറിയുന്നതാണ് ആത്മമതമെന്നും ആത്മം ആത്മത്തിൽ നിലീനമാകരുതെന്നും അത് അപരത്വത്തോടുന്മുഖമായിരിക്കണം എന്നും ഗുരു ഉപദേശിക്കുന്നു. ഗുരു തന്റെ അദ്വൈതഭാവനയെ വികസിപ്പിച്ചെടുക്കുന്നത് അപരോന്മുഖത്വത്തിലാണ്.

അവനവനിതെന്നറിയുന്നതൊക്കെയോർത്താൽ
അവനിയിലാദിമമായുള്ളൊരാത്മരൂപം

അവൻ, ഇവൻ എന്ന് പലതായി അറിയുന്നതൊക്കെയും ആത്മമാണ്. ആത്മത്തെ അറിയലാണ് മോക്ഷപ്രാപ്തി. അതാകട്ടെ അപരനു സുഖം ചെയ്യുമ്പോഴാണ് കൈവരിക.

'അവനവനാത്മസുഖത്തിനാചരിപ്പവ
അപരന്നു സുഖത്തിനായ്‌വരേണം.

ഇങ്ങനെ അപരോന്മുഖത്വത്തിലൂടെ കൈവരുന്ന ആത്മതത്ത്വമാണ് മനുഷ്യത്വം.

അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു സദാപിചെയ്തിടുന്നു.
ജഗതിയിലിമ്മതമേകമെന്നുചിന്തിച്ച-
ഘമണയാതകതാരമർണിടേണം

(ആത്മോപദേശം, 49-ാം പദ്യം)

'അഘമണയാതകതാരമർത്തിടേണം' എന്നതിനാണിവിടെ ഗുരു ഊന്നൽ നൽകുന്നത്. 'മതം' എന്താണ് എന്നാണിവിടെ ഗുരു പറയാൻ ശ്രമിക്കുന്നത്. ആത്മസുഖകാംക്ഷയാണിത്. എങ്ങനെയെന്നാൽ സർവ്വരുടെയും സുഖത്തിനായി പ്രവർത്തിക്കുമ്പോഴാണ് ആത്മസുഖമുണ്ടാകേണ്ടത്. അതിനായി അറിവും പരിസ്ഥിതിയും ഇണക്കിയെടുക്കുക. അഘമണയാതെ, 'പാപബോധമില്ലാതെ മനസ് സംയമനം ദീക്ഷിക്കുക' ഇതിലൂടെയുള്ള ആത്മസുഖമാണ് ആ ഏകമതസാരം കൊണ്ടർത്ഥമാക്കുന്നത്.

''സമഷ്ടിതലത്തിലും വ്യഷ്ടിതലത്തിലുമുള്ള നാലുവീതം ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളുമടങ്ങുന്ന തൂണിന്മേലാണ് ഓരോ മതവും ഉയർന്നുനില്ക്കുന്ന''തെന്ന് സി.എം.കൃഷ്ണനുണ്ണിയുടെ വീക്ഷണത്തിൽ (ഋതംപരമമായ ഉൺമ ഗുരുദേവപഠനലേഖനങ്ങൾ, പു. 37-38) പറയുന്നുണ്ട്. കാലക്രമേണ പരിവർത്തനവിധേയമായിരിക്കേണ്ടതാണ് മതദർശനം. ഇത്

പല മതങ്ങൾക്കും കഴിയാതെ പോയതാണ് മനുഷ്യരാശിയുടെ ദുരന്തം. പലമതസാരമേകം എന്നതിനും മതകലഹമുണ്ടാകാതിരിക്കാനും 'അഘമ ണയാതകതാരമർത്തുക' തന്നെ വേണം.

'ഒരു ദൈവം മനുഷ്യൻ' എന്നത് - മനുഷ്യന് ദൈവം ഒന്നേയുള്ളൂ. അതാകട്ടെ, ആത്മമതത്തിൽ കൂടി കണ്ടെത്തുന്ന പരാൽദൈവവും. പലമതസാരവുമേകം എന്നതിൽ എല്ലാ മതവും കണ്ടെത്താൻ ശ്രമിക്കു ന്നതും ഈ പരാൽദൈവത്തെയത്രെ. എല്ലാ പ്രപഞ്ചദർശനങ്ങളും പരമകാ രുണികനുള്ളിലാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. 'തത്സത്യം വിദ്ധി' എന്ന് ബ്രഹ്മവിദ്യാപഞ്ചകത്തിലെ മൂന്നാം ശ്ലോകത്തിൽ ദൈവത്തിന്റെ മനോഹരരൂപവിവരണം ഗുരു നടത്തുന്നു. അതാകട്ടെ, ചിത്തശുദ്ധിയുള്ള വനുമാത്രം ദർശനവിധേയവുമാണ്.

ജാതിനിർണ്ണയത്തിലെ തുടർഭാഗങ്ങളിൽ ഒരേ രൂപത്തിലുള്ള ജീവി കളെ ജാതികളായി വേർതിരിക്കുന്നത് അശാസ്ത്രീയമെന്ന് ഗുരു ആവർത്തിച്ചുറപ്പിക്കുന്നു. പറച്ചിയിൽനിന്നും പരാശരമഹർഷിയും, വേദം പകുത്ത വ്യാസൻ, മുക്കുവസ്ത്രീയിൽനിന്നു പിറന്ന ആർഷഭാരത പാരമ്പ ര്യവുമനുസരിച്ച്, മനുഷ്യ മഹത്വത്തിന് ജാതി ഒരു നിയാമക ഘടകമ ല്ലെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടെന്ന് പറയുന്നു. ''ചണ്ഡാലിതൻമെയ് ദ്വിജന്റെ ബീജപണ്ഡത്തിനൂഷരമാണോ?'' എന്ന് ആശാൻ ബുദ്ധനെ ക്കൊണ്ടും ചോദിപ്പിക്കുന്നതും ഈ ആശയത്തിന് സമാനമാണ്. 'വ്യക്തി ഭേദത്തിലല്ലോ ഭേദമിരുന്നിടൂ' എന്നതിൽ വ്യക്തിയിലാണ് ഭേദം ജാതി യിലല്ല. എന്നിങ്ങനെ ഒന്നാം പദ്യത്തെ ഒന്നുകൂടി ബലപ്പെടുത്തിക്കൊണ്ട് കാവ്യം അവസാനിക്കുന്നു.

**2. ജാതിലക്ഷണം**

'ജാതിലക്ഷണ'വും ജാതിനിഷേധത്തെ ശാസ്ത്രബുദ്ധ്യാനിരൂപി ക്കുന്ന കൃതിയത്രേ. 'പുണർന്ന് പെറുമെല്ലാമൊരിനം' (ഒരു വർഗ്ഗം) എന്നു കണക്കാക്കാം. ജീവജാലങ്ങളെ വർഗ്ഗങ്ങളാക്കാൻ ഈശ്വരൻ ഏർപ്പെടു ത്തിയ നിയാമകഘടകങ്ങളെ അതിനിപുണമായി ഗുരു വേർതിരിച്ചു കാണി ക്കുന്നു. പ്രകൃതിയിൽ ഇണയായി ഒത്തുകാണുന്നതും ജീവിക്കുന്നതും മനുഷ്യൻ തന്നെ. ഓരോ ജാതിയിൽപ്പെട്ടവയെ ആകൃതിഭേദം, ഒച്ച, മണം, ചൂട്, ചുവ, തണുപ്പ് ഇവകൊണ്ട് തിരിച്ചറിയാം. മാറ്റമില്ലാതെ സാമാന്യല ക്ഷണം കൊണ്ട് നിലനില്ക്കുന്നവ ഒരേ ജാതിയിൽപ്പെടുന്നു.

പേരൂരു തൊഴിലീമൂന്നും
പോരുമായതു കേൾക്കുക.
ആരുനീയെന്നു കേൾക്കേണ്ട
നേരുമെയ്തന്നെ ചൊൽകയാൽ

ഒരു വ്യക്തിയെക്കണ്ടാൽ പേരു, ഊര്, തൊഴിൽ ഇവ മൂന്നുമറിഞ്ഞാൽ മതിയാകും. മനുഷ്യജാതിയെന്ന് ശരീരം കൊണ്ട് തിരിച്ചറിയുകയാൽ ജാതിചോദ്യം വേണ്ട. അങ്ങനെ ചോദിക്കുന്നവൻ അജ്ഞാനാന്ധകാരത്തിലുഴലുന്ന മൂഢനാണ്. 'നിനവും കണ്ണുമുള്ളവൻ ഇനമേതെന്ന് കേൾക്കില്ല'.

ഇഴിവില്ലിനമൊന്നാണു
പൊളിചൊല്ലരുതാരുമേ

ജാതിയിൽ കുറഞ്ഞവനെന്നു കരുതി കള്ളം പറഞ്ഞ് ജാതി ഉയർത്തേണ്ടതില്ല. ജാതി ചോദിച്ചും പറഞ്ഞും ഉറപ്പിക്കുന്നവർ കേമനെന്നും അധമനെന്നുമുള്ള ഭാവമുള്ളവരാണ്. രണ്ടും സത്യത്തിൽ നിന്ന് അകന്ന് ദുഃഖിക്കാനിടവരുമെന്ന് പറയുന്നു.

അറിവാമാഴിയിൽ നിന്നു വരു-
മെല്ലാമിനത്തിനും (ഉടമ്പിനും)
കരുവാണിനമീനീരിൽ
നിരതാൻ വേരുമായിടും

അഖണ്ഡമായ സമുദ്രത്തിൽനിന്നും പൊന്തിവരുന്ന വെള്ളം - തിര, കുമിള, നുര എന്നിവയ്ക്കെല്ലാം കാരണമായിരിക്കുന്നതുപോലെ, അഖണ്ഡബോധം തന്നെയാണ് പ്രപഞ്ചവസ്തുക്കൾക്കെല്ലാം ആധാരം.

**'കരുവാണിനം' - അഖണ്ഡമായ സത്യദർശനം**

'ഇനം അറിവാകുന്ന കൊല്ലൻ പണിത കരുവാണ്. രൂപവൈവിധ്യം വസ്തുപ്രതീതമായി മാറിക്കൊണ്ടിരിക്കും. എന്നാൽ വസ്തു ഒന്നുമാത്രം അഖണ്ഡമായ സത്യദർശനം. രൂപവും ഇനവും ലോകവ്യവഹാരത്തിനായുള്ളതാണ്. ലോകവ്യവഹാരത്തിനുള്ള രൂപവൈവിധ്യമാണ് വർഗ്ഗം. രൂപവൈവിധ്യത്തിൽ അഖണ്ഡമായ വസ്തുസ്ഥിതിദർശം കണ്ടറിയുന്നവൻ വിദ്യയെ അറിയുന്നു. ഭേദചിന്ത അവിദ്യയെ വളർത്തുന്നു.

''സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതുവിദ്യയും''

എന്ന് എഴുത്തച്ഛൻ ലക്ഷ്മണോപദേശത്തിൽ പറയുന്നത്, വിദ്യാമാർഗത്തിലൂടെ ചരിക്കുന്നവൻ അഖണ്ഡേയമായ സത്യദർശനത്തിലൂടെ മോക്ഷാനുഭവത്തെ പ്രാപിക്കുന്നു. ചരാചരങ്ങളുടെ ഭേദചിന്തയിൽ തുടങ്ങി ഒടുവിൽ അദ്വൈതാനുഭൂതിയിലാണ് ഈ കവി പരിപൂർണമാകുന്നത്.

**3. ജീവകാരുണ്യപഞ്ചകം – ആത്മസാഹോദര്യം, അഹിംസാമന്ത്രം**

''അവനിവനെന്നറിയുന്നതൊക്കെയോർത്താൽ അവനിയിൽ ആദിമമായൊരാത്മരൂപം'' എന്നത് മനുഷ്യനെ സംബന്ധിച്ച് പൊരുളാണെങ്കിലും അത് സകല ജീവമണ്ഡലത്തെയും ശരിവയ്ക്കുന്ന തത്ത്വമാണ്. അങ്ങനെ വരുമ്പോൾ ഓരോ ജീവിയും പരസ്പരം ഉടപ്പിറപ്പുകളാണ്.

''എല്ലാവരും ആത്മസഹോദരരെ
ന്നല്ലേ പറയേണ്ടതിതോർക്കുകിൽ നാം
കൊല്ലുന്നതുമെങ്ങനെ ജീവികളെ
ത്തെല്ലും കൃപയറ്റു ഭുജിക്കയതും

സഹജീവികളോടുള്ള കാരണ്യത്തെയാണ് ഓർമ്മിപ്പിക്കുന്നത്. കൊല്ലാവ്രതമുണ്ടെങ്കിൽ തിന്നാവ്രതമതിനേക്കാൾ മെച്ചപ്പെട്ടതാണ്. ''എല്ലാമതസാരവുമോർക്കിലിതെന്നല്ലേ പറയേണ്ടത് ധാർമ്മികരെ!'' എല്ലാ മതസാരവും അനുശാസിക്കുന്ന ധർമ്മമതാണ്. ധർമ്മങ്ങളിൽ വെച്ച് ഏറ്റവും വലുത് അംഹിസയാണ്. മനുഷ്യനെ ആത്മസാക്ഷാത്കാരത്തിനു സഹായിക്കുന്ന ധർമ്മമാണ് അഹിംസ. കൊല്ലാതിരിക്കൽ അഹിംസയുടെ ബാഹ്യരൂപമെങ്കിൽ പരദ്രോഹചിന്തയില്ലായ്മയാണ് അംഹിസയുടെ ആന്തരരൂപം.

'അഹിംസാ പരമോ ധർമ്മഃ' എന്നതിനേക്കാളും ശ്രേഷ്ഠമാണ് മാംസം ഭുജിക്കയില്ല എന്നത്. പരദ്രോഹചിന്ത വെടിഞ്ഞ് ഒന്നെന്ന് കാണുന്ന അഹിംസയാണ് ഏകമതസാരം. 'കൊല്ലുന്നവൻ കൊല്ലപ്പെടുന്നവനായി മാറാം. ''കൊല്ലപ്പെടുക' ഒരുവനും ഹിതമാവുകയില്ല. തനിക്കു അഹിതമെന്നത് മറ്റൊരുവനും അങ്ങനെയാകുമെന്ന് ധരിക്കവേണം. തന്റെ നിലവച്ച് മറ്റുള്ളവന്റെ സ്ഥിതി ഊഹിക്കുന്നതാണ് ആത്മാനുമാനം അഥവാ ആത്മൗപമ്യം. അതുണ്ടാവണം.

''തന്നോടുചെയ്യാൻ താൻ ആഗ്രഹിക്കുന്നതുപോലെ താൻ മറ്റുള്ള വരോടും പെരുമാറണം'' എന്ന ക്രിസ്തുവചനവും ഇതുതന്നെ. ഭഗവ ത്ഗീതയിലും മഹാഭാരതത്തിലും സമാനാശയങ്ങൾ കാണാം. ഉള്ളൂരിന്റെ ഭക്തിദീപികയിൽ മാംസാഹാരിയെന്ന് കരുതുന്ന നരസിംഹത്തോട് ചാത്തൻ പറഞ്ഞതും ഇതുതന്നെ. ''ഞാനും നീയുമൊന്നെന്നിരിക്കെ നിന്നെത്തന്നെ നിനക്ക് ആഹരിക്കാനാവുന്നതെങ്ങനെ? ഈ ആത്മൗപമ്യ മാണ് സഹജീവികാരുണ്യം.

**4. അനുകമ്പാദശകം: അരുളുള്ളവനാണ് ജീവി**

സഹജീവിസ്നേഹമെന്ന അനുകമ്പയിലാണ് ഈ കാവ്യവും ഊന്നൽ നൽകുന്നത്. ''ഒരു പീഡയെറുമ്പിനും വരുത്തരുതെന്നുള്ള അനു കമ്പ'' ഹൃദയത്തിൽ സൂക്ഷിക്കുന്നവന് ഈശ്വരസാക്ഷാത്ക്കാരമുണ്ടാകു ന്നു. അജ്ഞാനംകൊണ്ടാണ് മനുഷ്യൻ അനുകമ്പയില്ലാത്തവനായിത്തീരു ന്നത്. ''അരുളമ്പനുകമ്പ ഇവ മൂന്നിനും പൊരുളൊന്നാണ്.'' അരുൾ അറി വാണ്. അൻപിനെ (കാരുണ്യത്തെ) അകറ്റുന്നത് അജ്ഞാനമാണ്. അറിവ്, അനുകമ്പ (സഹാനുഭൂതി)യ്ക്കും അതുവഴി ആനന്ദത്തിനും ഹേതുവാ കുന്നു. ജീവികളെ സംസാരദുഃഖത്തിന്റെ മറുകരെ എന്നിങ്ങനെ നവാക്ഷ രീമന്ത്രമാണിത്.

''അരുളില്ലെങ്കിലസ്ഥിതോൽ
സിരനാറു മുടമ്പുതാനവൻ

അരുളില്ലാത്തവൻ അസ്ഥി, മാംസം, ത്വക്ക്, മലം, മൂത്രം ആദിയായവ നാറുന്ന ഉടലായി തീരുന്നതാണ്. കാനൽജലംപോലെയും നിർഗന്ധ പുഷ്പം പോലെയും നിഷ്ഫലമാണ് അവന്റെ ജീവിതം. സപ്തധാതുക്കൾ ചീഞ്ഞുനാറുന്ന വെറും ഉടൽ മാത്രമാകും. അറിവുള്ളവൻ ജഡബോധ ങ്ങളെ തിരിച്ചറിഞ്ഞു ദേഹപരിത്യാഗശേഷവും ധന്യതപൂണ്ടുവിളങ്ങും, ആറുവികാരങ്ങൾ (അസ്ഥിജന്മർദ്ധിപരിണപക്ഷയവിനാശം - ജനിക്കുക, ഉണ്ടായിരിക്കുക, വർദ്ധിക്കുക, പരിണമിക്കുക, ക്ഷയിക്കുക, നശിക്കുക) കൊണ്ടുള്ള മാറ്റങ്ങൾ ബോധത്തിനു സംഭവിക്കില്ല. അങ്ങനെ അനുകമ്പ നേടിയവർ അനനശ്വരരാണ്. ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ, ശ്രീരാമൻ ക്രിസ്തുനബി തുടങ്ങി അപ്പരും മാണിക്കവാചരും സന്ദുരമൂർത്തിയും വരെ ഈ അനശ്വരത്തിൽപ്പെടുന്നു. കാമധേനുവും കല്പതരുവും അരുളൻപനു കമ്പ തിരിച്ചറഞ്ഞവരിൽപ്പെടുന്ന ഗണത്തിൽ ഉൾപ്പെടുന്നു.

എല്ലാ പ്രകാരങ്ങളുടെയും പൊരുളേകമാണ്. കവി കാവ്യം ചമയ്ക്കുന്നതും ശാസ്ത്രകാരൻ പ്രപഞ്ചരഹസ്യങ്ങൾ കണ്ടെത്തുന്നതും സാമൂഹ്യപ്രവർത്തകൻ സാമുദായികസേവനം ചെയ്യുന്നതും അന്തിമായ ആത്മസുഖത്തിനാണ്. ആത്മസുഖാന്വേഷണം പര്യവസാനിക്കുന്നതാകട്ടെ ആനന്ദത്തിലും പരമമായ ഏകസത്യമാണ് മൂന്നിനും പൊരുളായിരിക്കുന്നതെന്ന് കാവ്യത്തിന്റെ ഫലശ്രുതി.

**5. അറിവ് : അറിവൊന്നു മാത്രം സത്യം**

ദർശനമാലയിലെ ജ്ഞാനദർശനത്തിന്റെ ഉപരിനതമാണ് അറിവ് എന്ന കാവ്യം.

അറിവുമതിൻമണം ചെന്നറിയുന്നവനിൽ
പകർന്ന് പിന്നിടും അറിയപ്പെടുമിതൊന്നീ-
ലറിവൻ പൊരിവീണുചിന്തിടുമഞ്ചായിടം.

അറിവൊന്നുമാത്രം സത്യം അറിയപ്പെടുന്നതും (പ്രപഞ്ചം) അറിവിൽതന്നെയടങ്ങുന്നു. അറിവെന്നാൽ നീ തന്നെ. അറിവ് അറിയപ്പെടുന്നവനിൽ പകർന്ന് വീണ്ടുമറിയപ്പെടും അത് വീണ്ടും അഞ്ചായി പിരിയും. ജ്ഞാനേന്ദ്രിയങ്ങൾ അങ്ങനെ എട്ടായി തീരും. ''അറിവിങ്ങനെ വെവ്വേറെയായ് പിരിഞ്ഞിടും'' വരെ അഹങ്കാരം അറിയുന്നവനായി അറിയപ്പെടുന്നു. അറിവിന്റെ പൂർണതയിൽ അഹങ്കാരം ഒളിവിൽ മറയുന്നു. സത്യദർശികൾ ഇതിനെ മോക്ഷമായി തിരിച്ചറിയുന്നു. അദ്വൈതദർശനത്തിന്റെ നിഗൂഢരഹസ്യമോതുന്നതാണ് ഈ കവിതയും.

**'ജ്ഞാനസിന്ധോ' എന്നതിൽ നിന്ന് ദയാസിന്ധോക്കുള്ള ദൂരം**

ശ്രീശങ്കരൻ പരം പൊരുളിനെ 'ജ്ഞാനസിന്ധോ' എന്നാണ് സംബോധന ചെയ്തത്. ഗുരു ദൈവത്തെ 'ദയാസിന്ധോ' എന്നും. ജ്ഞാനത്തിന് ദയയിലേക്കുള്ള അതിശീഘ്രമായ പരിണാമം ശ്രീശങ്കരനിൽ നിന്ന് നാരായണഗുരുവിലേക്കെത്തുമ്പോൾ നമുക്കു കാണാം (സുകുമാർ അഴിക്കോട് - അവ: ശ്രീനാരായണഗുരുവിന്റെ സമ്പൂർണകൃതികൾ സമാ: വ്യാ. ഡോ. ടി. ഭാസ്കരൻ) ജ്ഞാനത്തിൽ നിന്ന് കൃപയിലേക്കുള്ള, അനുകമ്പയിലേക്കുള്ള പരിണാമമാണ് ഗുരുവിന്റെ അദ്വൈതത്തിൽ പ്രകടമാകുന്ന വിശിഷ്ടത എന്നും അദ്ദേഹം തുടർന്നു പറയുന്നു.

**ഗുരു സങ്കല്പം : സമദർശിയായ ഗുരു**

ഗുരു എന്നാൽ ''വിശ്വതോന്മുഖമായ കൃപ. അതില്ലാത്ത ഒരാൾക്ക് സന്യാസിയാകാൻ പാടില്ല എന്നാണ് ഗുരു സിദ്ധാന്തിക്കുന്നത്.

സർവ്വപ്രാണിയിലും തുല്യ-
കൃപപൂണ്ടുനടക്കയാൽ
അന്തണന്മാരെന്നു ചൊല്ലേ-
ണ്ടതു സന്ന്യാസിമാരെയാം

തിരുക്കുറലിനു ഗുരു നൽകുന്ന അപൂർണ പരിഭാഷ അവസാനിക്കുന്നത് ഈ വരികളിലാണ് (സമ്പൂർണ - 748)

**6. ആശ്രമം**

'ആശ്രമം' എന്ന ലഘുകവിതയിൽ 'കശ്ചിത്ഗുരുഃ' എന്ന ചോദ്യമുന്നയിച്ചുകൊണ്ട് ജ്ഞാനത്തിൽ നിന്ന് ദയയിലേക്ക് ആത്മാവിന്റെ സംക്രമണം സാധിക്കുന്നവനാണ് യഥാർത്ഥഗുരു എന്നു  പറയുന്നുണ്ട്. സർവ്വത്ര സത്യം കണ്ട് ഭേദചിന്തവെടിഞ്ഞവനാണ് സമദർശിയായ ഗുരു.

പരോപകാരീ സ്വാദ്ദീന
ദൂയാലുഃ സത്യവാക്പടു
സദാചാരരതഃ ശീഘ്ര
കർത്തവ്യ കൃദതന്ദ്രിതഃ

അന്യർക്കുപകാരം ചെയ്യാനുണർന്നുവർത്തിക്കുന്നവനും ദുഃഖിതരിൽ ദയയുള്ളവനും സത്യം മാത്രം പറയുന്നവനും അലസത അകറ്റി ചുമതല നിറവേറ്റുന്നവനുമാകണം ഗുരു. അദ്വൈതാശ്രമം അന്വർത്ഥമാകണമെങ്കിൽ ജ്ഞാനസിന്ധുവായ അപരപ്രിയനായ ഗുരുകൃപകൊണ്ടേ സാദ്ധ്യമാകൂ എന്നും ശ്രീനാരായണഗുരു തിരിച്ചറിഞ്ഞിരുന്നു. ഗുരു കാട്ടിയ നേരാം വഴിയിലൂടെ 'പ്രബുദ്ധകേരളം' എന്ന ആശയം യാഥാർത്ഥ്യമാകണമെങ്കിൽ അപരപ്രിയോന്മുഖത്ത്വമുള്ള ജ്ഞാനദയാസിന്ധുവായ ഗുരു ഉണ്ടാകേണ്ടിയിരിക്കുന്നു.

അകതാരിൽ നിറയെ, ദാർശനിക തത്ത്വചിന്തകൾ സമ്വയിപ്പിച്ച ഗുരുവിന്റെ കവിതയും ജീവിതവും അപരിമേയങ്ങളാണ്. ആര്യവും ദ്രാവിഡവുമായ സത്തകൾ സമന്വയിപ്പിച്ച് കേരളീയ പൈതൃകത്തിനിണങ്ങും

വിധം ആധുനികമനുഷ്യന്റെ ആത്മീയവും ഭൗതികവുമായ അന്തർധാര കളെ തൃപ്തമാക്കുന്ന ഗുരുവിന്റെ കൃതികൾ എക്കാലവും മനുഷ്യനുള്ളിട ത്തോളം പ്രസക്തങ്ങളാണെന്നതിൽ തർക്കമില്ല.

**ഉപസംഹാരം**

- ശ്രീനാരായണഗുരുവിന്റെ എല്ലാ പ്രബോധനങ്ങളുടെയും സാരം 'മനുഷ്യൻ നന്നാവുക' എന്നതാണ്.
- ഗുരു വിഭാവനം ചെയ്യുന്ന ആദർശമാനവികദർശനം - മതത്തിനുബദ ലായി, നന്നായിതീർന്ന മനുഷ്യൻ എന്ന സങ്കല്പത്തിലധിഷ്ഠിത മാണ് - മതനിരപേക്ഷമായ മനുഷ്യദർശനം.
- മനുഷ്യനെ സ്വാർത്ഥചിന്തകളിൽനിന്നു വിമുക്തമാക്കുന്ന ഗുരുവിന്റെ മാനവികദർശനം അനുകമ്പയുടെ ദർശനമാണ്.
- സർവ്വസാഹോദര്യത്തിലൂന്നുന്ന ലോകവീക്ഷണം മതത്തെ ഉദാസീന മായി കാണാൻ ഉദ്ബോധിപ്പിക്കുന്നു.
- സംഘടിതമതത്തിന്റെ സംസ്കാരത്തിൽനിന്നും മുക്തമാക്കുന്ന ഈ മതദർശനം - ദൈവദർശനവും മനുഷ്യദർശനവും അനുകമ്പാദർശ നവുമാകുന്നു.
- ഗുരു ഉയർത്തിക്കാട്ടുന്ന ജാതിചിന്ത, ജാതിവ്യത്യാസവിരോധമാണ് - ശ്രീശങ്കരൻ മനീഷാപഞ്ചകത്തിൽ എഴുതിയ അദ്വൈതവേദാന്ത ത്തിന്റെ പൊരുളും ഇതാണ്.
- ഗഹനമായ ജീവിതചിന്തകളാൽ സമ്പുഷ്ടമാണ് ഗുരുവിന്റെ പ്രബോധ നാത്മകകൃതികൾ - മനുഷ്യോന്മുഖമായ സാമൂഹ്യവീക്ഷണം വെളി പ്പെടുന്നു എന്നതിലുപരി വൈദേശികമായ ലിബറലിസ്റ്റ് ചിന്തകളോട് ഗാഢബന്ധം പുലർത്തുകയും ചെയ്യുന്നു.
- ജാതിനിർണയം : ജാതിസംബന്ധമായ ഗുരുവിന്റെ ചിന്തപ്രബലമാ കുന്ന കൃതി - ഉറച്ചതത്ത്വബോധവും വ്യക്തമായ ശാസ്ത്രചിന്തയും വെളിപ്പെടുന്നു.

- 'മനുഷ്യാണാം മനുഷ്യത്വം' - മനുഷ്യർക്ക് മനുഷ്യത്വമാണ് ജാതി എന്ന ഗുരുവിന്റെ പ്രഖ്യാതനയം വെളിപ്പെടുത്തുന്ന കാവ്യം.

- ഒരു ജാതി - മനുഷ്യജാതി, ഒരു മതം - ആത്മമതം - ഈശ്വരോന്മുഖമായ ആത്മമതം. ഒരു ദൈവം - ആത്മമതസാക്ഷാത്ക്കാരമായ പരാൽദൈവം 'തത് സത്യം വിദ്ധി' - ബ്രഹ്മവിദ്യാപഞ്ചകത്തിലെ ദൈവരൂപവിവരണം.

- ജാതിലക്ഷണം : ജാതിനിഷേധത്തെ ശാസ്ത്ബുദ്ധ്യാനിരൂപിക്കുന്നു. 'പുണർന്നുപെറുന്നതെല്ലാം ഒരിനം' എന്നത് സാധൂകരിക്കുന്നു.

- 'പേരൂരൂതൊഴിലീമൂന്നിനുപൊരുൾ' - ജാതി ചോദിക്കുന്നതും പറയുന്നതും കേമത്വമെന്നും  അധമത്വമെന്നും കരുതുന്നത് ദുഃഖത്തിനിട വരുത്തും.

- 'കരുവാണിനം' - അതാണ് അഖണ്ഡമായ സത്യദർശനം. രൂപവൈവിധ്യം വസ്തുപ്രതീതമാണ് - അഖണ്ഡമായ സത്യമറിയുന്നവൻ വിദ്യ അറിയുന്നവനും മോക്ഷപ്രാപ്തനുമാണ്.

- ജീവകാരുണ്യപഞ്ചകം : ആത്മസാഹോദര്യത്തെ അവതരിപ്പിക്കുന്നു. കൊല്ലാവ്രതത്തേക്കാൾ മികച്ചത് തിന്നാവ്രതമാണെന്നതാണ് എല്ലാ മതസാരങ്ങളും അനുശാസിക്കുന്ന ധർമ്മം - ആത്മാനുമാനം അഥവാ ആത്മൗപമ്യം ഉള്ളവൻ പരദ്രോഹചിന്തവെടിഞ്ഞ് ഒന്നെന്ന ചിന്തയുണ്ടാകുന്നതാണ് ഏകമതസാരം. ക്രിസ്തുവും കൃഷ്ണനും പറയുന്നതും ഇതുതന്നെ.

- അനുകമ്പാദശകം : 'ഒരു പീഡയെറുമ്പിനും വരുത്തരുത്' എന്ന അനുകമ്പ ഈശ്വരസാക്ഷാത്ക്കാരത്തിലേക്ക് നയിക്കുന്നു. 'അരുളമ്പനുകമ്പ' ഇവ മൂന്നിനും പൊരുളൊന്ന് - അരുൾ അറിവിനും അതുവഴി ആനന്ദത്തിനും ഹേതുവാകുന്ന നവാക്ഷരീമന്ത്രം അരുളില്ലെങ്കിൽ നാറുമുടൽ മാത്രം -  ജഡബോധങ്ങളെ തിരിച്ചറിഞ്ഞ് അനുകമ്പ നേടിയവർ അനേകരാണ്.

- അറിവ് : എല്ലാ പൊരുളുകളുടെയും പൊരുളകം - സത്യമായതിതൊന്നുമാത്രം - അറിവ് അറിയുന്നവൻ  അറിയപ്പെടുന്നവൻ - പകർന്നഞ്ചായി പിരിഞ്ഞിടും - എട്ടുവിധം - വെവ്വേറായ് പിരിഞ്ഞിടും' -

അറിവിന്റെ പൂർണതയിൽ മമതാബന്ധമകന്ന് സത്യദർശനം – മോക്ഷദായകം.

- ആശ്രമം : 'കശ്ചിത് ഗുരു' : ജ്ഞാനത്തിൽ നിന്ന് ദയയിലേക്ക് ആത്മസംക്രമണം സാധിക്കുന്നവനാണ് ഗുരു. പരോപകാരി, ദീനദയാലു, സത്യദർശി, സത്ചരിതൻ, കർത്തവ്യോന്മുഖൻ ഇവ ഒത്തുചേരുന്നവൻ ഗുരു.

ജ്ഞാനസിന്ധുവിൽ ദയാസിന്ധുവിലേക്കുള്ള ദൂരം ശ്രീശങ്കരനിൽനിന്ന് ശ്രീനാരായണഗുരുവിലേക്കുള്ള അതിശീഘ്ര പരിണാമമാണ്. ജ്ഞാനം – കൃപ – അനുകമ്പ ഇവയാൽ സമന്വിതമാണ് ഗുരു വിഭാവന ചെയ്ത അദ്വൈത മാനവദർശനം.

**സഹായകഗ്രന്ഥങ്ങൾ**

1. അപ്പൻ കെ.പി., ചരിത്രത്തെ ആധാരമാക്കിയ ഗുരു, ഡി.സി.ബുക്സ്, കോട്ടയം, 2011
2. കൃഷ്ണനുണ്ണി, സി.എം., ഗുരുദേവപഠനലേഖനങ്ങൾ, 'ഋതംപരമമായ ഉൺമ' ലേഖനം), മാതൃഭൂമി ബുക്സ്, 2014.
3. ഗോപാലകൃഷ്ണൻ, പി.കെ., ശ്രീനാരായണ ഗുരു: വിശ്വമാനവികതയുടെ പ്രവാചകൻ (ജീവചരിത്രം) പ്രഭാത് ബുക്സ്, തിരുവനന്തപുരം, 2019
4. പദ്മനാഭൻ, പി.ജി., ഗുരുകാട്ടിയ നേരാംവഴി, പ്രഭാത് ബുക്സ്, തിരുവനന്തപുരം, 2017
5. പ്രശോഭൻ, കെ.ഡോ., ശ്രീനാരായണഗുരുവിന്റെ സ്വാധീനത മലയാള കവിതയിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.
6. ബാലകൃഷ്ണൻനായർ, ജി.പ്രൊ. ഗുരുദേവ കൃതികൾ സമ്പൂർണ്ണ വ്യാ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019
7. ഭാസ്ക്കരൻ, ടി.ഡോ., ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ്ണ കൃതികൾ സമാഹരണം, വ്യാ: മാതൃഭൂമി ബുക്സ്, 2015
8. മിത്ര, സി.ആർ., ചേർത്തല ശ്രീനാരായണ ഗുരുവും സാമൂഹ്യവിപ്ലവവും (സമ്പൂർണ്ണ ജീവചരിത്രം) വിവ. ശിവരാജ്, സി.പി. എൻ.ബി.എസ്., കോട്ടയം, 1993.

# ഡച്ച് അധിനിവേശവും

# കേരളീയ പ്രതിരോധങ്ങളും

**ഡോ. ആർ. അശ്വതി**


**പ്രബന്ധസംഗ്രഹം**

*അധിനിവേശങ്ങളുടെയും ചെറുത്തുനിൽപ്പുകളുടെയും പരമ്പരകൾ കേരളചരിത്രത്തിലുടനീളം കാണാം. സഞ്ചാരികളുടെ പറുദീസയായിരുന്ന കേരളം പ്രാചീനകാലം മുതലേ തുറമുഖ നഗരങ്ങൾ വഴി ഗ്രീക്ക്, ഈജിപ്ത്, റോമൻ, അറബി, ഇസ്രായേൽ, ഫിനീഷ്യ, അസ്സീറിയ-വ്യാപാരികളുമായി വനവിഭവങ്ങളും സുഗന്ധദ്രവ്യങ്ങളും വ്യാപാരം നടത്തിയിരുന്നു. വാണിജ്യവിഭവങ്ങളിൽ തേൻ, ആനക്കൊമ്പ്, അരി, മയിൽ, കുരങ്ങ് തുടങ്ങിയവയും സുഗന്ധദ്രവ്യങ്ങളിൽ ചന്ദനം, കുരുമുളക്, ഇഞ്ചി, ഏലം, കറുവപ്പട്ട മുതലായവയും ഉൾപ്പെട്ടിരുന്നു. പ്രധാന തുറമുഖങ്ങൾ മുസിരിസ്, തിണ്ടിസ്, ബറെക്ക, നെൽക്കിണ്ട എന്നിവയായിരുന്നു. പോർച്ചുഗീസുകാരും, ഡച്ചുകാരും, ബ്രിട്ടീഷുകാരും, ഫ്രഞ്ചുകാരും കേരളതീരത്തു വ്യാപാരാവശ്യങ്ങൾക്കായി എത്തുന്നതും തങ്ങളുടെആധിപത്യമുറപ്പിക്കാൻ ശ്രമിക്കുന്നതും ഏതാണ്ട് 15-ാം നൂറ്റാണ്ടോടുകൂടിയാണ്. ഇത്തരത്തിൽ കേരളത്തിൽ ആധിപത്യം ഉറപ്പിച്ച ഡച്ച് അധിനിവേശ കാലഘട്ടവും പ്രതിരോധങ്ങളും കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ ചരിത്രത്തെ രൂപപ്പെടുത്തിയതെങ്ങനെയെന്ന വസ്തുതകളെ അപഗ്രഥിക്കുകയാണ് പ്രബന്ധലക്ഷ്യം.*



**താക്കോൽവാക്കുകൾ**

*ഡച്ചുകാർ, അധിനിവേശങ്ങളും പ്രതിരോധങ്ങളും, കേരള ചരിത്രം.*


**ആമുഖം**

കേരളത്തിന്റെ രാഷ്ട്രീയസാഹചര്യം മുതലെടുത്താണ് വിദേശശക്തികൾ കേരളത്തെ തങ്ങളുടെ അധികാരപരിധിയിൽ തളച്ചിട്ടത്. അക്കാലത്ത് തിരുവിതാംകൂർ, കൊച്ചി, കോഴിക്കോട്, കോലത്തുനാട് എന്നീ നാലു നാട്ടുരാജ്യങ്ങളായിരുന്നു കേരളത്തിൽ പ്രബലമായിരുന്നത്. അധികാരാതിർത്തി വർദ്ധിപ്പിക്കുന്നതിനു നാട്ടുരാജ്യങ്ങൾ തമ്മിൽ നിലനിന്ന കിടമത്സരങ്ങളും യുദ്ധങ്ങളും വൈദേശികശക്തികൾക്കു കേരളത്തിൽ വാണിജ്യതാൽപ്പര്യങ്ങൾക്കുപുറമേ രാഷ്ട്രീയാധിപത്യമുറപ്പിക്കുന്നതിനുള്ള ആശയും ആവേശവുമായി. പോർച്ചുഗീസുകാരുടെ ആഗമനകാ

ലത്തു കേരളത്തിന്റെ വിദേശവ്യാപാരം അറബികളുടെ നിയന്ത്രണത്തിലായിരുന്നു. മതപ്രചരണത്തിലും അധീശത്വവ്യാപനത്തിലും സംഭവിച്ച നയവൈകല്യവും കോഴിക്കോടുസാമൂതിരിയുടെ ശക്തമായ ചെറുത്തുനിൽപ്പും ഡച്ചുകാരുടെ തുടർന്നുള്ള രംഗപ്രവേശവും പോർച്ചുഗീസുകാരുടെ തിരോധാനത്തിനുകാരണമായി.

**ഡച്ചുകാരുടെ ആഗമനം**

ഹോളണ്ടിലെ ജനങ്ങളാണ് ഡച്ചുകാർ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. കേരളത്തിലെ പോർച്ചുഗീസ് ആധിപത്യങ്ങളെ പടിപടിയായി തകർത്തുകൊണ്ടാണ് യൂറോപ്പിലെ ആദ്യത്തെ പ്രൊട്ടസ്റ്റന്റ് ജനവിഭാഗമായ ഡച്ചുകാർ കേരളത്തിൽ വേരുറപ്പിച്ചത്. ക്യാപ്റ്റൻ 'ഹൗട്ട്മാന്റെ' നേതൃത്വത്തിൽ 1592 ൽ ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിച്ചു. 1602 ൽ സമുദ്രസഞ്ചാരികളായ മറ്റുചില വ്യാപാര സംഘങ്ങളുമായി ചേർന്ന് അവർ 'യുണൈറ്റഡ് ജനറൽ ചാർട്ടേഡ് ഡച്ച് ഈസ്റ്റ്ഇന്ത്യാ കമ്പനി'യും രൂപീകരിച്ചു.പിന്നീട് കേരളവുമായുള്ള വാണിജ്യസാധ്യതകൾ മനസ്സിലാക്കുന്നതിന് 'സ്റ്റീവൻ വാൻസർ ഹെഗൻ' എന്ന വ്യക്തിയെ പതിമൂന്ന് ചരക്കുകപ്പലുകളുമായി ഇന്ത്യയിലേക്കയച്ചു.

**പോർച്ചുഗീസ് പതനവും ഡച്ച് ഉടമ്പടികളും**

1604 നവംബർ 11-ാം തീയതി 'സ്റ്റീവൻ വാൻസർ ഹെഗൻ' കോഴിക്കോട് സാമൂതിരിയുമായി കേരളത്തിലെ പോർച്ചുഗീസ് വാണിജ്യകുത്തക അവസാനിപ്പിക്കുന്നതിനുവേണ്ടി പരസ്പരം സഖ്യം ചെയ്തുകൊണ്ടുള്ള ആദ്യത്തെ രാഷ്ട്രീയ ഉടമ്പടിയിൽ ഒപ്പുവച്ചു. ഇതുപ്രകാരം സാമൂതിരി, ഡച്ചുകാർക്ക് കോഴിക്കോട് വാണിജ്യസൗകര്യങ്ങൾ ഒരുക്കി കൊടുക്കുകയും ചരക്കുകൾ ശേഖരിച്ചു വയ്ക്കാൻ വലിയ ഒരു പണ്ടകശാല വിട്ടുകൊടുക്കുകയും ചെയ്തു. 1610 ൽ വീണ്ടും 3 ഡച്ചുകപ്പലുകൾ കോഴിക്കോട്ടെത്തി. പിന്നീട് ഒപ്പുവച്ച ഉടമ്പടി പ്രകാരം ഡച്ചുകാർ കോഴിക്കോട്ടെ ഇറക്കുമതിയുടെയും കയറ്റുമതിയുടെയും രണ്ടുശതമാനം ചുങ്കമായി സാമൂതിരിക്ക് നൽകാമെന്ന് വ്യവസ്ഥ ചെയ്തു. 1616 ൽ വാർഡൻ ബ്രൂക്ക് സാമൂതിരിയെ സന്ദർശിച്ച് കേരളക്കരയിൽ നിന്ന് പോർച്ചുഗീസുകാരെ ബഹിഷ്ക്കരിക്കുന്നതിന് നാട്ടുരാജാക്കന്മാരുമായി സഖ്യമുണ്ടാക്കുന്നതിന്റെ സാധ്യതകൾ ഗൗരവപൂർവ്വം ആലോചിച്ചു. 1619 ൽ പോർച്ചുഗീസുകാരിൽ നിന്നും ഡച്ചുകാർ ജാവാദ്വീപ് പിടിച്ചെടുത്തു. ഇന്ത്യൻസമുദ്രത്തിലെ പോർച്ചുഗീസ് ആധിപത്യത്തിനെതിരായി 1619-ൽ ഡച്ചുകാരും

ഇംഗ്ലീഷുകാരും ഒരു കരാറിൽ ഏർപ്പെടുകയുണ്ടായി. അതു പ്രകാരം കേരളതീരത്തുള്ള പോർച്ചുഗീസ് അധിനിവേശപ്രദേശങ്ങൾ ഉപരോധിക്കാൻ 1621 ആയപ്പോഴേക്കും അവർ ഒരു സംയുക്ത നാവികസൈന്യത്തെ നിയോഗിച്ചു. തുടർന്ന് 1623 ൽ ഗോവ ആക്രമിച്ചു. 1625 ഡിസംബറിൽ ഡച്ചു പ്രതിനിധി 'വാൻസ്പ്യൂൽറ്റ്' 'ചേറ്റുവാ' വച്ച് സാമൂതിരിയുമായി കൂടിക്കാഴ്ച നടത്തുകയും തന്റെ രാജ്യത്ത് ഡച്ചുകാർക്ക് ഒരു ഫാക്ടറി നിർമ്മിക്കുവാനുള്ള അനുവാദം നൽകുകയും ചെയ്തു. കൂടാതെ വലിയ അളവിൽ കുരുമുളക് പ്രതിവർഷം ഡച്ചുകാർക്ക് എത്തിച്ചുനൽകാമെന്ന് വാഗ്ദാനവും ചെയ്തു.

ഇങ്ങനെ 17-ാം നൂറ്റാണ്ടിന്റെ ആരംഭ ദശകങ്ങളിൽ പോർച്ചുഗീസ് ശക്തിയെ നിർവീര്യമാക്കിക്കൊണ്ടാണ് കേരളത്തിൽ ഡച്ച് അധിനിവേശത്തിന് തുടക്കം കുറിച്ചത്.

**ഡച്ചുലക്ഷ്യങ്ങൾ**

പോർച്ചുഗീസുകാരെപ്പോലെ മതപ്രചരണവും മതപരിവർത്തനവും ഡച്ചുകാരുടെ ലക്ഷ്യമായിരുന്നില്ല. കച്ചവടതാൽപ്പര്യങ്ങൾ സുഗമമാക്കുകയെന്ന ഉദ്ദേശത്തോടെയാണ് നാട്ടുരാജ്യങ്ങളുടെ രാഷ്ട്രീയ ആഭ്യന്തരകാര്യങ്ങളിലേക്കവർ കടന്നുകയറിയത്. ഡച്ചുകാരുടെ പ്രധാനകർമ്മരംഗം കോഴിക്കോടും കൊച്ചിയും കൊച്ചിയ്ക്കുതെക്കുള്ള പ്രദേശങ്ങളുമായിരുന്നുവെങ്കിലും തിരുവനന്തപുരത്തിനും കൊച്ചിക്കുമിടയിലുള്ള നാടുവാഴികൾക്കിടയിലെ കലഹങ്ങൾ തങ്ങൾക്കനുകൂലമാക്കി മാറ്റാൻ ഡച്ചുകാർക്കു സാധിച്ചു. 1641 ൽ കേരളത്തിൽ വന്ന 'ജാൻ ഡിക്വിനോ' ആണ് ഡച്ചു വ്യാപാരബന്ധത്തെ അതിന്റെ ആത്യന്തികമായ അർത്ഥത്തിൽ വിപുലപ്പെടുത്തിയത്.

**ഡച്ചുവ്യാപനം :**

**ഉത്തരകേരളത്തിൽ നിന്ന് മധ്യകേരളത്തിലേക്ക്**

കേരളത്തിന്റെ ഉത്തരഭാഗത്തു നിന്നും മധ്യകേരളത്തിലെ നാടുവാഴികളുമായി വാണിജ്യകരാറുകൾ ഉണ്ടാക്കി ഡച്ചുകാർ പിന്നീട് തങ്ങളുടെ വ്യാപാരമേഖല വിപുലപ്പെടുത്തിക്കൊണ്ടിരുന്നു. കുരുമുളകിന്റെയും ഇഞ്ചിയുടെയും സംഭരണത്തെ സംബന്ധിച്ച് 1642 ൽ ചെമ്പകശ്ശേരിരാജാവുമായി ഒരു ഉടമ്പടി ഉണ്ടാക്കുകയും പുറക്കാട് ഒരു ഫാക്ടറി നിർമ്മിക്കാനുള്ള അനുവാദം നേടുകയും ചെയ്തു. 1643 ലെ മറ്റൊരു ഉടമ്പടി പ്രകാരം പുറക്കാട്ടെയും കായംകുളത്തെയും രാജാക്കന്മാർ പഞ്ഞി, ഇരുമ്പ്, തകരം,

കറുപ്പ്, ചന്ദനത്തടി മുതലായ സാധനങ്ങൾ ഡച്ചുകാരിൽ നിന്ന് വാങ്ങുകയും പകരം കുരുമുളക് നൽകിക്കൊള്ളാമെന്ന് സമ്മതിക്കുകയും ചെയ്തു. അതോടൊപ്പം യൂറോപ്പിലെ ഇതര വാണിജ്യസംഘങ്ങളുമായി യാതൊരുവിധ കരാറുകളോ ഇടപാടുകളോ നടത്തുകയില്ലെന്നും വ്യവസ്ഥ ചെയ്തു. തുടർന്ന് ഡച്ചുകപ്പലുകൾ പുറക്കാട്, കായംകുളം തുറമുഖ തീരങ്ങളിൽ വന്ന് ചരക്കുകൾ സംഭരിച്ചു. 1650 ൽ കായംകുളം രാജാവിൽ നിന്നും കായംകുളത്ത് ഒരു പണ്ടകശാല നിർമ്മിക്കുവാനുള്ള അനുവാദവും അവർ കരസ്ഥമാക്കി. വ്യാപാര ആവശ്യങ്ങൾക്കായി കേരളത്തിലെ ചെറിയ ചെറിയ നാടുവാഴികളുമായി അടുത്തബന്ധം സ്ഥാപിക്കുകയെന്നതായിരുന്നു ഡച്ചുകാരുടെ അടിസ്ഥാനനയം.

രാഷ്ട്രീയാധികാരവും, വാണിജ്യാഭിനിവേശങ്ങളും തകർന്ന പോർച്ചുഗീസ് ശക്തിക്കുമേൽ നിലയുറപ്പിക്കുന്ന യൂറോപ്യൻ ശക്തിയായി വളർന്നു കേരളത്തിന്റെ സാമ്പത്തിക മേഖല കയ്യടക്കാമെന്ന് ഡച്ചുകാർ വ്യാമോഹിച്ചു.

പോർച്ചുഗീസുകാർ കേരളത്തിൽ അഭിമുഖീകരിച്ചിരുന്ന ആഭ്യന്തരവ്യാപാരപ്രശ്നങ്ങളൊന്നും തന്നെ ഡച്ചുകാർക്കുണ്ടായിരുന്നില്ല. പ്രധാന വാണിജ്യ സംഘമെന്ന നിലയിലുള്ള അറബി വ്യാപാരികളുടെ ശക്തി മുൻപേ അസ്തമിച്ചിരുന്നു.പോർച്ചുഗീസുകാർ ദുർബലരായിത്തീർന്നതോടെ അവരുമായി ഇവിടുത്തെ നാടുവാഴികൾ ഏർപ്പെട്ടിരുന്ന എല്ലാ ഉടമ്പടികളും ഡച്ചുകാർക്കവകാശപ്പെട്ടതായി തീർന്നു. 1658 ൽ ഡച്ച് അഡ്മിറൽ ‘വാൻഗൂൺസ്’ ശ്രീലങ്കയിൽ പോർച്ചുഗീസ് നിയന്ത്രണത്തിലിരുന്ന കൊളംബോ ഉൾപ്പെടെയുള്ള പ്രദേശങ്ങളും അതേവർഷം തന്നെ കേരളത്തിൽ കൊല്ലത്തെ പറങ്കികോട്ടയും പിടിച്ചെടുത്തു. 1659 ൽ അവർ കൊല്ലം റാണിയുമായി ഉണ്ടാക്കിയ ഉടമ്പടി പ്രകാരം കൊല്ലം നഗരവും പോർച്ചുഗീസ് വസ്തുവകകളും അധീനപ്രദേശങ്ങളും ഡച്ചുകാർ ഏറ്റെടുക്കുകയും നാട്ടുകപ്പലുകൾ ഉൾപ്പെടെ സമുദ്രസഞ്ചാരങ്ങൾക്ക് ഡച്ച് അനുവാദം നേടിയിരിക്കണമെന്നും വ്യവസ്ഥ ചെയ്തു. 1659 ൽ ‘വാൻഗൂൺസിന്റെ’ അഭാവത്തിൽ കൊല്ലം പോർച്ചുഗീസുകാർ കയ്യടക്കിയെങ്കിലും 1661–ൽ ‘വാൻഗൂൺസ്’ കൊല്ലം തിരിച്ചു പിടിച്ചു.

അതുപോലെ 1662 ൽ കല്ലടയിൽ വച്ചു തിരുവിതാംകൂറുമായി ഡച്ചുകാരുണ്ടാക്കിയ കരാർ പ്രകാരം അവർ രാജാവിനു പണവും തോക്കുകളും നൽകി, രാജാവുമായുള്ള ബന്ധം ദൃഢപ്പെടുത്തി.

**ഡച്ച്-സാമൂതിരി ധാരണകൾ**

കേരളത്തിൽ ഡച്ചുകാർ ആധിപത്യമുറപ്പിച്ച ചരിത്രസംഭവത്തിൽ ഏറ്റവും പ്രധാനം അവർ സാമൂതിരിയുമായി ചേർന്ന് 1663 ൽ കൊച്ചി പിടിച്ചടക്കിയതാണ്. അഡ്മിറൽ 'വാൻഡർമെയിഡ'ന്റെ നേതൃത്വത്തിൽ ഡച്ചു നാവിക സൈന്യം 1661 ൽ വൈപ്പിൻകരയിലുള്ള പള്ളിപ്പുറംകോട്ട പോർച്ചുഗീസുകാരിൽ നിന്ന് പിടിച്ചെടുത്തു സാമൂതിരിക്കു നൽകിയിരുന്നു. 1662 ൽ കൊടുങ്ങല്ലൂരിൽ നിന്നും പോർച്ചുഗീസുകാരെ പുറത്താക്കി ആ സ്ഥലം കൊടുങ്ങല്ലൂർ രാജാവിനും കൊടുത്തു. ഇതിനിടയിൽ കൊച്ചി രാജകുടുംബത്തിലുണ്ടായ മുപ്പിളമത്തർക്കത്തിൽ ഇളയ താവഴിയിൽപ്പെട്ട ഒരാൾ പോർച്ചുഗീസുകാരുടെ പിൻതുണയോടെ അധികാരം ഏറ്റെടുത്തു. മൂത്തതാവഴി ഇതിനെതിരെ കലാപം ആരംഭിച്ചതോടെ ഡച്ചുകാരും പാലിയത്തച്ചനും മൂത്തതാവഴിയെ തുണച്ചു. തുടർന്നുണ്ടായ യുദ്ധത്തിൽ ഒരു സാധാരണ ഡച്ചുഭടനായിരുന്ന 'ഹെന്റിക്‌വാൻറീഡ്' റാണിഗംഗാധരലക്ഷ്മിയെ തടവിലാക്കുകയും മൂത്തതാവഴിയിലെ വീരകേരളവർമ്മയെ രാജാവാക്കുകയും ചെയ്തു. അതോടൊപ്പം കൊച്ചിരാജകുടുംബത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ പോലും ഡച്ചു സ്വാധീനം പ്രകടമാക്കിക്കൊണ്ട് രാജാവിന് ദത്തെടുക്കണമെങ്കിൽപോലും ഡച്ച് അനുവാദം വേണമെന്ന നിലയിലേക്ക് കാര്യങ്ങൾ എത്തുകയും ചെയ്തു. പിന്നീട് വീരകേരളവർമ്മയുടെയും പാലിയത്തച്ചന്റെയും സഹായത്തോടെ ഡച്ചുകാർ കൊച്ചീക്കോട്ട ആക്രമിക്കുകയും എട്ടുദിനരാത്രങ്ങൾ നീണ്ടുനിന്ന യുദ്ധത്തിനൊടുവിൽ 1663 ജനുവരി 6-ാം തീയതി കൊച്ചി ഡച്ചുകാർക്ക് അധീനമാക്കുകയും ചെയ്തു. തുടർന്നു വീരകേരളവർമ്മയെ കൊച്ചീരാജാവായി നിയമിച്ചു ഡച്ചുകാരുടെ പരമാധികാരം ഉറപ്പിച്ചു. കൊച്ചി രാജാവുമായുണ്ടാക്കിയ കരാർ പ്രകാരം രാജ്യത്തുണ്ടാകുന്ന മുഴുവൻ സുഗന്ധദ്രവ്യങ്ങളും ഡച്ചുകാർക്ക് എത്തിച്ചുകൊടുക്കാമെന്നും ജസ്യൂട്ടുകളും അല്ലാത്തവരുമായ എല്ലാ പോർച്ചുഗീസ്, കത്തോലിക്കാ വൈദികരേയും കൊച്ചിയിൽ നിന്നും ബഹിഷ്ക്കരിക്കണമെന്നും വ്യവസ്ഥ ചെയ്തു. കൂടാതെ 1663 ൽ തന്നെ പുറക്കാട്, പറവൂർ, ആലങ്ങാട്, ഇടപ്പള്ളി എന്നിവിടങ്ങളിലെ പ്രാദേശികഭരണാധികാരികളും തങ്ങളുടെ രാജ്യങ്ങളിൽ കച്ചവടത്തിനുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പാടാക്കിക്കൊണ്ട് ഡച്ചുകാരുമായി ഉടമ്പടികളിൽ ഒപ്പുവച്ചു.

### ഡച്ച്-കോലത്തിരി ഉടമ്പടികൾ

1663 മാർച്ചിൽ ഡച്ചുകാർ കോലത്തിരിയുമായി ഉണ്ടാക്കിയ ഉടമ്പടി പ്രകാരം കണ്ണൂർ പട്ടണം അവർ ഏറ്റെടുത്തു. 1664 ലെ മറ്റൊരു ഉടമ്പടിയനുസരിച്ചു കണ്ണൂരിലെ കുരുമുളക് കച്ചവടത്തിന്റെ കുത്തകയും ഡച്ചുകാർ കൈവശപ്പെടുത്തി. 1664 ൽ കണ്ണൂർ ഭരണാധികാരിയായ 'ആലിരാജാ'വുമായുണ്ടാക്കിയ കരാർ പ്രകാരം അദ്ദേഹം കയറ്റുമതി ചെയ്യുന്ന കുരുമുളകിന്റെയും ഏലത്തിന്റെയും അളവുകൾ ക്ലിപ്തപ്പെടുത്തി.

### നാടുവാഴി ഏകോപനം

ഇതേ കാലയളവിൽ തന്നെ (1664 ൽ) ഡച്ചു ക്യാപ്റ്റൻ 'ന്യൂഹോഫ്' ദക്ഷിണ കേരളത്തിലെയും മധ്യകേരളത്തിലെയും നാടുവാഴികളെ സന്ദർശിച്ച് അതതു രാജ്യങ്ങളിലെ സുഗന്ധവ്യഞ്ജനങ്ങളുടെ വാണിജ്യാവകാശങ്ങൾ സംഘടിപ്പിച്ചു. അതിനുവേണ്ടി കായംകുളം, പുറക്കാട്, മാർത്ത, കൊല്ലം എന്നിവിടങ്ങളിലെ നാടുവാഴികളുമായി പ്രത്യേകം ഉടമ്പടികൾ ഉണ്ടാക്കുകയും ചെയ്തു.

1673 ൽ കൊച്ചിയിലെ ഡച്ചു കമാൻഡിയറായി 'ഹെന്റിക് വാൻറീഡ്' വന്നതോടുകൂടി തദ്ദേശീയരായ നാട്ടുരാജാക്കന്മാരെ തങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക നിയന്ത്രണത്തിലേക്ക് കൊണ്ടുവരാനുള്ള പദ്ധതികളിലവർ കൂടുതൽ ശ്രദ്ധ ചെലുത്തി.

### കൊച്ചിയിലെ ആഭ്യന്തര ഇടപെടലുകൾ

1673 ൽ കൊച്ചീരാജാവുമായുണ്ടാക്കിയ ഉടമ്പടി പ്രകാരം കൊച്ചിയുടെ സിംഹാസനാവകാശം മൂത്തതാവഴിയിലെയും ചാഴൂർ താവഴിയിലെയും അംഗങ്ങൾക്ക് മാത്രമായി പ്രഖ്യാപിച്ചു. അതിനുശേഷം കൊച്ചീരാജാവും നാല് ഇളമുറരാജാക്കന്മാരും ഡച്ചുമേൽക്കോയ്മകൾ അംഗീകരിച്ച് അവരുടെ പക്കൽ നിന്നും ജീവിതബത്ത കൈപ്പറ്റിക്കൊള്ളാമെന്നും ഡച്ചുകാർ നിയമിക്കുന്ന ഗുമസ്തന്മാരെകൊണ്ടുമാത്രം കൊച്ചീരാജാവ് സാമ്പത്തിക ക്രയവിക്രയരേഖകൾ കൈകാര്യം ചെയ്യിക്കണമെന്നും 1674 ൽ ഉണ്ടാക്കിയ മറ്റൊരുടമ്പടി പ്രകാരം വ്യവസ്ഥ ചെയ്തു. ഈ ഉടമ്പടി വ്യവസ്ഥകൾ രാജകുടുംബത്തിൽ ആഭ്യന്തരകലാപത്തിനു കാരണമായി. എന്നാൽ 1678 ൽ ഡച്ചു കമാന്ററായിരുന്ന 'മാർട്ടിൻ ഹ്യൂസ്മാൻ' ഡച്ചുകാരുടെ സംരക്ഷണത്തിൽ കൊച്ചീരാജ്യത്തിന്റെ ഭരണകാര്യങ്ങളിൽ രാജാവിനെ സഹായിക്കു

ന്നതിനു'പാലിയത്തച്ചനെ' ചുമതലപ്പെടുത്തുകയും ഇളമുറരാജാക്കന്മാർക്കുള്ള അഭിപ്രായസ്വാതന്ത്ര്യം നിഷേധിക്കുകയും ചെയ്തു. 1681 ലെ ഡച്ചു വ്യവസ്ഥയനുസരിച്ച് ഒരു ഡച്ചുദ്യോഗസ്ഥനെ രാജാവിന്റെ മന്ത്രിയായും അയാളുടെ നിർദ്ദേശങ്ങൾ പാലിച്ചുമാത്രം ഭരണകാര്യങ്ങൾ ക്രമീകരിക്കണമെന്നും ഉടമ്പടിയുണ്ടാക്കി. ഇങ്ങനെ കൊച്ചീരാജ്യത്തിന്റെ പരമാധികാരം ഡച്ചുകമ്പനിയുടെ അധീനതയിൽ നിർവഹിക്കപ്പെടേണ്ട അവസ്ഥ സംജാതമായി.

1689-ൽ കൊച്ചി രാജകുടുംബത്തിലേക്ക് 'ചാഴൂർ കോവിലകത്തു' നിന്നും ദത്തെടുത്തു. ഡച്ചുകാരും സാമൂതിരിയും പാലിയത്തച്ചനും പിന്തുണച്ച ഈ നടപടിയെ പറവൂർ, മങ്ങാട്, കരപ്പുറം മുതലായ കൊച്ചിയുടെ സമാന്തരരാജ്യങ്ങളിലെ ഭരണാധികാരികൾ എതിർക്കുകയും ''വെട്ടത്തു' നിന്നും ദത്തെടുക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തു. ഇത് 1691 ൽ ഉണ്ടായ യുദ്ധത്തിൽ കലാശിച്ചു. യുദ്ധത്തിൽ ജയിച്ച ഡച്ചുകാർ ആലങ്ങാടും പറവൂരും കൊള്ളയടിക്കുകയും ചേറ്റുവാ പ്രദേശം സാമൂതിരിക്കു വിട്ടുകൊടുത്തുകൊണ്ട് അദ്ദേഹവുമായി ഒരു വാണിജ്യകരാർ ഉണ്ടാക്കുകയും ചെയ്തു.

**സാമൂതിരി-ഡച്ച്-സംഘർഷങ്ങൾ**

ഡച്ച്-സാമൂതിരി ബന്ധം സുസ്ഥിരമായിരുന്നില്ല. 1710 ലെ സന്ധിപ്രകാരം കൊച്ചിയും കോഴിക്കോടും തമ്മിലുണ്ടായ 9 വർഷത്തോളം നീണ്ടുനിന്ന തുറന്ന യുദ്ധത്തിൽ ഡച്ചുകാർ കൊച്ചിയുടെ ഭാഗം ചേർന്നു. സന്ധിപ്രകാരം ചേറ്റുവായും പാപ്പിനിവട്ടവും ഡച്ചുകാർക്കും സാമൂതിരി പിടിച്ചടക്കിയ കൊച്ചി പ്രദേശങ്ങൾ കൊച്ചിക്കും തിരിച്ചുകിട്ടി. ഡച്ചുകാർ 1714 ൽ ചേറ്റുവായിൽ ഒരു കോട്ട കെട്ടി. ഡച്ചുകാർക്കെതിരെ ഇംഗ്ലീഷുകാരുമായി സാമൂതിരി സഖ്യം ചെയ്തു. 1715 ൽ അദ്ദേഹം ഡച്ചുകാരിൽ നിന്നു ചേറ്റുവായും പാപ്പിനിവട്ടവും തിരിച്ചുപിടിച്ചു. 1716 ൽ വീണ്ടും ഡച്ചുകാർ അതേ സ്ഥലങ്ങൾ കൈവശപ്പെടുത്തി. 1718 ൽ ഉണ്ടാക്കിയ സന്ധിപ്രകാരം ഡച്ചുകാർ സാമൂതിരിയുമായുള്ള യുദ്ധം അവസാനിപ്പിച്ചു.

സാമൂതിരിക്കുമേലുണ്ടായ വിജയം കേരളമാകെ തങ്ങളുടെ സർവ്വാധിപത്യം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തിലേക്കാണ് ഡച്ചുകാരുടെ പ്രതീക്ഷകളെ നയിച്ചത്. കൊച്ചിയിൽ നിന്നും തങ്ങളുടെ രാഷ്ട്രീയസാമ്പത്തിക ശക്തിയും സ്വാധീനവും പുറക്കാട്, കായംകുളം, കരപ്പുറം, കൊല്ലം തുട

ങ്ങിയ തെക്കൻപ്രദേശങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിനും മറ്റു ചെറുകിട രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിലിടപെട്ട് ഉപജാപം സൃഷ്ടിച്ചു തമ്മിലടിപ്പിക്കുന്നതിനും ഡച്ചുകാർ മനഃപൂർവ്വം ശ്രമിച്ചുകൊണ്ടിരുന്നു.

**കേരളത്തിന്റെ പ്രതിരോധങ്ങൾ**

**(1) സാമൂതിരിയുടെ യുദ്ധതന്ത്രങ്ങൾ**

സാമൂതിരിക്കു ചേറ്റുവായിൽ താൽക്കാലികമായുണ്ടായ പരാജയം അദ്ദേഹത്തെ നിരാശനാക്കിയില്ല. ഡച്ചുകാർക്കും കൊച്ചീരാജാവിനുമെതിരെ തെക്കുംകൂറിലെയും വടക്കുംകൂറിലെയും നാട്ടുരാജാക്കന്മാരെ സംഘടിപ്പിച്ച് ഒരഖിലകേരളസഖ്യം പടുത്തുയർത്തുവാനുള്ള സജീവപദ്ധതികൾ അദ്ദേഹം ആസൂത്രണം ചെയ്തു. തെക്കു കായംകുളം മുതലായ പ്രദേശങ്ങളിലേക്ക് അതിനുവേണ്ടി ദൂതന്മാരെ അയയ്ക്കുകയും ചെയ്തു. 1728 ൽ തെക്കുംകൂർ രാജകുടുംബത്തിൽ നിന്ന് ഒരു രാജകുമാരിയെ ദത്തെടുക്കുവാനും അദ്ദേഹം നിശ്ചയിച്ചു. സാമൂതിരിയുടെ വിരോധം ഡച്ചുകാർക്കു മേൽ ഉയർന്ന ശക്തമായ ഭീഷണിയായി.

അതേസമയം ഉത്തരകേരളത്തിൽ ഉണ്ടായ 'ബെദ്നോർനായിക്ക' ന്മാരുടെ ആക്രമണത്തെ ചെറുക്കാൻ കോലത്തിരി ഇംഗ്ലീഷുകാരുടെ സഹായം അഭ്യർത്ഥിച്ചതും ഡച്ചുകാരെ പ്രതിസന്ധിയിലാക്കി. 1737 ഓടെ ഡച്ചുകാരും ആ പക്ഷം പിടിച്ചുവെങ്കിലും ഡച്ചുകാരനായ 'വാൻ ഇംഹോഫിന്റെ' നേതൃത്വത്തിൽ അവർക്ക് ഭാവിയിൽ ഭീഷണിയായേക്കാവുന്ന ബ്രിട്ടീഷ് ശക്തിയെ തുരത്തുവാനുള്ള പദ്ധതികളും ഡച്ചുകാർ ആസൂത്രണം ചെയ്തു.

**(2) മാർത്താണ്ഡവർമ്മയുടെ മുന്നേറ്റം**

മാർത്താണ്ഡവർമ്മയുടെ കീഴിൽ തിരുവിതാംകൂറിന്റെ അഭ്യുദയം ഡച്ചുപദ്ധതികളെ ഉലച്ചുകളഞ്ഞു. മാർത്താണ്ഡവർമ്മ 'കുളച്ചൽ' യുദ്ധത്തിൽ 1641 ൽ തന്നെ ഡച്ച് ആധിപത്യത്തെ തകർക്കുകയും അവരുമായി ഉപജാപത്തിലേർപ്പെട്ടിരുന്ന നാട്ടുരാജ്യങ്ങളെ ഓരോന്നായി തിരുവിതാംകൂറിനോട് ചേർക്കുകയും ചെയ്തു. 1746–1750 വരെയുള്ള കാലം, എളയടത്തു സ്വരൂപം, ആറ്റിങ്ങൽ, കായംകുളം, പുറക്കാട്, തെക്കുംകൂർ, വടക്കുംകൂർ എന്നീ രാജ്യങ്ങൾ തിരുവിതാംകൂർ ഭരണത്തിനധീനമായി. മാർത്താണ്ഡവർമ്മയുടെ പടനീക്കത്തിൽ കൊല്ലം, മാർത്ത, കായംകുളം, പുറക്കാട് എന്നിവിടങ്ങളിലെ പ്രധാന ഡച്ചുകേന്ദ്രങ്ങളെല്ലാം തിരുവിതാംകൂറിനോടു

ചേർക്കപ്പെടുകയും ഡച്ചു സ്വാധീനം തെക്കൻകേരളത്തിൽ ദുർബലമാവുകയും ചെയ്തു. 1748 ലും 1753 ൽ മാവേലിക്കരയിലും വച്ചു തിരുവിതാംകൂറുമായുണ്ടാക്കിയ കരാറിൽ അഞ്ചുതെങ്ങിലും വിഴിഞ്ഞത്തും ഇടവയിലും ഉള്ള ഇംഗ്ലീഷ് വ്യാപാരശാലകൾക്കു ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയില്ലെന്നും ഏതെങ്കിലും യൂറോപ്യൻശക്തികൾ തിരുവിതാംകൂറിനെ ആക്രമിക്കുകയാണെങ്കിൽ സൈനികസഹായം ചെയ്തുകൊള്ളാമെന്നും തിരുവിതാംകൂർ ഏതെങ്കിലും പ്രബലശക്തികളുമായി യുദ്ധം പ്രഖ്യാപിച്ചാൽ തങ്ങൾ നിഷ്പക്ഷത പാലിച്ചുകൊള്ളാമെന്നും, പന്തീരായിരം രൂപയുടെ വെടിമരുന്ന് തിരുവിതാംകൂറിനു നൽകികൊള്ളാമെന്നും വ്യവസ്ഥ ചെയ്തു.

**(3) സാമൂതിരിയുടെ പടയോട്ടം**

ഡച്ചുകാർക്ക് തിരുവിതാംകൂറിൽ നിന്നു നേരിട്ട കനത്ത പ്രഹരത്തിനാക്കം കൂട്ടിക്കൊണ്ടു കോഴിക്കോടു സാമൂതിരിയുടെ വിജയങ്ങളും അടിക്കടി ആവർത്തിച്ചു. 1755 ൽ കോഴിക്കോട്ട് സൈന്യങ്ങൾ പാപ്പിനിവട്ടം ആക്രമിച്ചു വെള്ളോസ്നമ്പ്യാരെയും പഴഞ്ചേരിനായരെയും പരാജയപ്പെടുത്തി. ഡച്ചുകാരിൽ നിന്ന് എനാമക്കൽ കോട്ട പിടിച്ചെടുത്തു. കൊടുങ്ങല്ലൂർ, പറവൂർ, തൃശൂർ, മുള്ളൂർക്കര എന്നീ പ്രദേശങ്ങളും സാമൂതിരിക്കധീനമാക്കി.

**(4) മൈസൂർ കടന്നുകയറ്റങ്ങൾ**

കേരളത്തിലേക്കുള്ള ഹൈദർഅലിയുടെ കടന്നുകയറ്റം ഡച്ചുകാരെ കൂടുതൽ പ്രതിസന്ധിയിലാക്കി. മൈസൂർ ആക്രമണത്തിൽ കോഴിക്കോട് ആധിപത്യമുറപ്പിച്ച ഹൈദരലിയോട് മാപ്രാണത്തിന്റെയും ചേറ്റുവായുടെയും തങ്ങളുടെ അവകാശം സ്ഥാപിച്ചുതരണമെന്നും കൊച്ചി, തിരുവിതാംകൂർ രാജാക്കന്മാർക്ക് ഉപദ്രവമുണ്ടാക്കരുതെന്നും ഡച്ചുകമ്പനി പ്രതിനിധികൾ അപേക്ഷിച്ചു. എന്നാൽ ഹൈദറുടെ സേനാനായകനായ സർദാർഖാൻ, ഡച്ചുകാർ അവകാശമുന്നയിച്ച പ്രദേശങ്ങൾ 1766 ൽ കീഴടക്കി. 1788 ൽ കൊച്ചി, കൊടുങ്ങല്ലൂർ, പള്ളിപ്പുറം കോട്ടകൾ മൈസൂറിന് വിൽക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിപ്പു ഡച്ചുകാരെ സമീപിച്ചെങ്കിലും ഡച്ചുകാർ കൊടുങ്ങല്ലൂർ കോട്ടയും പള്ളിപ്പുറം കോട്ടയും തിരുവിതാംകൂർ രാജാവിനു വിൽക്കുകയാണുണ്ടായത്.

### (5) ഇംഗ്ലീഷ് അധിനിവേശങ്ങൾ

കൊച്ചീകോട്ടയും കൊല്ലത്തു തങ്കശ്ശേരിയും മാത്രമാണ് ഡച്ച് അധീനതയിൽ പിന്നീട് അവശേഷിച്ചിരുന്നത്. 1795 ൽ കൊച്ചീകോട്ട ഡച്ചുകാർ ഇംഗ്ലീഷുകാർക്കു കൈമാറുകയും 1814 ലെ പാരീസ് ഉടമ്പടി പ്രകാരം കേരളത്തിൽ തങ്ങൾക്കുണ്ടായിരുന്ന പ്രദേശങ്ങളെല്ലാം ഡച്ചുകാർ ഇംഗ്ലീഷുകാർക്കു വിട്ടുകൊടുക്കുകയും ചെയ്തു.

### ഡച്ചുകാരുടെ പതനം : കാരണങ്ങൾ

കൊച്ചിരാജാവിനെയും മറ്റു ചെറുകിട നാട്ടുരാജാക്കന്മാരെയും കൂടെ നിർത്തി കേരളത്തിൽ സ്ഥിരമായ രാഷ്ട്രീയ, വാണിജ്യ ആധിപത്യം നേടാം എന്ന ഡച്ചു വ്യാമോഹം തകർന്നടിഞ്ഞതിനുള്ള പ്രധാന കാരണം അയൽരാജ്യങ്ങളിലാധിപത്യം സ്ഥാപിച്ചുകൊണ്ടുള്ള മാർത്താണ്ഡവർമ്മയുടെ തിരുവിതാംകൂർ അഭ്യുദയം തന്നെയാണ്. മാർത്താണ്ഡവർമ്മയുടെ സൈനികശക്തിയും പാശ്ചാത്യരീതിയിൽ തന്നെ അവർക്കു കിട്ടിയ ശിക്ഷണവും ഡച്ചുകാർക്ക് ഭീഷണിയായിരുന്നു. 1641 ലെ 'കുളച്ചൽ യുദ്ധ'ത്തിന് ശേഷം പരാജിതനായി പിടിക്കപ്പെട്ട ഡച്ച് അഡ്മിറൽ 'ഡിലനോയി'യാണ് പിന്നീട് യൂറോപ്യൻ രീതിയിലുള്ള സൈനികപരിശീലനം തിരുവിതാംകൂർ സൈന്യത്തിനു നൽകിയത്. മാർത്താണ്ഡവർമ്മയുടെ അംഗരക്ഷകസേനയുടെ തലവനായും, നെടുംകോട്ട നിർമ്മാണത്തിലും, യുദ്ധങ്ങളിലും 'ഡിലനോയി' മാർത്താണ്ഡവർമ്മയ്ക്കൊപ്പം നിന്നു. അതുപോലെ ഡച്ചുകാർക്കെതിരെ യുദ്ധം ചെയ്യാൻ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും കേരളത്തിലെ പ്രാദേശികശക്തികൾക്കു സഹായമൊരുക്കിയതും കടലിൽ ഇംഗ്ലീഷുകാർക്കും ഫ്രഞ്ചുകാർക്കുമുണ്ടായിരുന്ന അധീശത്വം തടയാൻ കഴിയാതെ പോയതും ഡച്ചു പരാജയകാരണങ്ങളാണ്. പോർച്ചുഗീസുകാരെ അപേക്ഷിച്ച് ഭരണവ്യാപാരരംഗങ്ങളിൽ മാന്യതയും ഉയർന്ന നിലവാരവും പുലർത്തിയിരുന്ന ഡച്ചുകാർക്ക് അഭിമുഖീകരിക്കേണ്ടിവന്നത്, ഡച്ചുകാരുടെ പരിമിതികൾക്കതീതമായി കേരളം നേരിട്ട അപ്രതീക്ഷിത രാഷ്ട്രീയ സംഭവവികാസങ്ങൾ തന്നെയായിരുന്നു.

### ഡച്ചു ഭരണസംവിധാനത്തിന്റെ ഘടന

കൊച്ചി ആസ്ഥാനമാക്കി ഒരു ചീഫ് കമാൻഡിയറും കൗൺസിലുമാണ് കേരളത്തിലെ ഡച്ച് അധീനപ്രദേശങ്ങളിൽ ഭരണനിർവഹണം നടത്തിയത്. രാഷ്ട്രീയം, സൈനികം പൗരോഹിത്യം എന്നിങ്ങനെ ഡച്ചുഭരണ

പ്രവർത്തനങ്ങളെ വർഗ്ഗീകരിക്കാം. വിവിധ തസ്തികകളിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ സഹായത്തോടെ കമാൻഡിയറും കൗൺസിലും ചേർന്നാണ് രാഷ്ട്രീയഭരണനിർവ്വഹണം നടത്തിയത്. ചീഫ് അഡ്മിനിസ്ട്രേറ്റർ വാണിജ്യകാര്യങ്ങൾ നിയന്ത്രിച്ചു. ഡച്ചുകാരുടെ സൈനികവിഭാഗം സുശിക്ഷിതരും അച്ചടക്കം പുലർത്തുന്നവരുമായിരുന്നു. സൈനികരുടെ എണ്ണം 2000 ൽ നിജപ്പെടുത്തിയിരുന്നു. പട്ടാളക്കാർക്കും സാധാരണ ഉദ്യോഗസ്ഥർക്കും ഡച്ചുകാർ കൃത്യമായി ശമ്പളം നൽകുകയും അവരുടെ ക്ഷേമകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു. നിഷ്പക്ഷമായ നീതിനിർവ്വഹണത്തിൽ അവർ ബദ്ധശ്രദ്ധരായിരുന്നു. സജീവമായി പ്രവർത്തിക്കുന്ന ചികിത്സാവിഭാഗവും പള്ളിപ്പുറത്ത് ഒരു കുഷ്ഠരോഗ ചികിത്സാലയവും ഡച്ചുകാർ സ്ഥാപിച്ചു. ആയുധങ്ങളുടെയും സമുദ്രയാനങ്ങളുടെയും അറ്റകുറ്റപണികൾ കാര്യക്ഷമമായി നിർവഹിച്ചിരുന്ന സുശിക്ഷിതരായ ജോലിക്കാരും അവർക്കുണ്ടായിരുന്നു. സുഗന്ധവ്യഞ്ജന വ്യാപാരത്തിൽ കയറ്റുമതിക്കും ഇറക്കുമതിക്കും ഡച്ചുകാർ പ്രാധാന്യം നൽകിയിരുന്നു. പഞ്ചസാര, പട്ട്, കർപ്പൂരം, ചെമ്പ്, തകരം, ഈയം, പുകയില, ചാരായം മുതലായവ അവർ ഇറക്കുമതി ചെയ്തു. കുരുമുളക്, ഏലം, പരുത്തി എന്നിവ ധാരാളമായി കയറ്റുമതിയും ചെയ്തു. അടിമകളുടെ കയറ്റുമതിയും നികുതിപിരിവും അവർക്ക് വ്യാപാരയിനത്തിൽ പ്രത്യേക ലാഭമുണ്ടാക്കി കൊടുത്തു.

**മതനയം**

സഹിഷ്ണുതാപരമായ മതസമീപനമായിരുന്നു പൊതുവിൽ ഡച്ചുക്കാരുടേതെങ്കിലും നാട്ടുരാജ്യങ്ങളുമായി അവരുണ്ടാക്കിയ ഉടമ്പടികളിൽ മതപരമായി ചില തീവ്രനിലപാടുകളും ആദ്യകാലങ്ങളിൽ കൈക്കൊണ്ടിരുന്നതായി കാണാം.

കൊച്ചിയിൽ നിന്നും മറ്റും റോമൻ കത്തോലിക്കപുരോഹിതന്മാരെ പുറത്താക്കിയതും ജസ്യൂട്ട് ഗ്രന്ഥശാല തകർത്തതും, ജസ്യൂട്ട് പള്ളികൾ ആയുധപ്പുരകളായി ഉപയോഗിച്ചതുമൊക്കെ മതപരമായി ഡച്ചുകാർ സ്വീകരിച്ച അസഹിഷ്ണുതാ നിലപാടുകളായിരുന്നു. എന്നാൽ പിന്നീടു വന്നവരാകട്ടെ വൈദേശിക പുരോഹിതന്മാരോടും, കേരളത്തിലെ ക്രൈസ്തവ വിഭാഗങ്ങളോടും ഉദാരമായ മതനയം തന്നെയാണ് സ്വീകരിച്ചത്. ഹൈന്ദവ ജനതയുടെ മതവികാരത്തെ എല്ലായ്പ്പോഴും അവർ ബഹുമാനിച്ചു. നാട്ടുരാജ്യങ്ങളുമായി യുദ്ധത്തിലേർപ്പെട്ടിരുന്നപ്പോഴും ഹൈന്ദവ

ക്ഷേത്രങ്ങളെയും മതസ്ഥാപനങ്ങളെയും ആക്രമണങ്ങളിൽ നിന്നൊഴിവാക്കിയിരുന്നു. 1740-ൽ വടക്കുംകൂർ രാജാവുമായി ചെയ്ത ഉടമ്പടിയിൽ ക്ഷേത്രങ്ങൾക്കും പശുക്കൾക്കും ഉപദ്രവമുണ്ടാക്കുകയില്ലെന്നും വ്യവസ്ഥ ചെയ്തിരുന്നു. അതുപോലെ തദ്ദേശീയരായ ജനങ്ങളെ ഡച്ചു പ്രൊട്ടസ്റ്റന്റ് മതത്തിലേക്കു പരിവർത്തനം ചെയ്യാൻ ഒരു കാലത്തും അവർ പരിശ്രമിച്ചിരുന്നില്ല.

**ഡച്ചുഭരണത്തിന്റെ സംഭാവനകൾ**

കേരളത്തിലെ വൈദേശികവാണിജ്യങ്ങൾക്ക് അനുകൂലമായ സാഹചര്യമൊരുക്കുന്നതിനും കാർഷിക സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിനും, ശാസ്ത്രീയമായ കൃഷിരീതികൾ ഡച്ചുകാർ ആവിഷ്ക്കരിച്ചു. കേരളത്തിന്റെ തീരപ്രദേശങ്ങളിലും വൈപ്പിനിലും, വെണ്ടുരുത്തിയിലും തെങ്ങുകൃഷിയിൽ പരീക്ഷണങ്ങൾ നടത്തി. കൂടാതെ നെൽകൃഷി, കയർ, വെളിച്ചെണ്ണ, നീലയമരികൃഷി, ഉപ്പുനിർമ്മാണം, ചായംമുക്കൽ തുടങ്ങിയ വ്യവസായങ്ങളെയും പ്രോത്സാഹിപ്പിച്ചു. അതുപ്രകാരം കേരളത്തിന്റെ സമ്പദ്ഘടനയിൽ വന്ന പുരോഗതിയുടെ ഫലമായി കൊച്ചി, കൊല്ലം, അഞ്ചുതെങ്ങ്, കുളച്ചൽ, തേങ്ങാപ്പട്ടണം മുതലായ തുറമുഖങ്ങൾ വ്യാപാരരംഗത്തു സജീവമായി പ്രവർത്തിച്ചു.

ഇന്ത്യയിലെ ഔഷധസസ്യങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്ന ‘ഹോർത്തൂസ് മലബാറിക്കസ്’ എന്ന അമൂല്യഗ്രന്ഥത്തിന്റെ നിർമ്മാണം ഡച്ച് ആധിപത്യകാലത്തു കേരളത്തിന്റെ സാമൂഹ്യസാംസ്കാരികരംഗത്തുണ്ടായ അപൂർവ്വ നേട്ടങ്ങളിൽ ഒന്നാണ്. ‘അഡ്മിറൽ വാൻറീഡി’ന്റെ നേതൃത്വത്തിലാണ് ഈ ഗ്രന്ഥരചന നടന്നത്. രംഗഭട്ട്, അപ്പുഭട്ട്, വിനായകഭട്ട് എന്നീ ഗൗഡസാരസ്വതബ്രാഹ്മണരും, മാത്യൂസ് എന്ന കാർമ്മലൈറ്റ്സന്ന്യാസിയും ഇട്ടി അച്യുതൻ എന്ന ഈഴവ വൈദ്യനും വർഷങ്ങൾ നീണ്ടുനിന്ന ആ വിശിഷ്ടഗ്രന്ഥത്തിന്റെ രചനയിൽ ഭാഗഭാക്കായവരാണ്. 794 ചിത്രങ്ങൾ നിറഞ്ഞ 12 വാല്യങ്ങളായി പുറത്തിറങ്ങിയ 700 ൽപരം ഔഷധസസ്യങ്ങളുടെ സചിത്രവിവരണമായ ഈ ഗ്രന്ഥം 1678 നും 1730 നുമിടയ്ക്ക് ആംസ്റ്റർഡാമിൽ നിന്നു പ്രസിദ്ധീകരിച്ചു.

കേരളത്തിലെ അന്നത്തെ നാടുകളെപ്പറ്റിയുള്ള ഡച്ചു പരാമർശത്തിൽ ‘കൊല്ലം’ അവർക്കു ‘സിഗ്നാട്ടി’യാണ്. ‘കരുനാഗപ്പള്ളി’ ‘കാർണോ

പ്പള്ളി'യും 'പുറക്കാട്' 'പോർക്ക'യും 'കൊട്ടാരക്കര' 'കൊട്ടാർകരി'യും 'ഇടപ്പള്ളി' 'ഡപ്ലിം' ഉം 'കായംകുളം' 'കല്ലിക്വയ്ലോണു'മാണ്.

വിദ്യാഭ്യാസം, സംസ്ക്കാരം എന്നീ മേഖലകളിൽ എടുത്തുപറയത്തക്ക മറ്റ് സംഭാവനകൾ ഡച്ച് ഭരണംമൂലം സിദ്ധിച്ചിട്ടില്ലായെങ്കിലും വിഷർ, വാൻറീഡ്, ലിൻഷോട്ടൻ, ബാൽഡേയിസ്, ന്യൂഹോഫ് തുടങ്ങിയ ഡച്ചുകാരുടെ ഓർമ്മകളും കത്തുകളും യാത്രാവിവരണകുറിപ്പുകളും ഒരു പ്രത്യേകകാലത്തെ പ്രതിനിധാനം ചെയ്യുന്ന കേരളചരിത്രത്തെ സംബന്ധിച്ചുള്ള പ്രധാനതെളിവുകളാണ്.

**സഹായകഗ്രന്ഥങ്ങൾ**

1. പ്രൊഫ.എസ്. അച്യുതവാര്യർ, കേരളസംസ്ക്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 2010
2. Dr. M G S Narayanan, Cultural Symbiosis in Kerala, Thiruvananthapuram, 1972
3. മലയിൻകീഴ് ഗോപാലകൃഷ്ണൻ, കേരളം ലോകചരിത്ര ത്തിലൂടെ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008
4. K.M.Panicker, Malabar and the Dutch, Bombay, 1951
5. K.P.Padmanabha Menon, History of Kerala, 1937
6. Dr. T.I. Poonen, Dutch Hegemony in Malabar and its Collapse, Dept. of Publications Uty, Kerala, Thiruvananthapuram
7. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി.ബുക്ക്സ്, കോട്ടയം, 2014
8. A. Sreedhara Menon, A Survey of Kerala History, Kottayam, 1967
9. വേലായുധൻ പണിക്കശ്ശേരി, കേരളം പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ, കോട്ടയം - 1963
10. എസ്. കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, കേരളചരിത്രവും സംസ്കാരവും, മലയാളപഠനഗവേഷണകേന്ദ്രം, 2011
11. ആർ. വിനോദ്കുമാർ, കേരളീയം, ഡി.സി.ബുക്ക്സ് 2011
12. വില്യം ലോഗൻ, മലബാർ മാന്വൽ, പരിഭാഷ ടി.വി.കൃഷ്ണൻ മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി

# പ്രകൃതിപുരാവൃത്തപഠനം സാറാജോസഫിന്റെ 'അശോക'യിൽ

**ഡോ. നിത്യ പി വിശ്വം**

**പ്രബന്ധസംഗ്രഹം**

*സമകാല സാഹിത്യം എങ്ങനെയാണ് പ്രകൃതി പുരാവൃത്തചിന്തകളേയും പാരിസ്ഥിതിക സ്ത്രീവാദത്തേയും മികച്ച വിനിമയ സാധ്യതയായി മാറ്റി ത്തീർക്കുന്നതെന്ന് സാറാ ജോസഫിന്റെ 'അശോക' എന്ന ചെറുകഥയെ മുൻനിർത്തി പരിചിന്തിക്കുകയാണിവിടെ. ഭാരതീയ സ്ത്രീത്വത്തിന്റെ ചിരന്തനപ്ര തീകമായ സീതയുടെ ജീവിതത്തിലെ ഏതാനും നിമിഷങ്ങളെ അടർത്തിയെ ടുത്ത് പുതുഭാവത്തിൽ അവതരിപ്പിച്ചിരിക്കുകയാണ് 'അശോക'.*

**താക്കോൽ വാക്കുകൾ**

*പ്രകൃതി പുരാവൃത്തപഠനം, പാരിസ്ഥിതിക സ്ത്രീവാദം*

**പഠനം**

പ്രകൃതി, ഭൂമി, മണ്ണ്, ലത എന്നീ ബിംബങ്ങളെല്ലാം സ്ത്രൈണമെന്ന് വിവക്ഷിച്ചുപോരുന്ന സാഹിത്യസാംസ്കാരികപാരമ്പര്യം ലോകമെമ്പാടു മുള്ള ഒട്ടനേകം ജനസമൂഹങ്ങളിൽ കാണാവുന്നതാണ്. ആദികാവ്യമായ രാമായണത്തെ പ്രകൃതിപുരാവൃത്തപഠനത്തിന്റെ (Nature Mythology) വെളിച്ചത്തിൽ വായിച്ചെടുക്കുവാനുള്ള ധാരാളം ശ്രമങ്ങൾ മുമ്പുതന്നെ ഉണ്ടായിട്ടുണ്ട്. ഭൂമിപുത്രിയായ സീതയെ ഉർവരമായ മണ്ണിന്റെ പ്രതീക മായും സൂര്യവംശജനായ രാമനെ കൃഷിക്കനുയോജ്യമായ സൂര്യസാന്നി ധ്യമായും അധ്യാരോപിച്ചിരിക്കുന്നു. പുരാവൃത്തങ്ങളെ പ്രകൃതിശക്തികളു മായി ബന്ധിപ്പിച്ചുകൊണ്ട് പുതുചിന്താധാരകളെ ഉണർത്തുന്ന ഇത്തരം ചിന്തകളാണ് പ്രകൃതിപുരാവൃത്തപഠനത്തിന്റെ പരിധിയിൽ വരുന്നത്.

1996-ൽ ഇറങ്ങിയ 'ദ ഇക്കോക്രിട്ടിസിസം റീഡർ' എന്ന സമാഹാരത്തിന്റെ ആമുഖമായി എഡിറ്റർ ഷെമിൽ ഗ്ലോഫെൽറ്റി ഇക്കോക്രിട്ടിസിസം എന്ന പുതുവിമർശനരീതിയെ പരിചയപ്പെടുത്തുന്നതിങ്ങനെയാണ്; ''മനുഷ്യസംസ്കാരം പ്രകൃതിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുകയും അതിനെ സ്വാധീനിക്കുന്നതുപോലെതന്നെ അതിനാൽ സ്വാധീനിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഇക്കോ-ക്രിട്ടിസിസം പ്രകൃതിയും സംസ്കാരവുമായുള്ള ബന്ധത്തിന്റെ കെട്ടുപാടുകൾ അന്വേഷിക്കുന്നു. ഒരു വിമർശനസമീപനമെന്ന നിലയിൽ അത് ഒരേസമയം മനുഷ്യരും മനുഷ്യേതരസത്തകളുമായി ബന്ധപ്പെട്ടു വർത്തിക്കുന്നു.''[1] ''പിതൃ ആധിപത്യരീതികളിൽനിന്ന് അപമാനവും ചൂഷണവും നേരിടുന്ന പെണ്ണിനും മണ്ണിനും ഒരേപോലെ മോചനം ആവശ്യമാണെന്ന ബോധ്യമാണ് ഇക്കോഫെമിനിസം എന്ന ദർശനത്തിലേക്ക് നയിച്ചത്. ഭൂമിയുടെ സഹജാവസ്ഥകളിലേക്ക് അതിനെ തിരികെ കൊണ്ടുപോവാൻ സ്ത്രൈണസത്തയ്ക്കാണ് കഴിയുക എന്ന വാദത്തിലൂന്നിനിന്നാണ് ഇക്കോഫെമിനിസം വളരുന്നത്. ചൂഷണവിധേയമാവുന്ന സകലതിനോടും സൂക്ഷിക്കുന്ന ഒരു സഹഭാവമാണ് ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാനഭാവം''[2] എന്ന മിനിപ്രസാദ് നിരീക്ഷിക്കുന്നുണ്ട്.

മണ്ണും പെണ്ണുമായുള്ള സാദൃശ്യകല്പനയ്ക്ക് വാമൊഴികാലഘട്ടം മുതൽതന്നെ സമൂഹത്തിന്റെ പൊതുബോധമണ്ഡലത്തിൽ അതിശക്തമായ സ്വാധീനമുണ്ട്. പഴഞ്ചൊല്ലുകളിലും ശൈലികളിലുമെല്ലാം പുരുഷാധികാരത്തിനു കീഴിൽ പരിപാലിക്കപ്പെടുകയും കൈമാറ്റം ചെയ്യപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന മണ്ണ്-പെണ്ണ് ദ്വന്ദ്വചിന്തകൾ കാണാവുന്നതാണ്. പ്രകൃതി, ഭൂമി ബിംബങ്ങളും ഇതോടു ചേർത്തുവെയ്ക്കാവുന്നതാണ്. പ്രകൃതി-പുരുഷ സങ്കല്പം, പ്രകൃതീദേവി, ഭൂമാതാവ് തുടങ്ങിയ പ്രാതിനിധ്യങ്ങൾ എന്നിവയെല്ലാം ഈ ചിന്താപരിധിയിൽ വരുന്നതാണ്. സസ്യലതാദികളുമായി സ്ത്രീജീവിതത്തിനും ശരീരത്തിനുമുള്ള പാരസ്പര്യവും ചിരപുരാതനകാലം മുതൽതന്നെ സാഹിത്യത്തിന് മികച്ച ഉപാദാനങ്ങളായിത്തീർന്നിട്ടുണ്ട്. ഉർവരതാസങ്കല്പവുമായി ബന്ധപ്പെടുത്തി വേണം ഇത്തരത്തിലുള്ള പാരിസ്ഥിതിക സ്ത്രീവാദചിന്തകളെ അടയാളപ്പെടുത്തുവാൻ.

സമകാലസാഹിത്യം എങ്ങനെയാണ് പ്രകൃതിപുരാവൃത്തചിന്തകളേയും പാരിസ്ഥിതികസ്ത്രീവാദത്തെയും മികച്ച വിനിമയസാധ്യതയായി മാറ്റിത്തീർക്കുന്നതെന്ന് സാറാജോസഫിന്റെ 'അശോക' എന്ന ചെറുകഥയെ മുൻനിർത്തി പരിചിന്തിക്കുകയാണിവിടെ. ഭാരതീയ സ്ത്രീത്വത്തിന്റെ ചിരന്തനപ്രതീകമായ സീതയുടെ ജീവിതത്തിലെ ഏതാനും നിമിഷങ്ങളെ അടർത്തിയെടുത്ത് പുതുഭാവത്തിൽ അവതരിപ്പിച്ചിരിക്കുകയാണ് 'അശോക.' രാമ-രാവണയുദ്ധാനന്തരം ഭർതൃസമാഗമത്തിനായി ഉത്സുകയായ സീതയെത്തേടി 'മുങ്ങ്യൊഴുകാലെ വരിക' എന്ന രാമാജ്ഞ എത്തുന്നിടത്തുനിന്നാണ് ഈ ചെറുകഥ ആരംഭിക്കുന്നത്.

ഒരാണ്ടുകാലത്തെ രാവണപത്തനത്തിലെ തടങ്കൽ ജീവിതത്തിന്റെ സർവമുദ്രകളും പതിഞ്ഞു കിടന്ന തന്റെ ശരീരത്തെക്കുറിച്ച് സീത ബോധവതിയാകുന്നതും മിഴി താഴ്ത്തി സ്വന്തം ശരീരം നോക്കിക്കാണുന്നതും ആ നിമിഷത്തിലാണ്. 'ശരീരം! മഞ്ഞും മഴയും വെയിലും ആർത്തിപൂണ്ട നോട്ടങ്ങളും നശിപ്പിക്കുന്ന കണ്ണേറുകളും മേല്ക്കുമേൽ വന്നുവീണ് തകർന്ന മണ്ണ്!' എന്ന ചിന്ത മണ്ണിന്റെയും പെണ്ണിന്റേയും പാരസ്പര്യത്തിലേക്കൂന്നുന്ന ആദ്യചുവടാണ്. ആശോകവനികയിലെ ഇലപ്പടർപ്പുകൾക്കപ്പുറത്ത് രാമാജ്ഞയുമായെത്തിയ പുതിയ ലങ്കാധിപൻ വിഭീഷണന്റെ കാല്പെരുമാറ്റം കേട്ടപ്പോൾ ഉച്ഛ്വാസത്തിൽ ഭാതൃവഞ്ചനയുടെ പാപം മണക്കുന്നുണ്ട് സീത. അമ്പരപ്പും വിഷാദവും ചൂഴ്ന്ന മുഖവുമായി നില്ക്കുന്ന രാക്ഷസസ്ത്രീകളോടായി അവൾ പറയുന്നു 'അസ്നാതാ ദ്രഷ്ടുമിച്ഛാമി ഭർത്താരം...' കുളിക്കാത്തവളായിത്തന്നെ ഞാൻ ഭർത്താവിനെ കാണാൻ ആഗ്രഹിക്കുന്നു. തന്റെ യാതനകളുടേയും ചെറുത്തുനില്പിന്റേയും മുദ്രകൾ കഴുകിക്കളയാത്ത നിലയിൽ ഭർത്താവു കണ്ടറിയട്ടെ എന്ന ആഗ്രഹത്താലാണ് സീത ഇപ്രകാരം പറയുന്നത്. വിജയിയുടെ ആജ്ഞാനുവർത്തി മാത്രമായ വിഭീഷണന്റെ ശിരസ്സ് ഇലപ്പടർപ്പുകൾക്കപ്പുറത്ത് മണ്ണിനടിയോളം താഴ്ന്നതായി സൂചന. പ്രകൃതിയുടേയും മണ്ണിന്റേയും സാന്നിധ്യമോ ബിംബകല്പനയോ ഇത്തരത്തിൽ കഥയിലെമ്പാടുമുണ്ട്.

'കല്പനയാണ്, നിറവേറ്റാൻ മനസ്സുണ്ടാകണം' എന്ന് പതിഞ്ഞ നില വിളിപോലെ പുതിയ ലങ്കാധിപൻ അപേക്ഷിച്ചപ്പോൾ ശിംശപാവൃക്ഷത്തിന്റെ മാറിലേക്ക് തലചായ്ക്കുകയാണ് സീത. ''താങ്ങും സാക്ഷിയുമായി നിന്ന തിര്യക്കിന് ജേതാവിന്റെ കല്പനയുടെ പൊരുൾ അശുദ്ധമായതെന്തോ ഉൾക്കൊള്ളുന്നുണ്ടെന്ന തിരിച്ചറിവായി. ഭാഷയ്ക്കുമപ്പുറത്തു നിന്ന് ഏകാന്തമായ ഒരു ചില്ലക്കൈ നീട്ടി മരം മണ്ണിനെ ആശ്വസിപ്പിച്ചു'' എന്ന കല്പനയിലൂടെ പ്രകൃതി-മനുഷ്യ പാരസ്പര്യവും, മണ്ണ് സീതയുടെ പ്രതീകാത്മക ബിംബമായി മാറുന്ന പാരിസ്ഥിതിക സ്ത്രീവാദസങ്കല്പവും, സീതയെ ഉർവരമായ മണ്ണായി കാണുന്ന പ്രകൃതിപുരാവൃത്തചിന്തയും കൃത്യമായി അടയാളപ്പെടുത്തുന്ന കഥയായി മാറുകയാണ് അശോക. നെറുകയിൽ പച്ചത്തളിരുകളുടെ തലോടലേറ്റപ്പോൾ സീത വിവശയാകുന്നുണ്ട്. വേരുകളുടെ മടിത്തട്ടിലേക്കവൾ കുഴഞ്ഞുവീഴുന്നുണ്ട് - ഭൂമിപുത്രിയുടെ ആശ്വാസവും അഭയവും പ്രകൃതിയല്ലാതെ മറ്റെന്ത്! അശോകവൃക്ഷം ശോകമാറ്റുന്നത് ഇത്തരത്തിൽ കൂടിയാണ്.

''ചുറ്റിലും അരിഞ്ഞെറിയപ്പെട്ട വൃക്ഷങ്ങൾക്കും തകർന്ന പൂത്തടങ്ങൾക്കും ഇപ്പോഴും പുകയുന്ന വള്ളിക്കുടിലുകൾക്കും വറ്റിച്ചുകളയപ്പെട്ട ജലാശയങ്ങൾക്കും നടുവിൽ ഒറ്റയ്ക്കു തളർന്നുനില്ക്കുന്ന അശോകമരത്തെ അവൾ കുനിഞ്ഞു വണങ്ങി. അഭയദായിനിയായ മാതൃബിംബമായി മാറുകയാണിവിടെ അശോകവൃക്ഷം. കിടമത്സരങ്ങൾ എങ്ങനെയാണ് പ്രകൃതിയേയും പരിസ്ഥിതിയേയും തകർത്തെറിയുന്നതെന്ന വ്യക്തമായ ചിത്രം ഇവിടെ കൊരുത്തുവെയ്ക്കുന്നുണ്ട് കഥാകാരി.

ലങ്കയുടെ കടൽത്തീരത്തേക്ക് തളർന്നുനീങ്ങുന്നതിടയിൽ വഴിയിലറ്റു വീണുകിടക്കുന്ന ഒരു കൈയോ മരച്ചില്ലയോ തന്റെ നേർക്ക് വിരൽ ചൂണ്ടുമ്പോൾ സീത നടുങ്ങി വഴിയിടറി നിന്നുപോകുന്നുണ്ട്. വിരലിനും മരച്ചില്ലയ്ക്കുമുള്ള പാരസ്പര്യസൂചന പരമ്പരാഗതസാഹിത്യവഴക്കമാണ്. ഇത്തരം സൂക്ഷ്മമായ നിർമ്മാണ കൗശലങ്ങളാണ് 'അശോക'യിലെ പാരിസ്ഥിതിക ചിന്തകളെ തിടംവെപ്പിക്കുന്നത്.

തല മുങ്ങിക്കുളിച്ച് ഈറനോടെ തൊഴുതുനില്ക്കുന്ന പരാജിതന്റെ സ്ത്രീകൾക്കു നടുവിൽ മുഖം കുനിച്ചുനില്ക്കുന്ന സീതയുടെ കാല്ക്കൽ ചിതറിവീഴുന്ന കറുകയും വറ്റും പൂവും . . . ബലിതർപ്പണത്തിലൂടെ ഭൂമിയുമായുള്ള ബന്ധവിച്ഛേദത്തിന്റെ മുദ്രകളാണിവ. പിറവിയിൽ നാവിലിറ്റിക്കുന്ന തേനിലൂടെയും വയമ്പിലൂടെയുമാണീ ഭൗമബന്ധം ആരംഭിക്കുന്നതെന്ന ഓർമ്മയും ഈ അവസരത്തിലുണ്ടാവേണ്ടതാണ്.

മണ്ഡോദരിക്കു പിന്നാലെ മുങ്ങ്യൊഴുകാലെ, ഈറൻ പിഴിയാതെ, തലതോർത്താതെ മുങ്ങിക്കയറി ബലിപിണ്ഡത്തിന് വലംവെച്ചപ്പോൾ പരാജിതനും തനിക്കുമിടയിൽ പറിച്ചെറിഞ്ഞ പുൽത്തലപ്പ് വാടാതെ കിടക്കുന്നത് സീത ശ്രദ്ധിക്കുന്നുണ്ട്. പുൽക്കൊടി പറിച്ച് മുമ്പിലിട്ട് അത് രാവണനെന്നു സങ്കല്പിച്ച് ലങ്കാധിപന്റെ അനുനയങ്ങൾക്കും ഭീഷണികൾക്കും തക്ക മറുപടി നല്കി ചെറുത്തുനിന്ന ഒരാണ്ടിന്റെ ഓർമയാണവൾക്കാ പുൽത്തലപ്പ്.

''പാപം ആരുടേതാണ്? പാപഫലം ആരനുഭവിക്കുന്നു' ജന്തുവിന്റെ ഉടലിൽ കാമം നിറച്ച പ്രകൃതിയോ പാപം ചെയ്തത്? കാമം അടക്കാത്ത തെറ്റിന് പെണ്ണിനും മണ്ണിനും അംഗഭംഗം വരുത്തിയ നീതി ബോധങ്ങളോ പാപം ചെയ്തത്?'' എന്ന ചിന്ത തുടർന്ന് കടന്നുവരുന്നുണ്ട്. യുദ്ധങ്ങളെല്ലാം അത്യന്തികമായി തകർത്തെറിയുന്നത് മണ്ണിനേയും പെണ്ണിനേയുമാണെന്ന പാരിസ്ഥിതികസ്ത്രീവാദചിന്തയായി വേണം ഇതിനെ കണക്കിലെടുക്കുവാൻ. ഒരു കണ്ണിൽ രോഷവും മറുകണ്ണിൽ വെറുപ്പുമായി വെട്ടിപ്പിടിച്ചെടുത്ത മണ്ണിനുമേൽ കാലമർത്തിച്ചവിട്ടി നില്ക്കുന്ന ജേതാവിനുമുന്നിലേക്കാണ് യാഗവേദിയിലേക്ക് കാരുണ്യത്തോടെ ബലിമൃഗത്തെയെന്നോണം വിഭീഷണന്റെ സ്ത്രീകൾ സീതയെ കൂട്ടിക്കൊണ്ടുപോകുന്നത്. അവരും മുറ്റിവേറ്റവരാണ്. മഹാനഷ്ടങ്ങൾ അനുഭവിക്കുന്നവരാണ്. ബലിമൃഗമെന്ന പരാമർശം ശ്രദ്ധിക്കേണ്ടതാണ്. ആദിമഗോത്രങ്ങളിൽ ഉർവരതാപൂജയുടെ ഭാഗമായിരുന്നു ജന്തുബലി. മണ്ണോടു സൂര്യൻ ചേരുന്നതിന്റെ (സീതയോടു രാമൻ) മുന്നോടിയായിട്ടും പ്രകൃതിപുരാവൃത്തപഠനത്തിന്റെ വെളിച്ചത്തിൽ ഇതിനെ വായിച്ചെടുക്കാം. 'കാർമേഘങ്ങളുടെ മറവിൽനിന്ന്

സൂര്യനെന്നോണം ഉദിച്ചുയരുന്ന ഒരു മുഖം' സീത പ്രതീക്ഷിക്കുന്നുമുണ്ട്. എന്നാൽ 'ഗ്രഹണസൂര്യനെപ്പോലെ ഇരുട്ടുവന്നു കയറുന്ന ആ മുഖത്തിനു കീഴെ ആളുന്ന ചിതയ്ക്കരികിലെന്നോണം സീത വാടിത്തളരുക'യാണു ണ്ടായത്. ഉദിച്ചുയരുന്ന സൂര്യൻ, ഗ്രഹണസൂര്യൻ, വാടിത്തളരൽ എന്നീ സൂചകങ്ങളെല്ലാം പ്രകൃതിപുരാവൃത്തത്തിന്റേയും പാരിസ്ഥിതിക സ്ത്രീവാദത്തിന്റേയും പരിധിയിൽ വരുന്നതാണ്. 'വൈദേഹി' എന്നാണ് സീത അഭിസംബോധന ചെയ്യപ്പെടുന്നത്. വിദേഹരാജ്യവുമായുള്ള ബന്ധ സൂചനമാത്രം അതിൽ ഉള്ളടങ്ങിയിരിക്കുന്നു. താനുമായുള്ള ബന്ധസൂചന യൊന്നും തുടർന്നു വരുന്ന 'മൈഥിലി' എന്ന പരാമർശത്തിലും ചേർത്തു കാണുന്നില്ല. മണ്ണുമായുള്ള (രാജ്യം) ബന്ധസൂചന മാത്രമാണിതിലും തെളിഞ്ഞുകാണുന്നത്.

'യുദ്ധകാഹളം കേട്ട മണ്ണെന്നപോലെ സീത നടുങ്ങിത്തെറിച്ചു' എന്ന പരാമർശത്തിലും മണ്ണുമായുള്ള പാരസ്പര്യം വ്യക്തമാക്കുന്നുണ്ട്. 'എല്ലാ ഐശ്വര്യങ്ങളും ലങ്കയ്ക്ക് അവകാശപ്പെട്ടതാണ്.ജേതാവിനാൽ വലിച്ചെറി യപ്പെട്ട മണ്ണ് ലങ്കയാണ്. സീതയും ലങ്കയും ഒന്നുതന്നെയാണ്. ലങ്കയ്ക്കു മീതെ ഇനിയും മഴപെയ്യും. അശോകവനം വീണ്ടും തളിർക്കും. കൃഷിഭൂമി കളിൽനിന്ന് രക്തത്തിന്റെ പുളിപ്പ് വറ്റിപ്പോവുകയും ജീവൻ പച്ചനാമ്പുക ളായി പിടഞ്ഞുണരുകയും ചെയ്യും' എന്ന രാവണവചനത്തിലും മണ്ണ് തന്നെയാണ് പ്രധാന സൂചകം. സീതയും ലങ്കയും ഒന്നുതന്നെ എന്ന തുറ ന്നുപറച്ചിലും ഇവിടെ കാണാം. 'രക്താഭിഷിക്തമായ പർവതംപോലെ' 'കരിങ്കല്ലായി മാറി' എന്നീ സൂചകങ്ങളാണ് പരാജിതനെ (രാവണനെ) കുറിക്കുവാനായി ഉപയോഗിച്ചിരിക്കുന്നത്. ഉറപ്പിന്റേയും കരുത്തിന്റേയും സ്ഥൈര്യത്തിന്റേയും സൂചകങ്ങളാണിവ. മുട്ടുകുത്തി കൈക്കുമ്പിൾ നീട്ടി നില്ക്കുന്ന പരാജിതനുവേണ്ടി ഉള്ളിലെവിടെയോ കാരുണ്യത്തിന്റെ ഉറവ പൊട്ടുന്നതായി സീതയ്ക്ക് അനുഭവപ്പെടുന്നുണ്ട്. ഉറവകൾ പൊട്ടുന്നത് മണ്ണിലാണല്ലോ.

പാമ്പുറയൂരും പോലെ വാക്കുകൾ ഉറയൂരി വീണതും, കണ്ണുകുത്തി പ്പൊട്ടിക്കപ്പെട്ട ഒരു കാക്ക പഞ്ചവടിക്കു മീതെ അലറിക്കരഞ്ഞുകൊണ്ട്

ഗതികിട്ടാതെ പറന്നു നടന്നതും, പൂത്തമരത്തിനു കീഴെനിന്ന് നാലുപാടും ചോര ചീറ്റിത്തെറിപ്പിച്ചുകൊണ്ട് നിസ്സഹായമായ നിലവിളിയോടെ ഒരു പെണ്ണ് പാഞ്ഞുപോയതും സീതയുടെ ഓർമ്മയും അനുഭവവും മാത്രമല്ല. പ്രകൃതിബിംബങ്ങളുടേയും, പ്രകൃതിയേയും പെണ്ണിനേയും പരിക്കേല്പി ക്കുന്ന പൗരുഷത്തിന്റേയും സൂചനകൾകൂടി ഉള്ളടങ്ങിയ ബിംബങ്ങളായി രുന്നു.

സീത മിഥിലാപുരിയിലായിരുന്ന കാലത്തെക്കുറിച്ചുള്ള ഓർമകളിൽ നിറഞ്ഞുനില്ക്കുന്നത് സമൃദ്ധിയുടെ ചിഹ്നങ്ങളാണ്. ''എല്ലാ കൃഷിനിലങ്ങ ളിലും സമൃദ്ധമായ വിളവായിരുന്നു. കൃഷിനിലങ്ങൾക്കുമീതെ സമ്പന്ന മായ മഴയും സൂര്യവെളിച്ചവുമായിരുന്നു. പൂക്കാലം ധാരാളിത്തത്തിന്റേതാ യിരുന്നു. ഫലങ്ങളാകട്ടെ പുഴുക്കുത്തില്ലാതെ വിളഞ്ഞു പഴുത്തു. അരുവി കൾ നിറഞ്ഞു തിങ്ങിയൊഴുകി. പക്ഷികൾക്ക് തൊണ്ടയിടറാതെ പാടാനും ആട്ടിൻകുട്ടികൾക്ക് അലസമായി മേഞ്ഞുനടക്കാനും ശാന്തമായ താഴ്‌വരകളുണ്ടായിരുന്നു. സീതയ്ക്കുണ്ണാൻ മണ്ണിന്റെ മുലപ്പാലും അവൾക്കുറങ്ങാൻ പച്ചപ്പുല്ലിന്റെ മെത്തയും ജനകൻ അത്ഭുതാഹ്ലാദങ്ങ ളോടെ കാത്തുസൂക്ഷിച്ചു.'' സീത ഭൂപുത്രിയാണെന്നും ഉർവരയായ മണ്ണാ ണെന്നുമുള്ള സാക്ഷ്യങ്ങളാണീ വാക്യങ്ങളെല്ലാം.

ശാന്തമായി, മുഴങ്ങുന്ന മണിനാദംപോലെ ലക്ഷ്മണനോട് 'എനി ക്കായി ഒരു ചിതയൊരുക്കുക' എന്ന് സീത പറഞ്ഞ സന്ദർഭത്തിൽ 'ഇര മ്പുന്ന ലങ്കയ്ക്കു നടുവിൽ മണ്ണ് മൂടുപടമില്ലാതെ അനാവൃതമായി കിടന്നു' എന്ന് കഥാകാരി. 'കടൽത്തീരത്ത് ആളൊഴിഞ്ഞിരുന്നു. സൂര്യന്റെ മര ണവും കാത്ത് മണ്ഡോദരി മാത്രം മണൽപ്പുറത്ത് ബലിപിണ്ഡത്തിന് കാവൽനിന്നു' എന്ന് തുടർന്ന് കുറിച്ചിരിക്കുന്നു. സൂര്യന്റെ മരണം സംഭവി ക്കുന്നത് സീതാഹൃദയത്തിലാണ്. ''അയാളുടെ സ്പർശമാത്രയിൽ മഴപെ യ്തുലർന്ന ഉഴവുചാൽപോലെ ആർദ്രവും സജ്ജീവുമാകാറുള്ള ഭൂമി വറ്റിവ രണ്ടത് സീത തിരിച്ചറിഞ്ഞു. ഇനിമേൽ അയാളുടെ കൈകൾ മണ്ണിൽ ഒരു പുളകവും വിതയ്ക്കുകയില്ല. ഇനിയൊരൊറ്റ ചുംബനവും മണ്ണിന്റെ സിരക ളിൽ നടുക്കങ്ങളോ നടുക്കങ്ങളിൽനിന്ന് വന്യസുഗന്ധമോ ഉണർത്തുക

യില്ല''. മണ്ണ് എന്ന പ്രതീകാത്മക സീതാബിംബത്തെ അതിമനോഹരമായി മെരുക്കിയെടുത്ത് കഥയുടെ ജീവനാഡിയാക്കി മാറ്റുന്ന ആവിഷ്ക്കാരകൗശലമാണിത്.

തുടർന്ന് 'ഭൂമിപുത്രി' എന്നു തന്നെയാണ് കഥാകാരി സീതയെ വിശേഷിപ്പിക്കുന്നത്. ''ഞാൻ സീത. അഗ്നിയെ ശമിപ്പിക്കാൻ കെല്പാർന്ന മണ്ണ്. അനാദികാലമായി മണ്ണിനുമീതെ വർഷിക്കപ്പെട്ടുകൊണ്ടിരുന്ന മഴകളെ ഉദരത്തിൽ പേറുന്നവൾ. വരുംകാല മഴകളുടെ മാറ്റമില്ലാത്ത നിനവിൽ മനസ്സൂന്നിയവൾ. മഴയും വിത്തും ഏറ്റുവാങ്ങി അഗ്നിയോടു ചേർത്ത് ജീവന്റെ കുളിരാർന്ന പച്ച വിരിയിക്കേണ്ടവൾ. സീതയ്ക്കുചുറ്റും അഗ്നി ആളിയാളിപ്പടർന്നു. പിന്നെ കാച്ചിയെടുത്ത മണ്ണ് വിത്തും മഴയും കാത്ത് വിശുദ്ധമായി തെളിഞ്ഞു കിടന്നു'' എന്ന കല്പനയോടെ അശോക പര്യവസാനിക്കുന്നു. അഗ്നിപരീക്ഷണത്തെ ഇത്തരത്തിൽ വായിച്ചെടുക്കുന്ന രീതി പുതുമയുള്ളതാണ്. വിത്തും മഴയും കാത്ത് വിശുദ്ധയായി തെളിഞ്ഞുകിടക്കുന്ന തീയിൽ കാച്ചിയെടുത്ത മണ്ണായി സീതയെ അധ്യാരോപണം ചെയ്തിരിക്കുന്നു. അഗ്നിയെ ശമിപ്പിക്കാനായതും അവൾ മണ്ണായതിനാലാണ്. ബലിയിലൂടെ ഉയർന്നുവരുന്ന ഉർവരതയുടെ പ്രതീകാമാണവൾ. പ്രകൃതി പുരാവൃത്തപഠനത്തിലെ സീതാ-രാമ സൂചകങ്ങൾ മണ്ണിലേക്കും സൂര്യനിലേക്കും കൃത്യമായി ചേർന്നുപോകുന്നത് ഇത്തരത്തിലാണ്. ''നമ്മുടെ സാമൂഹികയാഥാർത്ഥ്യങ്ങൾ ഏറെയും മെറ്റഫറുകളിലൂടെ മനസ്സിലാക്കപ്പെടുന്നതിനാലും, ഭൗതികപ്രകൃതിയെക്കുറിച്ചുള്ള നമ്മുടെ അറിവും ചിന്തയും പ്രകടമാകുന്നത് മെറ്റഫറുകളിലൂടെ ആയതിനാലും, നമ്മുടെ യാഥാർത്ഥ്യം എന്തെന്ന് തീരുമാനിക്കുന്നതിൽ മെറ്റഫറുകളുടെ പ്രയോഗം പ്രധാന പങ്കുവഹിക്കുന്നു''[3] വെന്ന് ലാക്കോഫും ജോൺസണും അഭിപ്രായപ്പെട്ടിട്ടുണ്ട്. അധീശത്വത്തിനും അധിനിവേശത്തിനും വിധേയമാവുകയും അഭിമാനചിഹ്നമായി കൊണ്ടാടപ്പെടുകയും കിടമത്സരങ്ങളിൽപ്പെട്ട് തകർന്നടിയുകയും ചെയ്യുന്ന മണ്ണും പെണ്ണുമാണ് പാരിസ്ഥിതിക സ്ത്രീവാദപഠനങ്ങളുടെ പരിധിയിൽ വരുന്നത്. ഇത്തരം ചിന്തകളെ ശക്തമായി അടയാളപ്പെടുത്തുവാൻ 'അശോക'യ്ക്കായിട്ടുണ്ട്. കഥാശരീരത്തെ കളങ്കപ്പെടുത്താതെ നവമായൊരു ഊർജ്ജവും ചൈത

ന്യവും സന്നിവേശിപ്പിക്കുവാനും പ്രമേയപരിചരണം കൂടുതൽ ദൃഢവും ആകർഷകവുമാക്കുവാനും ഇത്തരം ചിന്താധാരകളുടെ വിദഗ്ധമായ സന്നിവേശംകൊണ്ടു സാധിച്ചിരിക്കുന്നു.

**കുറിപ്പുകൾ**

1. മധുസൂദനൻ, ജി. *ഹരിതനിരൂപണം മലയാളത്തിൽ.* (കറന്റ് ബുക്സ്, കോട്ടയം, 2015) പു.12
2. മിനിപ്രസാദ്. 'ഭൂമിയുടെയും സ്ത്രീയുടെയും നിലവിളികൾ'. *ഹരിതനിരൂപണം മലയാളത്തിൽ.* പു.362
3. Lakoff, George and Mark Johnson. *Metaphors We Live By (* (The University of Chicago Press, 1981) p.146

**ഗ്രന്ഥസൂചി**

ജയകൃഷ്ണൻ, എൻ. (എഡി). *ഫെമിനിസം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

ജയകൃഷ്ണൻ, എൻ. (എഡി). *പെണ്ണെഴുത്ത്.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

പിയേഴ്സൺ, എൻ.എം. *ഇക്കോ ഫെമിനിസം, ഇക്കോ ടൂറിസം, മാർക്സിസം.* കോട്ടയം: കറന്റ് ബുക്സ്, 2003.

മധുസൂദനൻ, ജി. *ഹരിതനിരൂപണം മലയാളത്തിൽ.* കോട്ടയം: കറന്റ് ബുക്സ്, 2015.

മധൂസൂദനൻ, ജി. *കഥയും പരിസ്ഥിതിയും.* തൃശൂർ: കറന്റ് ബുക്സ്, 2000.

സാറാ ജോസഫ്. *അശോക.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 2017.

Lakoff, George and Mark Johnson. *Metaphors We Live By*. The University of Chicago Press, 1981.

**മാസികസൂചി**

ഉഷ പി.ഇ. 'സ്ത്രീവാദവും പരിസ്ഥിതിയും' *സാഹിത്യലോകം സ്ത്രീവാദ പതിപ്പ്.* തൃശ്ശൂർ കേരള സാഹിത്യ അക്കാദമി, നവം-ഡിസം 1995

# ബഷീർക്കൃതികളിലെ ജനകീയ ഘടകങ്ങൾ

**ഡോ. ദീപ. എസ്.എസ്,**

**പ്രബന്ധസംഗ്രഹം**

*സംവേദനത്തിന്റെ സൂക്ഷ്മതലത്തിൽ ബഷീർ സാഹിത്യം മുന്നോട്ടുവെച്ച ജനകീയതയുടെ സജീവതയാണ് ലേഖനത്തിന്റെ അന്വേഷണ വിഷയം. വരേണ്യവൽക്കൃത സാഹിത്യം എന്ന സങ്കല്പത്തെ തകർത്തുകൊണ്ടാണ് ബഷീർ ജനകീയത തന്റെ സാഹിത്യത്തിലേക്ക് കൊണ്ടുവന്നത്. സാധാരണ ജനങ്ങളുടെ ജീവിതവും ഭാഷയും സാഹിത്യത്തിലേക്ക് കൊണ്ടുവരുന്നതിലൂടെ സാഹിത്യഭാഷയെ സംബന്ധിച്ച യാഥാസ്ഥിതിക മനോഭാവത്തെയാണ് ബഷീർ തകർക്കുന്നത്.*

**താക്കോൽ വാക്കുകൾ:**

*ജനകീയത, നവോത്ഥാനസാഹിത്യം, സംവാദഭൂമി, ജീവിതവിമർശനം, കർത്തൃത്വ സങ്കല്പം*

നവോത്ഥാന സാഹിത്യ സമീപനങ്ങൾ പ്രാന്തവൽക്കരിക്കപ്പെട്ട ജീവിതങ്ങളെ മുഖ്യധാരയിൽ എത്തിക്കാനുള്ള ശ്രമങ്ങളോടാണ് ഐക്യപ്പെട്ടിരുന്നത്. അതിന്റെ ഭാഗമായി പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെയാകെ അഭിസംബോധന ചെയ്യുന്നുണ്ട് നവോത്ഥാന സാഹിത്യം. ഓരത്തേക്ക് തള്ളപ്പെട്ടവരുടെ പ്രതിരോധ ശ്രമങ്ങൾ എന്ന നിലയിൽ സ്ഥാപനവൽക്കരിക്കപ്പെട്ട ആദർശങ്ങളെയും വ്യവസ്ഥാപിത സങ്കല്പങ്ങളെയും ചോദ്യം ചെയ്യുന്ന ഒരു സംവാദ ഭൂമികയായി മാറി നവോത്ഥാന സാഹിത്യം. അന്നിന്റെ ചരിത്ര സാഹചര്യങ്ങളോട് സംവദിച്ചും കാലത്തിന്റെ മാറ്റത്തെ സ്വാംശീകരിച്ചും നവോത്ഥാന സാഹിത്യം മലയാള സാഹിത്യത്തിലെ അപ്രതിരോധ സാന്നിധ്യമായി മാറി. ഭാഷ, പ്രമേയം, രൂപം, കർതൃത്വ സങ്കല്പം തുടങ്ങിയവയിലെല്ലാം പരമ്പരാഗത രീതികളുടെ അതിലംഘനം നടത്തി കൊണ്ട് പുതുവഴി

യിലൂടെ സഞ്ചരിച്ച് പുതുക്കലിന്റെ വെന്നിക്കൊടി പാറിച്ചവരാണ് നവോത്ഥാന സാഹിത്യകാരന്മാർ.

വൈക്കം മുഹമ്മദ് ബഷീർ നവോത്ഥാന സാഹിത്യകാരൻ ആണ്.അനന്യമായ അനുഭവങ്ങളുടെ സൂക്ഷ്മമായ ആവിഷ്കാരം അദ്ദേഹത്തിന്റെ കൃതികളിൽ ഉണ്ട്. മുഖ്യധാരാസാഹിത്യം കണ്ടു പരിചയിച്ച പ്രമേയ ലോകങ്ങളുടെ അതിരുകൾ തമസ്കരിക്ക പ്പെട്ടവരെ കൂടി ചേർത്ത് ബഷീർ വിപുലപ്പെടുത്തുന്നു. സാഹിത്യത്തെ സംബന്ധിച്ച യാഥാസ്ഥിതിക ധാരണകളെ പൊളിച്ചെഴുതുന്ന ആഖ്യാന ശൈലിയും രചനാരീതിയും രൂപപ്പെടുന്ന ബഷീർ സാഹിത്യം സംവേദനം ചെയ്യുന്ന അനുഭവ ലോകങ്ങൾ തീക്ഷ്ണമാണ്. ആഖ്യാനത്തിലെ ആർഭാടങ്ങളോ ഭാഷയുടെ കടുംപിടുത്തങ്ങളോ ഇല്ലാതെ തന്നെ ബഷീർ സാഹിത്യം ജനകീയമാകുന്നു.

മലയാളസാഹിത്യത്തിലെ നിത്യവസന്തമായിരുന്ന ബഷീർ സമൂഹ ത്തിലെ നീതികേടുകൾക്കും അധാർമികതകൾക്കും എതിരെ വാക് ശരങ്ങൾ കൊണ്ട് ശരകൂടം തീർത്ത ആ സവ്യസാചി സാമൂഹിക പ്രതിബദ്ധതയുള്ള എഴുത്തുകാരനായിരുന്നു .'സമൂഹമാണ് തന്നെക്കൊണ്ട് കഥകൾ എഴുതിച്ചതെന്നും','എനിക്ക് ഒരുപാട് അനുഭവങ്ങൾ ഉണ്ട്','ചുട്ടു നീറുന്ന കുറേയധികം അനുഭവങ്ങളും പേനയും അല്ലാതെ മറ്റുള്ള തൊന്നും ഉണ്ടായിരുന്നില്ല' എന്നെല്ലാം അദ്ദേഹം തന്നെ പലപാട് സൂചിപ്പിച്ചിട്ടുണ്ട്. ഇത്ര സാമൂഹിക ബോധമുള്ള എഴുത്തുകാർ നവോത്ഥാന കാലഘട്ടത്തിൽ പൊതുവേ കുറവാണ്. ബഷീർ കൃതികൾ ആദ്യന്തം സാമൂഹിക വിമർശന പ്രധാനമാണ്. ആ വിമർശനമാകട്ടെ തികച്ചും പരിഹാസം തുളുമ്പുന്നത് അത്രേ. ചാക്യാന്മാരുടെ കൂത്തുപറച്ചിലിനോടും നമ്പ്യാരുടെ തുള്ളൽ കൃതിയോടും അതിന് സാമ്യമുണ്ട്. മനുഷ്യജീവിത കഥകളെ സമകാലിക സാഹചര്യങ്ങളോടു കൂട്ടിയിണക്കി പരിഹാസത്തിൽ ചാലിച്ച് പറയുന്ന രീതിയിൽ തന്നെയാണ് ബഷീറും തന്റെ കഥകൾ പറഞ്ഞു പോയത്. 'ചിരിക്കാൻ ഉള്ള ഒരു അവസരം പോലും ഞാൻ നഷ്ടപ്പെടുത്താറില്ല. ചിരി ദൈവം അനുവദിച്ചു തന്ന പ്രത്യേക സിദ്ധിയാണ്'-ബഷീർ തന്നെ ഒരിക്കൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. ബാല്യകാലത്തെ പീഡാനുഭവങ്ങളും കഷ്ടപ്പാടും ഭാഗ്യവിപര്യവും അതിജീവിക്കാൻ ബഷീറിനു കഴിഞ്ഞത് ചിരിക്കാനും ചിരിപ്പിക്കാനും ആത്മപരിഹാസം നടത്താനുമുള്ള അപൂർവസിദ്ധി കൈവശമായതു കൊണ്ട് തന്നെ. തനിക്ക് കിട്ടിയ ആ ദിവ്യസിദ്ധി

പങ്കുവയ്ക്കാൻ ബഷീർ കാട്ടിയ സന്മനസ്സാണ് ജനകീയതയുടെ അടിത്തറ. (ബഷീർ മലയാളത്തിന്റെ സർഗ്ഗ വിസ്മയം - ആർ ഇ ആഷർ)

സാമൂഹിക വിമർശനത്തിന് അനുയോജ്യമായ ഒരു നൂതന രചനാസമ്പ്രദായം തന്നെ ഉദ്ഘാടനം ചെയ്തു കൊണ്ടാണ് ബഷീർ മുന്നോട്ടുവന്നത്. ചുറ്റുപാടും കണ്ട അസംസ്കൃതങ്ങളും അപൂർണ്ണങ്ങളുമായ ജനകീയ പരിസരങ്ങളിൽ നിന്ന് സമുചിതം എന്ന് തോന്നിയവയെ തിരഞ്ഞെടുത്തു പരിഷ്കരിച്ച്, ഹാസ്യവും ചൈതന്യമായ ഒരു രചനാശിൽപം തന്നെ മിനഞ്ഞെടുത്തു. 'ൻറുപ്പുപ്പാക്കൊരാനേ ണ്ടാർന്ന്!-ബല്യ ഒരു കൊമ്പനാന.'

'അദ് കുയ്യാനേർന്ന്,'........

'ആനമക്കാരിന്റെ ബല്യകൊമ്പനാന.....കുയ്യാനേർന്ന്!...കുയ്യാന!'

മഹാപ്രതാപത്തിന്റെ ചരിത്രസൗധം തകർന്നിരിക്കുന്നു! ശൂരപരാക്രമി ആയിരുന്ന സാക്ഷാൽ ആനമക്കാർ സാഹിബിന്റെ ഉഗ്രനും നാല് കാഫിരീങ്ങളെ കൊന്നവനും അസ്സൽ ഉള്ളവനുമായ വലിയ കൊമ്പനാന കുഴിയാനയായി. ('ൻറുപ്പുപ്പാക്കൊരാ നേണ്ടാർന്ന്') അന്നത്തെ ജനസമൂഹത്തിന്റെ ജീവിതരീതിയിൽ നിന്ന് അടർത്തിയെടുത്ത കഥാഖണ്ഡങ്ങൾ മാത്രമേ ബഷീർ തന്റെ കൃതികളിലൂടെ അവതരിപ്പിച്ചിട്ടുള്ളൂ. ബഷീർ സാമാന്യ ജനതയുടെ മനശ്ശാസ്ത്രം നല്ലതുപോലെ ഗ്രഹിച്ചിരുന്നു. വാസ്തവികമായ ചിത്രീകരണത്തിൽ അദ്ദേഹം അദ്വിതീയനായിരുന്നു.

'ഉമ്മിണി വല്യ ഒന്ന്!' ('ബാല്യകാലസഖി)', വെളിച്ചത്തിന് എന്തൊരു വെളിച്ചം' ('ൻറുപ്പുപ്പാക്കൊരാനേണ്ടാർന്ന്), 'ഭർർർ...., കുരുപൊട്ടി (ബാല്യകാലസഖി) എന്നൊക്കെ കേട്ടാൽ ഏതു മലയാളിക്കാണ് ചിരി പൊട്ടാതിരിക്കുക? നാടോടി പാട്ടുപോലെ മലയാളത്തനിമയുടെ ഭാഗമായി കഴിഞ്ഞിരിക്കുന്നു ബഷീറിന്റെ ഇത്തരത്തിലുള്ള പല പ്രയോഗങ്ങളും.

തന്റെ രചനയുടെ ലക്ഷ്യമായ സാമൂഹിക വിമർശനവും ദുരാചാര വിടംബനവും പ്രയോഗത്തിൽ എത്തിക്കാൻ ബഷീർ സ്വീകരിച്ച ഒരു ഉപാധിയായിരുന്നു മുസ്ലിം സാമുദായിക സങ്കലനം. അതേ,മുസ്ലിം കുടുംബത്തിൽ പിറന്ന പരമ ദരിദ്രരുടെയും പീഡിതരുടെയും കഥകൾ പൊള്ളുന്ന അനുഭവങ്ങളാൽ പ്രചോദിതനായി അദ്ദേഹം എഴുതി പോവുകയായിരുന്നു. മാന്യതയുടെയും സംസ്കാരത്തിന്റെയും ആൾരൂപങ്ങളായി കഴിഞ്ഞ തമ:ശക്തികൾ ആ ചാട്ടവാറടിയേറ്റ് പുളഞ്ഞു. സമകാലിക അന്തരീക്ഷത്തെയും മുസ്ലിം സാമുദായിക ജീവിതത്തെയും

സാത്മീകരിച്ചുകൊണ്ട് ബഷീർ അവലംബിച്ച ഈ സാമൂഹിക ചിത്രീകരണ രീതിയിൽ അസാധാരണമായ കലാകുശലതയും മനോധർമ്മവും അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. രചനകളിൽ വാസ്തവികത യുടെ ബോധം ഉണ്ടാക്കാൻ ബഷീറിന് ഉണ്ടായിരുന്ന പാടവം അനന്യസാധാരണമായിരുന്നു. 'ൻറുപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്നതിലെ കുഞ്ഞുപാത്തുമ്മയും കുഞ്ഞുതാച്ചുമ്മയും, ബാല്യകാലസഖിയിലെ സുഹറയും, സൈനബയും, മണ്ടൻ മുത്തപ്പയും,ഒറ്റക്കണ്ണൻ പോക്കറേയും ആർക്കാണ് വിസ്മരിക്കാൻ കഴിയുക.

സമുദായനില തകർച്ചയെ അഭിമുഖീകരിക്കുകയായിരുന്നു. പ്രത്യേകിച്ച് സ്വാതന്ത്ര്യസമര കോലാഹലങ്ങളും അവയെ തുടർന്ന് ഉണ്ടായ സാമൂഹിക അസ്വസ്ഥതകളും ജനകീയ സംസ്കാരത്തെ താറുമാറാക്കി. നാട്ടിലെ സാന്മാർഗിക നിലവാരം അതിന്റെ അടിത്തട്ടിൽ എത്തി. ബഷീറിന്റെ സഹജമായ വിമർശന സ്വഭാവത്തെ ഉച്ചലിപ്പിക്കാൻ പര്യാപ്തമായ പരിതസ്ഥിതികളായിരുന്നു നിലനിന്നിരുന്നത്.

ബഷീറിന്റെ പരിഹാസശസ്ത്രപ്രയോഗത്തിൽ വിഷയമാകാത്ത യാതൊരു ജനവിഭാഗവും അക്കാലത്ത് ഉണ്ടായിരുന്നു എന്ന് തോന്നുന്നില്ല. എങ്കിലും ഏറ്റവും നിശിതമായി ചെന്ന് കൊണ്ടത് രാഷ്ട്രീയക്കാരിലും സമ്പന്നരിലും ആയിരുന്നു. ഇത് ബഷീറിന്റെ ജനകീയ മനോഭാവത്തെ തെളിയിക്കുന്ന വസ്തുതയാണ്. സാമാന്യ ജനങ്ങളിലും കുറ്റങ്ങൾ കണ്ടിടത്തുമെല്ലാം അദ്ദേഹം വിമർശിച്ചു. പരിഹാസം ചൊരിഞ്ഞു. എങ്കിലും രാഷ്ട്രീയക്കാരുടെയും സമ്പന്നരുടെയും പൊള്ളത്തരങ്ങൾ തുറന്നുകാട്ടുമ്പോഴത്തെപ്പോലെ കരുതിക്കൂട്ടിയുള്ള പ്രയോഗങ്ങൾ മറ്റെങ്ങും അദ്ദേഹം തൊടുത്തിട്ടില്ല. ജയിലുകളിലും ഭ്രാന്താലയത്തിലും കഴിച്ചു കൂട്ടിയ ബഷീർ വളരെ സൂക്ഷ്മതയോടെയാണ് ഇക്കൂട്ടർക്കെതിരെ പരിഹാസശരങ്ങൾ ചൊരിഞ്ഞത് എന്ന് മാത്രം.

ഏതു കാര്യം അവതരിപ്പിക്കുമ്പോഴും അതതിലുള്ള പൊരുത്ത ക്കേടുകളും വൈകൃതങ്ങളും സൂക്ഷ്മതയിൽ ദർശിക്കാനുള്ള ബഷീറിന്റെ കഴിവ് അസാധാരണമാണ്. അങ്ങനെയുള്ള സന്ദർഭങ്ങളെ, താൻ ചുറ്റുപാടും കണ്ട സാമൂഹിക ദോഷങ്ങളുമായി ഘടിപ്പിച്ച് വിവരിക്കുന്നതിന് ബഷീറിനുള്ള ചാതുര്യം ഒന്ന് വേറെ തന്നെയാണ്. ശബ്ദങ്ങൾ എന്ന നോവൽ മികച്ച ഉദാഹരണമാണ്.

ബഷീറിന്റെ കൃതികൾ അതുവരെയുണ്ടായ രചനാശൈലികളിൽ വച്ച് ഏറ്റവും ലളിതവും ശുദ്ധവുമായ മലയാള ശൈലിയിൽ ഉള്ളതാണ്.

അങ്ങനെയൊരു രീതി ബഷീർ മനപ്പൂർവം സ്വീകരിച്ചത് ആണെന്ന് അദ്ദേഹം തന്നെ സമ്മതിച്ചിട്ടുണ്ട്. താൻ ജനസാമാന്യത്തിനു വേണ്ടിയാണ് എഴുതുന്നത് എന്നും അവരുടെ ഭാഷയിൽ അവർക്ക് മനസ്സിലാകുന്ന രീതിയിൽ അവർക്കുവേണ്ടി എഴുതാനാണ് താൻ ഇഷ്ടപ്പെടുന്നത് എന്നും അദ്ദേഹം ആവർത്തിച്ച് പ്രസ്താവിക്കുന്നുണ്ട്. ഉദ:-സമകാലികരായ മറ്റ് രചയിതാക്കളുടെ രചനകളിൽ നിന്നും വ്യതിരിക്തമായിരുന്നു ബഷീറിന്റെ കൃതികൾ. ബഷീറിന് സ്വന്തമായൊരു ശൈലി ഉണ്ടായിരുന്നെന്നു മാത്രമല്ല മറ്റുള്ളവർക്ക് ആ ശൈലി അനുകരിക്കാൻ എളുപ്പവുമായിരുന്നില്ല. ബഷീറിന്റെ തത്വചിന്താപരമായ അന്വേഷണങ്ങളും ആഖ്യാനപരമായ നിപുണതയും മറ്റാർക്കെങ്കിലും അനുകരിക്കാൻ കഴിയുന്നതല്ല. സാഹിത്യത്തെ തത്വചിന്തയോട് അടുപ്പിക്കുന്ന രചയിതാക്കൾ വിരളമാണ്. മൗലികമായ സംപ്രത്യങ്ങളെ പ്രശ്നവൽക്കരിക്കാനാണ് ബഷീറിന്റെ മിക്കവാറും എല്ലാ രചനകളും ശ്രമിക്കുന്നത്.' ശബ്ദങ്ങൾ' വായിക്കുമ്പോൾ നാം ഒരുപാട് ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കപ്പെടുന്നു. ഓരോ ഉത്തരവും ഒരു മറു ചോദ്യം ഉത്പാദിപ്പിക്കുന്നു.

മനുഷ്യാവസ്ഥയെയും അനുഭവങ്ങളെയും കുറിച്ചുള്ള സൂക്ഷ്മ നിരീക്ഷണവും സർവ്വലൗകികമായ മാനവികവികാരങ്ങളെ കുറിച്ചുള്ള ധാരണയും ഹാസ്യാത്മകമായ അവതരണവും ആണ് ബഷീർ കൃതികളെ ജനകീയമാക്കുന്നത്. ഇതുതന്നെയാണ് ബഷീറിന്റെ ജനകീയതയുടെ സ്വാധീനം. ഇതിനു പുറമേ അന്യാദൃശ്യമായ ശൈലി വല്ലഭത്വവും കൂടിച്ചേർന്നപ്പോൾ അദ്ദേഹം ജനകീയ എഴുത്തുകാരുടെ കൂട്ടത്തിൽ ഗണിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ വിശിഷ്ട രചനകൾ എല്ലാം തന്നെ ജനകീയമായി മാറി കഴിഞ്ഞിരിക്കുന്നു. ബാല്യകാലസഖിയെ എടുത്തു പറയുകയാണെങ്കിൽ, അത് തികച്ചും ജനകീയ കൃതിയാണ്. സംശയ ലേശമെന്യേ കേരളത്തിലെ മികച്ച ജനകീയ നോവലുകളുടെ മുൻപന്തിയിലാണ് അതിന്റെ സ്ഥാനം.

**സഹായക ഗ്രന്ഥങ്ങൾ:**

1. വൈക്കം മുഹമ്മദ് ബഷീർ, ബഷീർ സമ്പൂർണ്ണ കൃതികൾ, അഞ്ചാംപതിപ്പ് ,ഒന്നാം വാല്യം, 2001
2. വൈക്കം മുഹമ്മദ് ബഷീർ, ബഷീർ സമ്പൂർണ്ണ കൃതികൾ, അഞ്ചാംപതിപ്പ് ,രണ്ടാം വാല്യം, 2001
3. അഷ്റഫ് ഇ.എം, വൈക്കം മുഹമ്മദ് ബഷീർ, 1999
4. ആഷർ.ആർ. ഇ, ബഷീർ മലയാളത്തിന്റെ സർഗവിസ്മയം (പഠനങ്ങൾ), എഡിറ്റർ പോൾ മണലിൽ,1999

# വ്യാഖ്യാനങ്ങളും പാഠനിർമ്മിതിയും

**ഡോ. കൃഷ്ണ അരവിന്ദ്**

**പ്രബന്ധസംഗ്രഹം**

*ഇന്ത്യയിലെ പാഠവിശകലനരീതി വളർന്നതും വികസിച്ചതും കൃതികളുടെ വ്യാഖ്യാനസമ്പ്രദായം എന്ന നിലയിലാണ്. തമിഴിലും സംസ്കൃതത്തിലും ഇത്തരം വിശകലനരീതികളെ സംബന്ധിച്ച വ്യത്യസ്ത കാഴ്ചപ്പാടുകൾ കാണാൻ കഴിയും. എതിർശബ്ദങ്ങളെ വ്യാഖ്യാനമായി അംഗീകരിക്കുന്ന തൊൽക്കാപ്പിയവും പൂർവ്വലക്ഷണങ്ങളെ സിദ്ധാന്തരചനയിൽ പ്രാധാന്യത്തോടെ പരിഗണിക്കുന്ന സിദ്ധാന്താവതരണരീതിയും അറിവുൽപ്പാദനത്തിന്റെ സംവാദശേഷി വെളിപ്പെടുത്തുന്നു.*

**താക്കോൽവാക്കുകൾ**

*പാഠം, മൂലപാഠം, ജ്ഞാനശാസ്ത്രം.*

**വ്യാഖ്യാനവും വിമർശനവും**

ഇന്ത്യയിൽ രൂപപ്പെട്ടുവന്ന ജ്ഞാനശാസ്ത്രങ്ങളുടെ പ്രധാനപ്പെട്ട ആവിഷ്കാരരീതി ആയിരുന്നു വ്യാഖ്യാനം. നിലവിലുള്ള ഏതെങ്കിലും ഒരു ആശയത്തെയോ ധാരണകളെയോ ആശ്രയിച്ച് തുടർച്ചയായി ഉണ്ടാകുന്ന വ്യത്യസ്തമായ വിശകലനങ്ങളെയും വിശദീകരണങ്ങളെയുമാണ് വ്യാഖ്യാനമായി പരിഗണിക്കുന്നത്. വിശേഷാൽ ആഖ്യാനം ചെയ്യുക എന്നാണ് വ്യാഖ്യാനമെന്ന പദത്തിനർത്ഥം. അതായത് നിലവിലുള്ള ആഖ്യാനങ്ങളിൽനിന്ന് വ്യത്യസ്തമായി പറയുന്നവയെ വ്യാഖ്യാനമായി കണക്കാക്കിയിരുന്നു. ''സംസ്കൃതസാഹിത്യമാകെ വ്യാഖ്യാനപ്രധാനമാണെന്നു പറയാം. അതിലുള്ള ശാസ്ത്രഗ്രന്ഥങ്ങൾക്കു വ്യാഖ്യാനം, വ്യാഖ്യാനത്തിനു വ്യാഖ്യാനം അതിനു പിന്നെയും വ്യാഖ്യാനം എന്ന ക്രമത്തിൽ മേൽക്കുമേൽ വ്യാഖ്യാനപരമ്പരകൾ തന്നെയുണ്ട്. മഹാമതികളായ ചിലർ അതതു വിഷയത്തിൽ സ്വസിദ്ധാന്തം സ്ഥാപിച്ചിട്ടുള്ളതുതന്നെ ചില

വ്യാഖ്യാനങ്ങൾ മുഖേനയാണ്'' (കുട്ടിക്കൃഷ്ണമാരാർ, 1999:99) എന്ന് മാരാർ സൂചിപ്പിക്കുന്നത് ശ്രദ്ധേയമാണ്. സംസ്കൃതത്തിലെ ജ്ഞാനശാസ്ത്രങ്ങളുടെ വളർച്ച വ്യാഖ്യാനഭേദങ്ങളെ ആധാരമാക്കിയാണ് നിലനിൽക്കുന്നത്. ഉദാഹരണത്തിന് അദ്വൈതസിദ്ധാന്തം പരിശോധിച്ചാൽ വ്യാഖ്യാനങ്ങളുടെ നീണ്ട ചരിത്രത്തിലാണ് സിദ്ധാന്തത്തിന്റെ നിലനിൽപ്പെന്ന് കാണാവുന്നതാണ്. ബാദരായണന്റെ ബ്രഹ്മസൂത്രത്തിന് ശങ്കരൻ എഴുതിയ ബ്രഹ്മസൂത്രശാങ്കരഭാഷ്യം, അതിന് വാചസ്പതിമിശ്രൻ എഴുതിയ ഭാമതി വ്യാഖ്യാനം. ഭാമതിയ്ക്കുണ്ടായ കല്പതരുവ്യാഖ്യാനം. കല്പതരുവിനുണ്ടായ പരിമളം വ്യാഖ്യാനം, എന്നിങ്ങനെ ഒരു സിദ്ധാന്തത്തിന്റെ ചരിത്രം തന്നെ അതിന്റെ വ്യാഖ്യാനങ്ങളാൽ സൃഷ്ടിക്കപ്പെടുന്നു.

''ഇന്ത്യയിലെ വിപുലമായ വ്യാഖ്യാനപാരമ്പര്യത്തിലൂടെയാണ് ചിന്തകളുടെയും ആവിഷ്ക്കാരത്തിന്റെയും സ്വാതന്ത്ര്യം'' ലഭ്യമായതെന്ന് കപിൽ കപൂർ (Kapil Kapoor, 2005:39)വ്യക്തമാക്കുന്നു. അറിവുൽപ്പാദനവുമായി ബന്ധപ്പെട്ട് നിർണായകസ്ഥാനമാണ് വ്യാഖ്യാനത്തിന് ഉണ്ടായിരുന്നത്. ആഴത്തിലുള്ള തത്ത്വചിന്താചർച്ചകൾ മുതൽ കാവ്യങ്ങളുടെ ആസ്വാദനംവരെ വ്യാഖ്യാനങ്ങളായി എഴുതിയിട്ടുണ്ട്. ''പദച്ഛേദം, പദാർത്ഥകഥനം, വിഗ്രഹിക്കുക പദാർത്ഥങ്ങളെ തമ്മിൽ യോജിപ്പിച്ച് സരളവാക്യമായി അവതരിപ്പിക്കുക, സംശയങ്ങളും ചോദ്യങ്ങളും ഉന്നയിക്കുക, അവയ്ക്ക് സയുക്തികം ഉത്തരം നൽകുക'' (സുന്ദരേശൻ എൻ.കെ., 2017:40) എന്നിവയാണ് വ്യാഖ്യാനത്തിനുണ്ടാവേണ്ട ഘടകങ്ങൾ. ഇവ സംസ്കൃതവ്യാഖ്യാനശൈലിയുടെ പൊതുവായ മാനദണ്ഡങ്ങൾ ആണ്. അഭിനവഗുപ്തൻ അഭിനവഭാരതിയിൽ തന്റെ വ്യാഖ്യാനരീതിശാസ്ത്രം എന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. ''അപപാഠങ്ങൾ ചൂണ്ടിക്കാണിച്ച് ശുദ്ധപാഠം നിർണ്ണയിക്കുക, മൂലഗ്രന്ഥത്തിൽ കാണുന്ന വൈരുധ്യങ്ങൾ പരിഹരിക്കുക, വിട്ടുപോയ അംശങ്ങൾ കൂട്ടിച്ചേർത്ത് വിഷയത്തിന് സമഗ്രത ഉണ്ടാക്കുക, പ്രായോഗികമായ പരിതഃസ്ഥിതിയുമായും അനുഭവങ്ങളുമായും ഗ്രന്ഥത്തിലും സൈദ്ധാന്തികപ്രതിപാദനത്തിലും വിവരിച്ച ആശയങ്ങളെ പൊരുത്തപ്പെടുത്തുക, ആശയങ്ങൾക്ക് വ്യക്തതവരുത്തുക, സങ്കീർണ്ണതകളും സംശയങ്ങളും ഇല്ലാതാക്കി തെളിവുറ്റതാക്കുക ഏറെ വിസ്തരിക്കാതെ സംഗ്രഹിച്ച് പറയുക'' (സുന്ദരേശൻ എൻ.കെ., 2017:42) എന്നിവയാണ് അഭിനവഭാരതിയിൽ വ്യക്തമാക്കുന്ന വ്യാഖ്യാനത്തിന്റെ സ്വഭാവം. അഭിന

വഗുപ്തൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ പൊതുവായ വ്യാഖ്യാനസമീപനം ആയിരിന്നിരിക്കാം അദ്ദേഹം സ്വീകരിച്ചത്.

**അപപാഠങ്ങളും ശുദ്ധപാഠവും**

ആദ്യകാലഘട്ടങ്ങൾമുതലേ ഗ്രന്ഥത്തിന്റെ ആധികാരികതയും മൗലികതയും തീരുമാനിക്കുന്നതിൽ പ്രധാനമായി പരിഗണിച്ചിരുന്നത് ശുദ്ധപാഠത്തെ സ്ഥാപിച്ചെടുക്കുന്ന പ്രക്രിയയാണ്. ഏതെങ്കിലും ഒരു പാഠത്തെ സവിശേഷമായ ഏതെങ്കിലും മാനദണ്ഡങ്ങൾക്കനുസരിച്ച് ശുദ്ധപാഠമോ മൂലപാഠമോ ആയി മാനകീകരിക്കുന്നു. മറ്റെല്ലാ പാഠങ്ങളെയും അപപാഠങ്ങളായി മാറ്റിനിർത്തുകയും ചെയ്യുന്നു. എങ്ങനെയാണ് ഒരു പാഠം ശുദ്ധമോ ആധികാരികമോ ആയി പരിഗണിക്കപ്പെടുന്നത്? അതിനുപുറത്തുള്ള മറ്റു പാഠങ്ങൾ എങ്ങനെ അപപാഠങ്ങളായി മാറ്റപ്പെടുന്നു? തുടങ്ങിയ ചോദ്യങ്ങളുടെ ഉത്തരത്തെ നിർണ്ണയിക്കുന്നതിൽ അക്കാലത്തിലെ സാഹിത്യഭാവുകത്വങ്ങളെ പരുവപ്പെടുത്തുന്ന ചരിത്രസന്ദർഭങ്ങൾക്ക് നിർണായകമായ പങ്കുണ്ട്.

ഏതെങ്കിലും ചില നിശ്ചിതഘടകങ്ങൾക്കനുസരിച്ചുള്ള പാഠങ്ങൾ ശുദ്ധമായി മാറുമ്പോൾ അതിനു വ്യത്യസ്തമായ ശബ്ദങ്ങളും എതിർശബ്ദങ്ങളും അപപാഠങ്ങളായിത്തീരുന്നു. വൈവിധ്യങ്ങളെ ഉൾക്കൊള്ളാത്ത ഇത്തരം പ്രവർത്തനത്തിലൂടെ ശുദ്ധതാപദവി നൽകിയ പാഠം പ്രബലവും ആധികാരികവുമായ രേഖയായി മാറുന്നു. 'അപ' എന്ന നിപാതത്തിനർത്ഥം നീചം, കീഴ്ത്തരം, വിരുദ്ധം എന്നിവയാണ്. അതായത് മാനകീകരണത്തിനു വിധേയമായ പാഠത്തിനു വിരുദ്ധമായവയെയെല്ലാം നീചവും, കീഴ്ത്തരവുമായി വിഭജിക്കുന്നു. ഈ രൂപത്തിലുള്ള വിഭജനത്തിലൂടെ മാനകീകരണത്തിനു വിധേയമായ പാഠം ക്രമേണ അറിവിനെ സംബന്ധിച്ച പ്രാമാണികരേഖയായി മാറുന്നു. ഈ മാനകീകരിക്കപ്പെട്ട അറിവ് ക്രമേണ വ്യവസ്ഥാനുകൂലമായ ശരികളായി രൂപാന്തരപ്പെടുകയും മറ്റുള്ള പാഠങ്ങൾ തെറ്റുകളായി മാറുകയും ചെയ്യുന്നു. ഉദാഹരണത്തിന് മഹാഭാഷ്യത്തിൽ പറയുന്ന ഒരു കഥയിൽ അസുരന്മാർ അപശബ്ദം ഉപയോഗിച്ചതിനാൽ അപമാനം സംഭവിച്ചതായും അതുകൊണ്ട് ബ്രാഹ്മണർ അപശബ്ദങ്ങൾ ഉപയോഗിക്കരുതെന്നും വ്യക്തമാക്കുന്നു (വൽസല ഒ.(വിവ.), 2013:12). ഇത്തരം മിത്തുകളും സൗന്ദര്യശാസ്ത്രസങ്കല്പനങ്ങളും പങ്കുവയ്ക്കുന്ന അപപാഠ-അപശബ്ദ പരികല്പനകൾക്ക് വേദങ്ങളുടെ മാനകീകരണങ്ങളുമായും ബന്ധമുണ്ട്. വേദോച്ചാരണത്തിനായുള്ള ശബ്ദങ്ങൾ തെറ്റാൻ

പാടില്ലെന്ന നിബന്ധന പാഠത്തെ വിശകലനം ചെയ്യുന്നതിലെ സാധ്യത കളെ ചുരുക്കുന്നു. മഹാഭാഷ്യത്തിൽ സൂചിപ്പിക്കുന്ന കഥ അക്കാലത്തെ തദ്ദേശീയജനതയുടെ ഭാഷാപ്രയോഗങ്ങളെയും ഉച്ചാരണശീലങ്ങളെയും താഴ്ന്ന നിലയിലുള്ളതാക്കി. ഇതേ രീതിയിലുള്ള പ്രവർത്തനം തന്നെ യാണ് ശുദ്ധപാഠ-അപപാഠ വിശകലനങ്ങളെയും നിർണയിക്കുന്നത്.

**വ്യാഖ്യാനവും മൂലപാഠവും**

വ്യാഖ്യാനങ്ങൾ എല്ലായ്പ്പോഴും മൂലപാഠമെന്ന ഒരു കേന്ദ്രത്തിനു ചുറ്റുമായി വിന്യസിക്കുന്ന ആശയവ്യവസ്ഥകളായാണ് നിലനില്ക്കുന്നത്. ഉല്പാദനപരമായി പലതരം ആശയലോകത്തെ സൃഷ്ടിക്കുന്നുവെ ങ്കിൽപ്പോലും മൂലപാഠമെന്ന ഒരു കേന്ദ്രീകൃത പാഠസംവിധാനത്തെ അവ നിരന്തരം രൂപീകരിക്കുന്നുണ്ട്. മൂലഗ്രന്ഥമില്ലാതെ സ്വതന്ത്രമായി ഒരു വ്യാഖ്യാനപാഠത്തിനും നിലനിൽക്കാനാവില്ല. തികച്ചും പുതിയ ആശയ ങ്ങൾ അവതരിപ്പിക്കുന്ന ശ്രീശങ്കുകന്റെ അനുമിതിവാദം പോലും നാട്യ ശാസ്ത്രത്തിന്റെ വ്യാഖ്യാനമായാണ് അറിയപ്പെടുന്നത്. ചില ഘട്ടങ്ങളിൽ മൂലഗ്രന്ഥത്തിലെ ആശയങ്ങളെ നിരാകരിക്കുമ്പോൾപോലും വ്യാഖ്യാന ത്തിന്റെ വിന്യാസഘടന മൂലപാഠത്തെ ബോധപൂർവ്വമോ ചിലപ്പോൾ അബോധമായോ പുനരുല്പാദിപ്പിക്കുന്നുണ്ട്.

**വ്യാഖ്യാനവും അന്തർവൈജ്ഞാനികതയും**

അഭിനവഗുപ്തൻ വ്യാഖ്യാനത്തിന്റെ പ്രധാനപ്പെട്ട സവിശേഷത യായി പറയുന്നത് പ്രായോഗികപരിസ്ഥിതി, അനുഭവങ്ങൾ എന്നിവയു മായി ഗ്രന്ഥത്തിലും സൈദ്ധാന്തിക പ്രതിപാദനത്തിലും വിവരിച്ച ആശയ ങ്ങളെ പൊരുത്തപ്പെടുത്തുകയാണ്. അതായത് പാഠം രൂപീകൃതമായ കാലത്തെ പാഠത്തിന്റെ വായനാകാലത്തിലെ അറിവുകളുമായും അനുഭവ ങ്ങളുമായും സംവദിക്കാനുള്ള ഒരു പാഠത്തിന്റെ ശേഷിയെക്കുറിച്ചുള്ള ധാരണയാണ് വ്യക്തമാകുന്നത്. ഒരു പാഠത്തിന്റെ ഉല്പാദനകാലവും അതിന്റെ വായനാകാലവും തമ്മിൽ ഉരുത്തിരിയുന്ന സംഘർഷാനുഭവ ത്തിൽ നിന്നാണ് പുതിയ പാഠാനുഭവങ്ങൾ രൂപംകൊള്ളുന്നത്. അതുകൊ ണ്ടുതന്നെ ഏതൊരു പാഠത്തിന്റെയും വായനകാലത്തിന്റെ സവിശേഷത കൾ ബഹുപാഠരൂപീകരണങ്ങൾക്ക് കാരണമാവാറുണ്ട്. ശങ്കുകൻ, ലോല്ല ടൻ, ഭട്ടനായകൻ, അഭിനവഗുപ്തൻ, ജഗന്നാഥപണ്ഡിതൻ എന്നീ രസ വ്യാഖ്യാതാക്കളെ പരിഗണിച്ചാലും പാഠത്തിന്റെ വായനാകാലത്തിലെ സാംസ്കാരികാവസ്ഥകളും ജ്ഞാനശാസ്ത്രങ്ങളുടെ സവിശേഷതകളും

രസസിദ്ധാന്തത്തിന് വ്യാഖ്യാനമെഴുതുന്നതിൽ നിർണ്ണായകമായി ഇടപെട്ടി ട്ടുണ്ട്. അഭിനവഗുപ്തൻ തന്നെ അത് രേഖപ്പെടുത്തുന്നുണ്ട്. ''രസചർച്ച യിൽ വിജ്ഞാനവാദം, ദ്വൈതവാദം, സ്ഫോടതത്ത്വം, സത്കാര്യവാദം, അദ്വൈതവാദം മുതലായ വിവിധമായ ദാർശനിക സിദ്ധാന്തങ്ങളുടെ പ്രതി പാദനം പ്രചീനരായ ടീകാകാരന്മാർ ചെയ്തിട്ടുള്ളതിനാൽ അത് അവ രുടെ ഗ്രന്ഥങ്ങളിൽ കാണേണ്ടതാണ്. നാമാകട്ടെ പ്രകൃതത്തിൽ പ്രയോജ നമില്ലാത്ത വിഷയങ്ങളിൽ കയ്യിട്ടിളക്കുന്ന മിഥ്യയായ ആഢംബരമൊരുക്കി പരിചയിച്ചിട്ടില്ലാത്തതിനാൽ അതൊന്നും ചർച്ചചെയ്യുന്നില്ല.'' (വേദബന്ധു (വിവ.), 1985:147)

ഇവിടെ അഭിവനഗുപ്തൻ സൂചിപ്പിക്കുന്നതിനനുസരിച്ച് അക്കാ ലത്തെ തത്ത്വചിന്തകളിലെ ആശയങ്ങളെ സൗന്ദര്യശാസ്ത്ര ചർച്ചകളുടെ വിശകലനങ്ങൾക്ക് ഉപയോഗിച്ചിരുന്നു. ദ്വൈതം-അദ്വൈതം എന്നിവ വേദാന്തചിന്തയുടെ ഭാഗമായി വളർന്ന തത്ത്വചിന്താപദ്ധതികളാണ്. സത്കാര്യവാദം സാംഖ്യചിന്തയുടെയും സ്ഫോടതത്ത്വം വ്യാകരണശാ സ്ത്രത്തിന്റെയും ഭാഗമാണ്. ഇങ്ങനെ പലതരം ജ്ഞാനശാസ്ത്രശാഖ കളെ കൂട്ടിയിണക്കി അവയുടെ വെളിച്ചത്തിൽ അറിവുൽപ്പാദനം നട ത്തുന്ന അന്തർവൈജ്ഞാനികമായ രീതിശാസ്ത്രം സൗന്ദര്യവിശകലന ത്തിന്റെ ഭാഗമായിരുന്നു. മറ്റു വൈജ്ഞാനികശാഖകളിലും അത്തരം ചില അപഗ്രഥനരീതികൾ നിലവിലിരുന്നതായി ആയുർവേദവും തെളിവു നൽകുന്നുണ്ട്. ''ഒരു ശാസ്ത്രം മാത്രം പഠിക്കുന്ന വ്യക്തിക്ക് ശാസ്ത്രനിശ്ചയം കൈവരില്ല. അതുകൊണ്ട് പല പഠനശാഖകൾ പഠിച്ചു കൊണ്ട് ചികിത്സകൻ തന്റെ ശാസ്ത്രഗ്രഹണത്തെ വിസ്തൃതമാക്കണം'' (വല്യത്താൻ എം.എസ്., 2009:25) എന്ന് സുശ്രുതസംഹിതയിൽ വ്യക്തമാ ക്കുന്നുണ്ട്. മറ്റു പഠനശാഖകളിൽ നിന്നുള്ള അറിവുകളെ വൈദ്യൻ എങ്ങ നെയാണ് ചികിത്സയുടെ വ്യക്തതയ്ക്കുവേണ്ടി ഉപയോഗിക്കേണ്ടതെന്ന നിർദ്ദേശമാണ് സുശ്രുതൻ നല്കുന്നത്.

രസത്തിന്റെ എല്ലാ വ്യാഖ്യാനങ്ങളും രൂപം കൊണ്ടിട്ടുള്ളത് പല തരം തത്ത്വചിന്താശാഖകളിൽനിന്നുള്ള ആശയധാരണകളുടെ വെളിച്ചത്തി ലാണ്. ഭട്ടനായകൻ മീമാംസാ ദർശനങ്ങളെ ഉപയോഗപ്പെടുത്തിയാണ് തന്റെ നിലപാടുകൾ രൂപപ്പെടുത്തിയത്. അഭിനവഗുപ്തൻ കാശ്മീരി ശൈവദർശനത്തിന്റെ ആശയാടിത്തറയിൽനിന്നുകൊണ്ടാണ് രസവ്യാ ഖ്യാനം നടത്തിയത്. ആനന്ദവർധനന്റെ രസധ്വനി സിദ്ധാന്തത്തിന്റെ

ഉല്പത്തി കാരണം വ്യാകരണശാസ്ത്രത്തിലെ സ്ഫോടവാദമാണ്. ഇങ്ങനെ മിക്ക സൗന്ദര്യശാസ്ത്രനിലപാടുകളെയും അക്കാലത്തെ ഇതര വൈജ്ഞാനികമേഖലകൾ സ്വാധീനിച്ചതായി കാണാം. സി.രാജേന്ദ്രൻ ഇതു രേഖപ്പെടുത്തുന്നുണ്ട്. ''സർഗ്ഗാത്മകസാഹിത്യത്തിൽനിന്ന് സൗന്ദര്യ ശാസ്ത്രത്തിലേക്കു കടന്നാൽ അന്തർവൈജ്ഞാനികസമീപനം അവിടെ കൂടുതൽ വ്യാപകമായി നിലനിൽക്കുന്നതായി കാണാം. വാസ്തവത്തിൽ ഭാരതീയ തത്ത്വശാസ്ത്രത്തിലെ മിക്ക പരികല്പനകളും ഇതര വൈജ്ഞാ നികശാഖകളിൽനിന്നും ദർശനങ്ങളിൽ നിന്നുമാണ് ഉരുത്തിരിഞ്ഞുവന്ന തെന്ന് നമുക്ക് കണ്ടെത്താൻ കഴിയും.'' (സി.രാജേന്ദ്രൻ, 2009:22).

ധർമ്മകീർത്തിയുടെ പ്രമാണവാർത്തികത്തിൽ പറയുന്ന മണിപ്രദീ പന്യായത്തെ ആശ്രയിച്ചുകൊണ്ടാണ് പാഠോൽപ്പാദനത്തിലെ വായനക്കാ രുടെ പങ്കിനെക്കുറിച്ച് ശങ്കുകൻ ചർച്ചചെയ്യുന്നത്. ബൗദ്ധദർശനത്തിലെ യുക്തിവിചാരങ്ങളിൽ നിന്നാണ് പാരായണത്തെ കുറിച്ചുള്ള ശങ്കുകന്റെ ദർശനങ്ങൾ രൂപപ്പെട്ടിട്ടുള്ളത്. രണ്ടു വ്യക്തികൾക്ക് ഒരേ കാഴ്ച എങ്ങനെ രണ്ടനുഭവബോധത്തെ നൽകുന്നു എന്ന തിരിച്ചറിവാണ് മണിപ്രദീപന്യാ യത്തിന്റെ അടിസ്ഥാനം. ഈ ധാരണ പാഠാപഗ്രഥനത്തിലേക്കു കൂട്ടിയി ണക്കി യുക്തിബോധത്തെ കേന്ദ്രീകരിക്കുകയാണ് ശങ്കുകൻ ചെയ്തത്. ശങ്കുകന്റെ രസവിചാരങ്ങൾ ന്യായ-ബൗദ്ധ വൈജ്ഞാനികശാഖ യിൽനിന്നും ആശയങ്ങൾ സ്വീകരിച്ചുകൊണ്ട് നിലവിലെ സൗന്ദര്യശാ സ്ത്രധാരണകളെ നവീകരിക്കുന്നു.

ശാന്തരസം രൂപപ്പെട്ടതുതന്നെ ആശയവാദനിലപാടുകളുടെ സാംസ്കാരിക ഭൂമികയിൽനിന്നാണ്. സൗന്ദര്യശാസ്ത്രം ആ വിശകലന ങ്ങൾക്കായി ആശയധാരണകളെ ഉപയോഗിച്ചു എന്നു പറയുന്നതിനെ ക്കാൾ ആശയവാദത്തിന്റെ പ്രാബല്യം സൗന്ദര്യശാസ്ത്രത്തിലൂടെ പ്രവർത്തനസജ്ജമായി എന്നു പറയാവുന്നതരത്തിൽ ശാന്തരസത്തിന്റെ വിശകലനങ്ങളിൽ ആത്മീയവാദധാര ഇഴചേർന്നു നിൽക്കുന്നുണ്ട്. മോക്ഷം ശാന്തത്തിന്റെ കേന്ദ്രംതന്നെയായി മാറുന്നത് ഇങ്ങനെയാണ്. അഭിനവഗുപ്തൻ ഉപയോഗിക്കുന്ന മറ്റു പരികല്പനകളിലും മറ്റുവിജ്ഞാ നശാഖകളുമായുള്ള ബന്ധം പ്രകടമാണ്. ''അഭിനവഗുപ്തന്റെ സൗന്ദര്യ ദർശനത്തിലെ ചർവ്വണ, ചമൽക്കാരം, സ്പന്ദം, പ്രതിഭ തുടങ്ങി നിരവധി സങ്കല്പനങ്ങൾ ശൈവദർശനത്തിൽനിന്നു കടമെടുത്തവയാണ്. എല്ലാ വിഘ്നങ്ങളും നീങ്ങിപ്പോയാലുണ്ടാകുന്ന ധാരാവാഹിയായ ബോധമാണ്

രസപ്രതീതിവേളയിലുണ്ടാകുന്നതെന്നു സിദ്ധാന്തിക്കുമ്പോൾ അഭിനവഗുപ്തൻ ഉപജീവിക്കുന്നതു പ്രത്യഭിജ്ഞാനദർശനത്തെയാണ്'' (രാജേന്ദ്രൻ സി., 2009:23) എന്ന് സി.രാജേന്ദ്രൻ വിശദീകരിക്കുന്നു. പലതരം ജ്ഞാന വ്യവസ്ഥകളുടെ കൂടിച്ചേരലിലൂടെയാണ് രസസിദ്ധാന്തത്തിൽ അറിവുൽപ്പാദനം നടന്നിട്ടുള്ളത്.

**വ്യാഖ്യാനത്തിനുള്ളിലെ വിമർശനങ്ങൾ**

വ്യാഖ്യാനത്തെക്കുറിച്ചുള്ള സങ്കല്പനങ്ങളും നിർവ്വചനങ്ങളും രൂപപ്പെടുന്നത് ആ കാലഘട്ടത്തിലെ സൈദ്ധാന്തികസംവാദത്തിന്റെ പൊതുവായ അവസ്ഥയെ അടിസ്ഥാനമാക്കിയാണ്. സംസ്കൃത സൗന്ദര്യശാസ്ത്രങ്ങളിലെ വ്യാഖ്യാന നിർവ്വചനങ്ങളിൽനിന്നു വ്യത്യസ്തമായി വിമർശനാത്മകമായ അവബോധത്തെക്കൂടി വ്യാഖ്യാനത്തിന്റെ സങ്കല്പങ്ങളിലേക്ക് തൊൽക്കാപ്പിയം ഉൾക്കൊള്ളിക്കുന്നുണ്ട്. ''സൂത്രത്തിലെ ആശയങ്ങളെ എതിർക്കുന്ന രൂപത്തിലുള്ള ചോദ്യങ്ങളും അവയ്ക്ക് ഉത്തരങ്ങളും കൊടുത്തിട്ടോ അതേഗ്രന്ഥത്തിൽനിന്നോ മറ്റു ഗ്രന്ഥങ്ങളിൽ നിന്നോ തെളിവുകളുദ്ധരിച്ചിട്ടോ സംശയവും തെറ്റിദ്ധാരണയും നല്ലവണ്ണം നീങ്ങുമാറ് വിഷയത്തെ യോജിച്ച രീതിയിൽ വ്യക്തമായി സ്ഥാപിക്കുന്നതിനാണ് വ്യാഖ്യാനം എന്ന് പണ്ഡിതന്മാർ പറയുന്നത്'' (ഇളയപെരുമാൾ, 1961:369) എന്ന് തൊൽക്കാപ്പിയത്തിൽ വിശദീകരിക്കുന്നു.

തൊൽക്കാപ്പിയർ പറയുന്ന വ്യാഖ്യാനം യഥാർത്ഥത്തിൽ ഏതു പാഠത്തിനാണോ വ്യാഖ്യാനമെഴുതുന്നത് ആ പാഠത്തിന്റെ വിമർശനം കൂടിയാണ്. വ്യാഖ്യാനത്തിനായി തെരഞ്ഞെടുത്ത പാഠം അവതരിപ്പിച്ച അറിവുകളെ എതിർക്കുന്നതിനും അത്തരം നിലപാടുകളെ സ്ഥാപിച്ചെടുക്കുന്നതിനുമുള്ള സാധ്യതകൾ നിർവ്വചനത്തിലേക്കു തന്നെ വരുന്നു എന്നുള്ളത് ക്രിയാത്മകമാണ്. അതായത് നിലവിലിരിക്കുന്ന ജ്ഞാനവ്യവസ്ഥയിൽ അവയുടെ എതിർപാഠങ്ങളെയോ പ്രതിപാഠങ്ങളെയോ ഉൾക്കൊള്ളാനാവുന്നവിധം ജനാധിപത്യപരമായ സംവാദരീതി നിലനിന്നിട്ടുണ്ട്. തൊൽക്കാപ്പിയം ചൊല്ലതികാരത്തിലും ''ഒരു ചോദ്യത്തിന് മറുപടിയായി വരുന്ന എതിർ ചോദ്യത്തെയും ഉത്തരമായി കണക്കാക്കാം'' (ഇളയപെരുമാൾ, 1961:369) എന്നഭിപ്രായപ്പെടുന്നുണ്ട്. വിയോജിപ്പുകളെ ഉൾക്കൊള്ളാൻശേഷിയുള്ള ബഹുസ്വരാത്മകമായ ജ്ഞാനശാസ്ത്രപരിസരങ്ങളിൽ നിന്നാണ് ഇത്തരം സൗന്ദര്യശാസ്ത്ര നിലപാടുകൾ രൂപം കൊള്ളുന്നത്.

ചോദ്യങ്ങൾക്ക് അനുകൂലമായി മാത്രം പ്രതീക്ഷിക്കുന്ന മറുപടികൾ യഥാർത്ഥത്തിൽ വ്യവസ്ഥയുടെ സാധൂകരണങ്ങളാണ്. എന്നാൽ ചോദ്യങ്ങളെ എതിരിടുന്ന ഉത്തരങ്ങൾക്ക് ചോദ്യം ചെയ്യലിന്റെ സ്വഭാവമാണുള്ളത്. ഏതധികാരരൂപങ്ങളും അട്ടിമറിക്കപ്പെട്ടിട്ടുള്ളത് ഉത്തരങ്ങളിലൂടെയോ, മറുപടികളിലൂടെയോ അല്ല; ചോദ്യങ്ങളിലൂടെയാണ്. ശങ്കരാചാര്യരുടെ ശൂദ്രാധികാരത്തെ പൊട്ടൻ തെയ്യം എതിരിട്ടതും ഇത്തരം ചോദ്യം ചെയ്യലുകളിലൂടെയായിരുന്നു. ഉത്തരങ്ങളും മറുപടികളും സമ്മതികൾ മാത്രമായിത്തീരുമ്പോൾ വ്യവസ്ഥയെ ഇളക്കുന്ന ആന്തരികബലമായി ചോദ്യങ്ങൾ മാറുന്നുണ്ട്. എതിരിടാനും, വിയോജിപ്പുകൾ രേഖപ്പെടുത്താനും പ്രതിജ്ഞാനങ്ങളെ രൂപപ്പെടുത്താനുമുള്ള ചോദ്യങ്ങളുടെ ശേഷി ജനാധിപത്യ ഇടങ്ങളെ നിർമ്മിക്കുന്നു. ജ്ഞാനരൂപീകരണങ്ങളുടെ തന്നെ അധികാരകേന്ദ്രീകൃതസ്വഭാവം തകരുകയും അവ ബഹുസ്വരാത്മകമായി പരിവർത്തിക്കപ്പെടുകയും ചെയ്യുന്നു. ഒരു ജ്ഞാനപദ്ധതികൾക്കും പ്രബലമായോ അധികാരരൂപമായോ വളരാനാവാത്ത പരസ്പരസംവാദാത്മകമായ അറിവുല്പാദനം സാധ്യമാവുന്നു. എതിർചോദ്യങ്ങളെത്തന്നെ ഉത്തരങ്ങളായി പരിഗണിക്കാനുള്ള ബോധ്യം ജ്ഞാനോല്പ്പാദനത്തിലെ സംവാദമൂല്യത്തെത്തന്നെയാണ് പ്രതിനിധീകരിക്കുന്നത്. മാത്രമല്ല എതിർശബ്ദങ്ങളെ ഉൾപ്പെടുത്താനും അറിവുകളായി വികസിപ്പിച്ചെടുക്കാനും കഴിയുന്നതരത്തിലുള്ള വ്യാഖ്യാന സങ്കല്പം സംസ്കൃതസൗന്ദര്യശാസ്ത്രങ്ങളിലെ വ്യാഖ്യാന സങ്കല്പങ്ങളിൽനിന്നും വ്യത്യസ്തമായ ദാർശനിക അടിത്തറയിലാണ് നിലനിൽക്കുന്നത്.

**രൂപവും പ്രതിപാദ്യവും**

സൗന്ദര്യശാസ്ത്രം, കഥ, നോവൽ, കവിത, നിരൂപണം എന്നിങ്ങനെ ഏതു സാഹിത്യവിഭാഗവും ആവിഷ്കരിക്കപ്പെടുന്നതിന് സവിശേഷമായ ഘടനയുണ്ട്. ഏതൊരു സാഹിത്യസൃഷ്ടിയിലും പ്രതിപാദ്യവും അതിന്റെ രൂപവും തമ്മിൽ കൂടിക്കലരുമ്പോഴാണ് അവ സത്താപരമായി നിലനിൽക്കുന്നത്. ഘടനയും പ്രതിപാദ്യവിഷയവും തമ്മിലുള്ള ബന്ധം കേവലമോ യാന്ത്രികമോ ആയി സംഭവിക്കുന്നതല്ല. പ്രതിപാദിക്കുന്ന വിഷയം, അവയെ ഉല്പാദിപ്പിക്കുന്ന സാംസ്കാരികബലം, അഭിസംബോധന ചെയ്യുന്ന വായനാസമൂഹം, പ്രതിപാദിക്കുന്ന വിഷയത്തിന്റെ പ്രസക്തിയും കാലികപ്രാധാന്യവും എന്നിങ്ങനെ പലതരം ഘടകങ്ങൾ ആഖ്യാനങ്ങളുടെ ഘടനയെ രൂപപ്പെടുത്തുന്നതിൽ നിർണായകമായ പങ്കുവഹിക്കുന്നുണ്ട്.

ഓരോ കാലഘട്ടത്തിന്റെയും സാമൂഹ്യസ്വഭാവത്തെ ആശ്രയിച്ച് സാഹിത്യ രൂപം തന്നെ മാറുന്നുണ്ട്. ''രൂപവും പ്രതിപാദ്യവും തമ്മിലുള്ള ബന്ധത്തെ തീരുമാനിക്കുന്നതിൽ സാമൂഹികാബോധം നിർണായക പങ്കുവഹിക്കുന്നു വെന്നും അതിന് കൃത്യമായ സാമൂഹികവേരുകൾ ഉണ്ടെ''ന്നും (Terry egleton, 1989:24) ട്രോട്സ്കി (Lenon Trotsky) വിശദീകരിക്കുന്നുണ്ട്. സാഹിത്യരൂപവും വിഷയവും തമ്മിലുള്ള ബന്ധത്തെ നിർണയിക്കുന്ന തിൽ സമൂഹത്തിനുള്ള പങ്കാണ് ഇത് സൂചിപ്പിക്കുന്നത്.

സാഹിത്യപാഠങ്ങളിൽ നിന്നും വ്യത്യസ്തമായി സൗന്ദര്യശാസ്ത്രം സവിശേഷമായ ആഖ്യാനരീതിശാസ്ത്രമാണ് വിഷയാവതരണത്തിനായി ഉപയോഗിച്ചുപോരുന്നത്. സിദ്ധാന്തവത്കരണവും അവയെ ബലപ്പെടുത്തു ന്നതിനാവശ്യമായ തെളിവുശേഖരണവും ഉദാഹരണങ്ങളിലൂടെ നിഗമന ങ്ങളെ ഉറപ്പിച്ചെടുക്കലുമെല്ലാം സൗന്ദര്യശാസ്ത്രഗ്രന്ഥങ്ങളിൽ കാണുന്ന പൊതുവായ ഘടനയാണ്.

അഭിനവഭാരതി, നാട്യശാസ്ത്രം, ധ്വന്യാലോകം എന്നീ പുസ്തക ങ്ങളിലെല്ലാം വിഷയാവതരണത്തിനായി പൂർവ്വപക്ഷം, സിദ്ധാന്തപക്ഷം എന്ന രീതിശാസ്ത്രം പൊതുവിൽ പാലിക്കുന്നുണ്ട്. സൗന്ദര്യശാസ്ത്ര ത്തിൽ പ്രതിപാദിക്കുന്ന വിഷയത്തിന്റെ അവതരണമാണ് സിദ്ധാന്തപക്ഷം. ഈ സിദ്ധാന്തപക്ഷത്തിൽ അവതരിപ്പിക്കുന്ന നിലപാടുകൾക്ക് എതിരെ യുള്ള അഭിപ്രായങ്ങളാണ് പൂർവ്വപക്ഷമായി അവതരിപ്പിക്കുന്നത്. സംസ്കൃതഭാഷയിൽ രൂപപ്പെട്ടുവന്ന ജ്ഞാനശാസ്ത്രഗ്രന്ഥങ്ങളുടെ പൊതുവായ രീതിശാസ്ത്രമാണ് പൂർവ്വപക്ഷ-സിദ്ധാന്തപക്ഷശൈലി. ''ചർച്ചാവിഷയത്തെ അതിന്റെ സമഗ്രതയോടെ അവതരിപ്പിക്കുകയും സിദ്ധാന്തപക്ഷത്തിനെതിരെ ഉന്നയിക്കാവുന്ന പൂർവ്വപക്ഷങ്ങൾക്കെല്ലാം സമാധാനം കണ്ടെത്തുകയും ചെയ്താൽ മാത്രമേ വ്യാഖ്യാനം പൂർണ മാവൂ എന്നതാണ് ഇന്ത്യൻ സങ്കല്പം'' (രാജേന്ദ്രൻ സി., 2005:9) എന്ന് സി. രാജേന്ദ്രൻ അഭിപ്രായപ്പെടുന്നു.

അഭിനവഭാരതിയിൽ തന്റെ സിദ്ധാന്തം അവതരിപ്പിക്കുന്നതിനു മുൻപായി പൂർവ്വപക്ഷം എന്ന നിലയിലാണ് മറ്റു നാട്യശാസ്ത്ര വ്യാഖ്യാ താക്കളുടെ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. ശങ്കുകൻ, ലോല്ലടൻ, ഭട്ട നായകൻ, ഭട്ടതൗതൻ എന്നിവരുടെ രസവ്യാഖ്യാനങ്ങൾ അഭിനവഗുപ്തൻ വിശദീകരിക്കുന്നുണ്ട്. മാത്രമല്ല മറ്റു പലയിടങ്ങളിലും സ്വന്തം അഭിപ്രായം പറയുന്നതിനുമുൻപേ അക്കാലത്തു നിലനിന്നിരുന്ന പലതരം അഭിപ്രായ

ങ്ങളെ പൂർവ്വപക്ഷമായി രേഖപ്പെടുത്തുന്നുണ്ട്. അഭിനവഭാരതിയിലെ ഈ പൂർവ്വപക്ഷങ്ങളിലൂടെയാണ് രസത്തിനുണ്ടായിട്ടുള്ള മറ്റു വ്യാഖ്യാന ങ്ങളെക്കുറിച്ചുള്ള സൂചനകൾ ലഭ്യമായിട്ടുള്ളത്.

സംസ്കൃതത്തിലെ ജ്ഞാനശാസ്ത്രങ്ങളുടെ പൂർവ്വപക്ഷ-സിദ്ധാന്ത പക്ഷ അവതരണരീതി പരിശോധിച്ചാൽ പൂർവ്വപക്ഷത്തിൽ എല്ലാ യ്പ്പോഴും സൗന്ദര്യശാസ്ത്രപാഠം വികസിപ്പിച്ച ആശയങ്ങളുടെ എതിർശ ബ്ദങ്ങളാണ് നിലനിൽക്കുന്നത്. ഇത്തരം വാദങ്ങളെകൂടി ഉൾക്കൊള്ളി ക്കുന്ന സമ്പ്രദായത്തിലൂടെ പുസ്തകത്തിന്റെ രചനാകാലത്തോ അതിനു മുമ്പോ ഉണ്ടായിട്ടുള്ള ജ്ഞാനശാസ്ത്രസംവാദങ്ങളുടെ ഘടന വ്യക്തമാ വുന്നുണ്ട്. പുസ്തകത്തിലെ പ്രതിപാദ്യവിഷയത്തിനു വിരുദ്ധമായ വാദഗ തികൾ ആയിരിക്കും പൂർവ്വപക്ഷമായി അവതരിപ്പിക്കുന്നത്. ഇത്തരമൊരു രീതിശാസ്ത്രം വികസിച്ചുവന്നതിന് അക്കാലത്തെ വിപുലമായ ജ്ഞാന ശാസ്ത്രസംവാദങ്ങൾ കാരണമായിട്ടുണ്ട്. ബി.കെ.മതിലാൽ പറയുന്നതനു സരിച്ച് ''ശ്രമണകാലഘട്ടത്തിൽ ഇന്ത്യൻ തത്ത്വചിന്തയിലെ ധൈഷണിക സംവാദങ്ങൾ ചടുലവും വിമർശനാത്മകവും അഭിപ്രായവ്യത്യാസങ്ങളുമു ള്ളതുമായിരുന്നു. ഒരു വിഷയത്തെയും വിമർശനാത്മകമായി നോക്കിക്കാ ണുന്നതിനോ നിരാകരിക്കുന്നതിനോ അപ്പുറമുള്ള പവിത്രത കല്പിച്ചിരു ന്നില്ല. എന്നാൽ ഇത്തരം സംവാദങ്ങൾ പിന്നീട് നാശോന്മുഖമായി.'' (മതി ലാൽ ബി.കെ., 1985:9). ഇത്തരം സംവാദങ്ങൾക്ക് പ്രാധാന്യമുണ്ടായിരുന്ന ചരിത്രസന്ദർഭത്തിലാവണം പൂർവ്വപക്ഷങ്ങളെ അംഗീകരിക്കുന്ന ആഖ്യാന ഘടന നിലവിൽവന്നത്. പൂർവ്വം എന്ന വാക്കിന് മുൻപുണ്ടായിരുന്നത് എന്നാണർത്ഥം. പൂർവ്വപക്ഷം മുൻപുള്ള വാദഗതി, എതിരായ അഭിപ്രായം എന്നീ അർത്ഥങ്ങളിലാണ് ഉപയോഗിച്ചുവരുന്നത്. സിദ്ധാന്തവത്കരിക്കുന്ന വാദഗതികൾക്ക് എതിരായുള്ള അഭിപ്രായങ്ങളെ അഭിസംബോധന ചെയ്യുകയോ ചർച്ചകൾക്ക് വിധേയമാക്കുകയോ ചെയ്യുന്ന ബൗദ്ധികവ്യവ ഹാരം ജനാധിപത്യ സംവാദത്തിന്റെ രീതിയാണ്. അതായത് ഒരു സിദ്ധാ ന്തത്തെ ഏകപക്ഷീയമായി അവതരിപ്പിച്ചുപോവുകയോ സ്ഥാപിച്ചെടുക്കു കയോ മാത്രമല്ല നിലവിലുള്ള എല്ലാ വിയോജിപ്പുകളെയും പരിഗണിച്ചു കൊണ്ട് സിദ്ധാന്തത്തെ സ്ഥാപിച്ചെടുക്കുന്ന രീതിശാസ്ത്രമാണിത്. ഒരു സിദ്ധാന്തത്തിന്റെ നിലനില്പും രൂപപ്പെടലും അതിനോട് ഒപ്പം സഞ്ചരി ക്കുന്ന ആശയങ്ങളിലൂടെ മാത്രം സംഭവിക്കുന്നതല്ല. അവയെ എതിർക്കു കയും പ്രതിരോധിക്കുകയും ചെയ്യുന്ന ആശയങ്ങളുടെ വ്യവസ്ഥകൂടി ഉൾക്കൊള്ളുന്നതാണെന്ന് ഈ ഘടന വെളിപ്പെടുത്തുന്നു. മഹാഭാരത

ത്തിലെ പാഞ്ചാലി-ധർമ്മപുത്രസംവാദം, ചാർവ്വാക-ധർമ്മപുത്രസംവാദം, അർജ്ജുന-ശ്രീകൃഷ്ണസംവാദം, രാമായണത്തിലെ ശ്രീരാമ-ജാബാലി സംവാദം എന്നിവയെല്ലാം സാഹിത്യപാഠങ്ങളിൽ എങ്ങനെ സംവാദാത്മക സ്വഭാവം നിലനിന്നിരുന്നു എന്നതിന്റെ ഉദാഹരണങ്ങൾ ആണ്. ഇത്തരം ഉദാഹരണങ്ങൾ ഒരു സാഹിത്യപാഠത്തിലെ രണ്ട് കഥാപാത്രങ്ങൾ തമ്മി ലുള്ള സംഭാഷണമെന്ന കേലവമായ അവസ്ഥയിലല്ല നിലനിൽക്കുന്നത്. വിരുദ്ധമായ രണ്ടു പ്രത്യയശാസ്ത്രങ്ങൾതമ്മിലുള്ള വിമർശനങ്ങൾക്കൂടി യാണ്.

തർക്കശാസ്ത്രത്തിൽ വ്യത്യസ്തതരം സംവാദപ്രകാരങ്ങളെപ്പറ്റി ചർച്ചചെയ്യുന്നുണ്ട്. ഒരു വിഷയത്തെ സവിശേഷമായി പ്രതിപാദിക്കുന്ന വാദം, അവതരിപ്പിക്കുന്ന ആളിന്റെ പക്ഷത്തെയും അതിന്റെ എതിർപക്ഷ ത്തെയും ഒരുപോലെ സമർത്ഥിക്കുന്ന ജല്പം, തന്റെ പക്ഷത്തെ സമർത്ഥി ക്കാതെ എതിർപക്ഷത്തെ നിഷ്കരുണം എതിർക്കുന്ന വിതണ്ഡം എന്നിവ പ്രാചീന ഇന്ത്യയിലുണ്ടായിരുന്ന സംവാദരീതികളായിരുന്നു (നാരായണൻ വൈദ്യൻ എം., 2010:227). ഇവിടെ ശ്രദ്ധിക്കേണ്ട പ്രധാന വസ്തുത പ്രതിപക്ഷ സിദ്ധാന്തങ്ങളെ അംഗീകരിക്കുന്ന ജല്പ, വാദ, സംവാദ രീതികളോടൊപ്പം തന്നെ അവയെ ഏകപക്ഷീയമായി എതിർക്കുന്ന വിതണ്ഡവാദവും നില വിലുണ്ടായിരുന്നു. ജല്പം, വാദം എന്നീ സംവാദാത്മക ജ്ഞാനോൽപ്പാ ദന അവസ്ഥകളോടൊപ്പം തന്നെ പ്രതിവാദങ്ങളെ നിശ്ശബ്ദമാക്കാനുള്ള പ്രബലശ്രമങ്ങളും രൂപപ്പെട്ടുവന്നിട്ടുണ്ട്. ഗാർഗി-യാജ്ഞവാൽക്യസംവാ ദങ്ങളിൽത്തന്നെ അത്തരം സൂചനകളുണ്ട്.

''ഗാർഗി: ഏതിലാണ് ബ്രഹ്മലോകങ്ങൾ ഊടും പാവും പോലെ നെയ്തിണക്കപ്പെട്ടിരിക്കുന്നത്?

യാജ്ഞവാൽക്യൻ പറഞ്ഞു: അല്ലയോ ഗാർഗ്ഗീ, ഏറെക്കൂടുതൽ ചോദിക്കരുത്. നിന്റെ തല താഴെ വീണു പോകാതിരിക്കട്ടെ! നാം ഏറെ ചോദിക്കരുതാത്ത ഒരു ദേവതയെപ്പറ്റിയാണ് നീ ഏറെ ചോദിക്കുന്നത്. നാം വളരെയേറെ ചോദിക്കരുതാത്ത ഒരു ദേവതയെപ്പററി നീ വളരെയേറെ ചോദിക്കരുത്. ഗാർഗ്ഗി, ഏറെ കൂടുതൽ ചോദിക്കരുത്. അതിനുശേഷം ഗാർഗ്ഗീവാചക്നവി മൗനം പൂണ്ടു.'' (ഉണ്ണിത്തിരി (വിവ.), 2015:379–380)

ഗാർഗിയുടെ ചോദ്യങ്ങൾ ഇന്ത്യൻ തത്ത്വശാസ്ത്രത്തിലെ പ്രബല സങ്കല്പമായിരുന്ന ബ്രഹ്മത്തിന്റെ അസ്തിത്വത്തെക്കുറിച്ചുള്ളതായിരുന്നു. അതൊരു സംശയനിവാരണമെന്നതിലുപരി ബ്രഹ്മത്തെ തന്നെ ചോദ്യം

ചെയ്തു. പ്രബലമായ ജ്ഞാനശാസ്ത്രങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുന്ന തരത്തിലേക്ക് ഗാർഗ്ഗിയുടെ ചോദ്യങ്ങൾ മാറിയപ്പോൾ ശക്തമായ എതിർപ്പാണ് യാജ്ഞവാൽക്യനിൽനിന്നും നേരിടേണ്ടിവന്നത്. ഇത് തർക്കശാസ്ത്രത്തിൽ വ്യക്തമാക്കുന്ന വിരുദ്ധവാദമെന്ന ജ്ഞാനവിനിമയ രീതികളെ വളർത്തിയെടുത്ത ചരിത്രപശ്ചാത്തലംകൂടിയാണ്. സിദ്ധാന്തങ്ങളുടെ അവതരണത്തിൽ അവയുടെ തന്നെ എതിർശബ്ദങ്ങളെ ഉൾക്കൊള്ളുന്ന പൂർവ്വപക്ഷ-ഉത്തരപക്ഷ സംവാദരീതി നിലനിന്നിരുന്നതിനോടൊപ്പം തന്നെ പ്രബലമായി മാറിയ ജ്ഞാനശാസ്ത്രങ്ങളുടെ ആധിപത്യയിടം ഉറപ്പിക്കുന്നതിനാവശ്യമായ താർക്കികരീതികളും നിലനിന്നിരുന്നു. ഇന്ത്യയിലെ ജ്ഞാനശാസ്ത്രങ്ങളുടെ സംവാദാത്മകവും ബഹുസ്വരാത്മകവുമായ വളർച്ചയോടൊപ്പം തന്നെ അത്തരം ജനാധിപത്യമൂല്യങ്ങളെ റദ്ദാക്കുന്ന ഘടകങ്ങളും പ്രവർത്തിച്ചിട്ടുണ്ട്.

**ചോദ്യോത്തരരീതികളും സിദ്ധാന്തരചനയും**

ചോദ്യങ്ങൾ ഉന്നയിക്കുകയും അവയുടെ ഉത്തരമായി വിഷയത്തെ അവതരിപ്പിക്കുന്ന ആഖ്യാനരീതി നാട്യശാസ്ത്രത്തിൽ പലയിടത്തും ഉപയോഗിച്ചിട്ടുണ്ട്. മഹർഷിമാർ ഭരതനോടു ചോദിച്ച ചോദ്യങ്ങളുടെ ഉത്തരമായാണ് രസസിദ്ധാന്തത്തെ നാട്യശാസ്ത്രം അവതരിപ്പിക്കുന്നത്.

“1. നാട്യപണ്ഡിതന്മാർ നാട്യത്തിൽ രസങ്ങളെന്നുപറയുന്നത് ഏതൊക്കെയാണ്?

2. അവ രസങ്ങളായതെങ്ങനെ?

3. ഭാവങ്ങളെന്നു പറയപ്പെട്ടവ എങ്ങനെയുള്ളതാണ്. അവയെന്തിനാണ് ഭവിപ്പിക്കുന്നത്?” (നാരായണപ്പിഷാരടി കെ.പി., 1997:194)

ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കുകയും അതിനുള്ള ഉത്തരങ്ങൾ പറയുകയും ചെയ്യുന്ന രീതി നാട്യശാസ്ത്രത്തിൽ പലയിടത്തും സ്വീകരിച്ചിട്ടുണ്ട്. പക്ഷേ ചോദ്യരൂപത്തിലുള്ള ആഖ്യാനശൈലി സ്വീകരിക്കുന്നുണ്ടെങ്കിലും അവ സംവാദാത്മകമൂല്യമായി വികസിക്കുന്നില്ല. ഉത്തരങ്ങളിലേക്കെത്താനുള്ള വഴി മാത്രമായി ചോദ്യങ്ങൾ മാറുന്നു. അല്ലെങ്കിൽ ഉത്തരങ്ങളുടെ ഘടനയ്ക്കനുസരിച്ച് ചോദ്യങ്ങളെ മുൻകൂട്ടി നിർമ്മിക്കുന്നു. ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരങ്ങളിലേക്കുള്ള മാർഗസൂചകങ്ങളെന്ന നിലയിൽ നിന്ന് ചോദ്യം ചെയ്യലുകളായി വികസിക്കാനുള്ള ശേഷിയില്ല. ഇത്തരമൊരു ആഖ്യാനഘടനയുടെ രൂപപ്പെടലിനുപിന്നിൽ ജ്ഞാനോൽപ്പാദനവുമായി ബന്ധപ്പെട്ട സാംസ്കാരികാവസ്ഥകളുടെ സജീവമായ ഇടപെടലുണ്ട്.

ഇവിടെ ഉത്തരങ്ങൾ പറയുന്ന വ്യക്തി ആധികാരികമായ അറിവിന്റെ കേന്ദ്രമായി പരിഗണിക്കപ്പെടുന്നു. ഗുരു-ശിഷ്യ രീതിയിലുള്ള അറിവുല്പാദന രീതികളുടെ വിതരണക്രമം ഇത്തരം പ്രബല കർത്താക്കളെ രൂപപ്പെടുത്തുന്നതിൽ പങ്കുവഹിച്ചിട്ടുണ്ട്. ഗുരു അല്ലെങ്കിൽ ആചാര്യൻ എല്ലാ അറിവുകളുടെയും ഉത്ഭവസ്ഥാനമായും വിതരണകേന്ദ്രമായും പരിഗണിക്കുന്നതുകൊണ്ടാണ് ഉത്തരങ്ങളിലേക്കുള്ള മാർഗരേഖകൾ മാത്രമായി ചോദ്യങ്ങൾ മാറുന്നത്.

ശിഷ്യൻ ചോദ്യങ്ങൾ ചോദിക്കുകയും ഗുരു അതിന് ഉത്തരങ്ങൾ നൽകുകയും ചെയ്യുന്ന ആഖ്യാനരീതി പല ഉപനിഷത്തുകളിലും സ്വീകരിച്ചിട്ടുണ്ട്. അത്തരം പാഠരൂപങ്ങളുടെ ഘടന നാട്യശാസ്ത്രത്തിന്റെ ആഖ്യാന രീതിയെയും പരിഗണിച്ചിട്ടുണ്ട്. പ്രാചീന ഇന്ത്യയിലുണ്ടായിരുന്ന ഗുരു-ശിഷ്യ അറിവുൽപ്പാദനത്തിന്റെ സാംസ്കാരികസ്വഭാവം സൗന്ദര്യശാസ്ത്രത്തിലെ ആഖ്യാനത്തിന്റെയും അഗാധഘടനയായി പ്രവർത്തിക്കുന്നുണ്ട്. ഗുരു എല്ലായ്പ്പോഴും അറിവിന്റെ ആധികാരിക രൂപവും ഉല്പാദനകേന്ദ്രവുമായി മാറുമ്പോൾ ശിഷ്യർ നിഷ്ക്രിയ സ്വീകർത്താവായി മാത്രം പരിഗണിക്കപ്പെടുന്ന രീതി ഇത്തരം ഘടനാ ബന്ധങ്ങൾക്കുണ്ട്.

**സഹായകഗ്രന്ഥങ്ങൾ**

1. കുട്ടികൃഷ്ണമാരാർ, സാഹിത്യപര്യടനം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്, 19999.
2. ഭരതൻ, നാട്യശാസ്ത്രം, നാരായണപിഷാരടി (വിവ.), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1997.
3. രാജേന്ദ്രൻ സി., വ്യാഖ്യാനശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005.
4. വേദബന്ധു, രസഭാരതി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1985.
5. Kapil Kapoor, The Text and Inter Prepation, D.K. Print World, New Delhi, 2005

# പ്രാചീന ഹസ്തലിഖിതങ്ങളുടെ കാലനിർണ്ണയ രീതി

രമ്യ.എസ്സ്

**പ്രബന്ധസംഗ്രഹം**

*താളിയോലഗ്രന്ഥങ്ങളിലൂടെയാണ് മലയാളഭാഷയും ലിപിയും വികാസം പ്രാപിച്ചു വന്നത്. പണ്ടുകാലത്തെ രാജകീയശാസനങ്ങളും എഴുത്തുകളും, ഗ്രന്ഥവരികളും, കോടതിരേഖകളും എല്ലാം എഴുതപ്പെട്ടിരുന്നത് താളിയോലകളിൽ ത്തന്നെയാണ്. ഈ ഗ്രന്ഥങ്ങളിലെല്ലാം എഴുതിയ വർഷവും തീയതിയും രേഖപ്പെടുത്തിയിരുന്നത് പല രീതിയിലാണ്. താളിയോലകളിൽ ഏതെല്ലാം രീതിയിലാണ് കാലം രേഖപ്പെടുത്തിയിരുന്നതെന്നും അത് കണ്ടുപിടിക്കേണ്ട രീതികളുമാണ് ഈ പ്രബന്ധത്തിൽ പറഞ്ഞിരിക്കുന്നത്.*

**താക്കോൽ വാക്കുകൾ**

*ഹസ്തലിഖിതപാഠം, കാലനിർണയം, കചടതപയാദി, കടപയാദി, പരൽപ്പേര്, ഭൂതസംഖ്യാ രീതി, പുഷ്പിക.*

**ആമുഖം**

മനുഷ്യൻ ലേഖനവിദ്യകണ്ടുപിടിച്ച കാലം മുതൽ എഴുതാൻ പലതരം പ്രതലങ്ങൾ ഉപയോഗിച്ചിരുന്നു. ശിലകൾ, തുണി, മരത്തൊലി, ലോഹത്തകിട്, പനയോല, പേപ്പർ, തുകൽക്കഷണങ്ങൾ തുടങ്ങി വിവിധതരം മാധ്യമങ്ങളിലൂടെയാണ് എഴുത്തുവിദ്യ വികസിച്ചത്. ഇത്തരത്തിൽ എഴുതി സൂക്ഷിക്കപ്പെട്ട രേഖകളാണ് ഹസ്തലിഖിതങ്ങൾ എന്നറിയപ്പെടുന്നത്.ദക്ഷിണേന്ത്യയിൽ കൂടുതലും എഴുത്തിനുപയോഗി ച്ചിരുന്ന പ്രതലം പനയോലയായിരുന്നു. ഇന്ത്യയിൽ ഏകദേശം അൻപത് ലക്ഷത്തിലധികം താളിയോല ഗ്രന്ഥങ്ങൾ ഉണ്ടെന്ന് കണക്കാക്ക പ്പെട്ടിട്ടുണ്ട്.

കേരളത്തിന് അതിബൃഹത്തായ താളിയോലഗ്രന്ഥപാരമ്പര്യമാണു ള്ളത്. നൂറ്റാണ്ടുകൾക്കു മുൻപുതന്നെ കേരളീയർ വിജ്ഞാനം നേടുന്ന തിലും പങ്കിടുന്നതിലും അതീവ താത്പര്യം കാണിച്ചിരുന്നു എന്നതിനു

തെളിവാണ് വിശാലമായ നമ്മുടെ ഗ്രന്ഥശേഖരങ്ങൾ. ലിപി വൈവിധ്യ ത്താലും വിഷയ വൈവിധ്യത്താലും സമ്പന്നമാണ് താളിയോല ഗ്രന്ഥങ്ങൾ. ഇത്തരത്തിലുള്ള അമൂല്യഗ്രന്ഥങ്ങളുടെ നല്ലൊരു ശതമാനവും കാലപ്പഴക്കംകൊണ്ടും ശരിയായ പരിചരണം കിട്ടാതെയും നശിച്ചുപോയി ട്ടുണ്ട്. അതുകൊണ്ടുതന്നെ ഒരു ഗ്രന്ഥം ശരിയായി കാറ്റലോഗ് ചെയ്ത് സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഇതിലൂടെ നമ്മുടെ അമൂല്യമായ വിജ്ഞാനത്തെ വരുംതലമുറയ്ക്ക് വേണ്ടി സംരക്ഷിച്ചു വയ്ക്കുകയാണ് ചെയ്യുന്നത്.

ഗ്രന്ഥം കാറ്റലോഗ് ചെയ്യുന്ന സമയത്ത് എഴുതിയവർഷവും തീയതിയും കൃത്യമായി അറിയുക എന്നത് വളരെ ശ്രമകരമായ ജോലിയാണ്. ആദ്യകാലത്ത് ജ്യോതിഷത്തിലെ കണക്കുകൾ പ്രകാരമാണ് വർഷം നിർണ്ണയിച്ചിരുന്നത്. പിന്നീടാണ് അത് അക്കങ്ങളിലൂടെ രേഖപ്പെടുത്തുന്ന രീതി നിലവിൽ വന്നത്. വർഷവും തീയതിയും നേരിട്ട് രേഖപ്പെടുത്തുന്നതിന് പകരം രസകരമായ ചില വഴികളിലൂടെ രേഖ പ്പെടുത്തിയിരുന്നു. ജ്യോതിഷഗ്രന്ഥങ്ങളിലാണ് ഈ രീതി കൂടുതലായും കണ്ടുവരുന്നത്. ഗ്രന്ഥരചനയിൽ ഏർപ്പെടുന്നവർ തങ്ങളുടെ പാണ്ഡിത്യം പ്രകടമാക്കാൻ വേണ്ടിയോ അല്ലെങ്കിൽ സംസ്കൃതജ്ഞാനമുള്ളവർ മാത്രം ഗ്രന്ഥം വായിച്ചാൽ മതിയെന്ന ഉദ്ദേശ്യത്തോടുകൂടിയോ ആയിരുന്നിരിക്കാം ഈ രീതി പിൻതുടർന്നിരുന്നത്.

ഹസ്തലിഖിതഗ്രന്ഥങ്ങളുടെ കാലനിർണ്ണയത്തിന് ദക്ഷിണേന്ത്യ യിൽ സാധാരണയായി ഉപയോഗിച്ചിരുന്ന സമ്പ്രദായങ്ങളാണ് കചടതപയാദി സമ്പ്രദായം, കടപയാദി സമ്പ്രദായം എന്നിവ. ഭൂതസംഖ്യാ സമ്പ്രദായം പ്രായേണ വടക്കേ ഇന്ത്യൻ സംസ്കൃതഗ്രന്ഥങ്ങളിലാണ് കൂടുതലായും കണ്ടുവരുന്നത്. അക്ഷരങ്ങൾക്ക് സംഖ്യാമൂല്യം നൽകി വർഷം നിർണയിക്കുന്ന രീതികളാണിവ.

കചടതപയാദി സമ്പ്രദായം

വരാഹമിഹിരന്റെ ജ്യോതിഷഗ്രന്ഥമായ ആര്യഭടീയത്തിലാണ് ഈ രീതി കാണുന്നത്. അഉ499 ആണ് ആര്യഭടീയത്തിന്റെ കാലഘട്ടം.

| | | | | |
|---|---|---|---|---|
| ക - 1 | ഖ–2 | ഗ– 3 | ഘ –4 | ങ–5 |
| ച –6 | ഛ–7 | ജ–8 | ഝ 9 - | ഞ– 10 |
| ട –11 | ഠ –12 | ഡ –13 | ഢ - 14 | ണ–15 |

| | | | | |
|---|---|---|---|---|
| ത -16 | ഥ -17 | ദ -18 | ധ - 19 | ന-20 |
| പ -21 | ഫ-22 | ബ -23 | ഭ - 24 | മ-25 |
| യ-30 | ര -40 | ല -50 | വ -60 | |
| ശ -70 | ഷ -80 | സ- 90 | ഹ-100 | |

സ്വരാക്ഷരങ്ങളെ പത്തിന്റെ വർഗ്ഗങ്ങളായി കണക്കാക്കിയിരിക്കുന്നു. 'അ' എന്ന അക്ഷരത്തിന് പൂജ്യമാണ് മൂല്യം.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| സ്വരങ്ങൾ | അ | ഇ | ഉ | ഋ | ലൃ | എ | ഒ | ഐ | ഔ |
| വർഗ്ഗമൂല്യം | 0 | 102 | 104 | 106 | 108 | 1010 | 1012 | 1014 | 1016 |

സ്വരാക്ഷരങ്ങൾ വ്യഞ്ജനാക്ഷരങ്ങളുമായി ചേരുമ്പോൾ പൂജ്യം കൂടി ചേർന്ന നമ്പരുകൾ ഉണ്ടാകുന്നു.

ഉദാ :- ചി - 700 (കചടതപയാദി സമ്പ്രദായമനുസരിച്ച് 'ച' യുടെ മൂല്യം 7 'ഇ' യുടെ മൂല്യം 100.

ചു - 70,000

ചെ - 70000000000

ഇത്തരത്തിൽ വളരെ വലിയ അക്കങ്ങൾ പോലും അക്ഷരങ്ങളിലൂടെ കണക്കാക്കാൻ കഴിയും എന്നതാണ് ഈ സമ്പ്രദായത്തിന്റെ പ്രത്യേകത

**കടപയാദി സമ്പ്രദായം**

താളിയോലകളുടെ കാലം നിർണയിക്കാനായി കേരളത്തിൽ സാധാരണയായി ഉപയോഗിച്ചുവന്ന സമ്പ്രദായമാണ് കടപയാദി സമ്പ്രദായം. ഈ സമ്പ്രദായത്തിലും അക്ഷരങ്ങൾക്ക് സംഖ്യാമൂല്യം കൊടുക്കുകയാണ് ചെയ്യുന്നത്.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | | | | | |
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | |

ഈ രീതിയനുസരിച്ച് അനുസ്വാരത്തിനും സ്വരങ്ങൾക്കും പൂജ്യ മാണ് സംഖ്യാ മൂല്യം. കൂട്ടക്ഷരങ്ങൾക്ക് അവസാനത്തെ വ്യഞ്ജനത്തിന്റെ മൂല്യമാണ് കൊടുക്കുന്നത്.

ഉദാ:- ക്ഷ (ഷ യുടെ മൂല്യം) - 6

ര്യ (യ യുടെ മൂല്യം) - 1

ക്ത ( ത യുടെ മൂല്യം) - 6

അക്ഷരങ്ങളുടെ മൂല്യം ഓർമ്മയിൽ നിൽക്കാൻ കാദിനവ, ടാദിനവ, പാദിപഞ്ച, യദ്യഷ്ട എന്നോർക്കാം.

ക ഖ ഗ ഘ ങ ച ഛ ജ ഝ ഞ- 9

(ക മുതൽ 9 അക്ഷരങ്ങൾ)

ട ഠ ഡ ഢ ണ ത ഥ ദ ധ ന- 9

(ട മുതൽ 9 അക്ഷരങ്ങൾ)

പ ഫ ബ ഭ മ -5

(പ മുതൽ 5 അക്ഷരങ്ങൾ)

യ ര ല വ ശ ഷ സ ഹ ള -8

(യ മുതൽ 8 അക്ഷരങ്ങൾ)

ഉദാ:- ഹരിശ്രീ ഗണപതയെ നമ:

ഹ രി ശ്രീ ഗ ണ പ ത യെ ന മ:

8 2 2 3 5 1 6 1 0 5

ഈ സംഖ്യാ ക്രമത്തെ വലത്തുനിന്ന് ഇടത്തേക്ക് കൂട്ടി വായിക്കാം.

5 + 0 + 1 + 6 + 1 + 5 + 3 + 2 + 2 + 8 = 51

മലയാളത്തിൽ 51 അക്ഷരങ്ങൾ ഉണ്ടെന്ന് സൂചിപ്പിക്കുന്നതിന് വേണ്ടിയാണ് ഹരി ശ്രീ ഗണപതയെ നമ: എന്ന വാക്യം ഉപയോ ഗിച്ചിരിക്കുന്നത്.

**ഭൂതസംഖ്യാ സമ്പ്രദായം**

വടക്കെഇന്ത്യൻ ഗ്രന്ഥങ്ങളിലെ കൊളോഫോണിൽ വരുന്ന സംഖ്യാ സമ്പ്രദായമാണ് ഭൂതസംഖ്യ. ശ്ലോകങ്ങളിൽ നിന്നും വർഷം

കണ്ടുപിടിക്കുന്ന രീതിയാണിത്. കൊല്ലം ആദ്യ ശതകങ്ങളിൽ കേരളത്തിലും വിരളമായി ഈ രീതി ഉപയോഗിച്ചിരുന്നു. ഈ സമ്പ്രദായം പരൽപേര് എന്ന പേരിലും അറിയപ്പെട്ടിരുന്നു. ഓരോഅക്കങ്ങൾക്കും പ്രതീകാത്മകമായി കുറെ വാക്കുകൾ സ്ഥിരപ്പെടുത്തിയിരിക്കുന്നു. ഈ വാക്കുകൾ കൂട്ടിച്ചേർത്ത് ശ്ലോകങ്ങൾ ഉണ്ടാക്കിയതിനു ശേഷം വാക്കുകൾക്ക് സംഖ്യാമൂല്യം കൊടുക്കുകയാണ് ചെയ്യുന്നത്. ലഭിക്കുന്ന സംഖ്യയെ വലത്തുനിന്നും ഇടത്തേക്ക് വായിച്ച് വർഷം നിർണയിക്കുന്നു.

0 – ശൂന്യ, ഗഗന, ആകാശം, അംബരം, വ്യോമ, അന്തരീക്ഷ, നഭസ്സ്, പൂർണ്ണ, രന്ധ്ര, ബിന്ദു, പൂർണ

1 – ആദി, ശശാങ്ക, ധരണി, ശശി, വിധു, ഇന്ദു, ഗോ, ഉർവര, പിതാമഹ, നായക

2 – യമ, ലോചന, യുഗ്മ, ദ്വയ, നേത്ര, യുഗള, ദൃഷ്ടി, ചക്ഷു

3 – രാമ, ത്രിഗുണ, ലോക, കാലം, സന്ധ്യ, വർണ, പുരുഷ

4 – വേദ, യുഗ, പുരുഷാർത്ഥ, ശ്രുതി, സമുദ്രം, ദിശ

5 – ബാണ, ഭൂത, പാണ്ഡവ

6 – ഋതു, അംഗ, ദർശന, രാഗ, കാമ

7 – ഗിരി, സാഗര, പർവത, മുനി, സ്വര

8 – മംഗള, ദിഗ്ഗജ, നാഗ, വസു, ഗജ

9 – നിധി, പവന, രത്ന

10– പംക്തി, അവതാര, രാവണശിരസ്സ്

ഉദാ:–അഷ്ടാംഗഷഡ്ഭൂയുതേ ശാകാബ്ദേ

അഷ്ടം – 8 അംഗം – 9 ഷഡ് – 6 ഭൂ– 1

ശാകാബ്ദേ – ശകവർഷം

ശകവർഷം – 1698

ശകവർഷത്തിനോട് 78 കൂട്ടിയാൽ ക്രിസ്തുവർഷമാകും.

1698 + 78 1776

അഉ 1776 എന്ന് ലഭിക്കും.

മലയാളഗ്രന്ഥങ്ങളിലെല്ലാം കൊല്ലവർഷമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൊല്ലവർഷം നേരിട്ടുരേഖപ്പെടുത്തുന്ന രീതിയാണ് കൂടുതലായും കണ്ടുവരുന്നത്. ഗ്രന്ഥാരംഭത്തിലോ ഗ്രന്ഥാവസാനത്തിലോ കാണുന്ന പുഷ്പികയിൽ നിന്നുമാണ് വർഷം മനസ്സിലാക്കാൻ കഴിയുന്നത്. കൊല്ലവർഷത്തെ ക്രിസ്തുവർഷമാക്കാൻ 825 കൂട്ടണം.

ചില പ്രധാന സംവത്സരങ്ങളും അവയെ ക്രിസ്തുവർഷമാക്കേണ്ടുന്ന രീതിയും.

കലിയുഗസംവത്സരം – 3101 – 3100 = അഉ

വീര നിർവാണ സംവത്സരം–487 = അഉ

മൗര്യ സംവത്സരം– 320 = അഉ

ചിത്രാദിവിക്രമ സംവത്സരം–57 = അഉ

ശക സംവത്സരം + 78 = അഉ

ഗുപ്ത സംവത്സരം + 320 അഉ

ഗംഗേയ സംവത്സരം + 570 = അഉ

കൊല്ലം സംവത്സരം + 825 = അഉ

ചാലൂക്യ വിക്രമ സംവത്സരം + 1075 = അഉ

ലക്ഷ്മണസേന സംവത്സരം + 1118 = അഉ

രാജ്യാഭിഷേക സംവത്സരം + 1674 = അഉ

പ്രാചീന ഹസ്തലിഖിതഗ്രന്ഥങ്ങളുടെ പഠനത്തിൽ അവയുടെ കാലപ്പഴക്കം നിർണ്ണയിക്കുക എന്നത് ഏറ്റവും അത്യാവശ്യമാണ്. കാരണം ഭാഷ, ലിപി എന്നിവയുടെ പ്രാചീനത കണ്ടെത്താൻ കൃതി എഴുതിയകാലം ഏറെ പ്രസക്തമാണ്. ഒളരെ വ്യത്യസ്തവും സാങ്കേതികവുമായ സംഖ്യാസമ്പ്രദായങ്ങളാണ് ഇതിനായി എഴുത്തുകാർ അന്ന് ഉപയോഗിച്ചിരുന്നത്. ഗ്രന്ഥങ്ങൾ എഡിറ്റ് ചെയ്യുന്നവർക്കും പഠന ഗവേഷണങ്ങൾ നടത്തുന്നവർക്കും അത്തരം രീതികളിൽ അവഗാഹമുണ്ടാകുക എന്നത് വലിയ വെല്ലുവിളിയായി മുന്നിൽ നിൽക്കുന്നു. അതിലേക്ക് വെളിച്ചം വീശാനുള്ള ചില അറിവുകളാണ് പ്രബന്ധം പങ്കു വച്ചത്.

**സഹായക ഗ്രന്ഥങ്ങൾ**

1. ശ്രീകല.ആർ.ബി (പ്രൊഫ), 'ഓലയും നാരായവും ഹസ്തലിഖിത വിജ്ഞാനീയത്തി നൊരാമുഖം', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2023.
2. വിശാലാക്ഷി. പി (ഡോ), Some Aspects on Manuscriptology, ORI & MSS Library, University of Kerala, 2008;
3. കേരളത്തിലെ പ്രാചീനലിപി മാതൃകകൾ, ബിജു. പി (ചീഫ് എഡിറ്റർ), സംസ്ഥാന ആർക്കൈവ്സ് പ്രസിദ്ധീകരണം, കേരളസർക്കാർ, 2018.

# ശക്തൻ തമ്പുരാന്റെ കാലഘട്ടത്തിൽ നിലനിന്നിരുന്ന രാജകീയ ആചാരങ്ങൾ

**രജനി റ്റി.**

**പ്രബന്ധസംഗ്രഹം**

*ശക്തൻ തമ്പുരാൻ എന്ന പേരിൽ പ്രസിദ്ധനായ രാമവർമ്മ മഹാരാജാവ് ആധുനിക കൊച്ചിയുടെ ശിൽപിയും വിധാതാവുമായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലം (ക്രി.വ. 1790 – 1805) കൊച്ചിയെ സംബന്ധിച്ചിടത്തോളം ഒരു നിർണ്ണായക ഘട്ടമായിരുന്നു. വിദേശമേധാവിത്വം ഒരു വശത്തും അതിന്റെ തന്നെ സൃഷ്ടികളായ ആഭ്യന്തരപ്രശ്നങ്ങൾ മറുവശത്തും വെല്ലുവിളികളുയർത്തിയപ്പോൾ അവയെ ശാന്തമായി നേരിടുകയും രാജ്യത്തെ മുന്നോട്ടു നയിക്കുകയും ചെയ്ത പ്രതിഭാധനനായിരുന്നു അദ്ദേഹം. രാജാവ് അറിയപ്പെട്ടിരുന്നത് അദ്ദേഹത്തിന്റെ കഴിവ്, നീതി, സൈനികവിഷയത്തിലുള്ള പ്രാവീണ്യം, രാജഭരണം എന്നീനിലകളിലാണ്.*

***താക്കോൽ വാക്കുകൾ:***

*ശക്തൻ തമ്പുരാൻ, വിദേശ മേധാവിത്വം, തൃപ്പൂണിത്തുറതാനം, അത്തച്ചമയം, ദേശമറിയിക്കൽ, അരിയിട്ട് വാഴ്ച, വെള്ളിത്തണ്ട്, അടിമ കിടത്തൽ ഏറ്റനരി*

**രാജകീയ ആചാരങ്ങൾ**

ആചരിക്കുന്നവയാണ് ആചാരങ്ങൾ. എന്നാൽ രാജകീയ ആചാരങ്ങൾ സാധാരണ ആചാരങ്ങളിൽനിന്നും വ്യത്യസ്തമായിരിക്കും. ശക്തൻ തമ്പുരാന്റെ കാലഘട്ടത്തിലുള്ള ചില ആചാരങ്ങൾ ഇന്നും പരിപാലിച്ച് പോകുന്നു. രാജാക്കന്മാരുടെ ഇടയിൽ മാത്രമല്ല സാധാരണക്കാരുടെ ഇടയിലും ആചാരങ്ങൾ നിലകൊള്ളുന്നു. (കാലഘട്ടത്തിൽ നിലനിന്നിരുന്ന കീഴ്വഴക്കങ്ങളാണ് ആചാരങ്ങൾ). എല്ലാ ആചാരങ്ങളും ഓരോ സങ്കല്പ്പങ്ങളാണ്. സംസ്ക്കാരങ്ങളുടെയും വിശ്വാസത്തിന്റെയും ഭാഗമായിട്ടാണ് അവ നിലകൊള്ളുന്നത്. രാജഭരണത്തിൽനിന്ന് ജനാധിപത്യത്തിലേയ്ക്ക് എത്തിയപ്പോൾ ജനങ്ങൾക്ക് അവരുടേതായ സ്വാതന്ത്ര്യവും വിശ്വാസവും

നേടിയെടുക്കാൻ കഴിഞ്ഞു. എങ്കിൽ തന്നെയും രാജഭരണത്തിന്റെ അടയാളങ്ങൾ ഇന്നും സൂക്ഷിക്കുന്ന നാടുകളുണ്ട്. ചിലത് ഒരു കാലഘട്ടത്തിന്റെ ഓർമ്മകളുടെ അടയാളമെന്ന പേരിൽ ചരിത്രത്തിൽ ഇന്നും ഇടം നേടിയിട്ടുണ്ട്.

**തൃത്താലിചാർത്തൽ**

രാജവംശത്തിലെ പെൺകുട്ടികൾക്ക് ഋതുമതി ആകുന്നതിന് മുൻപ് അതായത് (ആർത്തവ സമയത്ത്) അവർക്ക് നമ്പൂതിരിയെ വിവാഹം കഴിക്കാനുള്ള സമ്മതം ഉണ്ടായിരുന്നു. ഇത് മൂന്ന് ദിവസം നടക്കുന്ന ചടങ്ങ് ആയതുകൊണ്ടാണ് ഇതിനെ തൃത്താലിചാർത്തൽ എന്നു പറയുന്നത്. തുടർന്ന് ഋതുമതി ആയതിനുശേഷം പെൺകുട്ടിക്ക് വീണ്ടും വിവാഹം കഴിക്കാനുള്ള നിയമം ഉണ്ടായിരുന്നു. എന്നാൽ പിന്നീട് വിവാഹം കഴിക്കുമ്പോൾ ആദ്യം വിവാഹം ചെയ്ത നമ്പൂതിരിയെ തന്നെ വിവാഹം കഴിക്കണമെന്നില്ല. വേറെ നമ്പൂതിരിയെ വിവാഹം കഴിക്കാം. അതിന് തൃത്താലി ചാർത്തൽ പോലെയുള്ള ചടങ്ങുകൾ ഒന്നും തന്നെയില്ല. നമ്പൂതിരിയിൽ ജനിക്കുന്ന കുട്ടിയെ രാജവംശം ഏറ്റെടുക്കുന്നു.

എന്നാൽ രാജവംശത്തിലെ പുരുഷന്മാർക്ക് നായർസ്ത്രീകളെ വിവാഹം കഴിക്കാം. അവരെ വിളിക്കുന്ന പേരാണ് നേത്യാരമ്മ. ആ വിവാഹത്തിൽ രാജകുടുംബത്തിലെ ആരും തന്നെ പങ്കെടുക്കാറില്ല. നായർ സ്ത്രീയിൽ ജനിക്കുന്ന കുട്ടിയ്ക്ക് രാജവംശത്തിൽ ഒരു സ്ഥാനവുമുണ്ടായിരുന്നില്ല.

കൊച്ചി രാജവംശത്തിലെ കുട്ടികൾക്ക് പേര് ഇടുന്ന സമ്പ്രദായവും നിലനിന്നിരുന്നു. കുടുംബത്തിൽ മൂത്തപുത്രനെ കുഞ്ഞിക്കിടാവ് എന്നും രണ്ടാമനെ കുഞ്ചുണ്ണി എന്നും മൂന്നാമനെ കുഞ്ഞുണ്ണി എന്നും വിളിച്ചിരുന്നു. സ്ത്രീകൾക്ക്പുരാണത്തിലെന്നപോലെ അംബ, അംബിക, അംബാലിക എന്നിങ്ങനെ മൂപ്പനുസരിച്ച് മൂത്ത ആൾ മുതൽ ഇളയആൾ വരെയുള്ള വരെ പേരുവിളിച്ചു പോന്നു. എന്നാൽ അംബ, സുഭദ്ര എന്നീ പേരുകളാണ് ഇന്ന് ആചാരമായി ആവർത്തിച്ചുപയോഗിച്ചുവന്നത്. പൊതുവെ കൊച്ചി രാജവംശത്തിലെ പുരുഷന്മാർക്ക് രാമവർമ്മ, വീരകേരളവർമ്മ, കേരളവർമ്മ, രവിവർമ്മ, ഗോദവർമ്മ എന്നീ പേരുകളാണ് ആവർത്തിച്ചുപയോഗിച്ച് വന്നത്. പക്ഷേ ഇന്ന് വീരകേരളവർമ്മ, ഗോദവർമ്മ എന്നീ പേരുകൾ കൊച്ചിരാജവംശങ്ങളുടെ ഇടയിൽ പ്രചാരത്തിലി

ല്ല. സ്ത്രീകളുടെ പേരുകളാവട്ടെ കാവു, ഇക്കാവു, കുഞ്ഞിക്കാവു, മങ്കു, സുഭദ്ര, കുഞ്ഞിപ്പിള്ള എന്നിങ്ങനെയാണ്.

**തൃപ്പുണ്ണി തുറതാനം**

ബ്രാഹ്മണർക്കു നൽകുന്ന ദാനം കൊച്ചിയിൽ വലിയ തമ്പുരാട്ടി യുടെ ശ്രാദ്ധ ദിനങ്ങളിലും മഹാരാജാവിന്റെ പിറന്നാളിനും ആയിരുന്നു ദാനങ്ങൾ നൽകിയിരുന്നത്. ആകെ അഞ്ചുതാനങ്ങൾ. ഒരുതാനത്തിൽ എൺപത്തി ഒന്നുപേർക്കു ദക്ഷിണയുണ്ടാകും. ഇതിൽ മുപ്പത്തിയാറെണ്ണം പണ്ഡിതന്മാർക്കാണ് പട്ടത്താനം. മുപ്പത്തിയാറെണ്ണം കർമ്മികൾക്ക് ആണ്. യാഗം ചെയ്തവർക്ക് ഒൻപതെണ്ണം വിശേഷാൽതാനം ആണ്. കർമിത്താ നം, ശുകപുരം, പെരുവനം, ഇരിങ്ങാലക്കുട ഗ്രാമക്കാർ പന്ത്രണ്ടുവീതം ആണ്. പട്ടത്താനം ഇവർക്കുപുറമേ വേങ്ങനാട്ടു ഗ്രാമക്കാർ പന്ത്രണ്ടു വീതം ആണ്. പട്ടത്താനം ഇവർക്കുപുറമെ വേന്ദനാട്ടു ഗ്രാമക്കാർക്കു കുടി കൊള്ളുന്നതിനാൽ ഓരോ ഗ്രാമക്കാർക്കും ഒൻപതു വീതമേയുള്ളു. വിശേഷതാനത്തിനു ശുകപുരം, പെരുവനം, ഇരിങ്ങാലക്കുട ഗ്രാമങ്ങളിലെ ആറു വൈദികരും, തൃശൂർ തിരുനാവായ യോഗങ്ങളിലെ വാധ്യാന്മാരും രാജപ്രതിനിധിയായ അധ്യക്ഷനും പങ്കെടുക്കും. ശുകപുരം, വൈദികൾ ചെറുമുക്ക് ഇല്ലക്കാർ, പെരുവനം വൈദികർ, കപ്ലിങ്ങാട്ടു, കൈമുക്ക് ഇല്ല ക്കാർ, ഇരിങ്ങാലക്കുട വൈദികർ, പന്തൽ, പെരുമ്പടപ്പുമനക്കാർ അധ്യ ക്ഷൻ ഓട്ടുമനയിൽ നിന്ന്, സ്ഥിരം താനം സ്ഥിരീകരിക്കാനുള്ള വ്യക്തിക്കു ഹാജരാകാൻ സാധിച്ചില്ലെങ്കിൽ, താനം ഇല്ലത്ത് എത്തിച്ച് കൊടുക്കും.

വിശേഷ താനങ്ങൾക്ക് പണം മറ്റു തരത്തിൽ ഇരട്ടിയാണ്. തൃപ്പൂ ണിത്തുറ താനം വൈകുന്നേരം സന്ധ്യാവന്ദനം കഴിഞ്ഞാണു നൽകുക. വലിയ തമ്പുരാൻ കൊട്ടാരമാണ് താനത്തിന്റെ വേദി. നിറപറയും, നിലവി ളക്കും വച്ച് താനക്കാർ പടിഞ്ഞാറോട്ട് തിരിഞ്ഞിരിക്കും. ഒരു ആവണപ്പല കയും വട്ടപ്പലകയും അവിടെയുണ്ടാകും. അധ്യക്ഷന് ഇരിക്കാൻ മറ്റൊരു ആവണപ്പലകയും. ഇതിനൊക്കെ ഒരു നിശ്ചിത സ്ഥാനമുണ്ട്. അധ്യക്ഷൻ ഭണർകാട്ട് ഭട്ടതിരി എന്നാണ് സ്ഥാനപ്പേര് .ഇരുന്നു കഴി ഞ്ഞാൻ മഹാരാജാവ് വട്ടപ്പലകയിൽ കിഴക്കോട്ടു തിരിഞ്ഞു ബ്രാഹ്മണർക്ക് അഭിമുഖമായി ഇരിക്കും. പട്ടോലമേനോൻ ആണ് താനക്കാരു പേരുവായി

ക്കുക. അതിന് മുൻപ് ദേവീദേവന്മാരുടെ പേരുകൾ വായിക്കുകയും രാജാവ് അവർക്ക് ദേവീദേവന്മാരുടെ പേരുകൾ വായിക്കുകയും രാജാവ് അവർക്ക് വഴിപാട് എന്നു സങ്കൽപ്പിച്ച് അതിനായുള്ള കിഴികൾ വിളക്കിൽ വയ്ക്കുകയും ചെയ്യു. പിന്നീട് പേരുവിളിക്കുന്ന മുറയ്ക്ക് താനക്കാർ രാജാവിന്റെ മുന്നിൽ ആവണപ്പലകയിൽ ഇരിക്കും. അധ്യക്ഷൻ എടുത്തു കൊടുക്കുന്ന കിഴി രാജാവു സ്വീകർത്താവിനു സമർപ്പിക്കും. ഓരോകിഴി യിലും പതിനെട്ടു രൂപ ഇരുപതുപൈസ ഉണ്ടാകുന്നു. (അമ്പത്തി ഒന്ന്). തിരുവിതാംകൂറിലെയും കൊച്ചിയിലെയും കോഴിക്കോട്ടെയും രാജാക്ക ന്മാർ ശ്രേഷ്ഠരായ നമ്പൂതിരിമാർക്കു പ്രതിവർഷം നൽകിയിരുന്ന ദക്ഷി ണയും, സദ്യയും അടങ്ങുന്ന സർക്കാർ അടിയന്തിരം. താനം രണ്ടുവിധമു ണ്ട്. കർമിത്താനം കർമികൾക്കുകിട്ടുന്നു. പട്ടത്താനം പാരമ്പര്യ വഴിക്കു (ഒരു പണ്ഡിതന്റെ പിന്മുറയ്ക്കു കിട്ടുന്നു. ഉത്തരകേരളത്തിൽ അവർണ രുടെ ക്ഷേത്രങ്ങൾക്കും താനം എന്നു പറഞ്ഞിരുന്നു.

**ഇരട്ടച്ചിറ കോവിലകം (കണ്ണാടിവിഗ്രഹം)**



ശക്തൻതമ്പുരാൻ കോവിലകത്ത് വസിച്ചിരുന്ന ജനങ്ങൾ പൂജിച്ചി രുന്ന ദേവീസങ്കല്പത്തിലുള്ള കണ്ണാടി വിഗ്രഹങ്ങളാണ് ഇത്. കോവിലകം വില്ക്കപ്പെട്ടപ്പോൾ വിഗ്രഹം എവിടെയെങ്കിലും സ്ഥാപിക്കണമെന്നുകരുതി അവർ തൃശ്ശൂരിലെ ഇരട്ടച്ചിറ ശിവക്ഷേത്രത്തിൽ കൊണ്ടു സ്ഥാപിച്ചവ യാണ് ഈ രണ്ടു ദേവീസങ്കല്പത്തിലുള്ള കണ്ണാടി വിഗ്രഹങ്ങൾ

**അത്തച്ചമയം**

1949-ൽ തിരുവിതാംകൂർ - കൊച്ചി സംയോജനത്തോടെ രാജകീയ അത്തച്ചമയം നിർത്തലാക്കി. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിൽ ഓണത്തോടനുബന്ധിച്ച് ചിങ്ങമാസത്തിലെ അത്തം നാളിൽ നടത്തുന്ന ഒരു ആഘോഷമാണ് അത്തച്ചമയം. അത്തം നാളിൽ കൊച്ചി മഹാരാജാവ് സർവാഭരണവിഭൂഷിതനായി സർവസൈന്യസമേതനായും കലാസമൃദ്ധി യോടുംകൂടി ഘോഷയാത്രയായി പ്രജകളെ കാണാനെത്തുന്ന സംഭവമാ ണ് രാജഭരണകാലത്തെ അത്തച്ചമയം.

**തൃപ്പൂണിത്തുറ അത്തച്ചമയം**

10 ദിവസം നീണ്ടു നിൽക്കുന്ന ഓണാഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്ന ദിവസമാണ് അത്തം. സമാധാനവും, ഐശ്വര്യവും നിറഞ്ഞ തന്റെ ഭരണകാലം ഓർമിക്കുവാനും തന്റെ പ്രജകളെ നേരിൽ കാണു വാനും മഹാബലി ചക്രവർത്തി കേരളത്തിൽ വരുന്ന ദിവസമാണ് ഓണ മെന്ന് പറയുന്നതോടൊപ്പം ഇതു വിളവെടുപ്പുകാലം കൂടിയാണ്. മലയാള ത്തിലെ ചിങ്ങമാസത്തിൽ കൊച്ചിരാജാവു നടത്തുന്ന വിജയാഘോഷയാ ത്രയാണ് തൃപ്പൂണിത്തുറ അത്തച്ചമയ ഘോഷയാത്രയായി ആഘോഷിക്കു ന്നത്. ആദ്യകാലത്ത് രാജാവും പരിവാരങ്ങളും ഈ ഘോഷയാത്രയിൽ പങ്കെടുത്തിരുന്നു. എന്നാൽ ഇന്ന് രാജാവ് പങ്കെടുക്കുന്നില്ല. എങ്കിലും അത്തച്ചമയത്തിന്റെ പ്രൗഢിക്ക് ഒരു മങ്ങലും വരുത്താതെയാണ് ഘോഷ യാത്ര നടത്തുന്നത്. നെറ്റിപ്പട്ടം കെട്ടി അലങ്കരിച്ച ആനകളും നാടൻ കലാ രൂപങ്ങളും എല്ലാം ഈ ഘോഷയാത്രയിൽ ഉൾപ്പെടുന്നു. കേരളത്തിലെ മിക്ക കലാരൂപങ്ങളേയും അടുത്തുകാണുവാൻ പറ്റിയ അവസരം കൂടിയാണ് തൃപ്പൂണിത്തുറ അത്തച്ചമയം.

കൊച്ചി രാജാക്കന്മാർ അത്തം നാളിൽ നാനാജാതിമതസ്ഥരായ സമുദായ പ്രമാണിമാർക്കൊപ്പം തിങ്ങിനിറഞ്ഞ സമസ്ത ജനവിഭാഗങ്ങളു ടെയും നടുവിലൂടെ ചമഞ്ഞൊരുങ്ങി എഴുന്നള്ളിയ ഈ മഹാഘോഷ യാത്ര എന്ന് ആരംഭിച്ചു എന്നതിനു തെളിവുകൾ ഇനിയും ലഭ്യമല്ല. അത്ത ചമയത്തിന്റെ തുടക്കത്തെ കുറിച്ച് പല അഭിപ്രായങ്ങളാണ് നിലനിൽക്കു ന്നത്. ചേരരാജാക്കന്മാരുടെ കാലത്ത് തന്നെയുള്ള ആഘോഷമാണെ ന്നാണ് ഒരു അഭിപ്രായം. രാജപ്രൗഢി പ്രകടിപ്പിക്കാനാണ് പുരാതന ചേര രാജാക്കന്മാർ ഇത് നടത്തിയിരുന്നതെന്ന് പറയുന്നു.

ഈ ഘോഷയാത്രയിൽ എല്ലാ സാമന്തരാജാക്കന്മാരും പ്രഭുക്കന്മാരും ഉദ്യോഗസ്ഥൻമാരും പങ്കെടുത്തിരുന്നു. തൃശൂർ, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലും അത്തച്ചമയം നടന്നതായി പറയപ്പെടുന്നുണ്ട്. 12-ാം നൂറ്റാണ്ടുമുതൽ കൊച്ചി രാജാവും സാമൂതിരിയും അത്തച്ചമയം കൊണ്ടാടിയിരുന്നു. എന്നാൽ സാമൂതിരിക്ക് രാജ്യാവകാശം നഷ്ടപ്പെട്ടതിനെ തുടർന്ന് അത്തച്ചമയം കൊച്ചി രാജ്യത്ത് മാത്രമായി ആഘോഷിക്കുന്ന ഉത്സവമായി അവശേഷിക്കുകയുണ്ടായത്. കോഴിക്കോട്ട് സാമൂതിരിമാർ നടത്തിയിരുന്നതിനെക്കാൾ വർണശബളമായ ആഘോഷമായിട്ടാണ് കൊച്ചിരാജാക്കന്മാർ അത്തച്ചമയം നടത്തിയിരുന്നത്. ഇതിന് സമാനമായി തിരുവിതാംകൂർ രാജാക്കന്മാർ അരിയിട്ട് വാഴ്ച എന്നൊരു ആഘോഷ പരിപാടി നടത്തിയിരുന്നതായും പറയുന്നു.

രാജഭരണക്കാലത്ത് നിലനിന്നിരുന്ന അത്തച്ചമയത്തിനോട് ജനങ്ങൾക്ക് ഉണ്ടായിരുന്ന താൽപ്പര്യം കണക്കാക്കി പൗരസമിതി അത്തച്ചമയം പുനരാരംഭിക്കുകയായിരുന്നു. 1961 ൽ ഇത് ജനകീയ അത്തച്ചമയമായി മാറി. അതേവർഷം തന്നെ കേരള സർക്കാർ ഓണത്തെ സംസ്ഥാനോത്സവമായി പ്രഖ്യാപിച്ചു. മുൻപ് ഹിൽപാലസിൽ നടന്നിരുന്ന ചമയം ഇപ്പോൾ തൃപ്പൂണിത്തുറ ബോയ്സ് ഹൈസ്ക്കൂൾ ഗ്രൗണ്ടിലെ അത്തം നഗറിൽ നിന്ന് തുടങ്ങി നഗരം ചുറ്റി നഗറിലെത്തുന്നു.

നാനാജാതിമതസ്ഥരും പങ്കെടുക്കുന്നതിനാൽ ഇത് ഒരു മതേതര ആഘോഷമായി മാറിക്കഴിഞ്ഞിരിക്കുന്നു.

**ദേശമറിയിക്കൽ** ചടങ്ങോടെയാണ് അത്തച്ചമയത്തിന് തുടക്കമാകുന്നത്. അത്തത്തിന് നാലുദിവസം മുമ്പാണ് ദേശമറിയിക്കൽ ചടങ്ങ് നടത്തുന്നത്. ആനപ്പുറത്ത് ഒരു ചെറുവീടിന്റെ രൂപത്തിൽ അലങ്കരിച്ച അമ്പാരിയിൽ പ്രത്യേകം വേഷാധികൾ അണിഞ്ഞ ആളുകൾ നകാരം (പെരുമ്പറ) കൊട്ടി അത്തച്ചമയത്തെ കുറിച്ച് നാട്ടുകാരെ മുഴുവൻ അറിയിക്കുന്നതാണ് ദേശമറിയിക്കൽ എന്ന് പറയുന്നത്. നാലുദിവസം ഓരോ ഗോപുരവാതിലിൽ നിന്ന് നകാരം കൊട്ടിക്കൊണ്ട് ഇറങ്ങും. ഈ പരിപാടി കഴിഞ്ഞാൽ പിറ്റേദിവസമാണ് അത്തച്ചമയ ആഘോഷം നടക്കുന്നത്.

ചിങ്ങമാസത്തിലെ ഓണം നക്ഷത്രത്തിന് പത്തുദിവസം മുൻപ് അത്തം നാളിൽ നടത്തുന്ന ചമയം എന്ന വേഷഭൂഷകൾ അണിയുന്നത് കൊണ്ടാകാം അത്തച്ചമയത്തിന് ഈ പേര് വരാൻ കാരണം. ആദ്യകാലത്ത് ഡർബാർ കോട്ടയിൽ വച്ചാണ് അത്തച്ചമയം നടത്തിയിരുന്നത്. കളി

കോട്ടയിൽ നിന്നാണ് അത്തച്ചമയ ഘോഷയാത്ര പുറപ്പെട്ടിരുന്നത്. തെക്കേവഴിയിലൂടെ കിഴക്കേ കോട്ടയിൽ എത്തി ശ്രീ പൂർണത്രയീശന്റെ കിഴക്കേ നടവഴി അത്തച്ചമയ ഘോഷയാത്ര കളിക്കോട്ടയിൽ തിരിച്ചെത്തു മായിരുന്നു.

എന്നാൽ ആ സ്ഥാനം ഹിൽപ്പാലസ് ആക്കിയതോടെയാണ് അവിടെ നിന്നും ചമയഘോഷയാത്ര ആരംഭിക്കുന്നത്. മദിരാശിയിൽ തീപ്പെട്ട മഹാരാജാവിന്റെ കാലം മുതൽക്കേയാണ് അത്തച്ചമയത്തിന്റെ ഡർബാർ രാജാവിന്റെ ഔദ്യോഗിക വസതിയായ ഹിൽപ്പാലസിലേക്ക് മാറ്റിയത്. അത്തച്ചമയത്തിന്റെ ദിവസം കൊച്ചി രാജ്യത്തെ മുഴുവൻ ആളു കൾക്കും വേണ്ടി ഹിൽ പാലസിന്റെ കവാടം തുറന്നിടും. കനകക്കുന്നു കൊട്ടാരപരിസരങ്ങളും കമനീയമായ അലങ്കാരത്തിൽ പ്രൗഢിയോടെ നിൽക്കും. പാണാവള്ളിയിൽ നിന്ന് കൊണ്ടുവരുന്ന വെളുത്ത മണ്ണ് ഉപ യോഗിച്ചാണ് കൊട്ടാരവളപ്പിലെ ഏഴുറോഡുകളും അലങ്കരിച്ചിരുന്നത്.

അത്തം നാളിന് തലേ ദിവസമായ ഉത്രം നാളിലാണ് രാജാവിന് ചന്തം ചാർത്തൽ ചടങ്ങ് നടക്കുന്നത്. പിറ്റേദിവസം അത്തം നാളിൽ അതിരാവിലെ എഴുന്നേറ്റ് എണ്ണതേച്ച് കുളിച്ച് തറ്റുടുത്തു പരദേവതമാരായ പഴയന്നൂർ ഭഗവതിയും ശ്രീപൂർണത്രയീശനും വഴിപാട് കഴിക്കും. തുടർന്ന് ചമയത്തിനായി പ്രത്യേകം ഒരുക്കിയ ചമയമുറിയിൽ പ്രവേശിക്കു കയായി. നമ്പൂതിരിമാരും തിരുമുൽപ്പാടുമാരും ചേർന്നാണ് രാജാവിനെ വേഷഭൂഷാദികൾ അണിയിച്ചൊരുക്കുന്നത്.

വേഷ ഭൂഷാദികൾ എല്ലാം അണിഞ്ഞ് രാജാവ് ഉടവാളുമായി പുറ ത്തെത്തുമ്പോൾ കക്കാട്ടു കാരണവരും നാട്ടുപ്രമാണികളും മുഖം കാണി ക്കാൻ കാത്തു നിൽക്കുന്നുണ്ടാകും. ചിറ്റഞ്ഞൂർ, ചിറളയം, മണക്കുളം, കുമാരപുരം എന്നീ രാജസ്വരൂപങ്ങളിലെ മൂത്തയാളാണ് കക്കാട് കാരണവ പ്പാട് രാജാവ് പുറത്തേക്കിറങ്ങുന്ന ഈ സമയത്ത് കോട്ടയ്ക്ക് പുറത്തുള്ള ചക്കംകുളങ്ങര ശിവക്ഷേത്രത്തിൽ നിന്ന് ആചാരവെടികൾ മുഴങ്ങിക്കൊ ണ്ടേയിരിക്കും. കക്കാട്ടു കാരണവർ രാജാവിനെ മുഖം കാണിച്ച ശേഷം ഓണപ്പുടവയും സമ്മാനമായി ഏറ്റുവാങ്ങും. തുടർന്ന് രാജചിഹ്നങ്ങളോടു കൂടി മഹാരാജാവ് സിംഹാസനത്തിൽ ഉപവിഷ്ടനാകും. തുടർന്ന് പല്ല ക്കിൽ കയറി രാജാവ് അത്തം ഘോഷയാത്രയ്ക്കായി പുറപ്പെടുന്നത്.

രാജസിംഹാസനത്തിൽ ഇരിക്കുന്ന രാജാവ് ചേരമാൻ പെരുമാളുടെ എന്ന് വിശ്വസിക്കുന്ന രത്നങ്ങൾ പതിച്ച പൊൻ കിരീടം എടുത്ത് മടിയിൽ വെയ്ക്കുന്നു. കിരീടം മടിയിൽ വെയ്ക്കുന്നതിനും കാരണമുണ്ട്. പണ്ട്

കാലത്ത് മലബാറിലെ വന്നേരിക്കടുത്തുള്ള ചിത്രകൂടത്തിലായിരുന്നത്രേ കൊച്ചിരാജാക്കന്മാരുടെ കിരീടധാരണം. ഇതിന് അരിയിട്ടു വാഴ്ച എന്നു കൂടി പറയുമായിരുന്നു.

സാമൂതിരി ആ പ്രദേശം പിടിച്ചെടുത്തു. ചിത്രകൂടം വീണ്ടും കൊച്ചി രാജ്യത്തിന്റെ അധീനതയിലാകുന്നതുവരെ കിരീടം ശിരസിൽ അണിയില്ല എന്ന് അന്നത്തെ ഭരണാധിപൻ ശപഥം ചെയ്തിരുന്നതായി പറയപ്പെടുന്നു. ഇതുകൊണ്ടാണത്രേ രാജാക്കന്മാർ ചേരമാൻ പെരുമാളുടെ കിരീടം ശിരസിൽ ധരിക്കാതിരുന്നത് അമൂല്യ വസ്തുവായ ഈ കിരീടം ഇപ്പോൾ ഹിൽപാലസ് മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കിരീടത്തിൽ പിടിപ്പിച്ചിരിക്കുന്ന അതിവിശിഷ്ടമായ രത്നങ്ങളും മുത്തുകളും പോർച്ചുഗീസ് ഗവർണർ അന്നത്തെ കൊച്ചിരാജാവിന് സമ്മാനിച്ചതാണെന്നും പറയപ്പെടുന്നു.

1949- ൽ തിരുവിതാംകൂർ, കൊച്ചി സംയോജനത്തോടെ രാജകീയ അത്തച്ചമയം അവസാനിച്ചു. രാജഭരണകാലത്തെ അത്തച്ചമയത്തിനോട് ജനങ്ങൾക്ക് ഉണ്ടായിരുന്ന താൽപ്പര്യം കണക്കാക്കി പൗരസമിതി അത്തച്ചമയം പുനരാരംഭിച്ചു. ഇത് 1961 ൽ ജനകീയ അത്തച്ചമയമായി മാറി. ഇതേ വർഷം സംസ്ഥാനസർക്കാർ ഓണത്തെ സംസ്ഥാനോത്സവമായി പ്രഖ്യാപിച്ചു. ഹിൽപ്പാലസിനു പകരം തൃപ്പൂണിത്തുറ ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിലെ അത്തം നഗറിൽ നിന്നു തുടങ്ങി നഗരം ചുറ്റി തിരികെ അത്തം നഗറിലെത്തുന്നതാണ് ഇപ്പോഴത്തെ അത്താഘോഷമെന്ന അത്തച്ചമയം. 2018-ലെ വെള്ളപ്പൊക്കത്തിനുശേഷം പഴയകാലം പ്രൗഢിയോടെ അത്താഘോഷ പരിപാടികൾ നടന്നിട്ടില്ല.

**കൊച്ചീരാജാക്കന്മാരുടെ കിരീടധാരണ ചടങ്ങ്**

രാമവർമ്മ മഹാരാജാവിന്റെ (1701-21) കാലം മുതൽ സാമൂതിരിയിൽ നിന്നും ചിത്രകൂടം തിരിച്ചുപിടിച്ചടക്കിയതിനുശേഷം കിരീടധാരണം അവിടെ നടത്തുമെന്ന പ്രതിജ്ഞ പൂർത്തിയാക്കാൻ കഴിയാത്തതിനാൽ കൊച്ചി രാജാക്കന്മാർ കിരീടം ധരിക്കാറില്ല. അതിന് ശേഷം കൊച്ചി രാജാക്കന്മാർ കിരീടധാരണമെന്ന ചടങ്ങ് നടത്താറില്ല. കിരീടം തലയിൽ വയ്ക്കില്ല. കിരീടം മടിയിലാണ് വയ്ക്കാറുള്ളത്. രാജഭരണം അവസാനിച്ചെങ്കിലും പേരിന് വേണ്ടി കുടുംബത്തിലെ അടുത്ത ആളിനെ തിരഞ്ഞെടുക്കുന്നതിന് വേണ്ടി തിരുവിതാംകൂറിലും ഈ ചടങ്ങ് നടക്കാറുണ്ട്.

**അരിയിട്ട് വാഴ്ച**

കൊച്ചി രാജ്യത്ത് ഒരു പുതിയ രാജാവിനെ വാഴിക്കുന്നതിന്റെ ഭാഗമായുള്ള സ്ഥാനാരോഹണ ചടങ്ങാണിത്. രാജാവായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തി മട്ടാഞ്ചേരി കൊട്ടാരത്തിൽനിന്നും അരിയിട്ടുവാഴ്ച കോവിലകത്തിലേക്കു വരുന്നതോടുകൂടി ചടങ്ങുകൾ ആരംഭിക്കും. ഘോഷയാത്രയായി ഇവിടെ എത്തിയ രാജാവ് അവിടുത്തെ കുളത്തിൽ മുങ്ങിക്കുളിച്ച് കോവിലകത്തുള്ള മുറി തുറന്ന് അവിടുത്തെ കട്ടിലിൽ ഇരിക്കും. കയ്യിൽ ഓലക്കുടയും ഉണ്ടായിരിക്കും. ഇതിതുശേഷം പൂജാരിമാരുടെ വരവാണ്. പൂജകളുടെയും, മന്ത്രോച്ചാരണങ്ങളുടെയും അകമ്പടിയോടെ അവർ രാജാവിന്റെ തലയിലേക്ക് അരി ചൊരിയുകയാണ്. ഇതിനെയാണ് അരിയിട്ടുവാഴ്ച ചടങ്ങ് എന്നു പറയുന്നത്. ഇവിടുത്തെ ചടങ്ങ് പൂർത്തിയാക്കി രാജാവ് തിരകെ പോകുമ്പോൾ മട്ടാഞ്ചേരി കൊട്ടാരത്തിനടുത്തുള്ള പള്ളിയറക്കടവ് ക്ഷേത്രം, അടുത്തുള്ള മറ്റ് ക്ഷേത്രങ്ങൾ, മഠം തുടങ്ങിയവ സന്ദർശിക്കുകയും ചെയ്യും. ഇതോടെ രാജാവ് ഔദ്യോഗികമായി സ്ഥാനാരോഹിതനാകുകയും കൊച്ചി രാജ്യത്തിന് പുതിയ രാജാവിനെ ലഭിക്കുകയും ചെയ്യും.

രാജഭരണം മാറി ജനാധിപത്യം വന്നുവെങ്കിലും രാജഭരണത്തിന്റെ അടയാളങ്ങൾ ഇന്നും നാടിന്റെ വിവിധ ഭാഗങ്ങളിൽ കാണാം. ആചാരവും വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്ന രാജകീയ ചടങ്ങുകളായ അരിയിട്ടുവാഴ്ചയെക്കുറിച്ച് കേട്ടിട്ടില്ലാത്തവർ കാണില്ല. രാജവംശത്തിലെ പുതിയ രാജാവിനെ വാഴിക്കുന്ന ചടങ്ങിന്റെ ഭാഗമാണ് അരിയിട്ടുവാഴ്ച. എന്നാൽ ഈ ചടങ്ങിനു വേണ്ടി മാത്രമായി ഉപയോഗിച്ചിരുന്ന ഒരു കൊട്ടാരം ഉണ്ട്.

**അരിയിട്ടുവാഴ്ചകോവിലകം**

അരിയിട്ടുവാഴ്ച നടത്തുന്നതിന് വേണ്ടി ഒരു കോവിലകം തന്നെ കൊച്ചിരാജ്യത്തിൽ ഉണ്ടായിരുന്നു. എറണാകുളം ജില്ലയിലെ മട്ടാഞ്ചേരിയിലുള്ള കോവിലകമാണ് അരിയിട്ട് വാഴ്ച കോവിലകം എന്ന് പറയുന്നത്. ഇത് ഒരു സംരക്ഷിത സ്മാരകമായി കേരളസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നാലുകെട്ട് മാതൃകയിലുള്ള കെട്ടിടമാണിത്. അരിയിട്ടു വാഴ്ച സ്വീകരിക്കുന്നത്. മട്ടാഞ്ചേരി കൊട്ടാരത്തിലുള്ള സഭാഹാളിൽ വച്ച് രാജാവ് തന്റെ ആദ്യസഭവിളിക്കുന്നതോടെ ചടങ്ങുകൾ അവസാനിക്കുന്നു. ഈ ചടങ്ങിന് ശേഷം കൊച്ചി രാജ്യത്തിന് പുതിയ രാജാവിനെ ലഭിക്കുന്നു.

**വെള്ളിത്തണ്ട്**

രാജാവിന്റെ യാത്രയ്ക്ക് ഉപയോഗിച്ചവയാണ്. പണ്ട് കൊച്ചിരാജാക്കന്മാർ യാത്രാ സൗകര്യങ്ങൾക്ക് പരിമിതികൾ ഉണ്ടായിരുന്നു. (അതേപോലെതന്നെ ആചാരങ്ങളും യാത്രയ്ക്ക് തടസ്സങ്ങൾ ഉണ്ടാകുമായിരുന്നു). കാരണം ദൂരെ യാത്രകളും കടൽകടന്നയാത്രകളും ഇവർക്ക് നിഷിദ്ധമായിരുന്നു. ദിവസവും മുങ്ങിക്കുളി നിർബന്ധമായിരുന്നു. ദൂരെയാത്രയ്ക്കു അംഗരക്ഷകരെയും, പാചകക്കാരെയും കൊണ്ട് പോകുന്ന പതിവുണ്ടായിരുന്നു. യാത്രയ്ക്ക് മുൻപിലും പിൻപിലും അംഗരക്ഷകരും അതേപോലെ വില്ലക്കാരും, വെള്ളിത്തണ്ട് എന്ന ആ ആളുകളും ഉണ്ടാകുമായിരുന്നു. വെള്ളിത്തണ്ടുകാരാണ് വെള്ളി പിടിച്ച് കിലുക്കി ശബ്ദം ഉണ്ടാക്കി രാജാവിന്റെ വരവ് അറിയിക്കുന്നത്.

**ചങ്ങലവട്ടം വിളക്ക്**

രാജകുടുംബത്തിലെ സ്ത്രീകൾ അവരുടെ കുളി കഴിഞ്ഞ് ക്ഷേത്രദർശനത്തിൽ പോകുമ്പോൾ അവർക്ക് വഴികാട്ടി ആകാൻ വേണ്ടി പിടിക്കുന്ന അവരുടെ വരവ് അറിയിക്കുന്ന വിളക്കാണ് ചങ്ങലവട്ടം വിളക്ക്. ക്ഷേത്രദർശനത്തിൽ പോകുമ്പോൾ മാത്രമാണ് ചങ്ങല വിളക്ക് ഉപയോഗിക്കുന്നത്.

**അടിമ കിടത്തൽ**

കൊച്ചി രാജവംശത്തിലെ നിലനിന്നിരുന്ന സമ്പ്രദായമാണ് അടിമ കിടത്തൽ. ജനിച്ച കുട്ടിയെ കുലദേവതയ്ക്കു സമർപ്പിക്കുന്ന ചടങ്ങാണ് അടിമ കിടത്തൽ.

കുട്ടി ജനിച്ച് പുല കഴിഞ്ഞാൽ ജനിച്ച കുട്ടിയെ അടിമ കിടത്തുകയും ഒരു നിശ്ചിത പണം ക്ഷേത്രത്തിലെ മൂത്തതിനു നൽകുകയും, മൂത്തത് കുട്ടിയെ വളർത്താൻ മാതാവിനു തിരിച്ച് ഏൽപ്പിക്കുകയും ചെയ്യുന്നു. ഇതാണ് അടിമ കിടത്തൽ ആചാരം.

ചോറൂണിനു ശേഷം കുട്ടിയെ ക്ഷേത്രത്തിൽ ദേവന്റെ അടിമയായി കിടത്തും. പിന്നീട് കഴിവ് അനുസരിച്ചുള്ള തുക ഭണ്ഡാരത്തിൽ നിക്ഷേപിച്ച് രക്ഷകർത്താക്കൾ കുട്ടിയെ തിരിച്ചെടുക്കും. കുട്ടിയെ ഭഗവാന്റെ രക്ഷയിൽ ആക്കുന്നു എന്നതാണ് സങ്കൽപ്പം. തിരുവിതാംകൂർ രാജകുടുംബത്തിലെ ആൺ കുട്ടികളെ ഇങ്ങനെ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ മണ്ഡപത്തിൽ കിടത്തുന്നതോടു കൂടിയാണ് അവർ പത്മനാഭ ദാസൻമാർ ആകുന്നത്.

**ഏറ്റനരി**

കൊച്ചി രാജകുടുംബത്തിലെ രാജാക്കന്മാരുടെ പിറന്നാളിനു നടത്തിയിരുന്ന വഴിപാട്. ഓരോ വയസ്സുകൂടുമ്പോഴും ഓരോപറ അരി എന്ന കണക്കിൽ ആണ് വഴിപാട്. വെള്ളാരപ്പള്ളിയിൽ പുതിയിടം ക്ഷേത്രത്തിൽ കപ്രയൂർ കർത്താവിനാണ് ഈ അരിക്ക് അവകാശമുണ്ടായിരുന്നത്.

**കൂട്ടിരിപ്പ്**

കൊച്ചി രാജാക്കന്മാരുടെ കുടുംബങ്ങളിലെ തമ്പുരാട്ടിമാരെ വിവാഹം ചെയ്യുന്ന നമ്പൂതിരിമാർ, മുൻകാലങ്ങളിൽ കൊട്ടാരത്തിൽ തന്നെയാണ് താമസിക്കുക. സ്വന്തം ഇല്ലങ്ങളിലേക്കു ഭാര്യമാരായ തമ്പുരാട്ടിമാരെ കൊണ്ടുപോകാറില്ല. അങ്ങനെ താമസിക്കുന്ന സമ്പ്രദായം കൂട്ടിരിപ്പ് എന്നു പറയുന്നു. നമ്പൂതിരിമാരെ ഇരിപ്പുകാരൻ എന്നെല്ലാം പറയാറുണ്ട്.

**രാജരഥം**

പല്ലക്കുകളിലുള്ള സഞ്ചാരം ഒരു പ്രത്യേക അവകാശമായി പ്രഭുക്കന്മാരും, നാടുവാഴികളും രാജാക്കന്മാരും അനുഭവിച്ചുപോന്നിരുന്നു. കാലം ചെന്നപ്പോൾ കാളവണ്ടികളും കുതിരവണ്ടികളും രാജരഥങ്ങളും നിലവിൽ വന്നു.

ഇവിടെ പ്രദർശിപ്പിച്ചിട്ടുള്ള രാജരഥം മദ്രാസ് സംസ്ഥാനത്തുള്ള ആലി ബ്രദേഴ്സ് എന്ന കമ്പനി നിർമ്മിച്ചിട്ടുള്ളവയാണ്. ഈ ലക്ഷ്വറി കോച്ച് ഡർബാർ കോച്ച് എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ കോച്ചിന്റെ യന്ത്രസംവിധാനവും പ്രത്യേകതയാർന്ന ലൈറ്റിംഗ് സമ്പ്രദായവും കൗതുകമാണ്. കൊച്ചി രാജകുടുംബങ്ങൾ ഡൽഹിയിൽ ഉപയോഗിക്കുന്ന ഈ വാഹനത്തിന്റെ ഇരുപാർശ്വങ്ങളിലും പെരുമ്പടപ്പു സ്വരൂപത്തിന്റെ രാജമുദ്ര ആലേഖനം ചെയ്തിട്ടുണ്ട്. നാലുകുതിരകൾ വലിച്ചിരുന്ന ഈ രഥത്തിന് നൂറുവർഷത്തിലധികം പഴക്കമുണ്ട്. പോർട്ടുഗീസുകാരുടെ ആഗമനത്തിന് മുൻപുള്ള കൊച്ചിരാജകുടുംബത്തിന്റെ ചരിത്രം അധികാരമായി ലഭ്യമല്ല. എന്നാൽ കൊച്ചിയുടെ പൂർവ്വ ചരിതത്തെ ജനങ്ങളിൽ നിലനിന്ന വിശ്വാസങ്ങളെയും പാരമ്പര്യത്തെയും പറ്റി കേരള മാഹാത്മ്യം എന്ന സംസ്കൃതകൃതിയിലും കേരളോൽപ്പത്തി എന്ന മലയാള കൃതിയിലും പ്രതിപാദിച്ചിട്ടുണ്ട്.

ദക്ഷിണേന്ത്യയുടെ ഭൂരിഭാഗവും ഉൾപ്പെട്ടിരുന്ന സാമാജ്യത്തിന്റെ ഭാഗമായിരുന്നു കൊച്ചി. ദക്ഷിണേന്ത്യയുടെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിലും ആചാരാനുഷ്ഠാനങ്ങളും, പാരമ്പര്യവും മതവുമെല്ലാം നിലനിർത്തി ചരിത്രത്തെ സമ്പന്നമാക്കുന്നതിലുമെല്ലാം കൊച്ചിയുടെ സംഭാവന എടുത്തു പറയത്തക്കതാണ്.

**ഗ്രന്ഥസൂചി**

1. കേരളത്തിലെ പ്രാചീനലിപി മാതൃകകൾ
2. ശക്തൻ തമ്പുരാന്റെ തിരഞ്ഞെടുത്ത ഭരണരേഖകൾ
3. ശക്തൻ തമ്പുരാൻ-പുത്തേഴത്ത് രാമൻമേനോൻ

# നഗരസങ്കല്പനം അനന്തപുരവർണ്ണനത്തിൽ ഹസ്തലിഖിതപാഠം മുൻനിർത്തിയുള്ള പഠനവിശകലനം

**ഷീല എസ്.**


**പ്രബന്ധസംഗ്രഹം**

*മലയാളസാഹിത്യത്തിൽ നഗരപശ്ചാത്തലം ശക്തമായി കടന്നുവരുന്നത് പത്തൊൻപതാം നൂറ്റാണ്ടോടെയാണെങ്കിലും മണിപ്രവാളകൃതികളിലും അതിന്റെ പ്രാചീനത കണ്ടെത്താൻ തക്ക തെളിവുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. സന്ദേശകാവ്യങ്ങൾ, അച്ചീചരിതങ്ങൾ, അനന്തപുരവർണ്ണനം തുടങ്ങിയവയി ലെല്ലാം ദേശവർണനകൾ സുലഭമാണ്.*

*പുരാവസ്തുഗവേഷകർക്കും ചരിത്രപഠിതാക്കൾക്കും ഏറെ പ്രയോജനം ചെയ്യുന്നവയാണ് ഇത്തരം ദേശസൂചനകൾ. തിരുവനന്തപുരത്തിന്റെ പ്രാചീന ദേശചരിത്രം വായിച്ചെടുക്കാൻ സഹായകമായ അനന്തപുരവർണ്ണനത്തെയാണ് ഇവിടെ പഠനവിധേയമാക്കുന്നത്. കേരള സർവ്വകലാശാല ഹസ്തലിഖിത ഗ്രന്ഥാലയത്തിലെ രജി.നമ്പർ 732D എന്ന അനന്തപുരവർണ്ണനം താളിയോല ഗ്രന്ഥമാണ് പഠനത്തിന് ആധാരഗ്രന്ഥമാക്കിയത്.*



**താക്കോൽ വാക്കുകൾ**

*നഗരസങ്കല്പനം, അനന്തപുരവർണ്ണനം, ചാലക്കമ്പോളം, സ്യാനന്ദൂരപു രം, കാന്തള്ളൂർശാല, ഹസ്തലിഖിതപാഠം.*


**ആമുഖം**

നഗരത്തിന്റെ പ്രാതിനിധ്യസ്വഭാവം അനന്തപുരവർണ്ണനത്തിൽ എങ്ങനെയെല്ലാം കടന്നുവരുന്നുണ്ട് എന്നും, കൃതിയുടെ ചരിത്രപരവും സാംസ്കാരികവുമായ പ്രത്യേകതകൾ, സമകാലപ്രസക്തി, ഭാവി ഗവേഷ കർക്കായി ഈ കൃതി നൽകുന്ന പഠനസാധ്യതകൾ എന്നിവ സാമാന്യ മായി പ്രതിപാദിക്കുന്നു.

അനന്തപുരവർണ്ണനത്തിൽ പറയുന്ന ചാലക്കമ്പോളം പ്രതിഫലിപ്പിക്കുന്നത് നഗരത്തിന്റെ ചലനങ്ങളാണ്. അവിടെ കൂടിയിരുന്ന ജനം, വ്യാപാര സാധനങ്ങൾ, സംഭാഷണങ്ങൾ എന്നിവ വിശ്വസനീയമായ രീതിയിൽത്തന്നെ കൃതിയിൽ ആവിഷ്കരിച്ചിരിക്കുന്നു. ചരിത്രപ്രസിദ്ധമായ കാന്തള്ളൂർ ശാലയെക്കുറിച്ച് സ്ഥലവിവരം വ്യക്തമാകുന്ന കൃതികൂടിയാണ് ഇത്. നഗരത്തിന്റെ അഭിവൃദ്ധിക്ക് വിദ്യാശാലകൾ വഹിക്കുന്ന പങ്ക് ഇവിടെ വ്യക്തമാണ്.

**ഗ്രന്ഥവിവരണം**

കേരളസർവകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപിറ്റ്സ് ലൈബ്രറിയിൽ അനന്തപുരവർണ്ണനത്തിന്റെ താളിയോല പകർപ്പ് സൂക്ഷിച്ചിട്ടുണ്ട്.

മാനുസ്ക്രിപ്റ്റ് നമ്പർ: 732.

14-ാം നൂറ്റാണ്ട്

4th work (D Work)

(732 D)

15 താളുകൾ (damaged)

മണിപ്രവാള ദ്രമിഡ സംസ്കൃതം സ്തുതി എന്നാണ് കൊടുത്തിരിക്കുന്നത്. എവിടുന്നു കിട്ടി എന്ന് രേഖപ്പെടുത്തിയിട്ടില്ല.

**കാറ്റലോഗ് വിവരങ്ങൾ**

അനന്തപുരവർണ്ണനം (മണിപ്രവാളം)

ദേശചരിത്രം

ഗ്രന്ഥസംഖ്യ: 375

താളിയോല

അപൂർണ്ണം

**തിരുവനന്തപുരം ആണോ തിരുവനന്താപുരം ആണോ?**

അമരകോശത്തിൽ നഗരത്തിനു നൽകിയിരിക്കുന്ന പര്യായങ്ങൾ പുരി, പുരം, നഗരി, നഗരം, പത്തനം, പുടഭേദനം എന്നിവയാണ്. ഇവയിൽ

'ഭണ്ഡാരങ്ങൾ നിറഞ്ഞു കിടക്കുന്നതും രക്ഷ ലഭിക്കുന്നതുമായ ഇടം' എന്ന അർത്ഥത്തിൽ പറഞ്ഞിരിക്കുന്ന പുരം എന്ന സംജ്ഞയാണ് അനന്ത പുരത്തിനു വന്നു ചേരുന്നത്. അനന്തപുരം അനന്തന്റെ പുരം - അനന്ത ശായിയായ പത്മനാഭന്റെ ഇടം.

തിരുവനന്തപുരത്തിന്റെ സംസ്കൃതസംജ്ഞസ്യാനന്ദൂരപുരം എന്നാ ണ്. 'സ്യാദ് ആനന്ദ: അദൂരെ' എന്ന വ്യുല്പത്തി അനുസരിച്ച് 'അരികിലാ നന്ദം ഉള്ളത്' എന്നർത്ഥം. 'തൊട്ടടുത്തു തന്നെ സന്തോഷാനുഭവം സ്വായ ത്തമാക്കുന്ന പുരി' എന്ന അർത്ഥത്തിലാണ് സ്യാനന്ദൂരപുരമെന്ന പേര് കല്പിച്ചിട്ടുള്ളതെന്ന് പണ്ഡിതർ അഭിപ്രായപ്പെടുന്നു[1]. ക്രി.വി. 1188-ലെ കൊല്ലൂർ മഠം ചെപ്പേടിലാണ് തിരുവനന്തപുരത്തെക്കുറിച്ചുള്ള പരാമർശം ആദ്യമായി കാണുന്നത്. അതിനു മുൻപുള്ളവയിൽ തിരുവനന്തപുരം എന്ന സ്ഥലനാമം വ്യക്തമായി പറയുന്നില്ല. 'തിരുവാനന്തപുരത്തു ചോമായിക്കു ടികൊയിക്കൽ' എന്ന വാക്യഖണ്ഡത്തിൽ കാണുന്ന സ്ഥലപ്പേര് തിരുവന ന്തപുരമാണെന്നു ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ പ്രസ്താവിക്കുന്നു[2]. അതിലെ തിരു എന്ന പൂജക ശബ്ദം മാറ്റിയാൽ ആനന്ദപുരമാകും. ക്രി. വ. 1200 -ലെ ശ്രീപദ്മനാഭസ്വാമി ക്ഷേത്ര രേഖയിലും തിരുവാനന്തപുരമാ ണുള്ളത്. ക്രി.വ. 1374-ലെ പദ്മനാഭസ്വാമിക്ഷേത്രം കൃഷ്ണൻകോവിൽ രേഖയിലും ശുകസന്ദേശത്തിലും ഉണ്ണുനീലി സന്ദേശത്തിലും സ്യാനന്ദൂര പുരം എന്നാണുള്ളത്. എന്നാൽ ലീലാതിലകത്തിൽ തിരുവനന്താപുരം എന്നും കാണുന്നു.

"പദ്മനാഭസ്വാമിക്ഷേത്രം പ്രാചീന നഗര സംവിധാനക്രമമനുസരി ച്ചുള്ള കന്മതിലിനുള്ളിലാണ് സ്ഥിതി ചെയ്യുന്നത്. പ്രാചീന നഗരസംവി ധാനരീതി അനുസരിച്ച് ഒരു നഗരത്തിന് ഒരു യോജനയോ അര യോജ നയോ സ്ഥലമെടുക്കണം. നഗരത്തിന്റെ തെക്കും വടക്കും കിഴക്കും പടി ഞ്ഞാറും വശങ്ങളിൽ നാല് പ്രധാന കവാടങ്ങൾ ഉണ്ടായിരിക്കണം. കന്മതി ലിനു വെളിയിലായി കൈതവേലി കെട്ടണം. അങ്ങനെയൊരു കൈതവേലി തിരുവനന്തപുരത്തു കോട്ടക്കു ചുറ്റുമായി ഉണ്ടായിരുന്നു. നടക്കാവിന്റെ ഇരുഭാഗത്തും കാണുന്ന വിവിധതരം വൃക്ഷങ്ങൾ എന്തെല്ലാമെന്ന് പരാ മർശിക്കുന്ന ശ്ലോകത്തിൽ കൈതയെപ്പറ്റി പ്രതിപാദിക്കുന്നത് ഇതിനു തെളിവു നൽകുന്നു.

ചേൺപ ....... ച്ചൂതു

തൺപകം പിച്ച കേതകി

അശോകാർജുന പുന്നാഗ(?)

വം(ശു/ശ) കിംശുക പാദപൈ

(ശ്ലോകം 27)

നഗരം നിർമ്മിച്ചു കഴിഞ്ഞാൽ അതിന്റെ അഗ്നികോണിൽ സ്വർണപ്പണിക്കാരെ കുടിപ്പാർപ്പിക്കണം. തെക്കുഭാഗത്തും നൃത്യോപജീവികളായ വേശ്യാ സ്ത്രീകളുടെ ഭവനങ്ങൾ ഉണ്ടാവണം. നിരൃർതികോൺ നടന്മാരുടെയും എണ്ണയാട്ടുന്നവരുടെയും മറ്റും ആവാസസ്ഥാനമായിരിക്കണം പടിഞ്ഞാറു ഭാഗം. മഹാമാന്യർ, ട്രഷറി ഉദ്യോഗസ്ഥന്മാർ, ഗായകസംഘം, ബ്രാഹ്മണർ എന്നിവർക്കുള്ളതാണ്. അത്തരം കുടിയിരുപ്പുകളുടെ ശേഷിപ്പുകൾ ഇന്നും ഈ നഗരത്തിൽ കാണാം.” [3] ഈ ഒരു സംവിധാനം നഗരത്തിന്റെ ആവശ്യകതയായി പരിഗണിച്ചിരുന്നത് ശ്രദ്ധേയമാണ്.

**കാന്തള്ളൂർശാല നൽകിയ നഗരപ്രതാപം**

ഇന്ത്യയിലെ പല നഗരങ്ങളും രൂപംകൊള്ളുന്നത് ഏതെങ്കിലുമൊരു അങ്ങാടിയുമായി ബന്ധപ്പെട്ടാണ്. എന്നാൽ തിരുവനന്തപുരം രൂപംകൊള്ളുന്നത് മഹത്തായ ഒരു കലാശാലയെയും പ്രമുഖമായ ഒരു തീർത്ഥാടനകേന്ദ്രത്തെയും ബന്ധപ്പെടുത്തിക്കൊണ്ടാണ്. ഒരു കാലത്ത് വിഴിഞ്ഞത്തായിരുന്നെന്നു പറയപ്പെടുന്ന കാന്തള്ളൂർശാല പിന്നീട് തിരുവനന്തപുരം നഗരപരിസരത്തു തന്നെയായിരുന്നു സ്ഥിതി ചെയ്തിരുന്നത്. ആദ്യകാലങ്ങളിൽ ഹൈന്ദവ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടാണ് ശാലകൾ പ്രവർത്തിച്ചിരുന്നത്. കേരളത്തിൽ പ്രധാനമായും 4 ശാലകൾ ഉണ്ടായിരുന്നു. മൂഴിക്കുളം ശാല, തിരുവല്ലം ശാല, പാർത്ഥിവപുരം ശാല, കാന്തള്ളൂർശാല. ഇവയിൽ കാന്തള്ളൂർശാല കേവലമൊരു വിദ്യാകേന്ദ്രമായിരുന്നില്ല; ഉന്നത വിദ്യാപീഠമായിരുന്നു. വേദങ്ങൾ കൂടാതെ, പഠിപ്പിച്ചിരുന്ന 64 വിജ്ഞാനശാഖകളിൽ ലോകായുതവും ഉൾപ്പെട്ടിരുന്നു. ചാർവാകമതം ഇവിടെ പഠിപ്പിച്ചിരുന്നു എന്നാണ് പറയപ്പെടുന്നത്. ഇത് കാന്തള്ളൂർ ശാലയുടെ പുരോഗമനപരമായ വീക്ഷണത്തിന് ഉത്തമ ഉദാഹരണമാണ്. ശ്രീലങ്കയിൽ നിന്ന് വിദ്യാർത്ഥികൾ ഇവിടെ എത്തിയിരുന്നു. പാർത്ഥിവപുരം ചെപ്പേടിൽ കാന്തള്ളൂർശാലയെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാണ്. അനന്തപുരവർണ്ണനത്തിൽ വിശദാംശങ്ങൾ കാണുന്നില്ല

ഒൻപതാം നൂറ്റാണ്ടു മുതൽ പതിന്നാലാം നൂറ്റാണ്ടുവരെ വളർന്നു വികസിച്ച കാന്തള്ളൂർശാല തുടരെത്തുടരെയുണ്ടായ ചോള ആക്രമങ്ങ ളിൽ ക്രമേണ പ്രതാപം നശിക്കുകയാണുണ്ടായതെന്നു ചരിത്രം.

**ചാല : ഒരു ആഗോള വ്യാപാരകേന്ദ്രം**

തിരുവനന്തപുരത്തെ അങ്ങാടികൾക്ക് ഒരു കോസ്മോപോളിറ്റൻ സംസ്കാരം അവകാശപ്പെടാൻ സാധിക്കും. അതിനു തെളിവു നൽകുന്ന കൃതിയാണ് അനന്തപുരവർണ്ണനം. അങ്ങാടി വർണ്ണനയുടെ ഇടയ്ക്കു തുലിംഗർ, മാണ്ഡകർ, കലിംഗർ, ചോനകർ, ഗൗണ്ഡർ, പാണ്ടിനാടാന്മാർ, കുടയാരിയർ, ചോഴിയർ തുടങ്ങിയ പരദേശികളാൽ ആവൃതമാണിവിടം എന്നും "(വിസ്മയം)മരക്കലത്തിന്മേൽ വന്ന ചരക്കു പല ജാതിയും എടുത്തു പപ്പരക്കയ്യർ നടപ്പത്തൊരുവീഥിയിൽ" എന്നും പ്രസ്താവിച്ചു കാണുന്നു.

തുലിംഗരും മാണ്ഡകരും
കലിംഗരോടിഹ ചോനകർ
ഗൗഡരും പാണ്ടിനാടാന്മാർ
കൂടയാരികൾ ചോഴിയർ (101)
അക്കണക്കേ മഹാലോകർ
തിങ്ങിയെങ്ങും നിറൈഞ്ഞിതു
(വിസ്മയം) മരക്കലത്തിന്മേൽവന്ന
ചരക്കു പലജാതിയും (102)
എടുത്തു പപ്പരക്കൈയർ
നടപ്പതൊരു വീഥിയിൽ
ആടടിച്ചു വരുന്നേര (½)
ഞാടിഴെപ്പുതൊരൂത്തിയിൽ (103)

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായും വിദേശികളുമായും കേര ളത്തിനുണ്ടായിരുന്ന (പ്രത്യേകിച്ച് അനന്തപുരിക്ക്) വ്യാപാരബന്ധങ്ങൾ വ്യക്തമാക്കാൻ ഇത് സഹായകമാണ്.

**ഉപസംഹാരം**

ഭൂവൈവിധ്യം കൊണ്ടും, തിരക്കേറിയ വീഥികളാലും വാണിജ്യ മേഖലകളുടെ ധാരാളിത്തത്താലും പുറമെ ശാന്തമെന്നു തോന്നിക്കുമെ ങ്കിലും ഉൾക്കാമ്പുള്ള നഗരമാണ് തിരുവനന്തപുരം. 'നിത്യഹരിതനഗരം' എന്നാണ് ഇന്ത്യയുടെ രാഷ്ട്ര പിതാവ് തിരുവനന്തപുരത്തെ വിശേഷിപ്പിച്ച ത്. നഗരത്തിന്റെ പ്രാതിനിധ്യ സ്വഭാവം കടന്നുവരുന്നത് അങ്ങാടി വർണ്ണന യിലൂടെയും കാന്തള്ളൂർശാലയെക്കുറിച്ചുള്ള പരാമർശത്തിലൂടെയും വാണിജ്യബന്ധങ്ങളിലൂടെയുമാണെന്ന് കാണാം. ക്ഷേത്രവും പരിസരവും നഗരത്തിനു കേന്ദ്രമാവുന്നു എന്നതാണ് തിരുവനന്തപുരത്തിന്റെ പ്രത്യേ കത. അതിപ്രാചീന വിദ്യാകേന്ദ്രമെന്ന നിലയിൽ കാന്തള്ളൂർശാലയെക്കു റിച്ച് പഠിക്കുന്നതിനും ചാലക്കമ്പോളത്തെക്കുറിച്ചു പഠിക്കുന്നതിന് ഗവേഷ കർക്കും ചരിത്രകുതികകൾക്കും ഒരുപോലെ സാധ്യതകൾ നൽകുന്ന അടി സ്ഥാനകൃതിയായി അനന്തപുരവർണ്ണനത്തെ വിലയിരുത്താം.

പി.കെ. നാരായണപിള്ള തിരുവിതാംകൂർ യൂണിവേഴ്സിറ്റി മാനു സ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ നിന്ന് 1953-ൽ ഭാഷാ ത്രൈമാസികം രണ്ടാം വാല്യം മൂന്നും നാലും ലക്കങ്ങളിൽ ആദ്യമായി ഈ കൃതി മുഴുവൻ പ്രസി ദ്ധപ്പെടുത്തി.

വെണ്ണിക്കുളം ഗോപാലക്കുറുപ്പ് തിരുവിതാംകൂർ യൂണിവേഴ്സിറ്റി മലയാളം സീരീസിൽ 81-ാമത്തെ പുസ്തകമായി ഈ കൃതി പൂർണരൂപ ത്തിൽ പ്രകാശനം ചെയ്തു.

അനന്തപുരവർണനത്തിന് കേരള സർവ്വകലാശാല ഹസ്തലിഖിത ഗ്രന്ഥാലയത്തിലെ 732 എന്ന ഹസ്തലിഖിത ഗ്രന്ഥത്തെ മുൻനിർത്ിത യാണ് ഈ പഠനം നടത്തിയിട്ടുള്ളത്. അനന്തപുരവർണ്ണനത്തെക്കുറിച്ച് ഉണ്ടായിട്ടുള്ള പ്രധാന പഠനങ്ങൾ ഉൾപ്പെടുത്തി ഡോ. കെ. രത്നമ്മ രചിച്ച അനന്തപുരവർണ്ണനം പാഠവും പഠനങ്ങളും എന്ന കൃതിയും പഠനത്തിന് ആധാരമാക്കിയിട്ടുണ്ട്.

ഒന്നാംപതിപ്പിലെ പാഠം തന്നെയാണ് ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചി ട്ടുള്ളത്. എന്നാൽ തിരുവനന്തപുരം മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള കയ്യെഴുത്തുപ്രതിക്കും ഒന്നാംപതിപ്പിലെ പാഠത്തിനും തമ്മിൽ ചെറിയ വ്യത്യാസമുണ്ടെന്നും അത് അടിക്കുറിപ്പായി ചേർത്തിട്ടു ണ്ടെന്നും ഗ്രന്ഥകാരി വ്യക്തമാക്കുന്നുണ്ട്.[4]

**കുറിപ്പുകൾ**

1. ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ, മണിപ്രവാളകാവ്യങ്ങളിലെ തിരുവനന്തപുരം, പ്രാചീനകൈരളി, വാല്യം 40, ലക്കം 1 & 2 ജനുവരി - ഡിസംബർ 2017, പുറം 1, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപിറ്റ് ലൈബ്രറി. കേരളസർവകലാശാല
2. അതേ പുസ്തകം, പുറം 1.
3. ഡി. ദയാനന്ദൻ, തലസ്ഥാനനഗരി നൂറുകൊല്ലം മുമ്പ്, ചരിത്രകൗതുകം, പുറം 13-14.
4. ഡോ. കെ. രത്നമ്മ അനന്തപുരവർണനം പാഠവും പഠനങ്ങളും രണ്ടാം പതിപ്പ് 2015, പുറം 92.

**ആധാരഗ്രന്ഥങ്ങൾ**

1. അനന്തപുരവർണ്ണനം, ഹസ്തലിഖിതപാഠം, താളിയോല, രജി. നമ്പർ 732D, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപിറ്റ്സ് ലൈബ്രറി, കാര്യവട്ടം ക്യാമ്പസ്, കേരളസർവ്വകലാശാല
2. അനന്തപുരവർണ്ണനം പാഠവും പഠനങ്ങളും - ഡോ. കെ. രത്നമ്മ, രണ്ടാം പതിപ്പ് 2015, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ചരിത്രകൗതുകം, ഡി. ദയാനന്ദൻ, രണ്ടാംപതിപ്പ്, മെലിൻഡ ബുക്സ് പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2013.

**വെബ്സൈറ്റ്**

1. http://youtu.be/W5aFRKnkpaY EnnittumKanthalloor- NCER OFFICIAL youtube channel.

**ആനുകാലികങ്ങൾ**

1. പ്രാചീനകൈരളി, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, കേരളസർവകലാകാല, തിരുവനന്തപുരം, വാല്യം 40, ലക്കം 1 & 2 ജനുവരി- ഡിസംബർ 2017. (ഗോപാലകൃഷ്ണൻ നടുവട്ടം ഡോ, മണിപ്രവാള കാവ്യങ്ങളിലെ തിരുവനന്തപുരം)

# ഉളിപിടിച്ച കയ്യ്: ഷെർലക് ഹോംസ് അനുകൽപനമായി വിലയിരുത്തുമ്പോൾ

**മുഹമ്മദ് നിഹാൽ കെ എ**

**പ്രബന്ധസംഗ്രഹം**

*സർ ആർതർ കോനൻ ഡോയലിന്റെ ഷെർലക് ഹോംസ് പരമ്പരയിൽ നിന്നും പ്രചോദനമുൾക്കൊണ്ടാണ് മലയാളത്തിൽ കുറ്റാന്വേഷണകഥ എന്ന സാഹിത്യ ജനുസ്സ് രൂപം കൊണ്ടത്. ആദ്യകാല മലയാള ഗദ്യസാഹിത്യത്തിൽ ഹോംസ് സ്വാധീനമുള്ള കുറ്റാന്വേഷണ കഥകൾ ഏറെയുണ്ട്. 1906ൽ പ്രസിദ്ധീകരിച്ച അമ്പാടി നാരായണപ്പൊതുവാളുടെ ഉളിപിടിച്ച കയ്യ് ഡോയലിന്റെ ദ നോർവുഡ് ബിൽഡർ എന്ന കഥയുടെ അനുകൽപനമാണ്. അക്കാലത്തെ നിലവാരം കുറഞ്ഞ ഹോംസ് അനുകരണങ്ങളിൽ നിന്നും വ്യത്യസ്തമായി മൂലകൃതിയുടെ ഇതിവൃത്തത്തെ കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തിനനുയോജ്യമായി ആവിഷ്കരിച്ചിട്ടുള്ള പ്രസ്തുത കഥ ഭാഷയിലെ ഹോംസ് അനുകൽപനങ്ങളുടെ മികച്ച ഉദാഹരണമാണ്.*

**താക്കോൽ വാക്കുകൾ**

*ഉളിപിടിച്ച കയ്യ്, ദ നോർവുഡ് ബിൽഡർ, കുറ്റാന്വേഷണകഥ, ഷെർലക് ഹോംസ് പരമ്പര, അനുകൽപനം*

ലോകസാഹിത്യത്തിൽ ക്ലാസ്സിക്പദവി കൈവരിച്ചിട്ടുള്ള കുറ്റാന്വേഷണകഥാ പരമ്പരയാണ് സർ ആർതർ കോനൻ ഡോയലിന്റെ ഷെർലക് ഹോംസ് കാനൺ (Canon of Sherlock Holmes). 1887ലാണ് ഹോംസ് നായകനായി വരുന്ന ആദ്യ കൃതിയായ എ സ്റ്റഡി ഇൻ സ്കാർലറ്റ് ഡോയൽ പ്രസിദ്ധീകരിക്കുന്നത്. എഡ്ഗർ അലൻ പോയുടെ ഡിറ്റക്ടീവ് കഥാപാത്രമായ അഗസ്റ്റ് ഡ്യൂപിൻ ഹോംസിന്റെ സൃഷ്ടിയിൽ അദ്ദേഹത്തിന് പ്രചോദനമായിട്ടുണ്ട്. യഥാർത്ഥ വ്യക്തിയെപ്പോലെ ആരാധിക്കപ്പെടുന്ന ഹോംസ് പിൽക്കാലത്ത് പല കുറ്റാന്വേഷണ കഥാകൃത്തുക്കളെയും സ്വാധീനിച്ചിട്ടുണ്ട്. അഗതാ ക്രിസ്റ്റിയുടെ ഹെർക്യൂൾ പൊയ്റോ, മിസ്സ്

മാർപ്പിൾ, ഏൾ സ്റ്റാൻലി ഗാർഡ്നറുടെ പെറി മേസൺ തുടങ്ങിയ കഥാപാത്രങ്ങളിലൊക്കെ ഹോംസ് സ്വാധീനം പ്രകടമാണ്.

ഹോംസ് കൃതികൾ സിനിമ, ടെലിവിഷൻ പരമ്പര, കോമിക് സ്ട്രിപ്പ് തുടങ്ങി നിരവധി രീതികളിൽ, ലോകത്തിലെ വിവിധ ഭാഷകളിൽ അനുകല്പനവിധേയമായിട്ടുണ്ട്. ബ്രാം സ്റ്റോക്കറുടെ ഡ്രാക്കുളയും ഹോംസ് പരമ്പരയുമാണ് ലോകത്ത് ഏറ്റവും കൂടുതൽ അനുകല്പനം ചെയ്യപ്പെട്ട സാഹിത്യകൃതികൾ. മാർക് ട്വയ്നിന്റെ എ ഡബിൾ ബേരൽഡ് ഡിറ്റക്ടീവ് സ്റ്റോറി എന്ന നോവലെറ്റ് സാഹിത്യരൂപത്തിനകത്തു തന്നെയുണ്ടായ അനുകല്പനങ്ങളിൽ ശ്രദ്ധേയമാണ്.

ഡോയലിന്റെ രചനാശൈലിയും ഹോംസ് എന്ന കഥാപാത്രവും ഇന്ത്യയിലെ സാഹിത്യകാരെയും പെട്ടെന്ന് സ്വാധീനിച്ചു. ഡോയലിനെ അനുകരിച്ചുണ്ടായ കൃതികളാണ് ഇന്ത്യയിൽ കുറ്റാന്വേഷണ സാഹിത്യ ശാഖയ്ക്ക് തുടക്കം കുറിച്ചത്. ബംഗാളിയിലും മലയാള ത്തിലുമാണ് ഇത്തരം കൃതികൾ കൂടുതലുണ്ടായത്. ഇവയിൽ ഭൂരിഭാഗവും സാഹിത്യഗുണമില്ലാത്ത വെറും അനുകരണങ്ങളായിരുന്നു. ഹോംസിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ഭാരതീയ പശ്ചാതലത്തിനിണങ്ങുന്ന ചില മികച്ച കൃതികളുമുണ്ടായി. ബംഗാളി സാഹിത്യകാരനായ ശരദിന്ദു ബന്ദോപാധ്യായയുടെ ബ്യോംകേശ് ബക്ഷി എന്ന ഇന്ത്യൻ കുറ്റാന്വേ ഷകൻ ഇത്തരത്തിൽ ശ്രദ്ധേയമായ ഒരു സൃഷ്ടിയാണ്. 1931–ൽ പ്രസിദ്ധീകരിച്ച സത്യാന്വേഷി എന്ന കഥയിലാണ് ഈ കഥാപാത്രം ആദ്യമായി പ്രത്യക്ഷപ്പെട്ടത്. ബക്ഷിയെ നായകനാക്കി മുപ്പത്തിരണ്ട് കഥകൾ അദ്ദേഹമെഴുതി. ബിശുപാൽ ബോധ് എന്ന അപൂർണമായൊരു കഥയുമുണ്ട്. ഇന്ത്യൻ അപസർപ്പക സാഹിത്യത്തിലെ ഏറ്റവും മികച്ച സംഭാവനയായാണ് ബക്ഷി പരമ്പര കണക്കാക്കപ്പെടുന്നത്. ഇന്ത്യൻ സാഹിത്യത്തിലെ ഷെർലക് ഹോംസ് എന്ന ഖ്യാതിയുമുണ്ട് ബ്യോംകേശ് ബക്ഷിയ്ക്ക്. മലയാളത്തിൽ ഗദ്യസാഹിത്യത്തിന്റെ പ്രാരംഭദശയിൽ കുറ്റാന്വേഷണ സ്വഭാവമുള്ള ചെറുകഥകളുടെയും നോവലുകളുടെയും അതിപ്രസരമുണ്ടായിരുന്നു. അവയിൽത്തന്നെ ഷെർലക് ഹോംസ് സ്വാധീനമുള്ളവയായിരുന്നു കൂടുതലും. ഒ.എം. ചെറിയാൻ 1899 ഒക്ടോബറിലെ ഭാഷാപോഷിണിയിൽ മിസ്റ്റർ കെയ്‌ലി എന്ന പേരിൽ ഒരു നോവലിന്റെ പ്രഥമാധ്യായം പ്രസിദ്ധീ കരിച്ചെങ്കിലും, പിന്നീടുള്ള ലക്കങ്ങളിൽ കഥ തുടർന്നില്ല. അപൂർണമായ ഈ കൃതി ഡോയലിന്റെ ദ റെഡ്ഹെഡഡ് ലീഗ് എന്ന കഥയുടെ അനുകരണമാണ്; ഭാഷയിലെ

കണ്ടെടുക്കപ്പെട്ട ആദ്യത്തെ ഹോംസ് അനുകല്പനം ഇതുതന്നെ. 1900–ൽ മിസ്റ്റർ കെയ്ലി എന്ന കഥാപാത്രം നായകനായി വരുന്ന കളക്ടറുടെ സ്വർണമുദ്ര എന്നൊരു നോവലും അദ്ദേഹമെഴുതി. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ ഡിറ്റക്ടീവ് കഥയായ അമ്പാടി നാരായണപ്പൊതുവാളുടെ ഉളിപിടിച്ച കയ്യ്, സി. എസ്. ഗോപാല പ്പണിക്കരുടെ നീളം കുറഞ്ഞ കത്ത് എന്നീ കൃതികളുടെ പിന്നിലെ പ്രചോദനവും ഹോംസ് തന്നെ. 1904ലാണ് ഭാഷയിലെ ആദ്യ കുറ്റാന്വേഷണ നോവലായ ഭാസ്കരമേനോൻ പ്രസിദ്ധീകരിച്ചത്. രസികരഞ്ജിനി മാസികയിൽ ഖണ്ഡശ്ശയായി വന്നപ്പോൾ ഒരു ദുർമ്മരണം എന്നായിരുന്നു നോവലിന്റെ പേര്. ഭാസ്കരമേനോനിൽ ഹോംസ് സ്വാധീനം പ്രകടമായിക്കാണാം. ഭാസ്കരമേനോനിൽ ഹോംസിന്റെ ആത്മാവുണ്ടായിരുന്നെന്നും, ഈ ജനിതക പാരമ്പര്യം നില നിർത്തി ക്കൊണ്ട് കോട്ടയം പുഷ്പനാഥിന്റെ ഡിറ്റക്ടീവ് പുഷ്പരാജ്, ഡിറ്റക്ടീവ് മാർക്സിൻ, നീലകണ്ഠൻ പരമാരയുടെ ഡിറ്റക്ടീവ് ഭാസ്കർ എന്നി ങ്ങനെ പിന്നീടു വന്ന എല്ലാ അപസർപ്പകരിലും ഹോംസിന്റെ ക്രോമസോം പാതിയുണ്ടെന്നും പി. കെ. രാജശേഖരൻ നിരീക്ഷിക്കുന്നു.1

മറ്റു ലോകഭാഷകളിലെന്നപോലെ മലയാളത്തിലും ഹോംസ് കൃതി കൾക്ക് നിരവധി വിവർത്തനങ്ങളും അനുകല്പനങ്ങളും പുനരാഖ്യാ നങ്ങളുമുണ്ടായിട്ടുണ്ട്. മലയാറ്റൂർ രാമകൃഷ്ണന്റെ ഷെർലോക് ഹോംസ്, മഞ്ഞമുഖം, കെ.എൻ. ഗോപാലൻ നായരുടെ ഭീതിയുടെ താഴ്വര എന്നിവ ആദ്യകാല ഹോംസ് വിവർത്തനങ്ങളിൽ പ്രമുഖമാണ്. മുട്ടത്തു വർക്കിയുടെ നാൽവർ ചിഹ്നം, എം.പി.സദാശിവന്റെ ചെമ്പന്മുടിക്കാർ, നെപ്പോളിയന്റെ ആറു തലകൾ, പി.എ.വാര്യരുടെ ബാസ്കർവിൽസിലെ വേട്ടനായ, സി.ഒ.ടി.ഉമ്മറിന്റെ ചോരക്കളം, ജോർജ് ഇരുമ്പയത്തിന്റെ കേസ് ഡയറി തുടങ്ങിയ പരിഭാഷകൾ സാർവലൗകികമായ മലയാള ശൈലി യിലൂടെ സവിശേഷമായൊരു ഭാവുകത്വവും അനുഭൂതിമണ്ഡലവും സൃഷ്ടിച്ചിട്ടുണ്ട്. എൻ.എം.നമ്പൂതിരിയുടെ കോനൻ ഡോയലിന്റെ തെര ഞ്ഞെടുത്ത കഥകൾ എന്ന പരിഭാഷയും ശ്രദ്ധേയമാണ്.

ബാലപ്രസിദ്ധീകരണങ്ങളിൽ കോമിക്കുകളായും, സംഗൃഹീത പുന രാഖ്യാനങ്ങളായും നിരവധി അനുവർത്തനങ്ങളുണ്ടായി. ഷെർലക് ഹോംസിനെ സുരലോക ഹംസൻ എന്നു മലയാളീകരിച്ചു കൊണ്ടുള്ള ചില കൃതികളും ഇവയിൽപ്പെടുന്നു. ഇതിനും പുറമെയാണ് ഡോയലിന്റെ ഇതിവൃത്തങ്ങൾ അതേപടി സ്വീകരിച്ചുകൊണ്ടുള്ള അനുകരണങ്ങളും,

ഹോംസിന്റെ സ്വഭാവസവിശേഷതകൾ-മുഖ്യമായും നിഗമനരീതി (Deduction) ഉൾക്കൊള്ളുന്ന കഥാപാത്രസൃഷ്ടിയും, ഡോയൽ കൃതികൾക്കുള്ള ശ്രദ്ധാഞ്ജലികളും (Tribute), കഥാപശ്ചാത്തലം കേരളത്തി ലേക്കോ ബംഗാളിലേക്കോ മാറ്റിക്കൊണ്ടുള്ള പുനരാഖ്യാനങ്ങളും, ഹാസ്യാനു കരണങ്ങളും (Parody/Spoof) മലയാളത്തിൽ പ്രസിദ്ധീകൃതമായത്. എം.പി.പോളിന്റെ ഒളിച്ചുപോയ സ്ത്രീ എന്ന കഥയിലും മലയാറ്റൂർ രാമകൃഷ്ണന്റെ രാത്രി എന്ന നോവലിലും ഹോംസ് സ്വാധീനം പ്രകടമാണ്. ബാബു ചെങ്ങന്നൂരിന്റെ ബാങ്ക് ഭേദനം (ദ റെഡ്ഹെഡഡ് ലീഗ്), കെ. പരമേശ്വരൻ പിള്ളയുടെ മല്ലയുദ്ധവും മരണവും (ദ ഫൈനൽ പ്രോബ്ലം), അനുജൻ തിരുവാങ്കുളത്തിന്റെ ജനലിൽ കണ്ട തല (ദ യെല്ലോ ഫേസ്), അജ്ഞാതഹസ്തം (ദ സിക്സ് നെപ്പോളിയൻസ്), പുരുഷൻ ആലപ്പുഴയുടെ കൊലയറയിലെ അത്ഭുതസംഗീതം (ദ സ്പെക്ക്ൾഡ് ബാൻഡ്) എന്നീ കൃതികൾ ഹോംസ് അനുകരണങ്ങളാണ്. വി.കെ.എന്നിന്റെ താക്കോൽ, ഷെർലോക് ഹോംസ് എന്നീ കഥകളും ജി. ശ്രീകുമാറിന്റെ ഷെർലോക് ഹോംസ് നമ്പൂതിരി എന്ന നോവലും ഹാസ്യാനുകരണം എന്ന വിഭാഗത്തിൽ പെടുന്നു.

1906 ജൂണിൽ രസികരഞ്ജിനി മാസികയിലാണ് ഉളിപിടിച്ച കയ്യ് ആദ്യമായി പ്രസിദ്ധീകരിച്ചത്. 1903-ൽ സ്ട്രാൻഡ് മാസികയിൽ വന്ന ഡോയലിന്റെ ദ നോർവുഡ് ബിൽഡർ എന്ന കഥയുടെ അന്തരീക്ഷം മാറ്റിക്കൊണ്ടുള്ള സ്വതന്ത്ര പുനരാഖ്യാനമാണ് നാരായണപ്പൊതുവാളുടെ രചന. വിരലടയാളമെടുക്കൽ, കെട്ടിടത്തിന്റെ ഭിത്തികൾ അളന്ന്, അളവിലെ വ്യത്യാസത്തിൽനിന്നു ഭിത്തിയിലെ രഹസ്യസങ്കേതം കണ്ടുപിടിക്കൽ, ഇങ്ങനെ സൂക്ഷ്മനിരീക്ഷണ ശീലവും, ശാസ്ത്രീയവും യുക്തിസഹവുമായ അപഗ്രഥനരീതിയും, ബുദ്ധികൗശലവും ഉപയോഗി ച്ചാണ് രണ്ടു കഥയിലും ഒരു പോലെയുള്ള കുറ്റം ചെയ്യുന്ന പ്രതികളെ അന്വേഷകൻ പിടികൂടുന്നത്. പൊലീസിന്റെ പൊങ്ങച്ചവും കഴിവുകേടും രണ്ടിലും പരിഹസിക്കപ്പെടുന്നുണ്ട്. ഷെർലക് ഹോംസിനെപ്പോലെ ബുദ്ധിശാലിയായ ഉക്കണ്ടക്കുറുപ്പ് എന്ന മലയാളി ഡിറ്റക്ടീവിനെ സൃഷ്ടിച്ച നാരായണപ്പൊതുവാൾ, ബ്രിട്ടീഷ് പശ്ചാത്തലത്തിൽ നടക്കുന്ന മൂലകഥയിലെ സംഭവങ്ങളെ വിശ്വസനീയമാം വിധം കേരളീയ അന്തരീക്ഷത്തിൽ വിന്യസിക്കുന്നു. ഉക്കണ്ടക്കുറുപ്പ് പൊലീസും മറ്റുമില്ലാതിരുന്ന കാലത്ത് നീതി നടത്തി പെൻഷൻ പറ്റിയിരിക്കുന്ന

സ്വാതന്ത്ര്യാന്വേഷകനാണ്. മൂലകഥയിലെ കേസന്വേഷണ ത്തിൽ തെറ്റായ നിഗമനത്തിലെത്തുന്ന സ്കോട്ട്ലൻഡ് യാർഡ് ഇൻസ്പെക്ടറായ ലെസ്ട്രേഡിന്റെ സ്ഥാനത്ത് പൊലീസുദ്യോഗസ്ഥനായ മമ്മത്ഖാനാണ് അനുകല്പനത്തിൽ. ഡോയലിന്റെ ആഖ്യാനശൈലിയല്ല നാരായണപ്പൊതുവാൾ പിന്തുടർന്നിരിക്കുന്നത്. വാട്സൺ വിവരിക്കുന്ന മട്ടിലാണ് ഹോംസ് കഥയുടെ ഘടന. എന്നാൽ ഉക്കണ്ടക്കുറുപ്പിന് കുറ്റാന്വേഷണത്തിൽ അങ്ങനെയൊരു സഹചാരിയില്ല. കഥാരംഭത്തിൽ ഹോംസിന്റെ മുഖമുദ്രയായ അനുമാനസിദ്ധി സന്ദർഭത്തിനു യോജിക്കുന്ന രീതി യിൽ പ്രയോഗിച്ചിട്ടുണ്ട്:

''അടിയൻ തച്ചൻ കോപ്പനാണ്. അത്യാപത്തിൽ പെട്ട അടിയനെ രക്ഷിക്കണെ.''

''ആപത്ത് നേരിട്ടിട്ടുണ്ടെന്ന് കണ്ടാലറിയാം. നീ ചോറ്റാനിക്കര കിഴക്കേക്കുന്നിന്മേൽക്കൂടിയാണ് വരുന്നതെന്നും മനസ്സിലായി. വായു ക്ഷോഭത്തിന്റെ ഉപദ്രവമുള്ളവനും എടത്തുകൈ സ്വാധീനമുള്ളവ നാണെന്നും ഞാൻ ധരിച്ചു. തച്ചൻ കോപ്പനാണെന്ന് പറഞ്ഞതുകൊണ്ട് വിശേഷവിധിയായിട്ട് എനിക്കൊന്നും മനസ്സിലായില്ല.''

''കല്പിച്ചതൊക്കെ ശരിയാണ്. തമ്പുരാന് ജ്യോതിഷം കൂടിയുള്ളതു കൊണ്ട് അടിയൻ പ്രാണനെ ഉപേക്ഷിക്കേണ്ടി വരില്ല. നിശ്ചയം.''

''എനിക്ക് ജ്യോതിഷം അറിഞ്ഞുകൂടാ. നിന്റെ സമ്പ്രദായം കണ്ട് ഇത്രയും അറിഞ്ഞതാണ്. നിന്റെ കാലിൽ പൂണ്ടിട്ടുള്ള പ്രത്യേകനിറത്തിലുള്ള മണ്ണ് അടുത്ത ദിക്കിൽ ചോറ്റാനിക്കരക്കുന്നിൽ മാത്രമേ ഉള്ളൂ.''2

മൂലകഥയിൽ തച്ചൻ കോപ്പന്റെ സ്ഥാനത്ത് അഭിഭാഷകനായ ജോൺ ഹെക്ടർ മക്ഫാർലേൻ എന്ന കഥാപാത്രമാണ്. കഥാവസാനം കുറ്റവാളിയെന്നു തെളിയുന്ന പറങ്ങോടൻ മൂത്താശാരി ഡോയലിന്റെ കഥയിലെ കോൺട്രാക്ടർ ജോനാസ് ഓൾഡേക്കറുടെ തത്സ്വരൂപമാണ്. കുറ്റകൃത്യത്തിന് പ്രേരണയായ, ഓൾഡേക്കറും മക്ഫാർലേന്റെ അമ്മയുമായുള്ള പൂർവ്വബന്ധത്തിന്റെയും വൈരാഗ്യത്തിന്റെയും ചരിത്രം നാരായണപ്പൊതുവാൾ തന്റെ കഥയിൽ നിലനിർത്തിയിട്ടുണ്ട്. പൊലീസിനെ കബളിപ്പിക്കുന്നതിനു വേണ്ടി, സ്വത്തുക്കളെല്ലാം മക്ഫാർലേന്റെ പേരിലാക്കിക്കൊണ്ട് രേഖകളുണ്ടാക്കുന്നതിനിടയിൽ പകർത്തിയ വിരലടയാളം മെഴുകിലാക്കിവച്ച ഓൾഡേക്കർ, അത് രക്തത്തിൽ മുക്കി ഭിത്തിയിൽ പതിക്കുകയായിരുന്നു. എന്നാൽ ഹോംസ്

ആദ്യം കൃത്യസ്ഥലം പരിശോധിക്കുമ്പോൾ രക്തപ്പാട് ഭിത്തിയിലു ണ്ടായിരുന്നില്ല. പ്രസ്തുത പിഴവാണ് കേസന്വേഷണത്തിൽ വഴിത്തിരി വാകുന്നത്. മൂലകഥയിലെ രക്തപ്പാടിനെ, സാഹചര്യത്തിനിണങ്ങുന്ന തരത്തിൽ കുറ്റമുഖത്തു നിന്നും കണ്ടെടുത്ത ഉളിയിലെ കൈപ്പാടാക്കി മാറ്റിയിട്ടുണ്ട് അനുവർത്തനത്തിൽ. കോപ്പന്റെ വലതുകയ്യിന്റെ പാടാണ് ഉളിയിൽ പതിഞ്ഞിരുന്നത്. എന്നാൽ ഉക്കണ്ടക്കുറുപ്പ് കോപ്പനെ കണ്ട മാത്രയിൽ നിരീക്ഷിച്ചതു പോലെ അയാൾ ഇടതു കൈ സ്വാധീന മുള്ളവനാണെന്ന വസ്തുതയാണ് പറങ്ങോടന് വിനയായത്. കഥാസംഗ്രഹം ഏറെക്കുറെ സമാനമാണെങ്കിലും, പാശ്ചാത്യസംസ്കാരത്തിന്റെതായ സവിശേഷ ഘടകങ്ങൾ ഒഴിവാക്കി കേരളീയ പശ്ചാത്തലത്തിനിണങ്ങും വിധം ഇതിവൃത്തത്തെ പരുവപ്പെടുത്തുന്നതിൽ നാരായണപ്പൊതുവാൾ ശ്രദ്ധിച്ചിട്ടുള്ളതുകൊണ്ട്, അക്കാലത്തുണ്ടായ ഹോംസ് അനുകരണങ്ങളിൽനിന്നും ഏറെ വ്യത്യസ്തമായൊരു ഭാവു കത്വം പുലർത്തുന്നുണ്ട് ഉളിപിടിച്ച കയ്യ് എന്ന അനുകല്പനം.

രൂപപരവും പ്രമേയപരവുമായ സ്വാധീനത ഈ കഥയിൽ സ്പഷ്ടമാണ്. കൊളോണിയൽ ഇന്ത്യയുടെ ചരിത്രപശ്ചാത്തലത്തിനിണ ങ്ങുന്ന രീതിയിൽ മൂലകഥയുടെ പ്രമേയത്തെ ആവിഷ്കരിക്കുന്നതിലും കഥാകൃത്ത് വിജയിച്ചിട്ടുണ്ട്. ഇന്ത്യയുടെ പശ്ചാത്തലത്തിൽ അത്ര സ്വീകാര്യമല്ലാത്ത സ്വകാര്യ കുറ്റാന്വേഷകൻ എന്ന സങ്കല്പത്തെ സമർത്ഥമായി ഉക്കണ്ടക്കുറുപ്പ് കാര്യോർക്കാർ എന്ന വിരമിച്ച പൊലീസ് ഉദ്യോഗസ്ഥൻ ആക്കി മാറ്റിയിട്ടുണ്ട്. പൊലീസ് സംവിധാനത്തിന്റെ പരാജയവും ബുദ്ധിരാഹിത്യവും മൂലകൃതിയിലെപ്പോലെ നിലനിർത്തി യിട്ടുണ്ട് കഥാകൃത്ത്. സ്കോട്ട്ലൻഡ് യാർഡ് ഇൻസ്പെക്ടർ ലെസ്ട്രേഡിന്റെ സ്ഥാനത്ത് കൊത്തുവാളായ (ചീഫ് പൊലീസ് ഓഫീസർ) മമ്മതുഖാനാണ്. പ്രതികളെ മർദ്ദിച്ചു കുറ്റം സമ്മതിപ്പിക്കുന്ന മമ്മതുഖാൻ തച്ചൻ കോപ്പനെ പറങ്ങോടൻ മൂത്താശാരിയുടെ കൊലക്കുറ്റ ത്തിന് അറസ്റ്റുചെയ്യുന്നു. സൂക്ഷ്മാന്വേഷണത്തിലൂടെ കോപ്പൻ നിരപരാധി യാണെന്ന് തെളിയിച്ച് കൊത്തുവാളെ പരാജയപ്പെടുത്തുക യാണ് ഉക്കണ്ടക്കുറുപ്പ്.

ഹോംസ് കഥകളിൽ പതിവായി കടന്നു വരുന്ന വിക്ടോറിയൻ സദാചാരബോധത്തിനു സമാന്തരമായി ഇന്ത്യയിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയുടെയും ഫ്യൂഡൽ അധികാരഘടനയുടെയും പ്രതിനിധാനം ഉളിപിടിച്ച കയ്യിലുണ്ട്. ആപത്തിൽപെട്ട കോപ്പൻ ഉക്കണ്ടക്കുറുപ്പിനെ

കാണാൻ വരുന്ന രംഗം കഥാകൃത്ത് വർണ്ണിച്ചിരിക്കുന്നത് ഇപ്രകാരമാണ്: ''അലക്കിയ രണ്ടു പാവമുണ്ടു മുട്ടുമറ ഞാത്തി ഉടുത്തു കുംഭയും മടിയും കൂർമ്പിച്ചു കോന്തല ചുരുക്കിക്കുത്തി കല്പിച്ചുകിട്ടിയ പള്ളിവടിയും എടുത്തു കുറുപ്പു തമ്പുരാനെ കാണുവാനായി കുരിക്കാട്ടേക്കു പുറപ്പെട്ടു പടിക്കലെത്തി യപ്പോൾ ഓടിക്കിതച്ചു വാടി തളർന്ന ഒരാൾ കുറുപ്പിന്റെ മുമ്പിൽ വന്നു വീണു. ദുശ്ശകുനം നേരിട്ടതുകൊണ്ടുണ്ടായ നീരസത്തോടു കൂടി 'ആശാരിക്കു തീണ്ടലില്ലാത്ത കാലമായോ!' എന്നു കുറുപ്പു ചോദിച്ചതിന്നു 'തമ്പുരാൻ, അടിയൻ തച്ചൻ കോപ്പനാണ്. അത്യാപത്തിൽ പെട്ട അടിയനെ രക്ഷിക്കണേ' എന്നു ആശാരിച്ചെക്കൻ തൊഴുതുകൊണ്ടു പറഞ്ഞു.''3

ഡോയലിന്റെ ദ നോർവുഡ് ബിൽഡർ എന്ന കഥയുടെ അന്തരീക്ഷവും ഇതിവൃത്ത ഘടനയും മാറ്റിക്കൊണ്ടുള്ള മറ്റൊരു സ്വതന്ത്ര പുനരാഖ്യാനമാണ് തേലപ്പുറത്ത് നാരായണൻ നമ്പിയുടെ വലിച്ചാൽ നീളുന്ന പെട്ടി. ഉളിപിടിച്ച കയ്യിൽ നിന്നും വ്യത്യസ്തമായി, പ്രത്യക്ഷ ത്തിൽ കണ്ടെത്താനാവാത്ത രീതിയിൽ ഹോംസ് സ്വാധീനം മറച്ചുപിടിക്കാൻ നമ്പിയ്ക്ക് സാധിയ്ക്കുന്നുണ്ട്. സർവീസിൽ നിന്നും കല്പനയിലായ ഇൻസ്പെക്ടർ നാരായണപിള്ളയാണ് കുറ്റാന്വേഷകൻ. മൂലകഥയിൽ കുറ്റവാളിയുടെ കുരുക്കിൽ അകപ്പെടുന്ന മക്ഫാർലേന്റെ സ്ഥാനത്ത് ഗോപാലപ്പണിക്കരും. മനോരമ എന്ന യുവതിയെ വേൾക്കാൻ ആഗ്രഹിച്ച ഗോപാലപ്പണിക്കർക്കും നാരായണക്കുറുപ്പിനുമിടയിൽ മത്സര മുണ്ട്. പണിക്കരെ കുടുക്കാൻ, താൻ മരിച്ചതായി തെളിവുണ്ടാക്കി, വലിച്ചാൽ നീളുന്ന ഒരുതരം മാന്ത്രികപ്പെട്ടിയ്ക്കകത്ത് ഒളിച്ചിരുന്ന കുറുപ്പിനെ നാരായണപിള്ള പിടികൂടുന്നു. അന്തരീക്ഷസൃഷ്ടിയിലും സംഭാഷണത്തിലും സ്വാഭാവികത കൈവരുത്താൻ കഥാകൃത്ത് ശ്രമിച്ചിട്ടുണ്ട്.

**കുറിപ്പുകൾ**

1. പി.കെ.രാജശേഖരൻ, എന്റെ ഡിറ്റക്ടീവുകൾ, Mathrubhumi.com, 20 Apr.2014,Web.23Mar.2019.<http://www.mathrubhumi.com/books/columns/>.
2. അമ്പാടി നാരായണപ്പൊതുവാൾ, 'ഉളിപിടിച്ച കയ്യ്', തിരഞ്ഞെടുത്ത കുറ്റാന്വേഷണകഥകൾ, സമ്പാ. ഹമീദ് (പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2019), പു. 53.

3. ടി.പു. 53.

**ഗ്രന്ഥസൂചി**


1. എം.അച്യുതൻ, അതെ, മിസ്റ്റർ വാട്സൺ; തെളിവുകളിവിടെയുണ്ട്: ഹോംസ്, Mathrubhumi.com, 30 Oct. 2015. Web. 23 Dec.2020. <http://www.mathrubhumi.com/books/ excerpts/sherlock-holmes-complete-stories-malayalam-news/>.
2. പി.കെ. രാജശേഖരൻ, അപസർപ്പക സാഹിത്യവും യാഥാർഥ്യ പ്രഹേളികകളും, മാതൃഭൂമി ആഴ്ചപ്പതിപ്പ്. 84, 51. ഫിബ്രവരി 18, 2007.
3. ഷാജി ജേക്കബ്, ഭാവനയിലെ ഭൂതബാധകൾ, ഗ്രന്ഥാലോകം, ജൂലായ് 2010.
4. ഹമീദ്, അപസർപ്പക കഥകൾ ചരിത്രവഴികളിലൂടെ (തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015)
5. ഹമീദ്. അപസർപ്പക ചെറുകഥകൾ (കോട്ടയം, എം.അബ്ദുൾ ഹമീദ്, നാഷണൽ ബുക്ക് സ്റ്റാൾ, 2015)
6. ഹമീദ്, അപസർപ്പക നോവലുകൾ മലയാളത്തിൽ (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2015)

# വിഷചികിത്സയും ദൂതലക്ഷണവും

**രജനി എസ്.**

**പ്രബന്ധസംഗ്രഹം**

*ഭാരതീയചികിത്സാശാസ്ത്രമാണ് ആയുർവേദം. ആയുർവേദത്തിനു കേരളത്തിൽ നിന്നുള്ള സംഭാവനകളിൽ പ്രധാനപ്പെട്ടതാണ് വിഷചികിത്സ. വിഷചികിത്സയിൽ പ്രഗൽഭരായ കേരളത്തിലെ വൈദ്യൻമാർ ശരീരത്തിലേൽക്കുന്ന വിഷത്തിനനുയോജ്യമായ ഔഷധങ്ങൾ നൽകിവന്നിരുന്നു. വിഷജീവികളുടെ ചെറിയ വ്യത്യാസങ്ങൾ പോലും അവർ കണ്ടെത്തിയിരുന്നു. കേരളത്തിൽ വിഷവൈദ്യഗ്രന്ഥങ്ങൾ നിരവധിയുണ്ട്. വിഷചികിത്സയിൽ ദൂത ലക്ഷണത്തിന് പ്രത്യക പ്രാധാന്യം നൽകിയിരുന്നു.*

**താക്കോൽ വാക്കുകൾ**

*അഗദതന്ത്രം, ആര്യവൈദ്യം, വിഷവിദ്യ, ശകുനം, ശരപരീക്ഷ, വിഷഹാരി, കടപയാദി*

**ആമുഖം**

ഭാരതത്തിന് അതിമഹത്തായ ഒരു വിഷചികിത്സാപാരമ്പര്യമുണ്ട്. പല വിദേശീയരും അവരുടെ അനുഭവത്തിലൂടെ അത് അംഗീകരിക്കുകയും ചരിത്രത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിലെ മറ്റ് ദേശങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വിഷ ചികിത്സ കൂടുതൽ പ്രചാരം നേടിയിട്ടുണ്ട്. വൈദ്യൻമാരുടെ ചികിത്സാനുഭവങ്ങൾ രേഖപ്പെടുത്തിയ താളിയോല ഗ്രന്ഥങ്ങൾ ഇതിനു തെളിവാണ്. രേഖപ്പെടുത്തി വയ്ക്കാത്ത പല അറിവുകളും നഷ്ടപ്പെട്ടു പോയിട്ടുണ്ട് കേരളത്തിൽ ഔഷധ സസ്യങ്ങൾ സുലഭമായിരുന്നതിനാൽ പ്രാദേശികമായ വൈദ്യരീതികൾ ധാരാളമുണ്ടായിരുന്നു. വിഷ ചികിത്സയ്ക്ക് ദംഷ്ട്ര ചികിത്സ എന്നും പറയുന്നു.

കേരളത്തിൽ നാട്ടുവൈദ്യം ഒരു കാലത്ത് പുഷ്ടി പ്രാപിച്ചിരുന്നു. പലയിടങ്ങളിലായി ഉപയോഗിച്ചു വന്ന നാടൻ പ്രയോഗങ്ങൾ ഇതിലുണ്ട്.

എന്നാൽ ഇതിന് വ്യക്തമായ അടിസ്ഥാന തത്ത്വങ്ങൾ ഇല്ലാത്തതിനാൽ അവയിൽ അധികവും അന്യം നിന്നുപോയി. എന്നാൽ ചികിത്സയിൽ നാട്ടു വൈദ്യം മികച്ചതായിരുന്നു എന്നതിനു തെളിവുകളുമുണ്ട്.

അഗദതന്ത്രം എന്ന വിഭാഗത്തിലാണ് ആയുർവേദത്തിൽ വിഷ ചികിത്സയെ വിവരിക്കുന്നത്. ചരകസംഹിത ചികിത്സാസ്ഥാനത്തിന്റെ 23ാം അധ്യായത്തെ വിഷചികിത്സ എന്നു വിളിക്കുന്നു. പാമ്പുകടി, നായ്ക്കളുടെ കടി, പ്രാണികളുടെ കടി, ഭക്ഷ്യവിഷബാധ തുടങ്ങിയവ മൂലമുള്ള വിഷ ബാധയുടെ ലക്ഷണങ്ങളും ആയുർവേദ ചികിത്സയും ഇത് കൈകാര്യം ചെയ്യുന്നു.

കേരളത്തിലെ വിഷ ചികിത്സയെപ്പറ്റി നിരവധി ഐതിഹ്യങ്ങളും കഥകളുമുണ്ട്. നാഗാരാധനയും സർപ്പക്കാവുകളും കേരളത്തിൽ നാഗ ത്തിനു വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ടെന്നു മനസ്സിലാക്കാം. നിധി യുടെ കാവൽക്കാരായി സർപ്പങ്ങളെ കരുതിയിരുന്നു. പ്രകൃതിയുടെ സന്തു ലിതാവസ്ഥയ്ക്കും ശുദ്ധീകരണത്തിനും നാഗസാന്നിധ്യം ആവശ്യമായി വന്നു. ''മനുഷ്യവാസമുള്ളിടത്തേ പാമ്പുണ്ടാകൂ'' എന്നൊരു ചൊല്ലു തന്നെ കേരളത്തിൽ നിലവിലുണ്ട്. മനുഷ്യർക്ക് സർപ്പവിഷം ഏൽക്കുന്നത് സർവ്വ സാധാരണമാണ്. അതുകൊണ്ട് പ്രാചീനകാലം മുതൽക്കു തന്നെ സർപ്പവിഷ ചികിത്സയ്ക്ക് പ്രാധാന്യം നൽകി വന്നിരുന്നു. വിവിധതരം ചികിത്സകൾ രോഗിയുടെ അവസ്ഥയ്ക്കനുസരിച്ച് നൽകി വന്നിരുന്നു. വിഷചികിത്സയിൽ ചികിത്സയോടൊപ്പം ജ്യോതിഷത്തിനും മന്ത്രത്തിനും തന്ത്രത്തിനും സ്ഥാനം നൽകിയിരുന്നു. മന്ത്രശക്തികൊണ്ട് കടിച്ച പാമ്പിനെ വിളിച്ചു വരുത്തി വിഷമിറക്കുന്ന സമ്പ്രദായം കേരളത്തിലുണ്ട്. അതിനു വിദഗ്ദ്ധരായ വിഷഹാരിമാർ (വിഷവൈദ്യൻമാർ) ഉണ്ടായിരുന്നു.

2200 കൊല്ലത്തിനുമുമ്പുള്ള ഗ്രീക്കു ചരിത്രകാരൻമാരുടെ രേഖക ളിൽ ഇന്ത്യയിലെ വിദഗ്ദ്ധരായ വിഷ ചികിത്സകരെക്കുറിച്ച് രേഖപ്പെടുത്തി യിട്ടുണ്ട്. വിഷചികിത്സയെക്കുറിച്ച് യാതൊരു അറിവും ഇല്ലാതിരുന്ന ഗ്രീക്കുകാർ പ്രഗത്ഭരായ വിഷചികിത്സകരെ ഇന്ത്യയിൽ നിന്ന് കൊണ്ടു പോയതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് തന്നെ ഗ്രീക്കുകാരു ടെയും ഇന്ത്യക്കാരുടെ വൈദ്യശാസ്ത്രത്തിന്റെ ഉൽപ്പത്തികൾ തമ്മിൽ സമാനതകളും കണ്ടെത്താൻ കഴിയുന്നു. ഗ്രീക്കു വൈദ്യത്തിന്റെ പ്രാചീന ചരിത്രം നോക്കുമ്പോൾ ഇതു ശരിയാണെന്ന് ബോധ്യപ്പെടുന്നു. കൂടാതെ അറബികളുടെ വൈദ്യരീതിയും ഭാരതീയ വൈദ്യവുമായി ബന്ധപ്പെട്ടി

രിക്കുന്നു. മറ്റ് പല രാജ്യങ്ങളുടേയും ചികിത്സാരീതികൾക്കും സമാനത കണ്ടെത്താൻ കഴിയുന്നു. പി.വി.കൃഷ്ണവാര്യരുടെ ''ആര്യവൈദ്യ ചരിത്രം'' എന്ന ഗ്രന്ഥത്തിൽ ഇത് വിശദമായി പ്രതിപാദിക്കുന്നു.

കേരളത്തിലെ വിഷവൈദ്യഗ്രന്ഥങ്ങൾ നാരായണീയം, ഉഡ്ഡീശം, ഉൽപ്പലം, ഹരമേഖല, ലക്ഷണാമൃതം, കാലവഞ്ചനം, സാരസംഗ്രഹം, ജോത്സ്നിക എന്നിവയാണ്. വിഷവൈദ്യ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ എടുത്തു പറയേണ്ട ഗ്രന്ഥമാണ് ജ്യോത്സ്നിക. ഉഡ്ഡീശം, ലക്ഷണാമൃതം എന്നീ ഗ്രന്ഥങ്ങളുടെ സ്വാധീനം ജ്യോത്സ്നികയിൽ കണ്ടെത്താൻ കഴിയുന്നു. പ്രയോഗ സമുച്ചയം ഒരു പ്രാചീന വിഷവൈദ്യഗ്രന്ഥമാണ്. കൊച്ചുണ്ണി തമ്പുരാൻ ഇത് മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. വിഷ ചികിത്സയെ സംബന്ധിച്ച് താളിയോല ഗ്രന്ഥങ്ങളിലെ അറിവുകൾ ക്രമീകരിച്ച് ഡോ. എൻ. സാം പ്രസാധനം ചെയ്ത ഗ്രന്ഥമാണ് 'വിഷചികിത്സ'. നാഗോൽപ്പത്തി, സർപ്പ ലക്ഷണം, വിഷമോചനം, ദൂത ചേഷ്ടകൾ, ദൂത വചനം തുടങ്ങിയവ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ആര്യ-ദ്രവിഡമിശ്രണത്തിന്റെ ഫലമായി നിരവധി ഗ്രന്ഥങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. അതിലൊന്നാണ് ജ്യോത്സ്നിക എന്ന വിഷ വൈദ്യഗ്രന്ഥം. ദ്രാവിഡ വിഷ വൈദ്യ പാരമ്പര്യത്തിന് 2 രീതികളുണ്ട്. വിഷവിദ്യയും, വിഷവൈദ്യവും. ആദ്യത്തേത് മന്ത്ര ചികിത്സയും രണ്ടാമത്തേത് ഔഷധ ചികിത്സയുമാണ്.

ആര്യവൈദ്യത്തിൽ മന്ത്രപ്രയോഗങ്ങൾക്ക് ശ്രേഷ്ഠത കൽപ്പിക്കപ്പെട്ടിട്ടുണ്ട്. മന്ത്ര ചികിത്സ എന്നാൽ പ്രാചീന തന്ത്ര ശാസ്ത്രം തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ മന്ത്ര പ്രയോഗങ്ങൾ വളരേയധികം അർത്ഥ തലങ്ങൾ ഉള്ളതിനാൽ ആധുനിക കാലത്ത് വിശദീകരിക്കുക എന്നതും അൽപം പ്രയാസമേറിയ സംഗതിയാണ്. ''അല്ലയോ സർപ്പങ്ങളേ കടിച്ചമർന്ന് നിൽക്കുന്നവനും കടിച്ചയുടനെ വിടുന്നവനുമായ നിന്റെ മാതാപിതാക്കളും ബന്ധുക്കളുമടങ്ങിയ പരമ്പരയെ മന്ത്രശക്തിയാൽ ഞാൻ നിർവ്വീര്യമാക്കിയിരിക്കുന്നു. ഇനി നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും''. അഥർവ്വ വേദത്തിൽ പ്രതിപാദിക്കുന്ന ഈ വരികൾ മന്ത്രശക്തിയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. ഉഗ്രമായ വാക്കുകളിലൂടെ വിഷത്തെ സ്തംഭിപ്പിക്കുന്നു എന്ന് അഥർവ വേദത്തിൽ പറയുന്നത് മന്ത്രത്തെ ഉദ്ദേശിച്ചാണ്. അത്തരമൊരു മന്ത്രത്തെ 'വിഷഗൊപനിഷത്ത്' എന്ന പേരിൽ ഋഗ്വേദം 193-ാമത്തെ സൂക്തത്തിന്റെ ആരംഭത്തിൽ തന്നെ കാണാം . ഇതിനെ ഋഗ്വേദം വളരേയധികം പ്രശംസിച്ചിരുന്നു എന്ന്

ഡോ. സി. കെ രാമചന്ദ്രൻ ''അഥർവവേദഭൈഷജ്യ''ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിഷബാധകളെക്കുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് കെ.രാഘവൻ തിരുമുൽപ്പാടിന്റെ 'ആയുർവേദ പ്രവേശിക.'' മന്ത്രവാദത്തിലൂടെ രോഗശാന്തി വരുത്തുന്ന രീതിയും കേരളത്തിൽ നിലവിലുണ്ട്. മന്ത്രങ്ങൾ രേഖപ്പെടുത്തിയ താളിയോലഗ്രന്ഥങ്ങൾ ഇതിനു തെളിവാണ്. ആലപ്പുഴ ജില്ലയിലെ മണ്ണാറശാല തൃശ്ശൂരിലെ പാമ്പുമേക്കാട്ടുമന എന്നി ക്ഷേത്രങ്ങളും തമിഴ്നാട്ടിലെ നാഗരാജക്ഷേത്രവും നാഗാരാധന പ്രധാനങ്ങളായ ക്ഷേത്രങ്ങളാണ്. ജ്യോതിഷത്തിന് ആയുർവേദത്തിൽ വളരെ പ്രാധാന്യം ഉണ്ട്. മിക്ക വൈദ്യഗ്രന്ഥങ്ങളിലും ദൂതലക്ഷണത്തെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്.

വിഷ ചികിത്സയിൽ ശകുനത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. ഇപ്പോഴും നിരവധിയാളുകൾ ഇതിൽ വിശ്വസിക്കുന്നുണ്ട്. വൈദ്യശാസ്ത്ര പ്രതിപാദകമായ നിരവധി താളിയോലഗ്രന്ഥങ്ങളിൽ ദൂതലക്ഷണം പ്രതിപാദിക്കുന്നുണ്ട്. ദൂതൻ എന്നാൽ സന്ദേശവാഹകൻ എന്നാണർത്ഥം രോഗിയുടെ അസുഖവിവരം വൈദ്യനെ അറിയിക്കുന്നതിനായി അദ്ദേഹത്തിന്റെ അടുക്കലേക്ക് എത്തുന്ന ആളാണ് ദൂതൻ. ദൂതന്റെ വരവും അന്നേരത്തെ നിമിത്തങ്ങളും നോക്കി രോഗിയുടെ ആയുസ്സ് നിശ്ചയിക്കപ്പെടുന്നു. ദൂതൻ വരുന്ന നേരത്ത് വൈദ്യൻ എണ്ണ തേയ്ക്കുക, മലമൂത്ര വിസർജ്ജനം ചെയ്യുക, കുളിക്കുക, നാരീവശം പ്രാപിക്കുക, ഭക്ഷണം കഴിക്കുക, എന്നീ പ്രവൃത്തികൾ ചെയ്യുന്നത് മദ്ധ്യമമായി കരുതുന്നു. വെള്ളത്തിന്റെ സമീപത്തോ, കാട്ടിലോ, കെട്ട വീട്ടിലോ (ഒഴിഞ്ഞ വീട്) ആ നേരത്ത് വൈദ്യൻ നിൽക്കുന്നതാണെങ്കിലും അശുഭമാണ്. വൈദ്യൻ നിൽക്കുന്നത് പിതൃക്കൾക്ക് കർമ്മം ചെയ്യുകയോ യാത്രയ്ക്ക് ഒരുങ്ങുകയോ, തർക്കങ്ങളിൽ ഏർപ്പെട്ടിരിക്കുകയോ, ക്ഷൗരകർമം ചെയ്യുകയോ ചെയ്തുകൊണ്ടിരുന്നാലും അശുഭമാണ്. ചികിത്സകന്റെ ബുദ്ധിക്ക് തെളിച്ചമില്ലാതിരുന്നാലും അശുഭമാണ്.

രോഗിയുടെ ബന്ധുക്കളായി വരുന്നവർ സന്ന്യാസി, ബ്രാഹ്മണൻ, പാഷണ്ഡൻമാരായാലും നല്ല ദൂതലക്ഷണമായി കരുതുന്നു. നീചൻ, സ്വഭാവദൂഷ്യമുള്ളവൻ, രോഗത്താൽ അവശനായവൻ, ദുഃഖമുള്ളയാൾ, വൃത്തിഹീനൻ, ദരിദ്രൻ, ചുവന്നകുറിയണിഞ്ഞവൻ, പൂക്കളുള്ള വസ്ത്രം ധരിച്ചവൻ, ആയുധം ഏന്തിയവൻ, വടിയേന്തിയവൻ, മുണ്ഡി (ക്ഷുരകൻ എന്നൊരർത്ഥമുണ്ട്), അംഗഹീനതയുള്ളയാൾ, കാൽകരങ്ങൾ പിണച്ചുവച്ച് സംസാരിക്കുന്നവനും കുറുക്കു വഴികളിലൂടെ വരുന്നവനും ഉണക്കക്കമ്പ് താങ്ങായി പിടിച്ചിരിക്കുന്നവനും വേഗത്തിൽ ഇടറിയ ശബ്ദത്തിൽ

സംസാരിക്കുന്നവനും വസ്ത്രം ചുമലിൽ വെറുതെ ഇട്ടിരിക്കുന്നവനും മുടി അഴിച്ചിട്ടിരിക്കുന്നവനും പിന്നെ മൂന്നു പേർ ചേർന്നു വൈദ്യന്റെ അടുക്കൽ വരുന്നതും അശുഭമാണ്. ദൂതനായി വരുന്നയാൾ വൈദ്യന് സമാനമായ ജാതിയും സമാന ലിംഗവുമുള്ളയാൾ ആയിരിക്കണം.

രോഗിയുടെ ദൂതൻമാരായി വരുന്നവരുടെ കൈയിൽ വടിയോ, കയറോ, തീയോ, ഉണ്ടായിരിക്കുകയും, ദൂരെ നിന്നിട്ട് രോഗി വിവരം വൈദ്യനോട് പറയുകയും ചെയ്യുന്നത് കാൽ വളരെ വൈഷമ്യമുള്ള രോഗമാണെന്നും നിശ്ചയിക്കാം. അർധരാത്രിയിലും ഉച്ചക്കും സന്ധ്യാസമയത്തും അമാവാസി, ഷഷ്ഠി, നവമി, ഗ്രഹണമുള്ള ദിവസങ്ങളിലും കൊള്ളിമീൻ, കൊടുങ്കാറ്റ്, രാഹുകേതുദയങ്ങളും, ഭരണി, കാർത്തിക, ആയില്യം, പൂരുരുട്ടാതി, ആ തിര എന്നീ നാളിലും ദൂതൻ വരുന്നത് അതിനിന്ദ്യമായി കരുതുന്നു. ദൂതൻ വന്നാലുടനെതന്നെ നാഭി, മൂക്ക്, മുഖം, തല, മുതുക്, നഖം, പല്ല്, കഴുത്ത്, വയറ്, മുല, മോതിരവിരൽ എന്നിവ സ്പർശിച്ചുകൊണ്ടുനിൽക്കുന്നത് രോഗിയുടെ അവസ്ഥ കഷ്ടമാണെന്നതിന്റെ ലക്ഷണമാണ്.

‘ദൂതൻ വന്നു ചൊല്ലുമ്പോൾ
സൂക്ഷിക്കേണമിതാദരാൽ
ഫാലംതൊട്ടു പറഞ്ഞീടിൽ
കാട്ടിൽനിന്നെന്നു ചൊല്ലീടുക
പുരികം തൊട്ടു ചൊല്ലീടിൽ
വേലിമേലെന്നുമാം’

എന്നിങ്ങനെ ദൂതലക്ഷണത്തെക്കുറിച്ചും സർപ്പോൽപ്പത്തി ചരിത്രം മുതൽ വിഷമേറ്റാലുള്ള ചികിത്സകൾ വരെ പ്രതിപാദിക്കുന്ന പ്രൊഫ. (ഡോ.) ആർ.ബി. ശ്രീകലയുടെ ഗ്രന്ഥമാണ് ‘വിഷവൈദ്യസാരംകിളിപ്പാട്ട്: സംശോധിത സംസ്കരണം.’

വൈദ്യന്റെ അടുക്കലേക്കെത്തുന്ന ദൂതൻ കൂറേ വകതിരിവോടു കൂടി സകല വിവരങ്ങളും ശരിയായി പറഞ്ഞു കൊടുക്കാൻ കഴിയുന്നവനായിരിക്കണം. പരുത്തിയില, വൈക്കോൽ, ഉലക്ക, പറ, ചൂരൽ, കരിക്കട്ട, വെണ്ണീർ, തുണി, ചെരിപ്പ്, വിളക്ക്, കയർ, വെള്ളിക്കോൽ, തവിട് എന്നിവ ദൂതൻ വന്നു തൊട്ടാൽ രോഗിക്കു മരണം വന്നു ഭവിക്കുന്നു. ദൂതൻ വന്നറി

യിക്കുന്ന വാക്കുകൾക്കും പ്രാധാന്യമുണ്ട്. ''വശക്കേടന്റെയമ്മയ്ക്കെന്നു'' പറയുന്നത് മധ്യമം. എന്നാൽ ''അമ്മക്കുണ്ടു വശക്കേടെന്ന് പറയുന്നത്'' ഉത്തമമായി കരുതുന്നു. മരിച്ചവരെ ബന്ധിച്ചിട്ടേതാനും കാൺക കേൾക്കയോ അശുദ്ധങ്ങളായത് തൊട്ടുപോകയോ ചെയ്തവനോട് വൈദ്യൻ രോഗിയുടെ അടുക്കലേക്ക് പോകാൻ പാടില്ല. അത് അശുഭമായി കരുതുന്നു. വൈദ്യനെ വിളിക്കാൻ ചെല്ലുന്ന ദൂതൻ രോഗിയുടെ അസുഖ വിവരങ്ങൾ വിശദമായി പറയാൻ കഴിവുള്ളവനായിരിക്കണം.

വൈദ്യൻ രോഗിയുടെ അടുക്കൽ ചികിത്സക്കു ചെല്ലുന്നതിനു മുമ്പായി വഴിയിൽ കാണുന്ന ശകുനങ്ങൾക്കും പ്രാധാന്യമുണ്ട്. മദ്യം, പച്ച യിറച്ചി, മണ്ണ്, ശവം, കത്തുന്ന തീയ്യ്, അക്ഷതം, നെയ്യ്, ചന്ദനം, വെളുത്ത കുസുമം, വിപ്രദ്വയം, കാഹളം, വേശ്യാസ്ത്രീ, തൈർ, തേൻ, കരിമ്പ്, ഗജം, രാജാവ്, കയറിട്ട കാള, പശു, കന്യക, കുട്ടിയോടുകൂടിയ സ്ത്രീ, മത്സ്യം, കുതിര, മയിൽ, മാൻ, കീരി, ഗജം, ഭരദ്വാജ പക്ഷി എന്നിവ യാത്രാ മുഖേ ശോഭനം എന്നു കരുതുന്നു. വെണ്ണീർ, വിറക്, എണ്ണ, കഴുത, ചൂൽ, മുറം, ദർഭ, പോത്ത്, കൂറ്റൻ എള്ള്, ഉപ്പ്, കയർ, തക്രം,മഴുഏന്തിയ ആൾ, വടി ഏന്തിയ ആൾ, അംഗഹീനൻ, വിധവ, പൂച്ച, ചെറുവൂള എന്നിവ വന്നാൽ അതിനിന്ദ്യമായി കരുതുന്നു.

രോഗ വിവരം അറിയിക്കുന്നതിനായി വൈദ്യന്റെ അടുക്കലേക്കെ ത്തുന്ന ദൂതൻ നിൽക്കുന്ന സ്ഥാനത്തിനും പ്രാധാന്യമുണ്ട്. ദൂതൻ നിൽക്കുന്ന ദിക്കും കോണും നോക്കി ലക്ഷണം നിശ്ചയിക്കാം.

കിഴക്കാദിയതായുള്ള നാലുദിക്കിങ്കലൊന്നിലോ

ദൂതൻ നിന്നു പറഞ്ഞീടിൽ നല്ല സർപ്പം കടിച്ചത്

തഥാ കോണേഷു നിന്നിട്ടു ചൊന്നാൽ ഘോണസമായിവരും

അവറ്റിൻ മദ്ധ്യഭാഗത്തുനിന്നീടിൽ പാമ്പുരാജിലം

അതിലും സൂക്ഷമമായുള്ളോരന്തരത്തിങ്കൽ നിൽക്കിലോ

എലി തേളാദിയായുള്ള ജന്തുവാൽ കടിപ്പെട്ടത്.

വൈദ്യനു മുമ്പിൽ നിന്നു കൊണ്ടാണ് ദൂതൻ സംസാരിക്കുന്നതെ ങ്കിൽ ബ്രാഹ്മണവംശസ്ഥനായ നാഗവും വലത്തു നിന്നാണ് പറയുന്നതെ ങ്കിൽ ക്ഷത്രിയ കുലത്തിലുള്ള സർപ്പവും പുറകിൽ നിന്നാണെങ്കിൽ വൈശ്യ സർപ്പവും ഇടത്താണെങ്കിൽ ശൂദ്ര സർപ്പവും കടിച്ചിരിക്കുന്ന

തായി ഊഹിക്കാം. ദൂതൻ വലത്തു കാൽ ഉറപ്പിച്ചു നിന്നു സംസാരിച്ചാൽ ആൺ സർപ്പവും രണ്ടു കാലും ഊന്നിയിരിക്കുകയാണെങ്കിൽ നപുംസക സർപ്പവും ഇടതുകാൽ നിലത്തുറപ്പിച്ചതാണെങ്കിൽ സ്ത്രീ സർപ്പവും കടിച്ചതെന്ന് ഊഹിക്കാം

വിഷവൈദ്യത്തിൽ ശരപരീക്ഷ (നാസികയിലൂടെയുള്ള ശ്വാസഗതിയെയാണ് ശരം എന്നർത്ഥമാക്കുന്നത്) നടത്താറുണ്ട്. വൈദ്യന്റെ ശ്വാസോച്ഛ്വാസം അനുസരിച്ച് ലക്ഷണം നിർണ്ണയിക്കാം. വൈദ്യൻ ശ്വാസം അകത്തേക്കെടുക്കുമ്പോഴാണ് ദൂതൻ സംസാരിക്കുന്നതെങ്കിൽ രോഗി ജീവിക്കും എന്നറിയണം. വൈദ്യൻ ശ്വാസം പുറത്തേക്കു വിടുമ്പോഴാണ് ദൂതൻ വിവരം പറയുന്നതെങ്കിൽ രോഗി മരിക്കും എന്ന് ഉറപ്പിക്കണം. ദൂതൻ സംഭാഷണം നടത്തുന്നസമയം വൈദ്യന് ശ്വാസം നിൽക്കുന്ന വശത്തിന് ഏതിർഭാഗത്തെ ശരീര അംഗങ്ങളിലായിരിക്കും ദംശം ഉണ്ടായെതെന്നു അനുമാനിക്കണം. ദൂതൻ ഏതു ഭാഗം സ്പർശിച്ചുകൊണ്ടാണ് വിവരം പറയുന്നതെന്നു നോക്കുക. ദംശം ആസ്ഥാനത്തുമാകാം.

വൈദ്യന്റെ ശ്വാസസ്ഥിതി ഇടതു നാസികയിൽ ആയിരിക്കുകയും ഒപ്പം ദൂതൻ ഇതേ വശത്തുതന്നെയായിരിക്കുകയും ചെയ്താൽ വിഷം ബാധിച്ചിട്ടില്ലെന്നു പറയാം. ഇതേ സ്ഥാനത്തു നിന്നു കൊണ്ട് ആദ്യം ദംശം സംഭവിച്ചിരിക്കുന്നവന്റെ പേരു ഉച്ചരിച്ചാലും ഇപ്രകാരം തന്നെ. അതേ സമയം പാമ്പിന്റെ പേരാണ് ആദ്യം പറയുന്നതെങ്കിൽ വിഷമുണ്ടെന്ന് അനുമാനിക്കാം. എന്നാൽ ഉടനെ മാറ്റാവുന്നതേയുള്ളൂ എന്നനുമാനിക്കണം ദൂതൻ വലത്തേക്ക് മാറിയാൽ വിഷബാധിതൻ മോഹാലസ്യത്തിലാണെന്ന് ഊഹിക്കണം. എന്നാൽ ശ്വാസസ്ഥിതി, ദൂതൻ എന്നിവ വലത്തു ഭാഗത്തായിരുന്നാൽ സ്വല്പ വിഷമുണ്ട് ചികിത്സിക്കാവുന്നതേയുള്ളൂ എന്നറിയണം. ആദ്യം വിഷദംശന്റെ നാമം പറഞ്ഞാലും ഇതുതന്നെ. പാമ്പിന്റെ പേരു പറഞ്ഞാൽ രോഗി മരിക്കും എന്നറിക. ദൂതൻ ഇടത്തേക്ക് മാറിയാൽ മറ്റൊരു വിഷ ചികിത്സകൻ വിഷം ശമിപ്പിച്ചു എന്നു മനസ്സിലാക്കണം. ദൂതനും വൈദ്യന്റെ ശ്വാസ സ്ഥിയും വ്യത്യസ്തമായിരുന്നാൽ രോഗി മരിക്കും. ഇവ ഒന്നു തന്നെയായി വന്നാൽ ആയുസ്സും ആരോഗ്യവും വർദ്ധിക്കുമെന്നും വിഷം വേഗത്തിൽ തന്നെ മാറ്റാൻ കഴിയും എന്ന് മനസ്സിലാക്കാം. ശരം നോക്കൽ കൃത്യമായ ഒരു പ്രവചനരീതിയല്ലെന്നും പറയാം. ഇതിനനുസരിച്ച് വിഷമില്ലെന്നു കണ്ടാൽ മൃത്യു സ്ഥാന പരീക്ഷയിലൂടെ സാധ്യാസാധ്യത നിർണ്ണയിച്ചു ചികിത്സിക്കണമെന്നു ഗ്രന്ഥങ്ങളിൽ കാണുന്നു.

ദൂതൻ ആദ്യം പറഞ്ഞ വാക്യത്തിലെ അക്ഷരങ്ങൾ എണ്ണി കണക്കാക്കി അതിനെ മൂന്നു കൊണ്ടിരിക്കുമ്പോൾ കിട്ടുന്ന ശിഷ്ട സംഖ്യ ഒന്നാണെങ്കിൽ വിഷം അനായാസേന മാറ്റാൻ കഴിയും. ശിഷ്ട സംഖ്യ രണ്ടായാൽ വിഷത്തിന്റെ കാഠിന്യം കൂടുതലാണെന്ന് മനസ്സിലാക്കാം. വളരെ പ്രയാസപ്പെട്ട് മാത്രമേ ശമിപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന് കരുതാവുന്നതാണ്. ശിഷ്ടമായി വരുന്നത് മൂന്നായാൽ മൃത്യു നിശ്ചയിക്കാവുന്നതാണ്.

കടപയാദി സംഖ്യാക്രമത്തിൽ (പരൽപ്പേര്) ചില്ലക്ഷരങ്ങൾ എടുക്കാറില്ല. കൂട്ടക്ഷരങ്ങളെ പിരിച്ച് ഒന്നിലധികം അക്ഷരങ്ങളായി പരിഗണിക്കുകയാണ് പതിവ്. എന്നാൽ ഇവിടെ ചില്ലുൾപ്പടെ എല്ലാം എടുക്കുകയാണ് ചെയ്യുക. കൂട്ടക്ഷരം ഒന്നായി കണക്കാക്കുകയും ചെയ്യുന്നതാണ്. ദൂതൻ ആദ്യം പറയുന്ന വാക്യത്തിലെ അക്ഷരങ്ങളുടെ എണ്ണത്തെ എട്ടു കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന സംഖ്യ വച്ച് ലക്ഷണം പറയാം. ഒന്നു മുതൽ ആറു വരെ സംഖ്യകൾകൊണ്ട് ക്രമത്തിൽ മൂർഖൻ, മണ്ഡലി, രാജിലം, വ്യന്തരൻ, എലി, കീടം എന്നിവയേയും ഏഴു കൊണ്ട് വ്യാജം പറയുകയും എട്ടായിരുന്നാൽ വിഷമില്ലായ്മയേയും സൂചിപ്പിക്കുന്നു. ഈ കണക്കുകൂട്ടൽ പൂർണ്ണമായും ശരിയാവണമെന്നില്ല. അതിനു മറ്റു സൂചനകൾ കൂടി കണക്കിലെടുക്കാറുണ്ട്.

ദൂതൻ പറയുന്ന ആദ്യവാക്കിലെ ആദ്യക്ഷരം ക എന്നാണെങ്കിൽ പാമ്പിന്റെ ഒരു പല്ലും കി എന്നാണെങ്കിൽ രണ്ടു പല്ലും കു എന്നാണെങ്കിൽ മൂന്നു പല്ലും കെ ആണെങ്കിൽ നാലു പല്ലും തറഞ്ഞിട്ടുണ്ടെന്നു ദൂതലക്ഷണം പറയുന്നു. ഇനിയുള്ള അക്ഷരങ്ങളും ഇത്തരത്തിൽ വരുന്നതാണ്. ജ്യോത്സ്നികയെ ആധാരാമാക്കി 'വിഷ ജ്യോത്സ്നിക' എന്ന ഗ്രന്ഥത്തിൽ ഡോ. രജനി നായർ ദൂതലക്ഷണത്തെക്കുറിച്ച് പഠനവും വ്യാഖ്യാനവും നടത്തിയിട്ടുണ്ട്.

സൂര്യചന്ദ്രൻമാരേയും, നക്ഷത്രങ്ങളേയും, ഗ്രഹങ്ങളേയും, ഋതുക്കളേയും, പ്രകൃതിയേയും, സർവ്വ ചരാചരങ്ങളെയും ആധാരമാക്കിരൂപപ്പെടുത്തിയിട്ടുള്ളതാണ് ആയുർവേദം. ഋഗ്വേദത്തിലും അഥർവേദത്തിലും ശരീരശാസ്ത്രം, രോഗവിവരണം, രോഗകാരണം, രോഗോപചാരം, തുടങ്ങിയവ വിവരിക്കുന്നു്. ജ്യോതിഷതത്ത്വങ്ങളുടെ അടിസ്ഥാനവും വേദങ്ങളും പുരാണങ്ങളും തന്നെയാണ്. ജ്യോതിഷത്തിന്റെ ഉപശാഖകളായി വരുന്നതാണ് ജാതകം, ഗോളം, ഗണിതം, മുഹൂർത്തം, നിമിത്തം എന്നിവ. ജ്യോതിഷ

ത്തിനും ആയുർവേദത്തിനും അടിസ്ഥാനം വേദങ്ങളാകയാൽ അതു തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. ജ്യോതിഷശാസ്ത്രവും ആയുർവേദവും ആയുസ്സിനെ നിലനിർത്തുക എന്ന ലക്ഷ്യം ഉൾക്കൊള്ളുന്നു.

**സഹായകഗ്രന്ഥങ്ങൾ**

1. കൃഷ്ണവാര്യർ പി.വി., ആര്യവൈദ്യചരിത്രം, പി.കെ.ബ്രദേഴ്സ്, കോഴിക്കോട്, 1960.
2. സാം.എൻ., ഡോ., (എഡിറ്റർ), വിഷചികിത്സ, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, കേരള സർവകലാശാല, 2010.
3. ശ്രീകല.ആർ.ബി. പ്രൊഫ., (ഡോ.), (എഡിറ്റർ), വിഷവൈദ്യസാരം കിളിപ്പാട്ട് സംശോധിത സംസ്കരണം, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, കേരള സർവകലാശാല, 2020.
4. ശ്രീലേഖ കെ.ജി., ഡോ., ജനറൽ എഡിറ്റർ, ജ്യോത്സ്നിക (വിഷവൈദ്യം), ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, കേരള സർവകലാശാല, 2013.
5. കൃഷ്ണൻകുട്ടി വാര്യർ എൻ.വി., ആയുർ വേദ ചരിത്രം, പ്രസിദ്ധീകരണ വിഭാഗം, ആര്യവൈദ്യശാല, കോട്ടയ്ക്കൽ,1980.
6. നായർ ഡോ., വിഷജ്യോത്സ്നിക, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.2017.
7. രാഘവൻ തിരുമുൽപ്പാട്., വൈദ്യഭൂഷണം, ആയുർവേദ പ്രവേശിക, എച്ച് & സി പബ്ലിഷിംഗ് ഹൗസ്, തൃശ്ശൂർ, 2006.
8. രാമചന്ദ്രൻ സി.കെ., ഡോ., അഥർവവേദ ഭൈഷജ്യം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2009.

# സീതാസ്വയംവര ആഖ്യാനങ്ങളിലെ ദേശിമുദ്രകൾ: ഹസ്തലിഖിതപാഠങ്ങൾ മുൻ നിർത്തിയുള്ള അന്വേഷണം

**ജിബി പി.**

**പ്രബന്ധസംഗ്രഹം**

*എല്ലാ സാഹിത്യകൃതികളും ദേശത്തിന്റെയും കാലത്തിന്റെയും അടയാളങ്ങൾ ഉൾക്കൊള്ളുന്നവയാണ്. പുരാണ കഥകളുടെ പുനരാഖ്യാനങ്ങളും അപ്രകാരമാണ്. ഒരു പുരാണകഥ പല സംസ്കാരത്തെ വിവിധ വ്യവഹാര ങ്ങളിലൂടെ ആവിഷ്ക്കരിക്കുമ്പോൾ അതത് കാലത്തെ പ്രാദേശികസംസ ്കൃതിയെയും ആവിഷ്ക്കരിച്ചിരിക്കും. കേരള സർവ്വകലാശാല ഹസ്തലിഖിത ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിട്ടുള്ള സീതാസ്വയംവരം പ്രമേയമായി വന്ന ഹസ്തലിഖിത ഗ്രന്ഥങ്ങൾ കേരളത്തിലെ ഏതേത് പ്രാദേശികസംസ്കൃതിയെ യാണ് അടയാളപ്പെടുത്തുന്നതെന്ന് പ്രബന്ധത്തിലൂടെ സാമാന്യമായി പരിചയപ്പെടുത്തുന്നു. സീതാസ്വയംവരം പ്രമേയമായ ആട്ടക്കഥ, വാതിൽതുറപ്പാട്ട്, കുറത്തിപ്പാട്ട്, തിരുവാതിരപ്പാട്ട് എന്നിവയെ മുൻനിർത്തിയാണ് പഠിക്കുന്നത്. കൂടാതെ സീതാസ്വയംവര പ്രമേയത്തിൽ വന്ന വിവിധ മാധ്യമ സൃഷ്ടികളുടെ ഒരു സാമാന്യ വിവരവും പരിചയപ്പെടുത്തുന്നു.*

**താക്കോൽ വാക്കുകൾ**

*ഗാന്ധർവ്വം, സ്വയംവരം, സീതാസ്വയംവരം, ഹസ്തലിഖിതങ്ങൾ, ബഹുജനമാധ്യമ സൃഷ്ടികൾ, ഏകദാമ്പത്യം, പ്രാദേശികസംസ്കൃതി .*

വിവിധ ഇന്ത്യൻ സംസ്കാരം വൈവിധ്യം നിറഞ്ഞതാണ്. ഭാഷാശൈലി, സാമൂഹികാവസ്ഥ, സംസ്കാരം എന്നീ തലങ്ങളിലൊക്കെ വ്യതിരിക്തത പുലർത്തുന്നവയാണ് സംസ്ഥാനങ്ങൾ. എന്നാൽ വൈവിധ്യ ങ്ങൾക്കിടയിലും ഒരുമിച്ച് നിർത്തുന്ന ചില അന്തർധാരകൾ പ്രവർത്തി ക്കുന്നു എന്നതിന് ഉത്തമോദാഹരണമാണ് വിവാഹവും വിവാഹച്ചടങ്ങു കളും.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പലതരത്തിലുള്ള വിവാഹ സമ്പ്രദായങ്ങൾ നിലനിൽക്കുന്നുണ്ട്. വിവാഹമെന്നത് ഒരു സാമൂഹിക ചടങ്ങാണ്. വിവിധ സ്ഥലങ്ങളിലെ സാമൂഹികാവസ്ഥക്കനുസരിച്ച് വിവാഹ ചടങ്ങുകൾക്കും മാറ്റങ്ങളുണ്ടായിട്ടുണ്ട്.

പ്രാകൃതസംസ്കാരത്തിൽ നിന്ന് ഏകദാമ്പത്യം ഉടലെടുത്തതിനു ശേഷമാണ് വിവാഹത്തിന്റെ മഹാത്മ്യം വർദ്ധിച്ചത്. പലരീതിയിലുള്ള വിവാഹ സമ്പ്രദായങ്ങൾ മുൻപ് ഇന്ത്യയിൽ നിലനിന്നിരുന്നു. രാക്ഷസ വിവാഹം, ഗാന്ധർവം, ആസുരവിവാഹം തുടങ്ങിയവ പ്രാകൃതവും പ്രാചീനവും ആയ വിവാഹ രീതികൾക്കുദാഹരണങ്ങളാണ്.

വിവാഹ സമ്പ്രദായം നോക്കുമ്പോൾ പ്രാകൃത സംസ്കാരത്തിൽ നിന്നും ഏക ദാമ്പത്യത്തിലേക്ക് സംസ്കാരം മാറിയതിന്റെ ഒരു കാഴ്ച നമുക്ക് 'രാമായണ'ത്തിൽ കാണാൻ സാധിക്കും. ദശരഥന് കൗസല്യ, കൈകേയി, സുമിത്ര എന്നീ മൂന്ന് ഭാര്യമാർ ഉണ്ടായിരുന്നു. ഒരാൾ തന്നെ നിരവധി വിവാഹങ്ങൾ ചെയ്യുകയും സംബന്ധം വച്ചുപുലർത്തുകയും ചെയ്തിരുന്നു. ഇതിൽ നിന്ന് മാറി രാമന്റെ വൈവാഹിക ജീവിതത്തിലേക്ക് നോക്കുമ്പോൾ ഏകദാമ്പത്യ വ്യവസ്ഥയിലേക്കുള്ള മാറ്റം കാണാം. യഥേഷ്ടം വിവാഹം കഴിച്ച് യഥേഷ്ടം കുഞ്ഞുങ്ങൾ ഉണ്ടാക്കാൻ പറ്റുന്ന സാഹചര്യത്തിൽ നിന്നും കാര്യങ്ങൾ മാറുന്ന ഒരു സാമൂഹിക വ്യവസ്ഥ രാമായണത്തിൽ ഉണ്ട്. രാമൻ-സീതാ വിവാഹം നടക്കുന്നത് പുരാണേതി ഹാസങ്ങളിലും മറ്റും കണ്ടുവരുന്ന സ്വയംവര സമ്പ്രദായത്തിലാണ്.

പ്രണയമെന്ന മാനദണ്ഡത്തിനപ്പുറത്ത് ഒരുത്തമ പുരുഷൻ മത്സരത്തിലൂടെയും മറ്റും ജയം കൈവരിച്ച് സ്ഥലത്തെ പ്രധാനപ്പെട്ട സ്ത്രീയെ വിവാഹം ചെയ്യുന്നു. ചുരുക്കത്തിൽ ഇതാണ് സീത-രാമൻ വിവാഹമെന്ന് പറയാം. ഒരു കൂട്ടം ആളുകൾക്കിടയിൽ നിന്നും ഒരാളെ തിരഞ്ഞെടുക്കാൻ സ്ത്രീക്ക് സ്വാതന്ത്ര്യമുണ്ട് സ്വയംവരത്തിൽ.ജനകന്റെ കൊട്ടാരത്തിൽ വച്ച് പൂജിക്കപ്പെടുന്ന ഭീമാകാരമായ ശൈവചാപം എടുത്തു കുലയ്ക്കുന്ന വീരന് സീതയെ കൊടുക്കുമെന്ന ജനകന്റെ പ്രഖ്യാപനത്തെത്തുടർന്ന് രാമൻ വില്ല് കുലയ്ക്കുന്നതും സീതയെ സ്വയംവരം ചെയ്യുന്നതുമാണ് കഥ. വാല്മീകിരാമായണത്തിലെ ബാല കാണ്ഡത്തിൽ 18 മുതൽ 77 വരെയുള്ള സർഗ്ഗത്തിൽ സീതാസ്വയംവരം എഴുതി.സീതാസ്വയംവരം ആഖ്യാനം ചെയ്യപ്പെടുന്നത് പുതിയൊരു വിവാഹ സംസ്കാരത്തിന്റെ മുദ്രയായാണ്. വിവാഹ രീതിയിൽ മാറ്റം

വരുന്ന ഒരു കാഴ്ചയാണ് അവിടെ പ്രതിനിധാനം ചെയ്യുന്നത്. ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ ആദർശവത്ക്കരിക്കപ്പെട്ട ദാമ്പത്യബന്ധം എന്നത് സീതാസ്വയംവരമാണ്.

രാമായണ കാലഘട്ടം മുതൽ ഇന്നുവരെ സീതാസ്വയംവരം കൊട്ടി ഘോഷിക്കപ്പെടുന്നുണ്ട്. ഇന്ത്യയിൽ ദേശത്തിനനുസരിച്ച് പലതരത്തിലും തലങ്ങളിലും വിവാഹം നടത്തുമ്പോഴും രാമൻ-സീതാ വിവാഹത്തിന് ഒട്ടുമിക്ക സംസ്കാരങ്ങളിലും സാദൃശ്യമുണ്ട്.

തെക്കുകിഴക്കിൻ ഏഷ്യയിലെയും ഇന്ത്യയിലെയും സാഹിത്യത്തിലും കലയിലും സംഗീതത്തിലും എല്ലാം സീതാസ്വയംവരം പ്രധാന പ്രമേയമായി കടന്നുവരുന്നു. പാട്ട്, നാടകം, ശില്പം, കഥ, നൃത്തം, കവിത, ചിത്രകല, സംഗീതം, നോവൽ, സിനിമ, സീരിയൽ,പരസ്യം എന്നിങ്ങനെ എണ്ണമറ്റ മേഖലകളിൽ സീതാസ്വയംവരം വീണ്ടും വീണ്ടും പറയുകയും രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. നൂറ്റാണ്ടുകളായി എണ്ണമറ്റതവണ പുനർവായിക്കുകയും വ്യാഖ്യാനം ചെയ്യുകയും ചെയ്യുന്ന സീതാസ്വയംവര കഥ ആധുനികകാലത്തിൽപ്പോലും കലകളിലും സാഹിത്യത്തിലും നിറഞ്ഞു നിൽക്കുന്നുണ്ടെങ്കിൽ ആ പ്രമേയം പല കാലങ്ങളിലായി സംസ ്കാരത്തെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ കഴിയും. പുതിയ പുതിയ മാധ്യമങ്ങളിലുള്ള ആവിഷ്കാരങ്ങൾ സീതാ സ്വയംവരകഥയെ വിശാലമായി തന്നെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തി കൊണ്ടിരിക്കുന്നു.

വിവിധ കാലഘട്ടങ്ങളിൽ സീതാസ്വയംവരം പുനരാവിഷ്കരിച്ചപ്പോഴും അതത് കാലങ്ങളിലെ സാംസ്കാരിക രൂപം അതിൽ ആവിർഭവിച്ചിട്ടുണ്ട്. കേരളസർവകലാശാല ഹസ്തലിഖിത ഗ്രന്ഥാലയത്തിലെ താളിയോല ശേഖരങ്ങളിൽ നിന്ന് ലഭ്യമായ സീതാസ്വയംവരം വാതിൽതുറപ്പാട്ട് L483, സീതാസ്വയംവരം കുറത്തിപ്പാട്ട് 17503 F, സീതാസ്വയംവരം തിരുവാതിരപ്പാട്ട് 3187, 8338C, 21117,L899 , സീതാസ്വയംവരം ആട്ടക്കഥ 10610,10598,3632,12583,22740 എന്നീ പേരുകളിലുള്ള കൃതികൾ സീതാസ്വയംവരാവിഷ്കാര താളിയോലകളാണ്.

വിവിധ സമുദായങ്ങളിലെ പാട്ടുകളിൽ സീതാസ്വയംവരം എങ്ങനെയാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്നതിന് ഉദാഹരണങ്ങളാണ് ഇവ. പണ്ടുകാലം മുതൽക്കേ ഓരോ ദേശത്തിനും സമുദായത്തിനും

വിവാഹത്തിന്റെ ചടങ്ങുകൾക്കനുസരിച്ച് പ്രത്യേകം പ്രത്യേകം പാട്ടുകൾ പാടുന്ന പതിവുണ്ട്. വിവാഹ പാട്ടുകൾ വിവിധതരത്തിൽ വിവിധ വിഷയത്തിൽ ഉണ്ട്. എങ്കിലും മുൻപേ സൂചിപ്പിച്ച പോലെ വ്യത്യസ്തതകൾക്കിടയിലും ഒരുമിച്ചുനിർത്തുന്ന ഒരു ഘടകമുണ്ടാവും. അതിനുദാഹരണമാണ് വിവിധ സമുദായങ്ങൾക്കിടയിലെ പാട്ടുകളിലും സീതാസ്വയംവരം പ്രമേയമായി വരുന്നത്.

കഥകളി പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ കൊട്ടാരക്കര തമ്പുരാൻ രാമായണം കഥയെ എട്ടു ദിവസത്തെ കഥകളിയാക്കി ആട്ടക്കഥ രചിച്ചു. രാമായണം ബാലകാണ്ഡത്തിലെ 18 മുതൽ 77 സർഗ്ഗം വരെയുള്ള ഭാഗങ്ങളെ 1356 ശ്ലോകങ്ങളാക്കി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

ബൃഹത്തായ ബാലകാണ്ഡത്തിലെ സീതാസ്വയംവരം കഥയെ വളരെ ചുരുക്കി അവതരിപ്പിക്കാൻ പറ്റിയ സന്ദർഭങ്ങളെടുത്താണ് സീതാസ്വയംവരം തിരുവാതിരപ്പാട്ട് രചിച്ചതെന്ന്

3187, 8338C, 21117, L899 നമ്പർ താളിയോലകളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും. മൂലകഥയിലെ ദീർഘവർണ്ണന ഒഴിവാക്കി തിരുവാതിരയുടെ ചുവടുകൾ ക്കനുസൃതമായ താളത്തിലാണ് ഇത് എഴുതപ്പെട്ടിട്ടുള്ളത്.

മുസ്ലിം സമുദായത്തിനിടയിൽ ഉണ്ടായിരുന്ന മാപ്പിളരാമായണം പോലെ കുറത്തി വിഭാഗത്തിനിടയിലും പ്രത്യേകം രാമായണം ഉണ്ടായിരിക്കാം. അതിനാലാവാം സീതാസ്വയംവരം കുറത്തിപ്പാട്ട് 17503 എ ഉണ്ടാക്കപ്പെട്ടത് എന്നു കരുതാം.

വിവാഹം എന്ന കർമ്മം ആവുന്നത്രയും തരത്തിൽ ആഘോഷമാക്കുക എന്ന ലക്ഷ്യത്തോടെ ആ വേളയിൽ പാടാൻ വേണ്ടി തയ്യാറാക്കപ്പെട്ട ക്രൈസ്തവരുടെ ഇടയിലെ പാട്ടുകളാണ് വാതിൽ തുറപ്പാട്ട്. സീതാസ്വയംവരം L483 വാതിൽതുറപ്പാട്ടിൽ വിവാഹ ചടങ്ങു കൾ നടക്കുമ്പോൾ ഉള്ള യാതൊരു ആചാരരീതിയും പറയുന്നില്ല. പകരം സീതയുടെ സ്വയംവര കഥ പ്രാചീന മലയാളം ലിപിയിൽ എഴുതിയി രിക്കുന്നു എന്ന് മാത്രം.

ഇത്തരത്തിൽ രാമായണത്തിലെ സീതാസ്വയംവരത്തെ വായിക്കാൻ ശ്രമിക്കുമ്പോൾ നാനാവിധ വിവാഹസമ്പ്രദായങ്ങളിൽ പോലും സീതാ സ്വയംവരം വളരെയേറെ പ്രധാനപ്പെട്ട പ്രമേയമാകുന്നുവെന്ന് മനസ്സി

ലാക്കാൻ സാധിക്കും. സീതാസ്വയംവരാവിഷ്കാരം വാമൊഴിയും വരമൊഴിയും ദൃശ്യലോകവുമായി വിവിധ പ്രദേശങ്ങളിൽ വിവിധ സംസ്കാരങ്ങളിൽ ബി സി അഞ്ചാം നൂറ്റാണ്ടു മുതൽ ഇന്നോളം വ്യാപിച്ചിരിക്കുന്നു.

രാമായണം ആസ്പദമാക്കി രചിച്ച നാടകങ്ങൾ, സിനിമകൾ, ചിത്രങ്ങൾ, സീരിയലുകൾ തുടങ്ങിയവയെല്ലാം സീതാസ്വയംവരത്തിന്റെ ദൃശ്യരൂപം ജനങ്ങൾക്കിടയിൽ പ്രതിഷ്ഠിക്കാൻ കാരണമായി. സീതാസ്വയംവര പശ്ചാത്തലം, മനുഷ്യരൂപം, ആഭരണം, വസ്ത്രം, പൂക്കൾ, വാദ്യങ്ങൾ,പശ്ചാത്തല സംഗീതം തുടങ്ങിയവയെല്ലാം വ്യത്യസ്ത സംസ്കാരങ്ങളിൽ സീതാസ്വയംവരം ആവിഷ്കരിക്കുന്നതിനനുസരിച്ച് വ്യത്യസ്ത സ്വഭാവം പുലർത്തുന്നു. സാഹിത്യകൃതികളിൽ വാക്കുകളാൽ വർണ്ണനകൾ ഉപയോഗിച്ച് വിവരിച്ചതും ദൃശ്യമാധ്യമങ്ങളിൽ ചിത്രീകരിച്ചതുമായ സീതാസ്വയംവര പുനരാവിഷ്കരണങ്ങൾ എല്ലാംതന്നെ അതത് കാലത്തെ സംസ്ക്കാരങ്ങൾ പ്രതിഫലിപ്പിക്കുന്നവയാണ്.

ഇന്ത്യൻസംസ്കാരം വ്യത്യസ്തമാകുമ്പോഴും ഒട്ടുമിക്ക സംസ്കാരത്തിലും വിവാഹവുമായി ബന്ധപ്പെട്ട് സീതാസ്വയംവരം ഒരു പ്രധാന പ്രമേയമായി മാറുന്നു എന്നതു തന്നെ തന്നെയാണ് സീതാസ്വയംവരത്തിന്റെ പ്രസക്തി. കർത്താവും സാമൂഹിക സാഹചര്യങ്ങളും മാറുന്നതിനനുസരിച്ച് സീതാസ്വയംവരത്തിന് പുതിയ പുതിയ മാറ്റങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. ഇന്ത്യൻസാംസ്കാരികാവിഷ്കാരം ആവിഷ്കാര സ്വാതന്ത്ര്യത്തിൽ മുങ്ങിപ്പോകാത്തിടത്തോളം കാലം സീതാസ്വയംവരത്തിനും തുടർച്ചകൾ ഉണ്ടായികൊണ്ടേയിരിക്കും.

**ഗ്രന്ഥസൂചി**

1. കൊട്ടാരക്കരത്തമ്പുരാൻ, സീതാസ്വയംവരം ആട്ടക്കഥ, 10610, 10598, 3632, 12583, 22740 നമ്പർ താളിയോല
2. സീതാസ്വയംവരം വാതിൽതുറപ്പാട്ട്, L483 നമ്പർ താളിയോല
3. സീതാസ്വയംവരം കുറത്തിപ്പാട്ട്, 17503 E നമ്പർ താളിയോല
4. സീതാസ്വയംവരം തിരുവാതിരപ്പാട്ട്, 3187, 8338C ,21117, L899 നമ്പർ താളിയോല
5. ഫാദർ കാമിൽ ബുൽക്കെ, രാമകഥ ഉൽഭവവും വളർച്ചയും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1971.

6. നാരായണമേനോൻ നാലപ്പാട്ട്, രതി സാമ്രാജ്യം, മാതൃഭൂമി ബുക്സ്, 2013 .

7.അവനീബാല എസ്. (ഡോ.), വാല്മീകിരാമായണം മലയാള വ്യാഖ്യാനം, സുവർണ്ണരേഖ, തിരുവനന്തപുരം, 1998.

8. അജു കെ നാരായണൻ, ഫോക്‌ലോർ പാഠങ്ങൾ പഠനങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണസംഘം നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2011.

## ലേഖകപരിചയം

| | | |
|---|---|---|
| 1. | **പ്രൊഫസർ (ഡോ.) സി. ആർ. പ്രസാദ്** | അദ്ധ്യക്ഷൻ<br>കേരളപഠനവിഭാഗം,<br>കേരള സർവ്വകലാശാല<br>Mobile: 9447552876 |
| 2. | **ഡോ. ആർ.ബി. ശ്രീകല** | ടപ്രൊഫസർ & ഹെഡ്<br>ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് &<br>മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി<br>കേരളസർവ്വകലാശാല, കാര്യവട്ടം<br>Ph: 9495700985 |
| 3 | **ഡോ.എസ്.നസീബ്** | അസി.പ്രൊഫസർ<br>കേരളപഠന വിഭാഗം<br>കേരളസർവ്വകലാശാല<br>Mobile: 9447722346 |
| 4 | **ഡോ.ഡാർവിൻ എൽ** | അസിസ്റ്റൻറ് പ്രൊഫസർ,<br>ഭാഷാശാസ്ത്രവിഭാഗം,<br>കേരള സർവകലാശാല<br>Mobile: 9446904488 |
| 5 | **ഡോ. പ്രിയ വി.** | അസോസിയേറ്റ് പ്രൊഫസർ<br>മലയാളവിഭാഗം<br>യൂണിവേഴ്സിറ്റി കോളേജ്<br>തിരുവനന്തപുരം<br>Mobile: 9495458225 |
| 6 | **ഡോ. മിനി ആലീസ്** | അസോസിയേറ്റ് പ്രൊഫസർ<br>മലയാള വിഭാഗം<br>യൂണിയൻ ക്രിസ്ത്യൻ കോളേജ്<br>ആലുവ, പിൻ -683102<br>Mobile: 9446688674 |
| 7 | **ഡോ. ബീനാകൃഷ്ണൻ എസ്.കെ** | അസ്സോസ്സിയേറ്റ് പ്രൊഫസർ<br>ഗവ.കോളേജ് നെടുമങ്ങാട്<br>Mob: 9447555386 |
| 8 | **ഡോ.ശ്രീജ ജെ.എസ്.** | അസിസ്റ്റന്റ് പ്രൊഫസർ<br>മലയാളവിഭാഗം<br>ഗവ. കോളേജ്, നെടുമങ്ങാട്<br>ഫോൺ : 9446222134 |

| | | |
|---|---|---|
| 9 | **ഡോ. മഞ്ജു കെ.** | അസിസ്റ്റന്റ് പ്രൊഫസർ<br>അസി.പ്രൊഫസ്സർ<br>മലയാളവിഭാഗം<br>യൂണിവേഴ്സിറ്റി കോളേജ്<br>തിരുവനന്തപുരം<br>Mobile: 8136985484 |
| 10 | **ഡോ. ആർ. അശ്വതി** | അസി.പ്രൊഫസ്സർ<br>മലയാളവിഭാഗം<br>എൻ.എസ്.എസ്.കോളേജ്,<br>പന്തളം<br>Mobile: 9495434194 |
| 11 | **ഡോ. നിത്യ പി വിശ്വം** | അസി. പ്രൊഫസർ<br>മലയാള വിഭാഗം<br>ശ്രീനാരായണകോളേജ്<br>ശിവഗിരി, വർക്കല.<br>Mobile: 9446914648 |
| 12 | **ഡോ. ദീപ. എസ്.എസ്,** | അസിസ്റ്റന്റ് പ്രൊഫസർ,<br>മലയാള വിഭാഗം,<br>ഗവൺമെന്റ് കോളേജ് നെടുമങ്ങാട്<br>Mobile: 9495300344 |
| 13 | **ഡോ. കൃഷ്ണാഅരവിന്ദ്** | അസിസ്റ്റന്റ് പ്രൊഫസര്<br>മലയാള വിഭാഗം<br>പി.എം. ഗവ, കോളേജ്, ചാലക്കുടി<br>Mobile: 9495875010 |
| 14 | **രമ്യ.എസ്സ്** | മാനുസ്ക്രിപ്റ്റ് അസിസ്റ്റന്റ്<br>ഓ.ആർ.ഐ&എം.എസ്.എസ്<br>ലൈബ്രറി<br>കേരളസർവ്വകലാശാല<br>Mobile: 8547114643 |
| 15 | **രജനി റ്റി.** | ഗവേഷക<br>ഓ.ആർ.ഐ&എം.എസ്.എസ്<br>ലൈബ്രറി<br>കേരളസർവ്വകലാശാല<br>Mobile: 9947814453 |
| 16 | **ഷീല എസ്.** | ഗവേഷക<br>ഓ.ആർ.ഐ&എം.എസ്.എസ്<br>ലൈബ്രറി<br>കേരളസർവ്വകലാശാല<br>Mobile: 8281412420 |

| | | |
|---|---|---|
| 17 | **മുഹമ്മദ് നിഹാൽ കെ എ** | ഗവേഷകൻ<br>ഓ.ആർ.ഐ&എം.എസ്.എസ്<br>ലൈബ്രറി<br>കേരളസർവ്വകലാശാല<br>Mobile: 9846856407 |
| 18 | **രജനി എസ്.** | ഗവേഷക<br>ഓ.ആർ.ഐ&എം.എസ്.എസ്<br>ലൈബ്രറി<br>കേരളസർവ്വകലാശാല<br>Mobile: 9895498845 |
| 19 | **ജിബി.പി.** | ഗവേഷക<br>ഓ.ആർ.ഐ&എം.എസ്.എസ്<br>ലൈബ്രറി<br>കേരളസർവ്വകലാശാല<br>Mobile: 9544458013 |